A Quarterly Journal for
Kerala Studies
in Malayalam - English

അറിയാനും
അറിയിക്കാനും

# താപസം
# TAPASAM

Vol: IV / Issue 1-4 / July 2008- April 2009/ Reg. No: M2 11257/ 05

| | | |
|---|---|---|
| കെ. പി. രാജേഷ് | തലശ്ശേരി രേഖകളും<br>കൊളോണിയൽ സാമൂഹ്യപരിസരവും | 4 |
| ജീസസ് റേ കുന്നുങ്കൽ | പുന്നപ്ര-വയലാർ സമരം:<br>ചരിത്രപാഠങ്ങൾ | 43 |
| ജി.എസ്. പ്രതീഷ് | എഫ്. എം. റേഡിയോ:<br>ജനപ്രിയതയുടെ തരംഗദൈർഘ്യങ്ങൾ | 55 |
| P. T. Abraham | Noun Modifiers in Malayalam | 69 |
| മരിയ പോൾ | അനുപ്രയോഗം സമകാലിക പത്രഭാഷയിൽ | 97 |
| ജോസി ജോസഫ് | പാഠാന്തരതയും പാരഡിയും: 'ഒരു മദ്ധ്യവേനൽ<br>പ്രണയരാവി'നെപ്പറ്റി ചില നിരീക്ഷണങ്ങൾ | 113 |
| ടി.ബി.വേണുഗോപാലപ്പണിക്കർ | ഒരു ലിപി ലഘൂകരണകാര്യം | 122 |
| *ഗവേഷണരംഗം* | | |
| എൻ. ഗോപിനാഥൻനായർ | മലയാള ഭാഷാവിജ്ഞാനത്തിന്<br>എൽ.വി. രാമസ്വാമി അയ്യരുടെ സംഭാവന<br>സൗമ്യാ ബേബി/സ്കറിയാ സക്കറിയ | 127 |
| *പുസ്തകപൂരണം* | | |
| പ്രമീള കെ. പി. | സ്ത്രീ എന്റെയുള്ളിൽ/പവൻ കരൺ | 134 |
| സി. ഗണേശ് | ആഗോളീകരണവും കേരളീയജീവിതവും<br>/വി. ശാന്തകുമാർ | 144 |
| സ്കറിയാ സക്കറിയ | പെൺവിനിമയങ്ങൾ<br>/എസ്. ശാരദക്കുട്ടി | 152 |
| | തിരുക്കുറൾ<br>/മലയാള പരിഭാഷ: എസ്. രമേശൻനായർ | 156 |
| | ബാരിസ്റ്റർ ജോർജ് ജോസഫ് കഥയും കാലവും<br>/മലയാള പരിഭാഷ | 165 |
| | സേവനത്തിന്റെ രാജപാതയിൽ<br>/ഡോ. എം.വി. പൈലിയുടെ ആത്മകഥ | 170 |

THE ASSOCIATION FOR COMPARATIVE STUDIES
TAPASAM, KARIKKAMPALLY, PERUNNA - 686 102, CHANGANASSERY, KERALA, INDIA

## സംയോജിപ്പിച്ചു മുന്നോട്ട്

*താപസ*ത്തിന്റെ ഓരോ ലക്കത്തിനും പ്രത്യേക ഇഷ്യു എഡിറ്ററുണ്ട്. അവരാണ് ആമുഖക്കുറിപ്പ് എഴുതുന്നത്. പൊതുകാര്യദർശി എന്ന നിലയിൽ പൊതുക്കാര്യങ്ങളാണ് ഇടയ്ക്കൊക്കെ എഡിറ്ററുടെ കുറിപ്പായി പ്രത്യക്ഷപ്പെടുന്നത്.

ഇക്കുറി എഡിറ്ററുടെ കുറിപ്പു മാപ്പപേക്ഷയാണ്. *താപസ*ത്തിന്റെ ചില ലക്കങ്ങൾ മുടങ്ങിപ്പോയി. ഇപ്പോൾ അവയെല്ലാം സംയോജിപ്പിച്ച് ഓരോ വാല്യമായി അവതരിപ്പിക്കുന്നു. *താപസം*പോലെ ഒരു പ്രസിദ്ധീകരണം സുഗമമായി നടത്തിക്കൊണ്ടുപോകാൻ കേരളത്തിൽ എളുപ്പമല്ല എന്നു മനസ്സിലാക്കാൻ നമ്മുടെ ശൂന്യമായ വിജ്ഞാനപ്രസിദ്ധീകരണരംഗം ശ്രദ്ധിച്ചാൽ മതി. എങ്കിലും കേരളത്തിലെ വൈജ്ഞാനികസമൂഹത്തിൽ വിശ്വാസം അർപ്പിച്ച്, താമസിച്ചാണെങ്കിലും *താപസം* പ്രസിദ്ധീകരണം തുടരുകയാണ്. കേരളത്തിനകത്തും പുറത്തുമുള്ള നാട്ടുകാരും വിദേശികളുമായ ഗവേഷകരുടെ ഉത്സാഹം ഞങ്ങൾക്ക് ആത്മവിശ്വാസം പകരുന്നുണ്ട്.

ഗവേഷണലേഖനങ്ങൾ നൽകിയും കോപ്പികൾ വാങ്ങിയും സഹായിക്കാൻ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. *താപസ*ത്തിന്റെ പഴയലക്കങ്ങൾ വില്പനയ്ക്കുണ്ട്. അവ വാങ്ങിയും സഹായിക്കാം.

**എഡിറ്റർ**

# ആമുഖം

ജർമനിയിലെ ട്യൂബിങ്ങൻ യൂണിവേഴ്സിറ്റിയിലെ ശേഖരത്തിൽനിന്ന് ഡോ. സ്കറിയാ സക്കറിയ ഗുണ്ടർട്ടിന്റെ കൈയെഴുത്തു ഗ്രന്ഥങ്ങൾ കണ്ടെത്തിയതും അവയിൽ പ്രധാനപ്പെട്ടവ പ്രസിദ്ധീകരിച്ചതും കേരളപഠനത്തെ സംബന്ധിച്ച് സവിശേഷപ്രാധാന്യമുള്ള സംഗതിയാണ്. അങ്ങനെ കണ്ടെത്തി പ്രസിദ്ധീകരിച്ച തലശ്ശേരിരേഖകളെ മുൻനിർത്തിയുള്ള ചരിത്ര/സംസ്കാര അന്വേഷണമാണ് താപസത്തിന്റെ ഈ ലക്കത്തിലെ മുഖ്യലേഖനം. 18-ാം നൂറ്റാണ്ടിന്റെ അവസാനവർഷങ്ങളിൽ, മലബാറിൽ കോളണിവാഴ്ച ഉറയ്ക്കുന്ന ഘട്ടത്തിൽ, വടക്കേ മലബാറിലെ രാജാക്കന്മാരും പ്രഭുക്കന്മാരും സാധാരണക്കാരും എഴുതിയ രേഖകളെക്കുറിച്ച് കെ. പി. രാജേഷ് നടത്തുന്ന വിശകലനം ആ കാലഘട്ടത്തെക്കുറിച്ചുള്ള സ്ഥിതധാരണകളിൽ ചിലതിനെ ഇളക്കാൻ പര്യാപ്തമാണ്. കോളണിവാഴ്ചയുടെ സ്ഥാപനത്തിന്റെ സവിശേഷരീതികളും അത് വെളിപ്പെടുത്തുന്നു.

ആധുനികകേരളത്തിന്റെ ചരിത്രത്തിൽ പല നിലയ്ക്കും പ്രാധാന്യമുള്ള സംഭവമാണ് 1946-ലെ പുന്നപ്ര-വയലാർ സമരം. ഇതിനെപ്പറ്റി വിവിധ വീക്ഷണകോണുകളിലുള്ള പഠനങ്ങൾ, പരസ്പരം ഇടയുന്ന വാദങ്ങൾ, ഇതിനകം വന്നുകഴിഞ്ഞിട്ടുണ്ട്. ആ പഠനങ്ങളും പുന്നപ്ര-വയലാർ പ്രദേശത്തുനിന്നു ശേഖരിച്ച വാമൊഴികളും അടിസ്ഥാനമാക്കി ആ ചരിത്രസംഭവത്തെ പുനരവലോകനം ചെയ്യുന്ന ജീസസ് റേ കുന്നുങ്കലിന്റെ ലേഖനം ശ്രദ്ധാർഹമാണ്. എഫ്. എം. റേഡിയോ നമ്മുടെ കേൾവിസംസ്കാരത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്നാണ് പ്രതീഷ് തന്റെ ലേഖനത്തിൽ അന്വേഷിക്കുന്നത്. കേരളത്തിലെ പ്രധാനപ്പെട്ട നാടകകൃത്തും സംവിധായകനുമായ പി. ബാലചന്ദ്രന്റെ 'ഒരു മധ്യവേനൽ പ്രണയരാവ്' എന്ന നാടകത്തിന്റെ അവതരണത്തെ മുൻനിർത്തിയുള്ള വിശകലനമാണ് ജോസി ജോസഫ് നടത്തുന്നത്. കാളിദാസശാകുന്തളം, ഷേക്സ്പിയറുടെ മധ്യവേനൽ രാക്കിനാവ് മുതലായ പ്രമാണപാഠങ്ങളുടെയും ഒപ്പം ജനപ്രിയ കലാസാഹിത്യരൂപങ്ങളുടെയും കലർപ്പുകളോടുകൂടിയ ഈ നാടകം എങ്ങനെ പുതിയ നാടകീയാനുഭവം പ്രദാനം ചെയ്യുന്നുവെന്ന് ആ ലേഖനം പരിശോധിക്കുന്നു.

വ്യാകരണസംബന്ധമായി മൂന്നു ലേഖനങ്ങളുണ്ട് ഈ ലക്കത്തിൽ. മലയാളത്തിലെ നാമവിശേഷണങ്ങളെക്കുറിച്ച് പി. ടി. എബ്രഹാം എഴുതിയ ഇംഗ്ലീഷ് ലേഖനമാണൊന്ന്. മലയാളത്തിലെ അനുപ്രയോഗങ്ങളെ, വർത്തമാനപ്പത്രങ്ങളിൽനിന്നുള്ള ഉദാഹരണങ്ങൾ മുൻനിർത്തി വർഗീകരിച്ചു വിശദീകരിക്കുന്ന മരിയ പോളിന്റെ ലേഖനമാണു മറ്റൊന്ന്. സമകാലിക ഭാഷാപ്രയോഗങ്ങളെ വ്യാകരണപഠനത്തിന് ഉപാദാനമാക്കുന്ന ഈ ശ്രമം പ്രസക്തമാണ്. മൂന്നാമത്തെ ലേഖനത്തിൽ, ശ്രീ എൻ. വി. കൃഷ്ണവാരിയർ കാൽനൂറ്റാണ്ടു മുമ്പെഴുതിയ ലേഖനത്തിലെ ചില നിർദേശങ്ങൾ ഇന്നും പ്രസക്തമാണെന്ന് ടി.ബി. വേണുഗോപാലപ്പണിക്കർ ചൂണ്ടിക്കാട്ടുന്നു. ഗവേഷണരംഗം, പുസ്തകപൂരണം എന്നീ പതിവുപംക്തികളും ഈ ലക്കത്തിലുണ്ട്.

പുസ്തകപൂരണം എന്ന പംക്തിയിൽ പവൻ കരൺ എന്ന ഹിന്ദി കവിയുടെ 'സ്ത്രീ എന്റെയുള്ളിൽ' എന്ന കവിതാസമാഹാരം പ്രമീള കെ. പി. പരിചയപ്പെടുത്തുന്നു. പ്രമീള കെ. പി. തന്നെയാണ് ആ പുസ്തകം മലയാളത്തിലേക്കു മൊഴി മാറ്റിയത്. ഡോ. എം.വി. പൈലിയുടെ ആത്മകഥ, എസ്. രമേശൻനായർ തർജമ ചെയ്ത 'തിരുക്കുറൾ', ജോർജ് ഗീവർഗീസ് ജോസഫ് രചിച്ച 'ബാരിസ്റ്റർ ജോർജ് ജോസഫ്' (മലയാളപരിഭാഷ), എസ്. ശാരദക്കുട്ടിയുടെ 'പെൺവിനിമയങ്ങൾ' എന്നീ ഗ്രന്ഥങ്ങളെപ്പറ്റി സ്കറിയാ സക്കറിയ എഴുതുന്നു. വി. ശാന്തകുമാർ എഴുതിയ 'ആഗോളീകരണവും കേരളിയ ജീവിതവും' എന്ന കൃതി പരിചയപ്പെടുത്തുന്നത് സി. ഗണേശ് ആണ്. കേരളപഠനത്തെ ചരിത്രാത്മകമായും സമകാലികമായും വിശകലനം ചെയ്യുന്ന ഇതിലെ പഠനങ്ങൾ പ്രസക്തമാകുമെന്നു കരുതുന്നു.

**ഡോ. എൻ. അജയകുമാർ**
**ഇഷ്യൂ എഡിറ്റർ**

# തലശ്ശേരി രേഖകളും കൊളോണിയൽ സാമൂഹ്യപരിസരവും

**കെ. പി. രാജേഷ്**

കൊളോണിയൽകാലത്ത് ആശയവിനിമയമാധ്യമമായി കത്തുകൾ ഗണ്യമായി ഉപയോഗിക്കപ്പെട്ടിരുന്നു. എഴുത്തോലകളും മറ്റും ആശയ കൈമാറ്റത്തിനായി മുൻകാലത്തും ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഔദ്യോഗിക വ്യവഹാരരൂപമായി കത്തുകൾ കൂടുതലായി പ്രചാരത്തിൽ വന്നത് കൊളോണിയൽ കാലത്താണെന്ന് കരുതുന്നു. നാട്ടുരാജാക്കൻമാർ, ദേശവാഴികൾ, കമ്പനി അധികാരികൾ, ഏജന്റുമാർ തുടങ്ങിയവരുമായി നിത്യേന കൈമാറിയ വിവരങ്ങളാണ് ഇവയുടെ ഉള്ളടക്കം. ഇത്തരത്തിൽ 1796 മുതൽ 1804 വരെ ഏതാണ്ട് 8 വർഷക്കാലം കമ്പനി അധികാരികളും പ്രാദേശിക നാട്ടുകൂട്ടങ്ങളും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ സമാഹാരമാണ് തലശ്ശേരി രേഖകൾ. ജർമ്മനിയിലെ ട്യൂബിങ്ങൻ സർവകലാശാലയിൽ ഹെർമൻ ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് ആധുനിക കേരളചരിത്രത്തിലേക്ക് വെളിച്ചം പകരുന്ന അക്ഷയഖനിയായ ഈ രേഖകൾ ഡോ. സ്കറിയാ സക്കറിയ കണ്ടെടുത്ത് ജോസഫ് സ്കറിയയുടെ സഹകരണത്തോടെ പകർത്തി തലശ്ശേരി രേഖകൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചത്.*

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുമുള്ള ഈ രേഖകൾ ഉത്തരമലബാറിന്റെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയമണ്ഡലങ്ങളിൽ വന്ന വ്യതിയാനങ്ങളും ചലനങ്ങളും മനസ്സിലാക്കാൻ ഉതകുന്ന സുപ്രധാന ചരിത്രസാക്ഷ്യങ്ങളിലൊന്നാണ്. അതിശയോക്തിയുടെ അംശങ്ങൾ കത്തുകളിൽ നാമമാത്രമായി കാണുന്നുവെങ്കിലും പാട്ടുവഴക്കങ്ങളിലും മറ്റും വരുന്ന ഭാവനാരൂപങ്ങളുടെ മാത്രകൾ തലശ്ശേരിരേഖയിൽ കാണുന്നില്ല. പരസ്യങ്ങളും ഉത്തരവുകളുമടങ്ങുന്ന ഔദ്യോഗിക രേഖകൾ തീർത്തും വസ്തുതാപരമായിരുന്നുവെന്നും കരുതാവുന്നതാണ്. അതുകൊണ്ടുതന്നെ മലബാറിൽ ബ്രിട്ടീഷ് ആധിപത്യത്തിന്റെ ആരംഭകാലത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് തലശ്ശേരിരേഖകൾ വളരെയേറെ





സഹായകമാകുന്നുണ്ട്. അക്കാലത്തെ രാഷ്ട്രീയാരക്ഷിതാവസ്ഥയും, കാർഷികോത്പാദനക്രമങ്ങളിലും ഉടമസ്ഥാവകാശക്രമങ്ങളിലും ആചാരമര്യാദബന്ധങ്ങളിലും ഇക്കാലത്ത് വന്ന മാറ്റങ്ങളും രേഖകളിൽ പ്രതിഫലിക്കുന്നുണ്ട്. ഇത്തരത്തിൽ കത്തുകളിൽ അന്തർലീനമായിരിക്കുന്ന സമകാലീന സാമൂഹ്യസാംസ്കാരികപരിസരം അനാവരണം ചെയ്യാനും രേഖ പ്രതിനിധാനം ചെയ്യുന്ന സാംസ്കാരിക ഭൂമിശാസ്ത്രം പുനർനിർമ്മിക്കാനുമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

## കത്തുകളുടെ സ്വഭാവം

മലയാളഭാഷയിലുള്ള 1429 കത്തുകളാണ് തലശ്ശേരി രേഖയിലുള്ളത്. നാട്ടുഭാഷയുടെ അഥവാ പ്രചാരഭാഷയുടെ പ്രകടമായ ശൈലീരൂപങ്ങൾ ഇതിൽ കാണാവുന്നതാണ്. കൊളോണിയൽ കാലത്തെ ആശയകൈമാറ്റത്തിന്റെ പ്രധാന ഭാഷാരൂപം മലയാളം തന്നെയായിരുന്നുവെന്ന് കാണാം. മലബാറിലെ നാട്ടുഭാഷയും ആചാരമര്യാദക്രമങ്ങളും കൈകാര്യം ചെയ്യാൻ തദ്ദേശീയരായ വിദ്യാസമ്പന്നരെ കമ്പനി നിയമിച്ചിരുന്നു. ഇതിന്റെ സൂചനകൾ രേഖകളിൽ കാണാവുന്നതാണ്. സംഭാഷണരീതി/വാമൊഴിരൂപം തന്നെയാണ് എഴുത്തുകളിൽ ഉപയോഗിച്ചിരുന്നത്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്നും പ്രയോഗത്തിലുള്ള ഭാഷാപ്രയോഗങ്ങൾ തലശ്ശേരിരേഖയിലുടനീളം കാണാവുന്നതാണ് (അനുബന്ധം കാണുക). കത്ത് എഴുതുന്ന സ്ഥലവും എവിടേക്കെന്നും, തീയതിയും വർഷവും, എഴുതുന്ന ആളിന്റെ പേരും കൃത്യമായി രേഖപ്പെടുത്തിയിരുന്നു. കൊല്ലവർഷവും, ഇംഗ്ലീഷ് വർഷവും ഒരേപോലെ മിക്ക കത്തുകളിലും ചേർത്തിട്ടുണ്ട്.

കത്തുകളുടെ സ്വഭാവത്തിന് ഏകതാനതയില്ല. തലശ്ശേരിയിൽ കേന്ദ്രീകരിച്ചിരുന്ന കമ്പനി അധികാരികളും ഓരോ ദേശത്തും നികുതി/പാട്ടം പിരിവ് നടത്താൻ ചുമതലപ്പെടുത്തിയ അധികാരികളും തമ്മിൽ നടത്തിയ ഇടപാടുകൾ കാണിക്കുന്ന കത്തുകളാണ് ഭൂരിഭാഗവും. മറ്റൊരർത്ഥത്തിൽ നികുതി പിരിവുമായി ബന്ധപ്പെട്ട കമ്പനി എഴുത്തുകളും അവയ്ക്കുള്ള (ചുമതലപ്പെടുത്തിയവരുടെ) മറുപടിയുമാണ് പ്രധാനമായും കത്തുകളിൽ അടങ്ങിയിട്ടുള്ളത്. മറ്റൊന്ന് വ്യക്തിഗതവും കൂട്ടായതുമായ സങ്കടഹർജികളാണ്. പരാതികളും ഇതിൽപെടുന്നു. ഔദ്യോഗിക അറിയിപ്പുകളടങ്ങിയ കമ്പനി പരസ്യങ്ങളും ഉത്തരവുകളും രേഖകളിലുണ്ട്. ഇവ താരതമ്യേന കുറവാണ്. നികുതി നീതിന്യായകാര്യങ്ങളിലുള്ള പരാതികൾക്കും ഹർജികൾക്കും മാത്രമെ പ്രധാനമായും ഉചിതമായ മറുപടിയും നടപടികളും കമ്പനിഭാഗത്തുനിന്നു കാണുന്നുള്ളു. വ്യക്തിഗത സങ്കടഹർജികളിൽ തീർപ്പുകൽപിക്കുന്നതിന്റെ സാക്ഷ്യങ്ങൾ ലഭ്യമാക്കുന്നില്ലെന്നുതന്നെ പറയാം. ഉദാഹരണത്തിന്, രേഖകളിലടങ്ങിയ 1166J,

1167J എന്നീ കത്തുകൾ പാലേരി നായർ എന്ന നാട്ടുപ്രമാണി കമ്പനിക്ക് അയച്ചവയാണ്. കൂത്താളി നായരുടെ അതിക്രമങ്ങളും പറമ്പുകളിലെ ഉഭയങ്ങൾ നായരുടെ ആളുകൾ നശിപ്പിച്ചതിന്റെ അവസ്ഥകളും ധരിപ്പിച്ചുകൊണ്ടുള്ള പരാതിയാണ് കത്ത്. ഇതിന് രാജ്യം വാഴുന്ന കമ്പനി സർക്കാർ ഒരു തീർപ്പുണ്ടാക്കണമെന്ന് പാലേരി നായർ താഴ്മയായി ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കമ്പനി അധികാരികൾ പിന്നീട് അയച്ച 1169J, 1171J, 1172J തുടങ്ങിയ കത്തുകളിലെ പ്രമേയം മേൽപറഞ്ഞ പരാതിക്കുള്ള മറുപടിയോ തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള ഉത്തരവോ അല്ല. മറിച്ച് കമ്പനിക്കെത്തേണ്ട നികുതി സംഖ്യയുടെ ബാക്കി ഗഡുക്കൾ കൃത്യമായി എത്തിക്കാനുള്ള വ്യവസ്ഥ പൊടുന്നനെ ചെയ്യണമെന്നുള്ള മുന്നറിയിപ്പാണ്. ഇത്തരം ഉദാഹരണങ്ങൾ രേഖകളുടെ പല ഭാഗങ്ങളിലും കാണാവുന്നതാണ്. ഒരർത്ഥത്തിൽ കിട്ടാവുന്നത്ര സമ്പത്ത് നികുതിയിനത്തിലും മറ്റും വസൂലാക്കുകയെന്ന കമ്പനിയുടെ താൽപര്യങ്ങളാണ് കത്തുകളിലുടനീളം പ്രതിഫലിക്കുന്നത്.

അതിവിധേയത്വം പ്രകടമാക്കുന്ന അഭിസംബോധനകൾ കത്തുകളുടെ മറ്റൊരു പ്രത്യേകതയാണ്. വിനയത്തോടെ പരസ്പരം സലാം ചൊല്ലുന്ന കത്തുകളാണ് ഭൂരിഭാഗവും; കമ്പനിയെ പ്രകീർത്തിച്ചുകൊണ്ടുള്ള പ്രശസ്തിരൂപങ്ങളും അഭിസംബോധനക്കായി ഉപയോഗിച്ചു കാണുന്നുണ്ട്. അവ തുടങ്ങുന്നതിങ്ങനെയാണ്: "ശ്രീമത് സകല ഗുണ സമ്പന്നരാനാം സകല ധർമ്മ പ്രതിപാലകരാനാം മിത്രജെന മനൊരഞ്ജിതാനാം അഖണ്ഡിത ലെക്ഷ്മി പ്രസന്നരാനാം മഹാമെരു[1] സമാനധിരനാ രാജമാന്യ രാജശ്രീ......" (സാരം: ശ്രീമാൻ സർവ്വഗുണങ്ങളാലും സമ്പന്നനായ സകലധർമ്മങ്ങളെയും പരിരക്ഷിക്കുന്നവനായ, സുഹൃദ്ജനങ്ങളുടെ മനസിനെ സന്തോഷിപ്പിക്കുന്നവനായ, ഐശ്വര്യത്തിന് വിഘ്നംവരാത്തവനും മാഹാമെരു പർവ്വതത്തിന് സമം ധൈര്യശാലിയുമായ മഹാരാജശ്രീ.....). ഇത്തരം പ്രശസ്തികൾ അല്പാല്പം അർത്ഥവ്യത്യാസങ്ങളോടും പദപ്രയോഗങ്ങളിലുള്ള ഏറ്റക്കുറച്ചിലുകളോടുംകൂടി രേഖകളിൽ കാണുന്നുണ്ട്[2]. കടത്തനാട് പോർളാതിരി ഉദയവർമ്മൻ കമ്പനിക്കെഴുതുന്ന കത്തുകളിലാണ് കൂടുതലായും ഇങ്ങനെ കാണുന്നത്. കൂടാതെ പൊഴവായി അള്ളിനായർ, വീട്ടിലത്ത് രവിവർമ്മ നരസിംഹൻ, മഞ്ചേശ്വരത്ത് നകരത്തിൽ നാരായണഭക്തൻ തുടങ്ങിയ പ്രമാണിമാരും (വ്യക്തിഗതരേഖകൾ) ഇത്തരം അഭിസംബോധനകൾ ഉപയോഗിക്കുന്നുണ്ട്. മൈസൂരിലെ വൊഡയാർ രാജപ്രഭു വീരരാജേന്ദ്രൻ എഴുതുന്ന ഒരു കത്തിലും അല്പരൂപമാറ്റത്തോടെ ഇതേ പ്രശസ്തിരൂപം കാണുന്നുണ്ട്[3]. പ്രധാനമായും കമ്പനിയെ സ്തുതിച്ചുകൊണ്ടുള്ള പ്രശസ്തിയാണെങ്കിലും രേഖയിലൊരിടത്ത് പയ്യോർമല കാനഗൊവിയായിരുന്ന ഭീമരായർ കൂത്താളി നായരെ അഭിസംബോധന ചെയ്യുന്നതിന് ഇത് ഉപയോഗിക്കുന്നുണ്ട്[4]. ഇങ്ങനെ സ്തുതിക്കുന്നതിലേക്ക് നയിക്കുന്ന രസകരമായ ഒരു സംഭവമുണ്ട്. പയ്യോർമല കാനഗൊവി ഭീമരായൻ പാലേരിനായർക്കും കൂത്താളിനായർക്കും കോൽക്കാരൻ പുതിക്കൊട്ടു വാപ്പര് എന്നവൻ കൈവശം രണ്ട് എഴുത്തുകൾ കൊടുത്തുവിടുന്നു. പാലേരിനായർക്ക് കൊടുത്ത എഴുത്തിനു മറുപടി ലഭിച്ചു. എന്നാൽ കൂത്താളിനായർക്ക് സന്ധ്യാനേരത്ത് വാപ്പര് എഴുത്തുമായി ചെന്നത് രസിച്ചില്ല. ഇത്ര തത്രപ്പെട്ട് എഴുത്തുമായി വന്നതെന്തിനെന്നും അതിനു നിനക്ക് ധൈര്യമെങ്ങനെയുണ്ടായി എന്നും കയർക്കുന്ന നായർ ഇങ്ങനെകൂടെ പറയുന്നു. ".......ഏതൊരു പൊലയന്റെ മകൻ നിന്റെ പക്കൽ (എഴുത്ത്) തന്നയച്ചത് ആ പൊലയന്റെ മകന്റെ കയ്യിൽ തന്നെകൊണ്ടക്കൊടുക്ക എന്നും അവർ തന്നെ കൊണ്ടുവരട്ടെയെന്നും......." ഇതു പറഞ്ഞശേഷം അവിടെതന്നെ നിന്ന വാപ്പരെ ആട്ടിപ്പുറത്താക്കി. ഇവിടെ ഭീമരായൻ പുലയസമുദായത്തിൽനിന്നും കമ്പനി ഉദ്യോഗവൃന്ദത്തിലെത്തിയ വ്യക്തിയാണെന്ന് തീർച്ചയില്ലെങ്കിലും താഴ്ന്ന ജാതിക്കാർ കമ്പനി ഉദ്യോഗസ്ഥരായി നിയമിക്കപ്പെട്ടിരുന്നുവെന്ന് വ്യക്തമാണ്. ഭീമരായൻ എന്ന പേരിന്റെ അസ്വഭാവികതയും ശ്രദ്ധേയമാണ്. കത്തിൽ മറ്റൊരിടത്തും ഇങ്ങനെയൊരു പേര് കാണുന്നില്ല. ഉദ്യോഗസ്ഥപദവിയിലെത്തിയശേഷം സ്വീകരിച്ച നാമമാണോ എന്നും സന്ദേഹിക്കേണ്ടിയിരിക്കുന്നു. ഈ സംഭവത്തിനുശേഷമാണ് ഭീമരായൻ (ഒരുപക്ഷെ കമ്പനി നിർദ്ദേശപ്രകാരമാവാം) കൂത്താളി നായരെ പ്രകീർത്തിച്ചുകൊണ്ട് (പരിഹസിച്ചുകൊണ്ട് എന്നാണ് പറയേണ്ടത്) എഴുതുന്നത്[5].

മറ്റ് രണ്ട് രൂപത്തിലുള്ള പ്രകീർത്തനങ്ങളും കത്തിൽ കാണുന്നുണ്ട്. ഒന്ന് അറബിയിലോ പേർഷ്യനിലോ ഉള്ളതാണ്[6]. രണ്ടാമത്തേത്, അവിഞ്ഞാട്ട് നായന്മാരെപ്പോലുള്ള ദേശക്കോയ്മകൾ കമ്പനിയെ സംബോധന ചെയ്യുന്നതാണ്. "മലയാം പ്രവിശ്യയിൽ അതത് രാജാക്കന്മാരെ അവരവരിടെ സ്ഥാനത്ത് നൃത്തി ധർമ്മാധർമ്മങ്ങളും വഴിപോലെ രക്ഷിച്ചുപോരുന്ന ബഹുമാനപ്പെട്ട ഇങ്കിരിയസ്സ കുമ്മഞ്ഞി (ഇംഗ്ലീഷ് കമ്പനി)യിൽ മഹാരാജശ്രീ വടക്കെ അധികാരി"[7] എന്നിങ്ങനെയാണ്. കൂടാതെ മഹാരാജമാന്യരാജശ്രീ തുടങ്ങിയ പ്രയോഗങ്ങളും കത്തുകളിൽ കാണുന്നുണ്ട്. ബ്രിട്ടീഷ് മലബാറിലെ നാടുവാഴികൾക്കും ദേശവാഴികൾക്കും മലീഖാൻ നൽകി കമ്പനി നികുതിപിരിവിന്റെ അവകാശം നിയമപരമായി നേടിയെടുക്കുന്നുണ്ട്. അതിനുശേഷമുള്ള സകലകാര്യങ്ങളിലും കമ്പനിയെ ആശ്രയിച്ചാണ് ഇവർ നിലനിന്നിരുന്നതും. അത്തരമൊരു വിധേയത്വത്തിന്റെ ശബ്ദമാണ് മേൽവിവരിച്ച സംബോധനാപ്രയോഗങ്ങളിലെല്ലാംതന്നെ കാണുന്നത്.

കമ്പനി കത്തിടപാടുകൾ നടത്തിയിരുന്നത് പ്രധാനമായും കടത്തനാട് പോർളാതിരി, കുറുമ്പ്രനാട് രാജ, ചിറക്കൽ രാജ, കോട്ടയം രാജ എന്നിവരുമായിട്ടായിരുന്നു. ഇതിൽ കടത്തനാടുമായുള്ള ഇടപാടുകളുടെ കത്തുകളാണ് ഏറെയും. കൂടാതെ പയ്യോർമല, നായന്മാരുമായും (അവിഞ്ഞാട്ട്, കൂത്താളി,

പാലേരി നായന്മാർ) നരങ്ങൊളി നമ്പ്യാർ, ഇരവിനാട് രണ്ടത്തറ അച്ചന്മാർ, ചൊഴലി നമ്പ്യാർ, കാംമ്പ്രത്ത് നമ്പ്യാർ, കണ്ണൂർ ആലിരാജ തുടങ്ങിയ ദേശ കോയ്മകളുമായും കത്തിടപാടുകൾ നടത്തിയിരുന്നു. കുടകിൽനിന്നും, മൈസൂർ വോഡയാർ രാജാവിൽ നിന്നുമുള്ളതായ ചുരുക്കം ചില കത്തുകളും ഇവയിൽപ്പെടുന്നുണ്ട്. ഇതനുസരിച്ച് ഇന്നത്തെ കണ്ണൂർ, കോഴിക്കോട് ജില്ലകളും, വയനാടിന്റെ പശ്ചിമഭാഗങ്ങളുമുൾക്കൊള്ളുന്ന ഒരു ഭൂമിശാസ്ത്ര തലമാണ് തലശ്ശേരി രേഖകളിൽ പ്രതിഫലിക്കുന്നത്.

## രേഖകളുടെ ചരിത്രപശ്ചാത്തലം

കൊളോണിയൽ മലബാറിലെ രണ്ട് പ്രധാന ഭരണ സിരാകേന്ദ്രങ്ങളായിരുന്നു തലശ്ശേരിയും (ഉത്തരമലബാർ), ചെറുപ്ലശ്ശേരിയും (ദക്ഷിണമലബാർ). ഭൂമിശാസ്ത്രപരമായി തീരപ്രദേശമായ തലശ്ശേരി വിഭവസമാഹരണത്തിനും വിനിമയത്തിനും ഉചിതമായ ഇടമായിരുന്നു. കച്ചവടച്ചരക്കുകളായ കുരുമുളക്, അടക്ക, തേങ്ങ, ഏലം തുടങ്ങിയ നാണ്യവിളകളും, ഭക്ഷ്യവിളയായ നെല്ലും ഗണ്യമായി തലശ്ശേരിയിൽ സമാഹരിച്ചിരുന്നു. ഉത്തരമലബാറിലെ പറമ്പുകളിൽ നിന്നും മലമ്പ്രദേശങ്ങളിൽനിന്നും കച്ചവടക്കാർവഴിയും പാട്ടം പിരിവ് നടത്തിയ ഇടനിലക്കാർവഴിയും ഉത്പന്നങ്ങൾ ഇവിടേക്കെത്തിയിരുന്നു. അതുകൊണ്ടുതന്നെ ഉത്തരമലബാറിന്റെ നികുതി നീതിന്യായ ഭരണയന്ത്രങ്ങളെ നിയന്ത്രിച്ചിരുന്നതും ഇവിടെനിന്നു തന്നെയായിരുന്നു. 1800 എ.ഡി. വരെ ഈ പ്രദേശം ബോംബെ പ്രവിശ്യയുടെയും അതിനുശേഷം മദ്രാസ് പ്രവിശ്യയുടെയും ഭാഗമായാണ് നിലനിന്നിരുന്നത്. ഇക്കാലത്ത്, പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ, ഉത്തരമലബാറിന്റെ രാഷ്ട്രീയ സാംസ്കാരിക ഭൂമികയിൽ കാര്യമായ ചലനങ്ങൾ സംഭവിക്കുകയും ചെയ്തിരുന്നു.

പ്രധാനമായും രണ്ട് ചരിത്രസംഭവങ്ങളാണ് ഇത്തരത്തിലുള്ള ചലനങ്ങൾക്കു നിദാനമായത്. ഒന്ന് മൈസൂർ സുൽത്താൻ ടിപ്പുവിന്റെ പടയോട്ടവും പടയോട്ടത്തിന്റെ ഭീതിയും അതിനെ തുടർന്നുണ്ടായ രാഷ്ട്രീയാരക്ഷിതാവസ്തയും, ഭരണ വ്യത്യാസങ്ങളുമാണ്. മൂന്ന് ദശകത്തോളം നീണ്ടുനിന്ന ടിപ്പുവിന്റെ ആധിപത്യം 1792-കൂടി അവസാനിച്ചുവെങ്കിലും അതിന്റെ സാമൂഹ്യ ആകുലതകൾ തുടർന്നു. ആക്രമണകാലത്ത് പല നാടുവാഴിസ്വരൂപങ്ങളിലെയും കാരണവന്മാർ തിരുവിതാംകൂറിലേക്കു പലായനം ചെയ്തിരുന്നു. അത്തരം സ്വരൂപങ്ങളുടെ രാഷ്ട്രീയാധീശത്വം ശോഷിക്കുകയും ചെയ്തു. കൊളോണിയൽ കാലത്ത് ഇവരിൽ പലരും തിരിച്ചുവന്നെങ്കിലും കമ്പനിയുടെ ആശ്രിതരായി/നികുതിപിരിവ് നടത്തിയിരുന്ന ഏജന്റുമാരായാണ് പിൽക്കാലത്ത് നിലനിന്നിരുന്നത്. കൂടാതെ മൈസൂർ സുൽത്താന്മാർ മലബാറിൽ നടപ്പിൽ വരുത്തിയ നികുതി സമ്പ്രദായങ്ങളും ഉത്തരമലബാറിന്റെ





സാമൂഹ്യക്രമങ്ങളിൽ ഉലച്ചിലുണ്ടാക്കിയിരുന്നു. മൊത്തം ഉത്പാദനത്തിന്റെ തോത് തിട്ടപ്പെടുത്തി ഭൂനികുതി ചുമത്തുകയും ഇടത്തട്ടുകാരെ ഒഴിവാക്കി കുടിയാന്മാരിൽ നിന്ന് നേരിട്ട് അവ വസൂലാക്കുകയുമാണ് ചെയ്തിരുന്നത് (Kareem 1973: 143-155). ഇത് പരമ്പരാഗത ജന്മി-കുടിയാൻ ബന്ധങ്ങളിൽ കാര്യമായ വിള്ളലുകൾ ഉണ്ടാക്കിയിരിക്കണം. നികുതി പിരിച്ചെടുത്തിരുന്നത് സുൽത്താൻ നിയമിച്ചിരുന്ന ഉദ്യോഗസ്ഥരുമായിരുന്നു. ഇത്തരത്തിൽ മലബാറിന്റെ പരമ്പരാഗത ജന്മി-കുടിയാൻ ബന്ധങ്ങൾക്കേറ്റ ആദ്യത്തെ പ്രഹരമായിരുന്നു ടിപ്പുവിന്റെ കാലത്തുണ്ടായത്. ഈയൊരു സന്ദിഗ്ധാവസ്ഥ നിലനിൽക്കുന്ന സമൂഹത്തിലേക്കാണ് ബ്രിട്ടീഷുകാരുടെ വരവ്.

രണ്ടാമത്തേത് ബ്രിട്ടീഷ് ആധിപത്യത്തോടെ മലബാറിൽ വരുന്ന മാറ്റങ്ങളാണ്. 1792-ലെ ശ്രീരംഗപട്ടണം ഉടമ്പടി പ്രകാരം മലബാറിന്റെ നിയന്ത്രണം പൂർണ്ണമായും കമ്പനിക്ക് ലഭിച്ചു. മലബാറിലെ പരമ്പരാഗത ഉത്പാദന ബന്ധങ്ങളിലെ അവകാശക്രമങ്ങളും ആചാരമര്യാദ സമ്പ്രദായങ്ങളും ഇടകലർന്ന സാമൂഹ്യവ്യവസ്ഥിതിയുടെ മാറ്റത്തിന് ഇത് വഴിതെളിച്ചു. 1792-93 കാലത്ത് മലബാറിന്റെ ഉത്പാദനതലങ്ങളുടെ സവിശേഷതകളെ മനസ്സിലാക്കുന്നതിന് നിയമിച്ച ജോയിന്റ് കമ്മീഷണർമാരുടെ റിപ്പോർട്ട് ഇവിടത്തെ ഭൂവുടമാ ബന്ധങ്ങളെക്കുറിച്ചുള്ള ആദ്യ വിലയിരുത്തലായിരുന്നു (ഗണേശ് 1997:160). ഇതനുസരിച്ച് ആദ്യഘട്ടത്തിൽ പ്രാദേശിക ജന്മിമാരെയും പിൽക്കാലത്ത് കമ്പനി നിയമിക്കുന്ന ഉദ്യോഗസ്ഥരെയും നികുതിപിരിവിന്റെ ചുമതല ഏൽപ്പിച്ചു. ഇതോടെ കീഴ്മര്യാദയുടെ അടിസ്ഥാനത്തിൽ നിലനിന്നിരുന്ന നാടുവാഴികളും ജന്മിമാരും തമ്മിലുള്ള ബന്ധങ്ങൾ കീഴ്മേൽമറിഞ്ഞു (ഗണേശ് 1997:160).

പരമ്പരാഗതമൂല്യങ്ങളനുസരിച്ച് നാട്ടുകോയ്മയ്ക്കും ജന്മിമാർക്കും ഭൂമിയുടെമേൽ അവകാശം മാത്രമാണുണ്ടായിരുന്നത്. ഇത് ഭൂമിയുടെ മേലുള്ള ഉടമസ്ഥതയല്ല മറിച്ച് അതിലുള്ള ഉഭയങ്ങളിലും അധിവാസ തൊഴിൽ കൂട്ടായ്മകളിലുമുള്ള ആത്യന്തികാവകാശമായിരുന്നു. നാടുവാഴിയെന്നത് ഒരു വ്യക്തി മാത്രമല്ല പ്രധാനമായും മാതൃദായക്രമമനുസരിച്ചുള്ള താവഴികളിലെ മൂത്ത (മുതിർന്ന) കാരണവരാണ്. അത്തരത്തിൽ ഓരോ നാടുവാഴിയും നാടിന്റെ കോയ്മയും മാതൃദായികളായ തറവാടുകളുടെ തലവനുമായിരുന്നു. ഓരോ താവഴിയിലെയും കാർഷികോത്പാദനത്തിലും വിഭവസമാഹരണത്തിലും, ആഭ്യന്തര നീക്കുപോക്കുകളിലും അതത് കാരണവന്മാർ മൂത്തകാരണവരുടെ (നാടുവാഴി)യുടെ ഇച്ഛകളെയും അഭിപ്രായങ്ങളെയും മാനിച്ചിരുന്നു. ഓരോ നാടുവാഴിക്കും അവകാശപ്പെട്ട ഭൂമികളിൽ നിരവധി തൊഴിൽ കൂട്ടങ്ങളെ കുടിയിരുത്തിയിരുന്നു. നമ്പൂതിരിയുടെ ഇല്ലങ്ങളും, നായരുടെ പുരയിടങ്ങളും, വെളുത്താടൻ, മണ്ണാൻ (അലക്കുകാർ), കൊല്ലൻ, ആശാരി, തട്ടാൻ, മൂശാരി, ചാലിയൻ (നെയ്ത്തുകാർ), വാണിയൻ (എണ്ണയാട്ടുകാർ) തുടങ്ങിയവരുടെ കുടികളും അടിയാളരായ തിയ്യ

രുടെ പുരകളും പുലയരുടെ ചാളകളും (താമസസ്ഥലം) ഇത്തരത്തിൽ രൂപം കൊണ്ടവയാണ്. ഇവർക്കെല്ലാം തന്നെ കുടിവച്ചിരുന്ന ഇടങ്ങളിൽ അവകാശമുണ്ടായിരുന്നു. നമ്പൂതിരിമാർക്കും മറ്റും ഉഭയങ്ങളിൽ അവകാശമുണ്ടായിരുന്നെങ്കിലും അടിയാളർക്കും മറ്റ് ആശ്രിതതൊഴിൽകൂട്ടങ്ങൾക്കും കുടിയവകാശം മാത്രമാണുണ്ടായിരുന്നത്. നാടുവാഴികളെയും ഇത്തരം തൊഴിൽകൂട്ടങ്ങളെയും ബന്ധിപ്പിച്ചു നിർത്തിയിരുന്നത് കാർഷികപശ്ചാത്തലത്തിൽ രൂപം കൊണ്ടതും പരമ്പരാഗതമായി തുടർന്നു പോന്നിരുന്നതുമായ ആചാരമര്യാദക്രമങ്ങളായിരുന്നു. നാടുവാഴികളോട് കൂറുപുലർത്തുകയെന്നത് ജന്മിയുടെയും ജന്മിമാരോട് കൂറുപുലർത്തുകയെന്നതും ഉഭയങ്ങൾ കൃത്യമായി പാട്ടമായോ വാരമായോ എത്തിച്ചുകൊടുക്കുകയെന്നതും കുടിയാന്റെയും മര്യാദയായിരുന്നു. ജന്മിമാരുടെ ഭൂമികളിൽ പണിയെടുക്കുകയും അവരെ അനുസരിക്കുകയും ചെയ്യുകയെന്നത് അടിയാളന്റെ മര്യാദയുമായിരുന്നു. കുടിയാന്മാരുടെ കുടിയവകാശത്തെ മാനിക്കുകയെന്നത് ജന്മിമാരുടെയും ജന്മിയുടെ അവകാശത്തെ പരിരക്ഷിക്കുകയെന്ന നാടുവാഴിയുടെയും മര്യാദയായിരുന്നു. ഇത്തരത്തിലുള്ള ഫ്യൂഡൽബന്ധങ്ങളാണ് കൊളോണിയൽ കാലത്തിന്റെ ആരംഭത്തിൽതന്നെ മാറ്റങ്ങൾക്കു വിധേയമായത്.

മേൽപറഞ്ഞ രണ്ടു കാര്യങ്ങളും; പരമ്പരാഗത അവകാശക്രമങ്ങളും കീഴ്മര്യാദകളും, ബ്രിട്ടീഷ് കൊളോണിയൽ അധികാരികൾക്ക് അപരിചിതങ്ങളായിരുന്നു. ഇവർക്ക് പരിചിതമായിരുന്ന സ്ഥാപനവൽക്കരിക്കപ്പെട്ട ബ്രിട്ടീഷ് നിയമാവലിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ഭൂവുടമാവകാശക്രമങ്ങളെ ഭൂസ്വത്തവകാശമായി മാറ്റി. ഇത് കേരളത്തിലെ ഉത്പാദനബന്ധങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് കാരണമായി (ഗണേശ് 1997:161). പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മലബാറിലെ ഉത്പാദനതലങ്ങൾ ജന്മിമാരുടെ സ്വകാര്യസ്വത്തായി കണക്കാക്കപ്പെട്ടു. കീഴ്മര്യാദക്കും നാട്ടുകൂട്ടങ്ങൾക്കും പകരമായി ആധുനിക നിയമത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ചുതുടങ്ങി. കോടതി, അംശകച്ചേരികൾ, ഫൗജദാർ അദാലത്തുകൾ, അധികാരികൾ തുടങ്ങിയ ഭരണ നീതിന്യായ യന്ത്രങ്ങളും, കൊത്തുവാൾ, ശിപായികൾ തുടങ്ങിയ സംരക്ഷണ യൂണിറ്റുകളും, സൂപ്രണ്ടുമാർ, ദിവാൻ, ദെറോഗ, കാനഗൊവി, തഹസിൽദാർ തുടങ്ങിയ നൂതന ഉദ്യോഗസ്ഥവൃന്ദങ്ങളും ഇക്കാലത്ത് രൂപംകൊണ്ടു. ഇതിന്റെ സുവ്യക്തസൂചകങ്ങൾ തലശ്ശേരി രേഖകളിൽ അങ്ങിങ്ങോളം കാണാവുന്നതാണ്.

ഉത്പാദനബന്ധങ്ങളിൽ പുതിയ ഇടത്തട്ടുകാർ രൂപംകൊള്ളുന്നതും ഇക്കാലത്താണ്. ഉത്പാദനതലങ്ങളിൽ പാട്ടം ചുമത്തുന്നവരും പാട്ടം പിരിക്കുന്നവരും, ചുങ്കം പിരിക്കുന്നവരും ആയ കമ്പനി ഇടത്തട്ടുകാർ മലബാറിൽ രൂപംകൊണ്ടു. ഇവരിൽ മുമ്പുണ്ടായിരുന്ന ജന്മിമാരും അവരുടെ ആശ്രിതരും, കച്ചവടക്കാരും മറ്റും ഉൾപ്പെട്ടിരുന്നു. ഇവരുടെ കൂറും വിധേയത്വവും നാടുവാ





ഴിയോടായിരുന്നില്ല, മറിച്ച് ഈസ്റ്റ് ഇന്ത്യ കമ്പനിയോടായിരുന്നുവെന്നും കാണാം. ഇതോടെ ജന്മിയും കാണക്കാരനും, വെറും പാട്ടക്കാരും തമ്മിലുണ്ടായിരുന്ന ശ്രേണീബന്ധിതമായ കൈവശാവകാശങ്ങൾ ഇല്ലാതാവുകയും, ഇത് പരമ്പരാഗത ജന്മി കുടിയാൻ ബന്ധങ്ങൾ തകരുന്നതിലേക്ക് നയിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള ചരിത്രപശ്ചാത്തലത്തെയാണ് തലശ്ശേരി രേഖകൾ പ്രതിനിധാനം ചെയ്യുന്നത്. സമകാലീനകാലത്ത് മലബാറിൽ നടമാടിയ രാഷ്ട്രീയ അരക്ഷിതാവസ്ഥയുടെ സൂചനകളും, ഉത്പാദനബന്ധങ്ങളിലും നികുതിവ്യവസ്ഥയിലും വന്ന മാറ്റങ്ങളും, ആധുനിക നീതിന്യായക്രമങ്ങൾ രൂപംകൊള്ളുന്ന പശ്ചാത്തലങ്ങളും സാമൂഹ്യസാംസ്കാരിക തലങ്ങളിലും മറ്റും വരുന്ന ചലനങ്ങളും തലശ്ശേരി രേഖകളിൽ പ്രതിഫലിക്കുന്നുണ്ട്. ഇവയെ ചരിത്രപരമായി വിശകലനം ചെയ്യുകയെന്നത് ശ്രമകരമാണെങ്കിലും ആവശ്യംതന്നെ.

## രാഷ്ട്രീയ അരക്ഷിതാവസ്ഥയുടെ സൂചകങ്ങൾ

ടിപ്പുവിന്റെ പടയോട്ടഭീതി വിതച്ച രാഷ്ട്രീയാനിശ്ചിതത്വവും നാടുവാഴിസ്വരൂപങ്ങളുടെ അധികാരധ്രുവീകരണവും, ബ്രിട്ടീഷ് കൊളോണിയൽ ഗവൺമെന്റിന്റെ രാഷ്ട്രീയ അരങ്ങേറ്റവും ഉത്തരമലബാറിന്റെ സാമൂഹ്യവ്യവസ്ഥിതിയെ അടിമുടി ഉലച്ചിരുന്നുവെന്നു കാണാം. മൈസൂർ സുൽത്താൻമാരുടെ പതനത്തോടെ മലബാർ പൂർണ്ണമായും ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി. തദ്ദേശീയരായ നാട്ടുരാജാക്കന്മാരും ദേശക്കോയ്മകളും മലീഖാൻ പറ്റി കമ്പനി ആശ്രിതരാകുന്നതോടെ ഇവരുടെ രാഷ്ട്രീയ മേൽകോയ്മകൾ നാടിനുള്ളിൽ ഇല്ലാതാകുകയും നികുതി നീതിന്യായ സംവിധാനങ്ങൾ പൂർണ്ണമായും കമ്പനി നിയന്ത്രണത്തിലാവുകയും ചെയ്തു. ഇവരുടെ ആശ്രിതരായിരുന്ന ചില ജന്മി-കുടിയാന്മാരെയും മറ്റ് ഇടനിലക്കാരെയും കമ്പനിയുടെ വ്യത്യസ്ത അധികാരസ്ഥാനങ്ങളിൽ പുനർവിന്യസിക്കുകയും ചെയ്യുന്നുണ്ട്. ആധുനിക ഭരണസംവിധാനത്തിനുള്ളിലെ അധികാരസ്ഥാനമാനങ്ങൾ ലഭിക്കുന്നതോടെ തദ്ദേശീയരായ ഇത്തരം ഇടനിലക്കാർ അക്രമപിരിവുകളും കൊള്ളത്തരങ്ങളും കാണിക്കുന്നതിന്റെ ഒട്ടനവധി സൂചകങ്ങൾ രേഖകളിൽ കാണാം. ഇങ്ങനെ പുതുതായി രൂപംകൊണ്ട കച്ചവടക്കാരായ മാപ്പിളമാരും നാടുവിട്ടോടിപ്പോയ നാടുവാഴികളുടെ കാര്യസ്ഥൻമാരായ നായർ, നമ്പ്യാർ പ്രമാണിമാരും മറ്റും നാട്ടുമര്യാദകളെ പാടെ ലംഘിച്ചുകൊണ്ട് വ്യാപകമായ ആക്രമണങ്ങൾ നടത്തിയതിന്റെ സാക്ഷ്യങ്ങൾ തലശ്ശേരി രേഖകളിൽ കാണുന്നുണ്ട്. നെൽവയലുകളും ഉഭയങ്ങളുള്ള പറമ്പുകളും, വസ്തുമുതലുകൾ കൈവശമുണ്ടായിരുന്നവരുടെ കുടികളും, വീടുകളും, കന്നുകാലികളും, മറ്റും വ്യാപകമായി കവർച്ചചെയ്യുന്നതും, ആളുകളെ പിടിച്ചുകൊണ്ടുപോയി മോചനദ്രവ്യമായി കോഴ വാങ്ങുന്നതും, ചെറുത്തുനിന്നവരെ മർദ്ദിക്കുകയും, കൊല്ലുകയും, ചെയ്യുന്നതുമായ വിവരങ്ങൾ രേഖകളിലുണ്ട്. കൊലപാതക

ങ്ങൾ നിത്യസംഭവങ്ങളായിരുന്നു. എന്നാൽ കുറ്റം ചുമത്തുന്നതും ശിക്ഷവിധിക്കുന്നതും വിരളമായിരുന്നുവെന്നു കാണാം. ലഭ്യമാകുന്ന കത്തുകളിലെ വിവരമനുസരിച്ച് 1799-ഓടു കൂടിയാണ് കൊലപാതകകുറ്റങ്ങൾക്കും മറ്റും കൃത്യമായ വിചാരണ നടക്കുന്നത് (1190J). വ്യക്തിതർക്കങ്ങളും നികുതി പിരിവിന്റെയോ, പാട്ടം ചുമത്തുന്നതിന്റെയോ, മറ്റു നിസ്സാരകാര്യങ്ങളിലുള്ള കലഹങ്ങളും ചെന്നവസാനിക്കുന്നത് കൊലപാതകത്തിലായിരുന്നു.

ഉദാഹരണത്തിന് 1. ചിറക്കൽ കാനഗൊവി കമ്പനിക്കെഴുതിയ ഹർജിയിലെ വിവരങ്ങൾ നോക്കുക "ചൊഴലി കേളപ്പൻ നമ്പ്യാരുടെ ആളുകൾ പട്ടുവം കീഴാട്ടൂർ തറയിൽ തിട്ടയിൽ കണ്ണെനെന്ന വലിയ തറവാട്ടുകാരൻ കുടിയാനെയും അവന്റെ അനുജന്മാരെയും കൊത്തികൊന്നു വീടിന് തീവെച്ചു അത്തറയിലെ പത്തിരുപതു വീടു കുത്തിക്കവർന്നു എട്ടു കുടിയാന്മാരെ പിടിച്ചുകൊണ്ടുപോയി" (25 C & D).

2. "കാർഷികനിലങ്ങളും, പറമ്പിലെ തെങ്ങും, കവുങ്ങും വാഴയും വെട്ടി നിരത്തി പുരയ്ക്കു തീവെച്ച് ഉടയക്കാരനെയും അവന്റെ കുഞ്ഞുകുട്ടികളെയും (ഭാര്യയും മക്കളും) തീവെച്ച് പൊള്ളിച്ച് പുരയിൽ നിന്നിറക്കി ആട്ടിയോടിക്കുന്ന നായരും; ഒരു നായരെ തീണ്ടി നിർമ്മര്യാദ (മര്യാദക്കേട്) കാണിച്ച വള്ളുവനെ വെടിവെച്ച് കൊന്നതും, പാടത്തിറങ്ങി വിളതിന്ന പശുക്കുട്ടിയെ നെല്ലുകാക്കുന്നവൻ ചെന്ന് കല്ലെറിഞ്ഞതും പശുക്കുട്ടി ചത്തുപോയതും അതിന്റെ ഉടയക്കാരൻ കല്ലെറിഞ്ഞവന്റെ തല വെട്ടിയതും; ഒരു നായർ കുന്നത്തെ കോമു എന്നവനെ പിടിച്ചുകൊണ്ടുപോയി 150 പണം കോഴ വാങ്ങിയതും, ഇതൊക്കെയുണ്ടായിട്ടും അധികാരികളുടെ ഭാഗത്തുനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ല എന്നും കാണിക്കുന്ന ഒരു എഴുത്ത് 1797 ഫിബ്രവരി 21-ന് (236 F & G) കമ്പനിക്ക് അയക്കുന്നുണ്ട്.

3. തന്റെ സ്വത്തു മുഴുവനും പെറുക്കിക്കെട്ടി ഇരവിനാട്ടിലെ ഒരു പീടികയിൽ അഭയം പ്രാപിച്ച മാപ്പിളച്ചിയെ (മാപ്പിളസ്ത്രീ) ആക്രമിച്ച് മൊതല് കവരുന്നതും കാതു മുറിച്ച് അലിക്കത്ത് (മുസ്ലീം സ്ത്രീകൾ കാതിൽ അണിഞ്ഞിരുന്ന സ്വർണ്ണാഭരണം) കവരുന്നതുമാണ് (162 F & G) മറ്റൊരു കത്തിൽ കാണുന്നത്.

ഇങ്ങനെ കുടിയാൻമാരുടെ വീടു ചുട്ടുകരിക്കുന്നതും കവരുന്നതും ആളുകളെ പിടിച്ചുകൊണ്ടുപോയി മോചനദ്രവ്യം ആവശ്യപ്പെടുന്നതും ചെറുമക്കളെ (പുലയ, അടിയാളവിഭാഗങ്ങൾ) പിടിച്ചുകൊണ്ടുപോകുന്നതും കൊന്നുകളയുന്നതും, തറകളിൽ ചെന്ന് പശുക്കളെയും മൂരികളെയും അറുത്ത് വള്ളിയും വാഴയും തറയ്ക്കുന്നതും വാല്യക്കാരനെ (നോക്കിനടത്തിപ്പുകാരൻ) വെടിവെച്ച് കൊല്ലുന്നതും, മലയൻ, തിയ്യൻ, പെരുവണ്ണാൻ, മാപ്പിളമാർ തുടങ്ങിയവരെ ആക്രമിച്ച് അവരുടെ കുടികൾ ചുട്ടുകരിക്കുന്നതും, കൊല്ലന്റെ പണിയാലയും പണി





യായുധവുമടക്കം കുടിയോടെ കടത്തിക്കൊണ്ടുപോകുന്നതും, നമ്പൂതിരി ഇല്ലങ്ങളും അതോട് ചേർന്നുള്ള വീടുകളും തീണ്ടുന്നതും, അശുദ്ധിയാക്കുന്നതും, അഗ്നിക്കിരയാക്കുന്നതും, ബലം പ്രയോഗിച്ച് നെല്ല് കൊയ്തുകൊണ്ടുപോകുന്നതുമായ നിരവധി അക്രമസംഭവങ്ങളാണ് പരാതികളായും, ഹർജികളായും റിപ്പോർട്ടുകളായും തലശ്ശേരി രേഖകളിൽ വരുന്നത്[8]. അടിയാളവിഭാഗങ്ങൾക്ക് ക്രൂരമായ മർദ്ദനങ്ങൾ ഇക്കാലത്ത് നേരിടേണ്ടിവന്നു. ചെറുമനെ തയ്ക്കുന്നതും (അടിക്കുന്നത്). കൊല്ലുന്നതും, അടിയാളസ്ത്രീകളെ പാടത്തുവെച്ച് മർദ്ദിക്കുന്നതും, കുട്ടികളെ ദേഹോപദ്രവം ചെയ്യുന്നതുമായ നിരവധി സാക്ഷ്യങ്ങളും തലശ്ശേരി രേഖകളിൽ കാണാവുന്നതാണ്[9].

ഇത്തരം അക്രമങ്ങൾക്കൊന്നുംതന്നെ ആദ്യകാലത്ത് (കത്തുകളനുസരിച്ച് 1796 മുതൽ 1799 വരെയൊക്കെ) കാര്യമായ നടപടികളൊന്നും കൈക്കൊണ്ടിരുന്നില്ല. നികുതിനിഷേധങ്ങളും ഇക്കാലത്ത് കുടിയാന്മാരിൽ നിന്നുണ്ടാകുന്നുണ്ട്. ഒരർത്ഥത്തിൽ പുതിയ നികുതിസമ്പ്രദായം വരുത്തിവച്ച ആശങ്കകളും ആകുലതകളും വിശദമാക്കുന്നവയാണ് കത്തുകളിൽ ഭൂരിഭാഗവും. നികുതിപ്പണം കൃത്യമായി നൽകിയിരുന്നില്ലെങ്കിൽ പാടത്തുനിന്നു നെല്ല് മൂരുന്നതും (കൊയ്യുന്നതിന്) പറമ്പുകളിൽ നിന്ന് ഉഭയങ്ങളെടുക്കുന്നതും കമ്പനി ഉദ്യോഗസ്ഥർ (തദ്ദേശീയരായ ഇടനിലക്കാർ) വിലക്കിയിരുന്നു. ഇത്തരം വിലക്കുകളെ സാധാരണയായി ലംഘിക്കുന്നതിന്റെ ഉദാഹരണങ്ങൾ അങ്ങിങ്ങോളം കത്തിൽ കാണുന്നുമുണ്ട്. ഉദാഹരണത്തിന് കടത്തനാട് താലൂക്കിലെ കാനഗൊവി ചെലുവരായനും, വെങ്കിട കുപ്പയ്യനുംകൂടി കമ്പനി സൂപ്രണ്ടർക്കെഴുതുന്ന കത്ത് കാണുക. (137 C & E) "തൊടന്നൂര് ഹൊബളി പൊനത്തിൽ നമ്പ്യാർ ഇതുവരെ നികുതി അടയ്ക്കുകയോ കച്ചേരിയിൽ വന്ന് അവധി പറയുകയോ ചെയ്തിട്ടില്ല. എന്നാലിപ്പോൾ വിരോധിച്ചിട്ടുള്ള കണ്ടങ്ങൾ ഒക്കയും സമ്മതം കൂടാതെ നെല്ല് മൂർന്നിരിക്കുന്നു. ഇതിനു ശിക്ഷയൊന്നും നൽകിയിട്ടില്ല. അതുകൊണ്ടുതന്നെ എടംവലം (ചുറ്റുമുള്ള) ഉള്ളവർക്ക് പേടിതീർന്നിരിക്കുന്നു". ഇതേ കത്തിൽതന്നെ ശിക്ഷാവിധികളുടെയും തീർപ്പ് കൽപ്പിക്കുന്നതിന്റെയും അഭാവത്തിൽ അക്രമം വ്യാപിക്കുന്നതിനെ കാണിക്കുന്ന മറ്റൊരു പരാതിയും കാണാം. "ചെരാപുരത്ത് ഹൊബളിയിൽ പാതിരിക്കാട്ടെ നമ്പ്യാരുടെ മരുമകൻ, മെമൈത്തെ കുഞ്ഞിക്കുട്ടിയിന്റെ വാലിയക്കാരൻ നിലബെരി രാമൻ, പുതുക്കിടി കെളപ്പൻ എന്നിവർ ചേർന്ന് രാജ അവർകളുടെ ജന്മമായിരിക്കുന്ന (ഇവിടെ രാജ എന്നത് കടത്തനാട്ട് രാജയാണോ, കമ്പനി രാജയാണോ എന്ന് തീർച്ചയില്ല.) പൊകണെരി പറമ്പത്തുള്ള കുഞ്ഞിമാപ്പിളയെ ചെരാപ്പുരത്തങ്ങാടിയിൽ വച്ച് കൊല ചെയ്തു". ഇത് രണ്ട് കൂട്ടർ തമ്മിലുള്ള കലഹം മാത്രമല്ല മറിച്ച് ജന്മഭൂമിയിലെ പരമ്പരാഗത അവകാശികളും കമ്പനികാലത്തുണ്ടായ പുതിയ ഇടനില

ക്കാരനായ (മാപ്പിള) ഉടമസ്ഥനും തമ്മിലുള്ള കലഹമാണ്. വാക്കേറ്റമുണ്ടാകുന്നതും കലഹിക്കുന്നതും കൊലപാതകത്തിൽ കലാശിക്കുന്നതും ജന്മം ഭൂമിയിലുള്ള തർക്കത്തിലാണെന്ന് കാണാം. ഇത്തരത്തിൽ ഒരുഭാഗത്ത് അവകാശക്രമങ്ങളും കീഴ്മര്യാദകളും ഇല്ലാതാകുകയും അതിനു പൂരകമായി മറുഭാഗത്ത് സ്വത്തവകാശവും പുതിയ ജന്മിമാരും ആധുനിക നീതി ന്യായക്രമങ്ങളും രൂപം കൊള്ളുകയും ചെയ്യുന്നു. അതുൾക്കൊള്ളാൻ പ്രയാസപ്പെടുന്ന ഒരു സമൂഹത്തെയുമാണ് തലശ്ശേരി രേഖകൾ കാണിക്കുന്നത്.

മിക്കവാറും അക്രമങ്ങൾക്കു പിന്നിലെ ലക്ഷ്യം സമ്പത്തിന്റെ കവർച്ചയാണെന്നു കാണാം. പുതുതായി രൂപംകൊണ്ട ഇടനിലക്കാരും ഭൂജന്മിമാരും, ഉടമസ്ഥാവകാശം നഷ്ടപ്പെട്ട മുൻകാല നായർപ്രമാണിമാരും, അവരുടെ ആശ്രിതരുമാണ് ആക്രമണങ്ങൾ നടത്തിയിരുന്നതെന്ന് കരുതാം. പരമ്പരാഗത കീഴ്വഴക്കങ്ങളുടെ ഇടർച്ചയും ഇത്തരം ആക്രമണങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിരിക്കാം.

കൊല്ലനെയും, കുടിയാന്മാരെയും അടിയാളരെയും പിടിച്ചുകൊണ്ടുപോകുന്നത് പ്രധാനമായും രണ്ടു കാര്യങ്ങൾ കാണിക്കുന്നുണ്ട്. പുതിയ കാർഷിക നിലങ്ങളുടെയും ഭൂവുടമസ്ഥതയുടെയും വ്യാപനത്തെ കുറിക്കുന്നതാണ് ഒന്ന്. രണ്ടാമത്തേത്, കൊളോണിയൽ കാലത്തെ അടിമവ്യാപാരവുമായി ബന്ധപ്പെടുത്തി കാണേണ്ടതാണ്. ആളുകളെ പിടിച്ചുകൊണ്ടുപോയി ചന്തകളിൽ വിറ്റിരുന്നതിന്റെ സൂചന ലഭിക്കുന്നുണ്ട് (ഇത് മറ്റൊരു ഭാഗത്ത് പരാമർശിക്കുന്നുണ്ട്). പരമ്പരാഗത കീഴ്വഴക്കമനുസരിച്ച് കുടിയിരുത്തപ്പെട്ട കൊല്ലനും അടിയാളനും തന്റെ ഉടയക്കാരനായ ജന്മിയുടെ ആശ്രിതരാണ്. തന്റെ കുടിയിലവകാശമുള്ള ഇവർ മര്യാദക്രമമനുസരിച്ച് കുടിയിരുത്തിയ ജന്മിയെ മാത്രം സേവിക്കുന്നവരാണ്. കൊളോണിയൽ കാലത്ത് പുതിയ ജന്മിമാർ ഉണ്ടാകുന്നതോടെ കൃഷി ചെയ്യുന്നതിന് അടിയാളരെ ആവശ്യമായിവരുന്നു. പരമ്പരാഗത മൂല്യങ്ങളനുസരിച്ച് അടിയാളർക്ക് ജന്മിയുടെ നിലങ്ങളെ വിട്ട് യഥേഷ്ടം മാറിപ്പോകുന്നതിന്ന് സാധിക്കുമായിരുന്നില്ല. കൃഷിചെയ്യാൻ കുടിയാന്മാരെ കിട്ടാത്ത അവസ്ഥകളും കത്തുകളിൽ കാണുന്നുണ്ട്. ഈയൊരു പശ്ചാത്തലത്തിൽ വേണം രാത്രികാലങ്ങളിലും മറ്റും അടിയാളരായ പുലയരുടെയും തിയ്യരുടെയും കുടികളും കൊല്ലന്റെ ആലകളും മറ്റും കൊള്ളയടിക്കുന്നതും പിടിച്ചോണ്ടുപോകുന്നതും നോക്കിക്കാണാൻ. മറ്റൊന്ന് ജാതിവ്യവസ്ഥയുടെ അതിസങ്കീർണ്ണമായ ശ്രേണീബന്ധിത ഫ്യൂഡൽ മേൽക്കോയ്മകളെ ചോദ്യം ചെയ്യുന്ന രീതിയാണ്. നമ്പൂതിരിയെയും അവരുടെ ഇല്ലങ്ങളെയും നായരെയും തീണ്ടുകയും അശുദ്ധി കല്പിക്കുകയും ചെയ്യുന്നതിലൂടെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിയിൽ വിള്ളലുകൾ ഉണ്ടാകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ഒട്ടും സുര





ക്ഷിതമല്ലാത്ത സംഘർഷപൂരിതമായ ഒരു സാമൂഹ്യപരിസരമാണ് സമകാലീന കൊളോണിയൽ മലബാറിൽ ഉണ്ടായിരുന്നതെന്ന് തലശ്ശേരി രേഖകൾ തെളിയിക്കുന്നുണ്ട്. നാട്ടുകോയ്മകൾ മാലിഖാൻ പറ്റി ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ നിലകൊണ്ടതോടെ സാമൂഹ്യനീതിക്കായി മലബാർ ജനതയ്ക്ക് കമ്പനി അധികാരികളെതന്നെ ആശ്രയിക്കേണ്ടിവന്നു. നിസ്സാരവഴക്കുകൾ മുതൽ കൊലപാതകം വരെയുള്ള കുറ്റങ്ങളെ കാണിക്കുന്ന പരാതികളും ഹർജികളും നൽകുന്നുണ്ടെങ്കിലും, നികുതി ചുമത്തലും പിരിക്കലും അല്ലാത്ത ഒരു കാര്യങ്ങളിലും കമ്പനി നേരിട്ട് ഇടപെട്ടിട്ടുമുണ്ടായിരുന്നില്ല. മുമ്പു സൂചിപ്പിച്ചപോലെ പിൽക്കാലത്തു മാത്രമാണ് കടുത്ത ശിക്ഷാവിധികളും മറ്റും കമ്പനി നടപ്പിലാക്കാൻ തുടങ്ങിയത്.

## കൊളോണിയൽ ഘട്ടത്തിലെ ഉൽപാദനവ്യവസ്ഥ

ഒരു കാർഷിക സമൂഹത്തിനുള്ളിൽ നടക്കുന്ന വ്യത്യസ്തങ്ങളായ വ്യവഹാരരൂപങ്ങളാണ് തലശ്ശേരി രേഖകളിൽ തെളിഞ്ഞുവരുന്നത്. പരമ്പരാഗത കാർഷികരീതികൾ ഇക്കാലത്ത് തുടരുന്നുണ്ടെങ്കിലും മൂർത്തങ്ങളായ ചില മാറ്റങ്ങൾ ഉത്പാദനതലങ്ങളിൽ വരുന്നുണ്ട്. വയലുകളും പറമ്പുകളും മലമ്പ്രദേശങ്ങളും ഉത്തരമലബാറിലെ കാർഷികോത്പാദനതലങ്ങളാണ്. പ്രധാനമായും രണ്ട് തരം ഉത്പാദനമാണ് നടത്തിയിരുന്നത്. ഒന്ന്, വയലുകളും, പറമ്പുകളും കേന്ദ്രീകരിച്ച് നടത്തിയ നെല്ല് കൃഷിയും രണ്ടാമത്തേത്, പറമ്പുകളിലും മലമ്പ്രദേശങ്ങളിലും നടത്തിയ നാണ്യവിളകളുടെ ഉത്പാദനവുമായിരുന്നു. മലമ്പ്രദേശങ്ങളിൽനിന്ന് വിഭവങ്ങളുടെ ശേഖരണവും നടത്തിയിരുന്നു. വയലുകളിൽ മൂന്നു കൃഷിയും (ഒരു പുകിൽ, രണ്ടു പുകിൽ, മുപ്പുകിൽ) ഇക്കാലത്ത് നടത്തിയിരുന്നു. ഞാറ്റുവേലകൾക്കനുസരിച്ച് കൃഷിയിറക്കുന്ന രീതിയാണ് അവലംബിച്ചിരുന്നതെന്ന് ബുക്കാനന്റെ (1988:528) യാത്രാവിവരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കൃഷിയിറക്കുന്നതിനുമുമ്പായി വയലിൽ കാലികളെ ഉപയോഗിച്ച് നിലമുഴുന്നതും വിത്തിടുന്നതിനായി പാടം പാകപ്പെടുത്തുന്നതും രേഖകളിൽ കാണുന്നുണ്ട്. കമ്പനി നേരിട്ടിടപെട്ട് പുതിയ നിലങ്ങൾ കൃഷിക്കുപയുക്തമാക്കുന്നതിന്റെ സൂചനകളും രേഖകളിൽ കാണാം. ഇത്തരം നിലങ്ങൾ വിതയ്ക്കുന്നതിനുള്ള വിത്തും നിലം പാകപ്പെടുത്തുന്നതിനുള്ള പണിയായുധങ്ങളും മൂരികളെയും കമ്പനി ഏർപ്പാടു ചെയ്യുന്നതിന്റെ സൂചനകളും രേഖകൾ പ്രദാനം ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് "കടത്തനാട് മുട്ടുങ്കൽ ഹൊബിളിയിൽ ചൊമ്പായി തറയിൽ കെടപ്പ് നിലം നടത്തുവാനായി പതിനാല് കുടികളിലെ കാര്യസ്തന്മാരെ വരുത്തി അവർക്കുവേണ്ടുന്ന വിത്തും വല്ലിയും മൂരികളും കൂടികൊടുത്ത് ചൊമ്പായെ പറമ്പത്ത് പുരയും കെട്ടി പാർപ്പിച്ചിരിക്കുന്നു" എന്ന് ദേശത്തെ കാനഗോവി സൂപ്രണ്ടർ സായ്പിനെ അറിയിക്കുന്നുണ്ട് (364 G & H). സമകാലീനമായ മറ്റൊരു കത്തിലും സമാനമായ കാര്യങ്ങൾ കാണുന്നുണ്ട്. കമ്പനി

ഏജന്റായി വർത്തിച്ചിരുന്ന കടത്തനാട്ട് പോർള്ളാതിരി ഉദയവർമ്മ രാജാവ് തലശ്ശേരി ഡിസ്ട്രിക് സായ്പിനെഴുതുന്നതാണിത്. “ചില കുടികളിലെ കാര്യസ്തന്മാർ സർക്കാർ കൽപനയ്ക്ക് കൃഷി ചെയ്യാമെന്ന് പറയുന്നതുകൊണ്ട് മയ്യഴിക്ക് സമീപം കൃഷിക്ക് സ്ഥലവും കൊടുത്ത് കുടിയും കെട്ടിച്ച് വേണ്ടുന്ന ചിലവും കന്നുകാലികളെയും വാങ്ങിക്കൊടുത്തു കുറെ കാലമായി കൃഷി നടന്നുപോരുന്നുമുണ്ട്, (365 G & H) (ഇവ മാപ്പിളമാർ അപഹരിച്ചുവെന്ന് ധരിപ്പിക്കുന്ന കത്താണിത്). ഇവയെല്ലാം തന്നെ കൊളോണിയൽ കാലത്ത് പുതുനിലങ്ങളിൽ നെൽകൃഷിയുടെ വ്യാപനത്തെ കുറിക്കുന്ന സൂചനകളാണ്. മുമ്പു സൂചിപ്പിച്ചതുപോലെ തിയ്യന്മാരെയും അടിയാളരെയും പിടിച്ചുകൊണ്ടുപോകുന്നതും പുതിയ കാർഷികനിലങ്ങളുടെ വികാസത്തെ കുറിക്കുന്നുണ്ട്. തലശ്ശേരിയിൽനിന്നു മംഗലാപുരത്തേക്കും കുറ്റ്യാടിഭാഗത്തേക്കും മറ്റും തോണിക്ക് നെല്ല് കയറ്റിയയച്ചതിന്റെ സാക്ഷ്യങ്ങളും രേഖകളിൽ കാണാം. ഭക്ഷ്യവിളയായിരുന്ന നെല്ല് വൻതോതിൽ വിപണനത്തിനുള്ള കച്ചവടച്ചരക്കായി മാറുന്നതിന്റെ സാക്ഷ്യങ്ങൾ രേഖകളിൽ കാണുന്നുണ്ട്. ഇതെല്ലാംതന്നെ നെല്ല് കൂടുതലായി ഉത്പാദിപ്പിച്ചിരുന്നതിനെ കുറിക്കുന്നുണ്ട്.

വയലുകളിലെ കാർഷികോത്പാദനത്തിൽ ചില നിയന്ത്രണങ്ങളും കമ്പനി ചുമതലപ്പെടുത്തിയ അധികാരികൾ ഏർപ്പെടുത്തി. വിത്തു വിതച്ച് ഞാറ് ആയാൽ കമ്പനി നിശ്ചയിച്ച മേനോനോ കോൽക്കാരനോ വന്ന് പാട്ടം കാണുകയും നടീലിന് സമ്മതം നൽകുകയും ചെയ്തിരുന്നു. ഇങ്ങനെ ഞാറ് നടുന്നതിനു സമ്മതം കിട്ടാതെ അവ കേടുവന്നുപോകുന്നുവെന്ന് പരാതിപ്പെടുന്ന ഒരു കത്തും കുറുമ്പ്രനാട്ടിൽ കാണാം (117G & H). നെല്ല് കൊയ്തെടുക്കുന്നതിനും ഇവരുടെ സമ്മതം ആവശ്യമായിരുന്നു (42G & H, 137G & H). കൊയ്ത്തിനുമുമ്പെ പാട്ടം ‘കണ്ട് ചാർത്തുന്ന’ രീതിയാണുണ്ടായിരുന്നത്. നികുതിയിനത്തിൽ ഒടുക്കേണ്ട തുക നൽകിയിരുന്നില്ലെങ്കിൽ കൊയ്ത്തിന് വിലക്കേർപ്പെടുത്തുകയും ചെയ്തിരുന്നു.

പറമ്പുകളിലും നെല്ല് ഗണ്യമായി കൃഷി ചെയ്തിരുന്നു. പുനം കൃഷിയും മോടൻ കൃഷിയും ഇതിൽ പെടുന്നു. വർഷത്തിൽ ഒരു തവണ മാത്രമാണ് പറമ്പുകളിൽ നെല്ലുൽപാദിപ്പിച്ചിരുന്നത്. കുന്നിൻപ്രദേശങ്ങളിലെ കുറ്റിക്കാടുകൾ കത്തിച്ച് ചാരമാക്കി അതൊടൊപ്പം ചാണകവും കലർത്തി പാകപ്പെടുത്തിയ പറമ്പുകളിലാണ് പുനംകൃഷി നടത്തിയിരുന്നത് (Buchanan 1988: 518-520). ഇവയുടെ കൊയ്ത്തുകാലത്തും കമ്പനി നിശ്ചയിച്ച ഉദ്യോഗസ്ഥർ പാട്ടം കണ്ടു ചാർത്തിയിരുന്നു. ചൊഴലിയിലെ (കണ്ണൂർ ജില്ല) രണ്ടുമൂന്നു പുനം നിലങ്ങൾ നോക്കി പാട്ടം ചാർത്തുന്നത് രേഖകളിൽ കണാവുന്നതാണ്. മലമ്പ്രദേശത്തും നെല്ല് ഉത്പാദിപ്പിച്ചിരുന്നു. കൊടുമലയിൽ നിന്ന (കൊടക് മല) നെല്ലുചാക്ക് എരുതിന്റെ (കാള) പുറത്തുവെച്ച് തലശ്ശേരിക്ക് കൊണ്ടുവന്നിരുന്നു (117 J).





രണ്ടാമത്തേത്, പറമ്പുകളിലെ മറ്റു കൃഷികളാണ്. ഭക്ഷ്യവിളകളും നാണ്യവിളകളും പറമ്പുകളിൽ ഉത്പാദിപ്പിച്ചിരുന്നു. ഭക്ഷ്യവിളകളിൽ ചക്ക, വാഴ, മുരിങ്ങ, ഇഞ്ചി, മഞ്ഞൾ, എള്ള്, ചാമ, പയർ തുടങ്ങിയവ പെടുന്നു. വാഴക്കൃഷി വലിയതോതിൽ പറമ്പുകളിൽ നടത്തിയിരുന്നുവെന്ന് രേഖകളും സമകാലീന യാത്രികനായ ബുക്കാനനും വ്യക്തമാക്കുന്നുണ്ട്. പറമ്പുകളിൽ ഇടവിളകളായ എള്ള്, ചാമ, പയർ തുടങ്ങിയവ കൃഷി ചെയ്തിരുന്നു. നാണ്യ വിളകളിൽ തേങ്ങ, അടയ്ക്ക, കുരുമുളക്, ഏലം, പരുത്തി എന്നിവ ഉൾപ്പെടുന്നു. ഇതിൽ കുരുമുളകിന്റെ കുത്തകാവകാശം കമ്പനി സ്ഥാപിക്കുന്നുണ്ട്. പറമ്പുകളിൽ മുരിങ്ങയിലും പ്ലാവിലും മാവിലും മറ്റുമാണ് കുരുമുളക് വള്ളികൾ പടർത്തിയിരുന്നത്. പറമ്പുകളിൽ വെറ്റിലക്കൊടികളും ധാരാളമായി വളർത്തിയിരുന്നു. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ കാണുന്നപോലെ വെറ്റിലത്തോട്ടങ്ങൾ മലബാറിൽ കാണുന്നില്ലെന്നും ഇവ പറമ്പുകളിൽ മറ്റു വിളകളോടൊപ്പമാണ് ഉത്പാദിപ്പിച്ചിരുന്നതെന്നും ബുക്കാനൻ (1988: 504-505) പറയുന്നുണ്ട്. നാട്ടിൻപുറങ്ങളിലെ കൈമാറ്റകേന്ദ്രങ്ങളിൽ (പീടിക) വെറ്റില ഒരു പ്രധാന ഇനമായിരുന്നുവെന്ന് തലശ്ശേരി രേഖകൾ സൂചന നൽകുന്നുമുണ്ട് (137C & E, 1173J). ഇക്കാലത്ത് കുരുമുളകുപോലെതന്നെ പ്രധാനമായിരുന്നു ഏലവും. തലശ്ശേരിക്കുചുറ്റുമുള്ള മലമ്പ്രദേശങ്ങളിലും വയനാടൻ കുന്നുകളിലുമാണ് ഏലം ഉൽപാദിപ്പിച്ചിരുന്നത്. പരുത്തികൃഷിയായിരുന്നു മറ്റൊന്ന്. ചിറക്കലിന് (കണ്ണൂർ) കിഴക്കുദിക്കുകളിൽ പരുത്തിക്കുരു നട്ടുണ്ടാക്കുന്നതിന്റെ സൂചനകൾ രേഖകളിൽ കാണന്നുണ്ട് (774 I). ഇത്തരത്തിൽ വയലുകളിലെയും പറമ്പുകളിലെയും ഉത്പന്നങ്ങൾ കൊളോണിയൽകാലത്തെ കച്ചവടച്ചരക്കുകളായി മാറുന്നുണ്ട്. നെല്ലിനു മുൻകാലത്തെ അപേക്ഷിച്ച് കച്ചവടച്ചരക്കെന്ന മാനം കൈവരുന്നതും ഇക്കാലത്താണെന്നു കാണാം.

കുഴിക്കാണം ഭൂമികളുടെ വ്യാപനവും ഇക്കാലത്തെ സവിശേഷതയായിരുന്നു. കാർഷികതലത്തിൽ ഇത് നാണ്യവിളകളുടെ വികാസത്തിന് കാരണമായി. കുഴിക്കാണമായി ഭൂമി നൽകുമ്പോൾ തന്നെ അതിന്റെ വ്യവസ്ഥകളും പരാമർശിക്കുന്നുണ്ട്. “കുഴിക്കാണം നൽകിക്കഴിഞ്ഞാൽ ഉഭയങ്ങൾ വെച്ച് പന്ത്രണ്ടുവർഷത്തിനുശേഷം പാട്ടവും കുഴിക്കാണവും കെട്ടുന്നതാണ് (ചുമത്തുന്നതാണ്). ഉത്പാദനത്തിന്റെ മൂന്നിലൊരംശം കുടികൾക്കാണ്. വിളവെടുപ്പ് തുടങ്ങി അഞ്ചു വർഷം കഴിഞ്ഞാൽ ഒരു വർഷത്തെ മൊത്തം ഉത്പാദനം വ്യവസ്ഥയനുസരിച്ച് കമ്പനി സർക്കാറിലേക്ക് ചെല്ലേണ്ടിയിരുന്നു (435 H). ഇത് പറമ്പുകൃഷിയുടെ വൻതോതിലുള്ള വികാസത്തിന് കാരണമായി. കമ്പനി നേരിട്ട് ഉത്പാദനപ്രക്രിയയിൽ ഏർപ്പെട്ടിരുന്നു. സർക്കാർവക ഭൂമികളിൽ ഉഭയങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് പൊലയടിയാന്മാരെ കൊണ്ടുവന്നതായ തെളിവുകളും രേഖകളിലുണ്ട് (1013J). തരിശുകിടന്ന പറമ്പുകളും കുന്നിൻപ്രദേശങ്ങളും

കൃഷിക്കുപയുക്തമാക്കപ്പെട്ടു. കമ്പനിയുടെ കച്ചവടതാൽപര്യങ്ങൾ തന്നെയായിരുന്നു ഇതിലേക്കു നയിച്ചിരുന്നത്.

കാർഷികവൃത്തിക്ക് എന്നപോലെ തന്നെ കന്നുകാലി വളർത്തലിനും മലബാറിൽ കാർഷികസമൂഹത്തിൽ വളരെ വലിയ സ്ഥാനമുണ്ടായിരുന്നു. പൂർവ്വമധ്യകാലത്തുതന്നെ ഇതിനെ കുറിക്കുന്ന സൂചകങ്ങൾ ലിഖിതങ്ങളും മറ്റും നൽകുന്നുണ്ടെന്നത് മുമ്പു പ്രതിപാദിച്ചതാണ്. ഗാർഹികാവശ്യങ്ങൾക്കുള്ള പാലും പാലുൽപന്നങ്ങളും കാർഷികാവശ്യങ്ങൾക്കുള്ള ചാണകവും ശേഖരിക്കുന്നതിനും നിലമുഴുന്നതിനും മറ്റും കന്നുകാലികളെ ആശ്രയിച്ചിരുന്നു. മേച്ചിൽപുറങ്ങൾ ധാരാളമുണ്ടായിരുന്ന ഉത്തരമലബാറിൽ കന്നുകാലികളെ വൻതോതിൽ വളർത്തിയിരുന്നു. പാല് കറവുള്ള കന്നുകാലികളെ വ്യവസ്ഥകളോടെ വളർത്താൻ കൊടുക്കുന്ന രീതി ഇക്കാലത്തുണ്ടായിരുന്നു. കന്നുകാലിയുടെ ഉടയക്കാരൻ അതിനുള്ള ആലയും വച്ചുകൊടുത്തിരുന്നു. പാലു വറ്റിയ (കറവ വറ്റിയ) പശുവിനെയാണ് സാധാരണ നൽകുന്നത്. അതിനെ വളർത്തി പ്രസവിപ്പിച്ചശേഷം പാലു വിറ്റ് ഉപജീവനം നടത്തുന്നു. പിന്നീട് പശുവിന്റെ കടച്ചിയെ (കുട്ടി) ഉടയക്കാരനു നൽകുന്നു. സമ്പത്തിന്റെ പ്രതീകങ്ങളായ ഇവറ്റകളെ കട്ടുകൊണ്ടുപോകുന്നതും എതിരാളിയുടെ സാമ്പത്തികശേഷി തകർക്കാൻ കന്നുകാലികളെ കൊന്നുകളയുന്നതും തലശ്ശേരി രേഖകൾ കാണിക്കുന്നുണ്ട്. ഇത്തരത്തിൽ ഒരു മിശ്രവിള കാർഷിക സമ്പത്‌വ്യവസ്ഥയുടെ തുടർച്ച കൊളോണിയൽ കാലത്തും കാണുന്നുണ്ട്. എന്നാൽ കമ്പനിയുടെ കമ്പോളതാൽപര്യങ്ങളാണ് ഇവയിൽ പ്രധാനമായും ഉണ്ടായിരുന്നതെന്ന് വ്യക്തവുമാണ്.

## തൊഴിൽകൂട്ടങ്ങൾ

കാർഷിക കാർഷികേതര തൊഴിൽകൂട്ടങ്ങളുടെ പരമ്പരാഗത അസ്തിത്വങ്ങൾ കൊളോണിയൽകാലത്തു തകിടം മറിഞ്ഞു. പരമ്പരാഗതതൊഴിൽ കൂട്ടങ്ങളുടെമേലും ചില നിയന്ത്രണങ്ങൾ ഇക്കാലത്ത് വരുന്നതു കാണാം. അടിയാളരെ വൻതോതിൽ വില്പനച്ചരക്കുകളാക്കിയതും ചാലിയൻ, കൊല്ലൻ, വാണിയർ തുടങ്ങിയ വിഭാഗങ്ങളുടെ ഉത്പാദനക്രമങ്ങളെ കമ്പനി നിരീക്ഷിക്കുന്നതും ഇക്കാലത്തെ പ്രത്യേകതയാണ്. തൊഴിൽകൂട്ടങ്ങളിൽ പലരും കമ്പനി ഉദ്യോഗസ്ഥപദവിയിലെത്തുന്നതും ഇക്കാലത്താണ്. പരമ്പരാഗതമായി തലമുറകൾ കൈമാറിപ്പോന്ന തൊഴിൽരൂപങ്ങൾക്ക് ഇടർച്ചകളുണ്ടാകുന്നുണ്ട്. കുലത്തൊഴിലെടുക്കുന്നതിനേക്കാൾ കൂടുതൽ വരുമാനവും അന്തസ്സും കോളണി ഉദ്യോഗത്തിനു വരുന്നതോടെ തൊഴിൽകൂട്ടങ്ങൾ അതിനായി പ്രയത്നിച്ചിരുന്നുവെന്ന് കരുതാവുന്ന ലക്ഷ്യങ്ങളും തലശ്ശേരി രേഖകൾ നൽകുന്നുണ്ട്. കാനഗൊവി, കൊൽക്കാരൻ, ശിപ്പായി, കൊത്തുവാൾ തുടങ്ങിയ ജോലികളിൽ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും ഇടം നേടിയിരുന്നു. കണ്ണൂർ ദൊറൊകയ്ക്ക് മലയാളം എഴുത്ത് വായിക്കാൻ ഒരു കണിയാനെ (പെരുങ്കണിയാൻ) മാസപ്പടിക്കു വയ്ക്കുന്നതും മലയാളികളെകൊണ്ട് സത്യം ചെയ്യിക്കാൻ ആളെ (ശാത്രക്കാർ) കിട്ടാതെ ബുദ്ധിമുട്ടുന്നതും രേഖകളിൽ കാണുന്നുണ്ട് (307 G & H). പുലയ സമുദായക്കാരനായ ഭീമരായൻ പയ്യോർമലയിലെ കാനഗൊവിയാകുന്നതിന്റെ സാക്ഷ്യങ്ങളും രേഖയിൽ കാണാം (1148J). കമ്പനി ചുമതലപ്പെടുത്തിയ പാട്ടം പിരിവുകാരിലും എല്ലാ ജാതിയിൽപ്പെട്ട ആളുകളും കയറിപ്പറ്റുന്നുണ്ട്. കുലത്തൊഴിലുപേക്ഷിച്ച് സർക്കാരുദ്യോഗം വരിക്കുന്നവരും ഇക്കൂട്ടത്തിൽ ധാരാളമായി ഉണ്ടായിരുന്നു. ഇത് പുതിയ ഒരു തൊഴിൽകൂട്ടം രൂപപ്പെടുന്നതിലേക്ക് നയിച്ചിരുന്നു.

സമകാലീന സമൂഹത്തിൽ പരമ്പരാഗതമായി നിലനിന്ന വ്യത്യസ്ത തൊഴിൽകൂട്ടങ്ങളെയും രേഖകൾ കാണിക്കുന്നുണ്ട്. വിശകലന സൗകര്യത്തിനായി ഇവയെ മൂന്നായി തരം തിരിക്കാമെന്നു കരുതുന്നു. 1) കാർഷിക തൊഴിൽകൂട്ടങ്ങൾ. 2) പരമ്പരാഗത കൈത്തൊഴിലുകാർ. 3) കച്ചവട കൂട്ടായ്മകൾ.

## കാർഷിക തൊഴിൽകൂട്ടങ്ങൾ

പാടത്തും പറമ്പിലും പണിചെയ്തിരുന്ന അടിയാളവിഭാഗങ്ങളാണിവയിൽ മുഖ്യമായും ഉണ്ടായിരുന്നത്. പുലയസമുദായത്തിൽപെട്ട ഇവർ ചെറുമൻ, ചെറുമക്കൾ തുടങ്ങിയ പേരുകളിലാണ് ഉത്തരമലബാറിൽ നിലനിന്നിരുന്നത്. മലമ്പ്രദേശത്തും കാർഷികനിലങ്ങളോടടുത്തുമായാണ് ഇവരുടെ കുടികളുണ്ടായിരുന്നത് (ചാളകൾ). കുടിയിരുത്തിയ ജന്മിയോടായിരുന്നു ഇവരുടെ കൂറും വിധേയത്വവും. ഇവർക്കുമേലുള്ള രക്ഷയും ശിക്ഷയും ജന്മിയിൽ നിക്ഷിപ്തമായിരുന്നു. ചെറുമനെ അടിക്കുന്നതും, കൊല്ലുന്നതും, ചെറുമക്കുടികൾ ചുട്ടുകരിക്കുന്നും തലശ്ശേരി രേഖകളിൽ പ്രത്യക്ഷപ്പെടുന്നു. പയ്യോർമല (പേരാമ്പ്ര, കോഴിക്കോട്)യിലെ ചേനോളിത്തറയിൽനിന്ന് ഒരു ചെറുമനെ കൊല്ലുന്നതും, താമരശ്ശേരിയിൽവച്ച് ഒരു ചെറുമനെ മർദ്ദിച്ചവശനാക്കി വെടിവെച്ച് കൊല്ലുന്നതും ഇത്തരം കൃത്യങ്ങൾക്ക് ഉദാഹരണങ്ങളാണ് (411 H, 940 I). ശിക്ഷാർഹമായ കുറ്റമായി ഇതിനെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽപോലും കണക്കാക്കിയിരുന്നില്ല. ജാതിമര്യാദ അഥവാ ശൂദ്രമര്യാദയനുസരിച്ചാണ് ഇത്തരം കാര്യങ്ങളെ കമ്പനി അധികാരികൾ നേരിട്ടതും. ശൂദ്രമര്യാദയനുസരിച്ച് ചെറുമൻ ജന്മിയുടെ അടിമയും സ്വകാര്യസ്വത്തുമായിരുന്നു. മലബാറിലെ ചെറുമക്കൾ അടിമകളായിരുന്നുവെന്ന് ബുക്കാനന്റെ വിവരണങ്ങളിലും കാണാം. കൊളോണിയൽ കാലത്തിനുമുമ്പ് അടികൾ വിൽപനചരക്കുകളായിരുന്നോ എന്ന ചോദ്യം സ്വാഭാവികമായും ഉയരുന്നുണ്ട്. തലശ്ശേരി രേഖകളും സമകാലീന തെളിവുകളുമനുസരിച്ച് ചില നിരീക്ഷണങ്ങൾ ഇവിടെ സാധ്യമാണെന്ന് കരുതുന്നു.

കൊളോണിയൽ കാലത്തുണ്ടായിരുന്ന പരമ്പരാഗത ജന്മി കുടിയാൻ ബന്ധങ്ങളും ജാതിക്രമങ്ങളിലെ ശ്രേണീബന്ധങ്ങളും അടിയാളരെ സമൂഹത്തിന്റെ താഴെതട്ടിൽ നിർത്തിയിരുന്നു. കുടിയിരുത്തിയ ജന്മിയുടെ ആശ്രിതരായ ഇവർ അസ്തിത്വം നഷ്ടപ്പെട്ട തൊഴിൽകൂട്ടങ്ങളായിരുന്നു. ഇവരെ അടിമകളായാണ് കരുതിപ്പോന്നിരുന്നതും. പരമ്പരാഗത കീഴ്വഴക്കങ്ങളുടെ അലിഖിതചട്ടക്കൂടുകളാണ് മേലാളനെയും അടിയാളനെയും ബന്ധിപ്പിച്ചു നിർത്തിയിരുന്നത്. അതനുസരിച്ച് പരമ്പരാഗതമായ ചില അവകാശങ്ങൾ അടിയാളർക്കുണ്ടായിരുന്നു. കുടികളിലുള്ള അവകാശവും, നെൽപാടങ്ങളിലും മറ്റ് ഉഭയങ്ങളിലും കൃഷിയിറക്കുന്നവൻ, കാവൽക്കാരൻ, അവയുടെ പരിരക്ഷകൻ എന്നീ നിലകളിൽ പലതരം അവകാശങ്ങളും ഇവർക്കു ലഭിച്ചിരുന്നു. ഈ അർത്ഥത്തിൽ യൂറോപ്യൻരാജ്യങ്ങളിലെ അടിമക്ക് തുല്യമായിരുന്നില്ല ഇവിടെയുള്ള അടിയാളർ. ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്ന സാമൂഹ്യപരിസരത്തെക്കാണ് ബ്രിട്ടീഷുകാർ വരുന്നത്. അടിമവ്യാപാരവും, സുഗന്ധവ്യഞ്ജന വ്യാപാരവും ബ്രിട്ടീഷ് കോളണിവൽക്കരണത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളായിരുന്നുവെന്നത് ചരിത്രവസ്തുതയാണ്. ഇവരുടെ കാഴ്ചപ്പാടുകളിൽ മലബാറിലെ അടിയാളർ ക്രയവിക്രയങ്ങൾക്ക് വിധേയമാക്കപ്പെട്ട കച്ചവടച്ചരക്കായിരുന്നു. പൂർവ്വകൊളോണിയൽ കാലത്തും അടിയാളർ ഫലത്തിൽ അടിമകളാണെങ്കിലും ചന്തകൾ കേന്ദ്രീകരിച്ചുള്ള കച്ചവടങ്ങൾക്കുള്ള 'ചരക്കായി' മാറിയിരുന്നോ എന്ന് അന്വേഷിക്കേണ്ടതാണെന്നു തോന്നുന്നു. മലബാറിന്റെ രാഷ്ട്രീയാധികാരം (പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ) ബ്രിട്ടീഷുകാരന്റെ ചൊൽപ്പടിയിലാകുന്നതോടെ നികുതി, നീതിന്യായ, കച്ചവടസമ്പ്രദായങ്ങൾ പാടെ മാറുന്നുണ്ട്. സർക്കാർ നേരിട്ടും പാട്ടത്തിനു നൽകിയതുമായ സ്ഥലങ്ങളിൽ തോട്ടം വിളകൾ വ്യാപിക്കാൻ തുടങ്ങുന്നതും ഇക്കാലത്താണ്. ഇതിന് കാർഷിക അറിവുരൂപങ്ങൾ ആർജ്ജിച്ചിരുന്ന അടിയാളരെയും കുടിയാന്മാരെയും കാർഷികായുധങ്ങൾ ഉണ്ടാക്കുന്ന കൊല്ലന്മാരെയും ഈസ്റ്റിന്ത്യാകമ്പനിക്ക് ആവശ്യവുമായിരുന്നു. അതേസമയം പരമ്പരാഗതമൂല്യങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വലിയ വില കൽപ്പിച്ചിരുന്ന ഇത്തരം തൊഴിൽകൂട്ടങ്ങളെ ലഭിക്കുക എളുപ്പമായിരുന്നില്ല. എന്നാൽ അടിയാളർക്ക് വില നിശ്ചയിച്ചു ചന്തകളിൽ വിൽക്കപ്പെടുന്ന ചരക്കുകളാക്കി മാറ്റിയതോടെ നേരത്തെയുണ്ടായിരുന്ന ജന്മിമാരും ഇടനിലക്കാരായ മാപ്പിള കച്ചവടക്കാരും, നായന്മാരും മറ്റും ഇവരുടെ കുടികൾ ആക്രമിച്ച് അടിയാളരെയും തിയ്യന്മാരെയും കൊല്ലൻമാരെയും വ്യാപകമായി പിടിച്ചുകൊണ്ടുപോകാനും തുടങ്ങി. ഇതിന്റെ പ്രത്യക്ഷ സൂചനകൾ തലശ്ശേരി രേഖകൾ നൽകുന്നുണ്ട്. പൊലയടിയാന്മാരെ വിലകൊടുത്തു വാങ്ങുന്നതും അവരെ പാട്ടത്തിനു നൽകുന്നതും, സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുമ്പോൾ പിടിച്ചു വിൽക്കുന്നതും തലശ്ശേരി രേഖകളിലുണ്ട്[10]. അടിമകളെ പിടിച്ചുകൊണ്ടുപോകുന്നതും നികുതിത്തുക





അടക്കുന്നതിന് ചന്തകളിൽ ഇവരെ വിൽക്കുന്നതുമായ സാക്ഷ്യങ്ങൾ രേഖകളിൽ കാണുന്നുമുണ്ട് (562, 655, 679, H & L, 1427 M). രണ്ടുതറയിൽ (ഇരവിനാട്) ഉഭയങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനായി കമ്പനി പൊലയടിയാന്മാരെ വിലകൊടുത്തു വാങ്ങുന്നുണ്ട്. മൊഴപ്പിലങ്ങാട്ട് ദേവസ്വത്തിൻ (ചിറക്കൽ) കീഴിലും പൊലയടിയാന്മാരെ സംരക്ഷിച്ചുപോന്നിരുന്നു (1013J). ലിംഗവ്യത്യാസമനുസരിച്ച് അടിമകളുടെ വിലയിലും വ്യത്യാസമുണ്ടായിരുന്നതായി ബുക്കാനൻ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ജാതിവ്യത്യാസങ്ങളനുസരിച്ച് വിലയ്ക്കു മാറ്റങ്ങൾ ഉണ്ടായിരുന്നില്ല. തലശ്ശേരി രേഖയിൽ കാണുന്നതുപോലെ അടിയാളനെയും, തിയ്യനെയും, കൊല്ലനെയും ചന്തകളിൽ വിറ്റിരുന്നു. ആൺ അടിമകൾക്ക് 20 മുതൽ 60 വീരരായൻ പണവും പെൺ അടിമകൾക്ക് ഇതിന്റെ പകുതിവിലയുമാണുണ്ടായിരുന്നത് (Buchanan 1988: 491-495). ഇത്തരത്തിൽ അടിമകളും കന്നുകാലികളെപ്പോലെ ചന്തകളിൽ കൈമാറ്റത്തിനും കച്ചവടത്തിനും വിധേയമായ ചരക്കുകളാണെന്ന് സ്പഷ്ടമാണ്.

കാർഷികോത്പാദന മേഖലയിലെ മറ്റൊരു തൊഴിൽകൂട്ടമായിരുന്നു തിയ്യന്മാർ. ജാതിമര്യാദയനുസരിച്ച് ചെറുമക്കളെക്കാൾ ഉയർന്നസ്ഥാനമുണ്ടായിരുന്ന ഇവർ കുടിയാന്മാരായും അടിയാളരായും രേഖകളിൽ അങ്ങിങ്ങോളം പ്രത്യക്ഷപ്പെടുന്നുണ്ട്. പുതുനിലങ്ങളുടെ വ്യാപനവും തിയ്യക്കുടികളുടെ അപഹരണവും മുമ്പേ സൂചിപ്പിച്ചതാണ്. കന്നുകാലികളെ ഉപയോഗിച്ചു നിലം ഉഴുത് കൃഷിക്കു പാകപ്പെടുത്തുന്നതു തിയ്യരായിരുന്നു.

ഇവരെ കൂടാതെ സാമ്പത്തികമായി പിന്നോക്കംനിന്നിരുന്ന നായർ, നമ്പ്യാർ തുടങ്ങിയ മേലാളവിഭാഗക്കാരും, മലമ്പ്രദേശത്തു പാർത്തിരുന്ന മലയർ, പണിയർ, മുന്നൂറ്റൻ, കരിമ്പാലർ തുടങ്ങിയ വിഭാഗങ്ങളും കാർഷികവൃത്തിയുമായി ഇഴുകിച്ചേർന്നിരുന്നു. ഈ വിഭാഗങ്ങളൊക്കെത്തന്നെ പണമുപയോഗിച്ചുള്ള കൈമാറ്റങ്ങൾക്ക് വിധേയവുമായിരുന്നു. ഇത് കൊളോണിയൽ കാലത്തുവന്ന വലിയ മാറ്റങ്ങളിലൊന്നാണ്.

## പരമ്പരാഗത തൊഴിൽകൂട്ടങ്ങൾ

കൊളോണിയൽ ഘട്ടം പരമ്പരാഗത കൈത്തൊഴിലുകളുടെയും തൊഴിൽകൂട്ടങ്ങളുടെയും തകർച്ചയ്ക്ക് സാക്ഷ്യം വഹിക്കുന്നുണ്ട്. ഇത്തരം തൊഴിൽകൂട്ടങ്ങളെ നിലനിർത്തിപ്പോന്ന നാട്ടുകോയ്മകൾ മാലീഖാൻ പറ്റി കമ്പനി ഏജന്റുമാരായി മാറിയതോടെ പരമ്പരാഗതമായി ഇവർക്കുണ്ടായിരുന്ന അവകാശസ്ഥാനങ്ങളും ഇല്ലാതാകുന്നുണ്ട്. പ്രധാനമായും തൊഴിൽകൂട്ടങ്ങളെ രണ്ടായി തിരിക്കാമെന്ന് കരുതുന്നു. ഒന്ന്, സാങ്കേതികതികവു നേടിയിരുന്ന തട്ടാൻ, കൊല്ലൻ/കരുവാൻ, ആശാരി, മൂശാരി, പരവൻ, ചാലിയർ തുടങ്ങി

വരും രണ്ടാമത്തേത്, വാണിയൻ, പണിക്കർ, കണിശൻ, വെളുത്താടൻ, മണ്ണാൻ/പെരുമണ്ണാൻ, വള്ളുവൻ, മാരയാൻ, വേട്ടുവൻ, കുറവൻ/കുറത്തി തുടങ്ങിയവരുമാണ്.

പൂർവ്വമധ്യകാലം മുതൽക്കുതന്നെ തട്ടാന്മാരുടെ സാന്നിധ്യത്തെ തിരുനെല്ലി ലിഖിതവും (വാലിച്ചേരി പെരുന്തട്ടാൻ) തിരുവട്ടൂർ ലിഖിതവും (പേരുന്തട്ടാൻ നാരണങ്കാളൻ) കുറിക്കുന്നുണ്ട്. നാട്ടുകോയ്മകളുടെ കോവിലകങ്ങളും, ക്ഷേത്രങ്ങളുമായിരുന്നു പ്രധാനമായും തട്ടാൻ, മൂശാരി തുടങ്ങിയ തൊഴിൽകൂട്ടങ്ങളെ നിലനിർത്തിയിരുന്നത്. ഉത്തരമലബാറിൽ അക്കാലത്തുണ്ടായിരുന്ന സ്വർണ്ണം, വെള്ളി ആഭരണങ്ങളുടെയും ഉപകരണങ്ങളുടെയും സൂചനകളും അവയുണ്ടാക്കിയിരുന്ന തട്ടാന്മാരുടെ പണിയാലകൾ അങ്ങാടികളിലും മറ്റും നിലനിന്നിരുന്നതിന്റെ തെളിവുകളും തലശ്ശേരി രേഖകൾ നൽകുന്നുണ്ട്. ഉദാഹരണത്തിന് പൊൻപിടിവാള്, പൊൻകിണ്ണം, പൊൻചന്ദനക്കിണ്ണം, പല്ലക്കിന്റെ പൊൻതാഴിക, പൊൻപിടിമൊന്ത, പൊന്നുകെട്ടിയ ചൂരൽ, വെള്ളിക്കിണ്ണം, വെള്ളിത്തട്ടം, വെള്ളിക്കോളാമ്പി, വെള്ളിച്ചങ്ങല വിളക്ക് തുടങ്ങിയവ തട്ടാന്റെയും മൂശാരിയുടെയും അസ്തിത്വത്തെ കുറിക്കുന്നവയാണ് (587 H & L). നഗരങ്ങളോടും അങ്ങാടികളോടും ചേർന്നുകൊണ്ട് തട്ടാന്റെ പണിപ്പുരകൾ നിലനിന്നിരുന്നു. മാഹിയിലെ തട്ടാന്റെ പീടികയിൽ സ്വർണ്ണാഭരണങ്ങൾ പണിയുന്ന തട്ടാനും, അവിടെ മോഷണദ്രവ്യമായ സ്വർണ്ണമാല വിൽക്കാൻവരുന്ന ബാലനും തലശ്ശേരി രേഖയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. (1226 J) ഇത്തരം പണിയാലകൾ സ്വർണ്ണമുരുക്കി ആഭരണങ്ങൾ ഉണ്ടാക്കി വിൽക്കുന്ന ഇടങ്ങളായിരുന്നുവെന്ന് കരുതാം.

കാർഷികവൃത്തിയുമായി നേരിട്ടു ബന്ധമുണ്ടായിരുന്ന കാർഷികേതര തൊഴിൽകൂട്ടങ്ങളാണ് കൊല്ലന്മാർ. കൃഷിക്കാവശ്യമായ ഇരുമ്പുപകരണങ്ങൾ നിർമ്മിച്ചിരുന്നത് കരുവാൻ/കൊല്ലന്മാരായിരുന്നു. ഇരുമ്പുഖനികളുള്ള കുന്നിൻപ്രദേശങ്ങൾ മലബാറിൽ ഉണ്ടായിരുന്നു. ഇവയുടെ കുത്തക പിൽക്കാലത്ത് കമ്പനി നേടിയെടുക്കുന്നുമുണ്ട്. ഇത്തരം ഇരുമ്പയിരുകളെ ഉലയിൽ/ചൂളയിൽ വെച്ച് സംസ്കരിച്ച് ഇരുമ്പായുധങ്ങൾ ഉണ്ടാക്കുകയാണ് പരമ്പരാഗത കൊല്ലന്മാർ ചെയ്തിരുന്നത്. ഇരുപതാം നൂറ്റാണ്ടിൽപോലും ഇത്തരം പ്രവൃത്തികൾ ഉത്തരമലബാറിൽ സജീവങ്ങളായിരുന്നു. കൊല്ലനെ അവന്റെ പണിയായുധങ്ങൾക്കൊപ്പം പിടിച്ചുകൊണ്ടുപോകുന്നതിനെക്കുറിക്കുന്ന സംഭവങ്ങൾ രേഖകളിൽ കാണുന്നുണ്ട്. ഇത് നാടിനുള്ളിൽ കൊല്ലന്റെ വിതരണക്രമത്തെ കാണിക്കുന്നുണ്ട്. എല്ലാ കാർഷികോത്പാദനയൂണിറ്റുകളിലും കൊല്ലൻ മാർ ഉണ്ടാകണമെന്നില്ല. ഒന്നിൽ കൂടുതൽ തറകളിൽ കൊല്ലന് അവകാശങ്ങളുണ്ടായിരുന്നു. കോവിലകങ്ങളുടെയും മറ്റും പണികൾക്ക് ആശാരിയെയും കൊല്ലനെയും പുറംദേശത്തുനിന്നു കൊണ്ടുവരുന്നതിന്റെ സൂചനകളും രേഖകളിൽ കാണുന്നുണ്ട്. ഇരുമ്പായുധങ്ങളും കൊല്ലന്മാർ വ്യാപകമായി നിർമ്മിച്ചിരുന്നു. കത്തി,






കഠാര, വാൾ, നാടൻതോക്ക് തുടങ്ങിയവ കൊല്ലന്റെ ആലകളിൽ ഉണ്ടാക്കപ്പെട്ടിരുന്നു. കുടിയാന്മാരെയും മറ്റും വെടിവെച്ച് കൊല്ലുന്നതും, തോക്കിന്റെ പാത്തികൊണ്ട് മർദ്ദിക്കുന്നതും ഒരേസമയം സാമൂഹ്യ അരക്ഷിതാവസ്ഥയെയും തോക്കുകളുടെ വ്യാപനത്തെയും അതുണ്ടാക്കിയിരുന്ന കൊല്ലന്റെ അസ്തിത്വത്തെയും കൊളോണിയൽ കാലത്ത് തൊഴിൽക്രമത്തിൽ വരുന്ന മാറ്റങ്ങളെയും കുറിക്കുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് തോക്ക് കൊല്ലന്റെ ഉലയിൽ കൂടുതലായി തീർക്കുന്നത് ഇക്കാലത്താണെന്ന് കരുതാം.

ആശാരിമാർ, ഈർച്ചക്കാർ, മഴുക്കാർ, പരവൻമാർ (കെട്ടിടനിർമ്മാണം) തുടങ്ങിയ നിർമ്മാണ തൊഴിൽ കൂട്ടായ്മകളും ഉത്തരമലബാറിൽ ഇക്കാലത്ത് സജീവമായിരുന്നു. മരങ്ങൾക്ക് കുറ്റിക്കാണം നൽകി പറമ്പുകളിൽനിന്നും മലമ്പ്രദേശത്തുനിന്നും മുറിച്ചിരുന്നു. ഈർച്ച പറമ്പുകളിൽ വച്ച് ഇവ ആശാരിയുടെ പണിത്തരങ്ങൾക്കുതകുംവിധം തുണ്ടങ്ങളാക്കി നൽകിയിരുന്നത് മഴുക്കാരും ഈർച്ചക്കാരുമായിരുന്നു. കോവിലകങ്ങൾ, ഇല്ലങ്ങൾ, പുരയിടങ്ങൾ, ക്ഷേത്രങ്ങൾ എന്നിവയിലെല്ലാം ആശാരിമാർ പണിയെടുത്തിരുന്നു. ഇവരുടെ അധിവാസകേന്ദ്രങ്ങൾ ആശാരിക്കണ്ടികളായി ഉത്തരമലബാറിൽ വ്യാപിച്ചിരുന്നു (52C & D).

കൊളോണിയൻ ഇടപെടലുകൾ കൃത്യമായി നടന്ന പരമ്പരാഗത കൈത്തൊഴിൽ ചാലിയരുടെ നെയ്ത്തായിരുന്നു. തമിഴ്ജാതികളിൽപെട്ട എടങ്കൈ വലങ്കൈ എന്നിങ്ങനെ രണ്ടു വിഭാഗം നെയ്ത്തുകാർ (ചാലിയർ) ഇക്കാലത്ത് മലബാറിലുണ്ടായിരുന്നു (771 I)[11]. ഇവരുടെ മര്യാദക്രമങ്ങൾ രണ്ടുതരമായിരുന്നുവെന്നു കാണാം. കൊളോണിയൽ കാലത്തിന്റെ ആരംഭത്തിൽ തന്നെ ചാലിയരുടെ അധിവാസകേന്ദ്രങ്ങളായ തെരുവുകളുടെ കണക്കെടുപ്പുനടത്തുന്നതിന്റെയും തറികളിൽ നെയ്തിരുന്ന തുണികളുടെ വൈവിധ്യങ്ങൾ രേഖപ്പെടുത്തുന്നതിന്റെയും സാക്ഷ്യങ്ങൾ തലശ്ശേരി രേഖകൾ നൽകുന്നുണ്ട് (442 H). ഇത്തരത്തിൽ കുറുമ്പ്രനാട്ടിലെ പൊഴവായി പതിനൊന്നു തറയിലെ ചാലിയതെരു, പൈയ്യോർമല തെരു, കടത്തനാട്ടെ ചുണ്ടൻ തെരു, കൊട്ടയമ്പറത്തു തെരു, പുതിയ തെരു, പാലയാട്ട് തെരു, വിളമ്പി തെരു, വൈയിക്കി തെരു, മേപ്പൊയിൻ തെരു, ഇരവിനാട്ടിലെ മെനപ്പുറത്ത് തെരു, കമ്മാടത്ത് തെരു, ചെറക്കൽ നാട്ടിലെ ചാലിയത്തെരുവുകൾ എന്നിവിടങ്ങളിലെ തറികളിലെ നെയ്ത്തിനെ കുറിച്ച് കമ്പനിയെ ദേശം കാനഗോവിമാർ അറിയിക്കുന്നുണ്ട് (461 H, 463 H, 462 H, 464 H, 131 G & H, 446 H). കണ്ണൂരും, നാദാപുരത്തും നെയ്ത്തുകാർ ഇക്കാലത്ത് സജീവമായിരുന്നു. ഈ തെരുവുകളിൽ നെയ്തിരുന്ന വ്യത്യസ്തങ്ങളായ തുണിത്തരങ്ങളും അവയുടെ വിലവിവരങ്ങളും കമ്പനിയെ ബോധിപ്പിച്ചിരുന്നത് രേഖയിൽ കാണുന്നുണ്ട്. ഇവ താഴെ ചേർക്കുന്നു.

**പയ്യോർമല:-** തുണിമുണ്ടും കച്ചകളുമാണ് നെയ്യുന്നത്. കണ്ടം (മുണ്ടിന്റെ ഒരളവ്) ഒന്നിന് കൂടിയവില 3 വെള്ളിപ്പണം, മുണ്ട് ഒന്നിന് 1 ½ വെള്ളിപ്പണം, രണ്ടാം തരം കച്ച ഒന്നിന് 2 ½ വെള്ളിപ്പണം, മൂന്നാം തരം മുണ്ടുകൾക്ക് ¾, 1 ½ വെള്ളിപ്പണങ്ങളുമാണ് വില.

**കുറുമ്പ്രനാട്:-**മുണ്ടുകൾ മാത്രമാണുണ്ടാക്കിയിരുന്നത്. ഇത് നായന്മാരായ പുരുഷന്മാരും സ്ത്രീകളുമാണ് കൂടുതലായി വാങ്ങിയിരുന്നത്. ഒരു പണത്തിന് 3 മുണ്ടുള്ളതും, മൂന്ന് പണത്തിന് 1 മുണ്ടുള്ളതും, രണ്ട് പണത്തിന് 1 മുണ്ടുള്ളതും, ഒന്നര പണത്തിന് 1 മുണ്ടുള്ളതും ഉണ്ടായിരുന്നു. ഇവ പുരുഷൻമാരാണ് ഉപയോഗിച്ചിരുന്നത്. പെണ്ണുങ്ങൾ ഉപയോഗിച്ചിരുന്ന മുണ്ടിന്റെ വില ഇപ്രകാരമാണ് - മുണ്ടൊന്നിന് 1 ½ പണം, 2 പണം, 2 ½ പണം എന്നിങ്ങനെ.

**കടത്തനാട്:-** കുർത്തയും മുണ്ടുകളും ആണ് ഉണ്ടാക്കിയിരുന്നത്. ഒരു കുർത്തത്തുണിക്ക് 6,8,10,12,14 എന്നിങ്ങനെ വിലയുള്ള വിവിധ തരങ്ങളുണ്ടായിരുന്നു. മുണ്ടിന് ½, ¾, 1 എന്നിങ്ങനെയും വില നിശ്ചയിച്ചിരുന്നു. ഇവർക്ക് തൂവാല നെയ്യുന്നതിനും വശമുണ്ടായിരുന്നു.

ഉത്തരമലബാറിന്റെ മറ്റുഭാഗങ്ങളിൽനിന്നുള്ള നെയ്ത്തിന്റെ വിവരങ്ങൾ ലഭ്യമാകുന്നുണ്ടെങ്കിലും അവയെക്കുറിച്ച് മേൽപരാമർശിച്ച പോലെ തുണിത്തരങ്ങളുടെ വിവരങ്ങളും വിലവിവരവും ലഭിക്കുന്നില്ല. (ചിറക്കൽ ഭാഗത്തിലെ നെയ്ത്ത് ഇക്കാലത്ത് വ്യാപകമായി ഉണ്ടായിരുന്നു ഇവിടെനിന്നുള്ള വിശദവിവരങ്ങൾ രേഖകളിൽ പരാമർശിക്കപ്പെട്ടിട്ടില്ല).

പുതിയ തുണിത്തരങ്ങൾ നെയ്യാൻ കഴിവുള്ള തറികളെയും ചാലിയന്മാരെയും കണ്ടെത്തുകയെന്നതും കമ്പനിയുടെ ലക്ഷ്യമായിരുന്നു. പരുത്തിത്തുണി ഈസ്റ്റിന്ത്യാകമ്പനിയുടെ കച്ചവടത്തിലെ പ്രധാന ഇനമായി മാറുന്നതും ഇക്കാലത്താണ്. ഇവയ്ക്ക് യൂറോപ്യൻ രാജ്യങ്ങളിൽ വലിയ ഡിമാന്റ് ഉണ്ടായിരുന്നുവെന്നതും വസ്തുതയാണ്. കുർത്തയും, തൂവാലയും കൊളോണിയൽ കാലത്തുവരുന്ന പുതിയതരം വസ്ത്രങ്ങളായിരുന്നു. ഇത്തരത്തിൽ പരമ്പരാഗത ചാലിയ തെരു കൂട്ടായ്മകളിലും കൊളോണിയൽ അധികാരികൾ പിടിമുറുക്കുന്നതിന്റെ സൂചനകളാണ് തലശ്ശേരി രേഖകൾ നൽകുന്നത്.

എണ്ണ ഉൽപാദനവും വിപണനവും നടത്തിയിരുന്ന വാണിയരും കൊളോണിയൽ നിയന്ത്രണങ്ങൾക്ക് വിധേയമാകുന്നുണ്ട്. വെളിച്ചെണ്ണയുടെ





നടപ്പുനിലവാരം കാണിച്ചുകൊണ്ടുള്ള കത്ത് കമ്പനിക്കു നൽകേണ്ടിയിരുന്നു. വിലയിൽ വരുന്ന മാറ്റങ്ങൾക്ക് വിശദീകരണവും നൽകിയിരുന്നു. നന്മിണ്ട തറയിലെ (കുറുമ്പ്രനാട്) മരുതാട്ടു കണ്ടിയിൽ വാണിയൻ വെളിച്ചെണ്ണയുടെ നടപ്പുനിലവാരം കമ്പനിയെ അറിയിക്കുന്നുണ്ട്. കർക്കിടകത്തിൽ (കൊല്ല വർഷം 973) 1 ഉറുപ്പികയ്ക്ക് 14 നാഴിയും, ചിങ്ങത്തിൽ 15 നാഴിയും ആണ് വിറ്റിരുന്നത്. കുറുമ്പ്രനാട്ടിൽനിന്നു വാണിയരോട് വാങ്ങുന്ന എണ്ണയുടെ അങ്ങാടി നിലവാരത്തിൽ വ്യത്യാസം വരുന്നുണ്ട്. ജൂലൈ മാസത്തിൽ (1798) 1 ഉറുപ്പികയ്ക്ക് 16 നാഴിയും, സെപ്തംബറിൽ 15 നാഴിയും ആയാണ് എണ്ണ വാങ്ങിയിരുന്നത്. രേഖകളനുസരിച്ച് വടകര കുറ്റിപ്പുറം കോവിലകത്തിനടുത്തും, കടത്തനാട്ട് മങ്ങലാട്ട് പ്രദേശത്തും വാണിയന്മാരുടെ അധിവാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ചാലിയരുടെ തറികളെപ്പോലെതന്നെ വാണിയന്റെ ചക്കിട്ട ആലയുടെ വിതരണക്രമങ്ങളും കൊളോണിയൻ ഗവൺമെന്റ് രേഖപ്പെടുത്തിയിരുന്നു. ഇതിന്റെ സൂചനകൾ പിൽക്കാലത്തെ സെറ്റിൽമെന്റ് രജിസ്റ്ററുകളിലും കാണാം (1903–04). ഇത്തരം കണക്കെടുപ്പുകളും മറ്റും നടത്തിയിരുന്നെങ്കിലും മലബാറിലെ കൈത്തൊഴിലുകളെ പ്രോത്സാഹിപ്പിക്കാൻ ബ്രിട്ടീഷുകാർ ഒന്നും ചെയ്തിരുന്നില്ല (ഗണേശ്, 1997:162).

കണിശൻ, കുറവൻ തുടങ്ങിയ പരമ്പരാഗതമായി നിലനിന്നുപോന്നിരുന്ന അറിവുരൂപങ്ങളും മലബാറിൽ ഉണ്ടായിരുന്നു. ശുഭാശുഭങ്ങൾ പ്രവചിക്കുകയും ഞാറ്റുവേലക്രമങ്ങൾ ഗണിക്കുകയും ചെയ്തിരുന്ന കണിശനെന്ന തൊഴിൽകൂട്ടം കാർഷികസമൂഹത്തിനകത്ത് നിലനിന്നിരുന്നുവെന്ന് ബുക്കാനന്റെ വിവരണവും (Buchanan 1988: 528). തലശ്ശേരി രേഖകളിലെ കത്തുകളും കാണിക്കുന്നുണ്ട് (1368 K). കുറവനും കുറത്തിയും ഭാവി ഭൂത പ്രവചനങ്ങൾ നടത്തി ഉപജീവനം കഴിച്ചിരുന്ന മറ്റൊരു തൊഴിൽകൂട്ടമായിരുന്നു. ഇവ രണ്ടും കാർഷികസമൂഹത്തിനുള്ളിൽ രൂപംകൊണ്ടവയുമാണ്. ഉത്പാദനതലങ്ങളുമായി നേരിട്ട് ബന്ധമില്ലാത്തതുകൊണ്ടുതന്നെ കൊളോണിയൽ നിയന്ത്രണങ്ങൾക്ക് ഇവർ വിധേയരായിരുന്നില്ല. എന്നാൽ കണിയാൻ, പെരുങ്കണിയാൻ വിഭാഗങ്ങൾ കൊളോണിയൻ ഗുമസ്തപ്പണിയിൽ ഏർപ്പെട്ടിരുന്നതിന്റെ സൂചനകൾ മുമ്പു കണ്ടതാണ്.

കാർഷികോൽപാദനത്തിനുപുറമെ തീരപ്രദേശത്തോടു ചേർന്ന് മത്സ്യബന്ധനവും ഉപ്പു നിർമ്മാണവും നടന്നിരുന്നു. അതുമായി ബന്ധപ്പെട്ട മുക്കുവരും മറ്റും രേഖകളിൽ വരുന്നുണ്ട്. ധർമ്മടത്ത് അണ്ടലൂരും, പാലയാട്ട് പ്രദേശങ്ങളിലും മുൻകാലംതൊട്ടുതന്നെ ഉപ്പു പടന്നകൾ ഉണ്ടായിരുന്നു (414 H). ഇത് കമ്പനി നിയന്ത്രണത്തിലുമായിരുന്നു. പുഴവെള്ളം കയറി പടന്നകൾ നശിച്ചുപോയിട്ടുണ്ടെന്നും ഇത് വീണ്ടും നന്നാക്കി ഉപ്പളമാക്കാൻ കമ്പനി സമ്മ

തവും സഹായവും ചെയ്യണമെന്നും ആവശ്യപ്പെട്ട് ചൊവ്വാക്കാരൻ മൂസ്സ കത്തെഴുതുന്നുണ്ട്[12]. പടന്നകളിൽ ഉപ്പുൽപാദിപ്പിച്ചു തുടങ്ങിയാൽ മൂസ്സതന്നെ പണ്ടാരത്തിലേക്ക് നികുതി നൽകിത്തുടങ്ങാമെന്നും കത്തിൽ പറയുന്നു. ഉപ്പ ടന്നകളുടെ കുത്തക കമ്പനി നേടുന്നതിന്റെയും പിൽക്കാലത്ത് ഇവ പാട്ട ത്തിന് നൽകുന്നതിന്റെയും സൂചനകളാണിവ നൽകുന്നത്.

## തറയും ദേശവും തൊഴിൽ കൂട്ടങ്ങളും

തൊഴിൽകൂട്ടങ്ങളുടെ തറകളും തറയവകാശങ്ങളും രേഖകളിൽ അങ്ങി ങ്ങായി പരാമർശിക്കപ്പെടുന്നുണ്ട്. അന്നത്തെ സമൂഹത്തിന്റെ അടിസ്ഥാന ഘടകം തറകളായിരുന്നു. തറയവകാശങ്ങളെ നിയന്ത്രിച്ചിരുന്നത് തറ മര്യാദക ളുമായിരുന്നു. തറകൾ പ്രദേശത്തിന്റെ വിഭവസമാഹരണത്തിനും ഉത്പാദന ത്തിനുമുള്ള സമൂഹക്രമീകരണമായിരുന്നുവെന്നും തറയവകാശം തൊഴിൽകൂ ട്ടങ്ങളുടെ തൊഴിൽപരമായ കുത്തകാവകാശമാണെന്നും വാദിക്കപ്പെട്ടിട്ടുണ്ട് (ഗണേശ് 1997:49). ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യകാലത്ത് തദ്ദേശീയരായ മേനോൻമാരും കോൽക്കാരനുമെല്ലാം ഓരോ തറയിലെയും ഉത്പാദനതലങ്ങ ളെക്കുറിച്ചാണ് കമ്പനിയെ ബോധിപ്പിച്ചിരുന്നത്. ഇന്ന തറയിലെ കുടിയാന്മാർ, ഇന്ന തറയിലെ നികുതി അഥവാ പാട്ടം എന്നീ ക്രമത്തിലാണ് രേഖകളിൽ പ്രത്യക്ഷപ്പെടുന്നത്. ഓരോ തറയിലും കാർഷിക ഉത്പാദന ഉത്പാദനേതര തൊഴിൽകൂട്ടങ്ങളും നിലനിന്നിരുന്നു. സാങ്കേതികവിദ്യ ആർജ്ജിച്ച ആശാരി, തട്ടാൻ, കൊല്ലൻ, ചാലിയൻ തുടങ്ങിയവർക്ക് ഒന്നിൽ കൂടുതൽ തറകളിൽ അവ കാശങ്ങളുമുണ്ടായിരുന്നു.

മറ്റൊന്ന് ദേശങ്ങളാണ്. ഉത്തരമലബാറിലെ പരമ്പരാഗതദേശങ്ങളും കൊളോണിയൽ കാലത്തെ ദേശങ്ങളും വ്യത്യസ്തങ്ങളായിരുന്നു. കൊളോണി യൽകാലത്തെ അംശം ദേശങ്ങളെന്നത് നികുതിപിരിവിനായി തീർത്ത ഭരണഘട കങ്ങളാണ്. എന്നാൽ പൂർവ്വ കൊളോണിയൽകാലത്തെ ദേശങ്ങൾ അത്തരത്തി ലുള്ളവയായിരുന്നില്ല. "മധ്യകാലകേരളത്തിൽ ഗ്രാമരൂപത്തിലുള്ള ആവാസകേന്ദ്രങ്ങളെ ദേശങ്ങൾ എന്നു വിളിച്ചിരുന്നു. ദേശങ്ങൾക്ക് നാടുകളെ പ്പോലെ ദേശവാഴികളും ദേശകൂട്ടങ്ങളും ഉണ്ടായിരുന്നു" (ഗണേശ് 1997: 48-49). ഇതിന്റെ തുടർച്ച പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെയെങ്കിലും മലബാറിൽ കാണുന്നുണ്ടെന്നാണ് തലശ്ശേരി രേഖകൾ കാണിക്കുന്നത്. ഇത നുസരിച്ച് ഒരു റവന്യൂ ഡിവിഷൻ എന്നതിലുപരി ജനങ്ങൾ താമസിച്ചിരുന്ന സാമൂഹ്യഭൂമിശാസ്ത്രതലം എന്ന രീതിയിലാണ് ദേശങ്ങൾ നിലനിന്നിരുന്നത്. ദേശങ്ങൾക്കുള്ളിലാണ് തറയും തറക്കൂട്ടങ്ങളും രൂപംകൊണ്ടത്. തറമര്യാദപോലെ തന്നെ പ്രധാനമാണ് ദേശമര്യാദ. തറമര്യാദയും ദേശമര്യാദയും ഒരേ പോലെ പ്രാധാന്യത്തോടെ കണ്ടിരിന്നുവെന്നതിന്റെ സൂചകങ്ങൾ തലശ്ശേരി രേഖകളിൽ





കാണുന്നുണ്ട്. ഉദാ: ദുർന്നടപ്പുണ്ടായിരുന്ന (അവിഹിതം) ഒരു കാവുതിച്ചിയെ (കാവിൽ ആചാരമുള്ള തിയ്യസ്ത്രീ) കാവിൽവച്ച് വിസ്തരിക്കുന്നത് തിയ്യ രുടെതന്നെ ദേശക്കൂട്ടമാണ്. കാവുതിച്ചിയുടെ കാവിലുള്ള അവകാശമെന്നത് തൊഴിൽകൂട്ടമെന്ന നിലയിലുള്ള തറയവകാശമാണ്. അതുകൊണ്ടുതന്നെ കാവുതിച്ചിയുടെ ആചാരം നിഷേധിക്കുക എളുപ്പവുമായിരുന്നില്ല. എന്നാൽ ദേശക്കൂട്ടങ്ങൾ വിധിക്കുന്ന 64 പണം പിഴ പ്രായശ്ചിത്തമായി കാവുതിച്ചിക്ക് കാവിൽ നൽകേണ്ടിവരുന്നുമുണ്ട്. ഇതിനെതിരായി കാവുതിച്ചി കൊളോണി യൽ സർക്കാരിൽ പരാതി നൽകുന്നതും അനുകൂലമായ തീരുമാനമുണ്ടാകു ന്നതും കത്തിൽ പറയുന്നു (1163 J). ഇത് ചില സൂചനകൾ നൽകുന്നുണ്ട്. ഒന്ന്, തറയവകാശം ദേശമര്യാദകൾക്കും കീഴ്മര്യാദകൾക്കും വിധേയമായി രുന്നു. കീഴ്മര്യാദകൾ ലംഘിക്കുന്നത് തറയവകാശംവഴി ലഭിക്കുന്ന ആചാ രങ്ങൾക്ക് (കാവിലും മറ്റും) വിലക്ക് കൽപിക്കുന്നതിലേക്ക് നയിച്ചിരുന്നു. രണ്ട്, ബ്രിട്ടീഷ് കൊളോണിയൽകാലത്ത് കീഴ്മര്യാദകളെന്നപോലെ തറ ദേശമര്യാദകളും ലംഘിക്കപ്പെട്ടിരുന്നു. കൊല്ലന്റെയും തിയ്യന്റെയും മറ്റും കുടി കൾ കവരുന്നതും ഇവരെ പിടിച്ചുകൊണ്ടു പോകുന്നതുമായ കാര്യങ്ങൾ മുമ്പുതന്നെ സൂചിപ്പിച്ചതാണ്. ഇവയെല്ലാംതന്നെ തറ ദേശമര്യാദകളുടെ ലംഘ നത്തെ കാണിക്കുന്നുണ്ട്. മാത്രമല്ല, ആധുനിക കൊളോണിയൽ നിയമാവ ലികൾകൂടി പ്രാബല്യത്തിൽ വരുന്നതോടെ (ഇത് മറ്റൊരുഭാഗത്ത് പരാമർശി ക്കുന്നുണ്ട്) കീഴ്മര്യാദകൾ തകിടം മറിയുകയും തറയിലെയും ദേശങ്ങളി ലെയും വ്യവഹാരക്രമങ്ങൾ ഇത്തരം നിയമചട്ടക്കൂടുകൾക്കുള്ളിലാവുകയും ചെയ്തു.

## കച്ചവടവും വർത്തകരും

കച്ചവടപ്രക്രിയയിൽ ഗണ്യമായ മാറ്റങ്ങൾ കൊളോണിയൽ കാലത്തു ണ്ടായി. നാണ്യവിളകൾക്ക് വൻതോതിൽ പ്രാധാന്യം ലഭിച്ചു, ഇക്കാലത്ത് അളവുതൂക്കങ്ങൾ ഏകീകരിക്കുകയും, കടവുകളും മറ്റും കമ്പനി നിയന്ത്രണ ത്തിലാക്കുകയും ചെയ്തു. തലശ്ശേരി കേന്ദ്രീകരിച്ച് വിഭവങ്ങളുടെ വൻ സമാ ഹരണമാണ് നടത്തിയിരുന്നത്. ഉത്പാദനമേഖലയിൽനിന്നുള്ള പാട്ടമായും ചെറു കിട കച്ചവടക്കാർ വഴിയായും ഉൽപന്നങ്ങൾ പാണ്ടികശാലകളിൽ എത്തിയിരു ന്നു. നാണ്യവിളകളിൽ കുരുമുളകിനും ഏലത്തിനും പ്രാധാന്യം കൂടി. കുരു മുളകിന്റെ വില നിശ്ചയിച്ചിരുന്നത് കമ്പനി നേരിട്ടായിരുന്നു. ആദ്യകാലത്ത് പാട്ടമായി പിരിച്ചെടുത്ത കുരുമുളക് പിൽക്കാലത്ത് മൊത്തമായി കണ്ടുകെ ട്ടാൻ തുടങ്ങി. ചൊവ്വക്കാരൻ മൂസ്സയെപ്പോലുള്ള കച്ചവടക്കാരും, നാലുനഗരം, ഒന്നുകുറെ ആയിരം പോലുള്ള വർത്തകസംഘങ്ങളും കൊളോണിയൽ കാലത്തെ കച്ചവടത്തെ ത്വരിതപ്പെടുത്തി[13]. ഇത്തരം സംഘങ്ങൾ ഒരേസമയം കച്ചവടവും പണമിടപാടുകളും നടത്തിയിരുന്നു. ചൊവ്വക്കാരൻ മൂസ്സയോട്

നാട്ടുകോയ്മകളും മറ്റും നികുതിപ്പണമടയ്ക്കുന്നതിന് പണം കടം വാങ്ങുന്നതിന്റെ സൂചനകളും കാണാം (5 C & D, 321, 339, 440 G & H, 481 H, 907 I, 1156 J). നികുതിപ്പണമടയ്ക്കുന്നതിന് കുടിയാന്മാർ ഇത്തരം സംഘങ്ങളെ സമീപിച്ചിരുന്നു. കാർഷികോൽപന്നങ്ങൾ വിൽക്കുന്നതും തികയാത്ത പണം സ്വരൂപിക്കുന്നതിന് കന്നുകാലികളെ വിൽക്കുന്നതും രേഖകളിൽ കാണാം (1427 M). ബാക്കിസംഖ്യക്കായി ഇവർ കച്ചവടക്കാരെ സമീപിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ കുടിയാൻ വിൽക്കുന്ന ഉൽപന്നങ്ങൾ വിലക്കു വാങ്ങുന്നതും പണം കടമായി നൽകുന്നതും ഒരേ വർത്തകസംഘങ്ങൾ തന്നെയാണ്. ഇങ്ങനെ വളർന്നുവന്ന ഹുണ്ടിക പണമിടപാടുകൾ ഇക്കാലത്തെ സവിശേഷതയായിരുന്നു.

കടവുകൾ വഴിയുള്ള ഉൽപന്നങ്ങളുടെ കൈമാറ്റങ്ങളും ഇക്കാലത്ത് കമ്പനി നിയന്ത്രണത്തിലാകുന്നുണ്ട്. കടവുകൾക്ക് ചുങ്കം ഏർപ്പെടുത്തിയിരുന്നു. ചുങ്കം പിരിവ് ഇടത്തട്ടുകാർക്ക് പാട്ടത്തിനു നൽകുകയും ചെയ്തിരുന്നു. കൂടാളി, ധർമ്മ പട്ടണം ഭാഗത്തെ കടവുകൾ പാട്ടത്തിനു കൊടുക്കുന്നതിനെക്കുറിക്കുന്ന പരസ്യം തലശ്ശേരി രേഖകളിൽ കാണുന്നുണ്ട് (537 H & L). കടവു വഴി വഞ്ചിയിൽ കുരുമുളകും നെല്ലും ചാക്കുകണക്കിന് കയറ്റിയയ്ക്കുകയും ചെയ്തിരുന്നു (340 G & H, 367 G & H, 368 G & H).

മലബാറിന്റെ പശ്ചിമതീരം കേന്ദ്രീകരിച്ച് രൂപംകൊണ്ട മുത്തു വ്യാപാരവും ഇക്കാലത്ത് നിലനിന്നിരുന്നു. ബോംബെ തീരത്തുനിന്നും മറ്റും മുത്തും പവിഴവും ഉണ്ടാക്കാനുള്ള വില കൂടിയ കല്ലുകൾ കൊണ്ടുവരുന്നതും അവ വിപണനം ചെയ്തിരുന്നതുമായ സൂചനകൾ രേഖകൾ നൽകുന്നുണ്ട്. ഇത്തരം മുത്തുകൾ പതിച്ച വീരചങ്ങല മലബാറിലെ കോവിലകങ്ങളിലും മറ്റും ഉണ്ടായിരുന്നു. മുത്തും പവിഴവും മലബാറിന്റെ കച്ചവടചരിത്രത്തിൽ ചരിത്രാരംഭകാലംതൊട്ടുതന്നെ ഇടം നേടിയതാണെന്ന് പുരാവസ്തു തെളിവുകളും മറ്റും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതുപോലെതന്നെ ലക്ഷദ്വീപിൽനിന്ന് കുമ്മായവും മറ്റും മലബാർ തീരത്ത് എത്തിച്ചേരുകയും ചെയ്തിരുന്നു. ഇവ നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും അക്കാലത്ത് ഉപയോഗിച്ചിരുന്നു.

മാപ്പിളമാരാണ് കച്ചവടമേഖലയിൽ സജീവമായി ഉണ്ടായിരുന്നത്. ചെട്ടിമാരും, രാവാരി നായന്മാരും മറ്റും കച്ചവടപ്രക്രിയയുടെ ഭാഗമായിരുന്ന മറ്റു കൂട്ടങ്ങളായിരുന്നു. മുൻകാലത്ത് സ്വതന്ത്ര കച്ചവടക്കാരായാണ് ഇവർ വർത്തിച്ചിരുന്നതെങ്കിൽ കൊളോണിയൽകാലത്ത് കമ്പനി നിയന്ത്രണങ്ങൾ ഇവർക്കും ബാധകമാക്കിയിരുന്നു.

ഉത്തരമലബാറിൽ അളവുതൂക്കങ്ങളുടെ ഏകീകരണവും അക്കാലത്തു സംഭവിച്ചു. 'തലശ്ശേരിക്കല്ല്' എന്നൊരു അളവ് മാനദണ്ഡം തന്നെ ഇക്കാലത്ത് പ്രയോഗത്തിലുണ്ടായിരുന്നു (267 G & H). ഇത് ഈസ്റ്റിന്ത്യാ കമ്പനിയുടെ പൊതു അളവു മാനദണ്ഡമായി കരുതിയിരുന്നു. ഇതിന്റെ തൂക്കമെത്രയെന്ന് നിശ്ചയിച്ചതും കമ്പനിതന്നെയായിരുന്നു. രേഖയനുസരിച്ച് "നൂറ്റിന് മൂന്ന് തുലാം തൂക്കുവാൻ തലശ്ശേരിക്കല്ലിന് നാലരത്തുലാം നാലേമുക്കാൽ തുലാം വേണ്ടിവരും" (ഇത് എത്രയാണെന്ന് കണ്ടെത്തേണ്ടതുണ്ട്.) തൂക്കത്തിന് കമ്പനി മുദ്രവച്ച തട്ടയും തടയും ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. പാണ്ടികശാലയിലും പീടികകളിലുമെല്ലാം ഇത്തരം തടകൾ തന്നെ ഉപയോഗിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട് (410 H). ഇത് ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷയും ഏർപ്പെടുത്തിയിരുന്നു. കുരുമുളക് തൂക്കുന്നതിന് പാട്ടം ചുമത്തിയ ഉദ്യോഗസ്ഥരും പാട്ടക്കാരനും ഇതേ തട തന്നെയാണ് ഉപയോഗിച്ചിരുന്നത് (1124 J). കൂടാതെ എടങ്ങഴി, പറ, നാഴി തുടങ്ങിയ പരമ്പരാഗത അളവ് മാനദണ്ഡങ്ങളും ഉപയോഗിച്ചിരുന്നു. നെല്ല്, വെളിച്ചെണ്ണ തുടങ്ങിയവ അളക്കുന്നതിന് ഇത്തരം പരമ്പരാഗത രീതിതന്നെയാണ് തുടർന്നുപോന്നത്. കോൽ, വിരൽ തുടങ്ങിയ അളവുകൾ മരപ്പണിയും മരംമുറിയുമായി ബന്ധപ്പെടുത്തി രേഖകളിൽ കാണുന്നുണ്ട്. എന്നാൽ അളവ് തിട്ടപ്പെടുത്തുന്നതിൽ കമ്പനി ഇടപെടലുകൾ തുടരുകയും ചെയ്തു.

പണം വിനിമയമാധ്യമമായി ഉപയോഗിച്ചിരുന്നു. കമ്പനി നികുതി ആവശ്യപ്പെട്ടതും പണരൂപത്തിലായിരുന്നു. തുട്ടുറുപ്പിക, വെള്ളിപ്പണം, പൊൻപണം, വീരരായൻ പണം, വിരാഹൻ പണം, കാശ് തുടങ്ങിയവ പ്രചാരത്തിലുണ്ടായിരുന്നു. പണം കച്ചവടത്തിന് മാധ്യമമായി മുമ്പെ ഉപയോഗിച്ചിട്ടുള്ളതാണ്. നികുതിപിരിവും കച്ചവടവും വികസിക്കുന്നതോടെ കള്ളപ്പണങ്ങൾ ഉത്തരമലബാറിൽ വ്യാപിക്കുന്നതിന്റെ സൂചനകളും തലശ്ശേരി രേഖകൾ നൽകുന്നുണ്ട് (1211, 1212 J). പതിനെട്ടാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഉത്തരമലബാറിൽ ഇത്തരം കള്ളനാണയങ്ങൾ ധാരാളമുണ്ടായിരുന്നുവെന്നും ഇവ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നുവെന്നും ബുക്കാനനും രേഖപ്പെടുത്തുന്നുണ്ട് (Buchanan 1988: 540). ഇത് നിയന്ത്രിക്കുന്നതിനായി കമ്പനി 1799-ജൂൺ മാസം തുട്ടുറുപ്പിക നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിരുന്നു (1212 J). തുടർന്ന് തലശ്ശേരി കമ്മട്ടത്തിൽ വച്ച് പുതിയ നാണയമടിക്കാനുള്ള ഏർപ്പാടുകളും കമ്പനി ചെയ്തിരുന്നു. കള്ളനാണയങ്ങൾ കമ്മട്ടത്തിൽ എത്തിക്കുന്നവർക്ക് പുതിയ നാണയമടിക്കുന്ന ചെലവ് കഴിച്ച് ബാക്കിത്തുക നൽകുകയും ചെയ്തിരുന്നു (1220 J). വീരരായൻ പണത്തിന്റെ മൂല്യം 3 രൂപയ്ക്കു തുല്യമായി ഇക്കാലത്ത് ഉയർത്തുകയും ചെയ്തു.

ഇത്തരത്തിൽ, ഏകീകൃത അളവ് തൂക്കസമ്പ്രദായങ്ങളും, പുതിയ നാണയങ്ങൾ ഇറക്കുന്നതും (നാണയമടിക്കുന്നതിനുള്ള കുത്തക), കടവുകളിലെ

ചുങ്കം പിരിവിന്റെ കുത്തകയും ഒരേ കാലത്തുതന്നെയാണ് കമ്പനി നേടിയെടുക്കുന്നത്. ഇവ ലംഘിക്കുന്നപക്ഷം ആധുനിക ഭരണ നീതിന്യായസംവിധാനങ്ങളനുസരിച്ച് (കോടതി, പോലീസ്) ശിക്ഷയും നൽകിയിരുന്നു.

## ഉടമസ്ഥാവകാശവും നികുതിക്രമങ്ങളും

ആധുനിക കൊളോണിയൽ നിയമാവലിയനുസരിച്ച് ജന്മിമാർ ഭൂമിയുടെ ഉടമസ്ഥരായി മാറിയിരുന്നു. 'നീരുതളിച്ച് അട്ടിപ്പേറായി' പാരമ്പര്യമായി ലഭിച്ച ജന്മം ഭൂമികളിലെ അവകാശങ്ങൾ ഭൂസ്വത്തുടമസ്ഥാവകാശമായി നിയമപരമായി മാറുന്നതിന്റെ ആകുലതകൾ തലശ്ശേരി രേഖകളിൽ കാണുന്നുണ്ട്. കമ്പനിക്കുവേണ്ടി നികുതിപിരിവു നടത്തുന്ന ഏജന്റുമാരായി ജന്മിമാർ ഇക്കാലത്ത് മാറി. ഇതോടെ പാട്ടം പിരിവുകളിലെ ഇടനിലക്കാരെ ഒഴിവാക്കി കുടിയാന്മാരിൽനിന്ന് നേരിട്ട് നികുതി വസൂൽ ചെയ്യുന്ന രീതി നിലവിൽ വന്നു. (ടിപ്പുവിന്റെ കാലത്തു തുടങ്ങിയെങ്കിലും ഇത് കൊളോണിയൽ കാലത്താണ് സജീവമായത്). പൂർവ്വ കൊളോണിയൽ കാലത്ത് ഉത്പാദനത്തിന്റെ വലിയൊരു പങ്ക് നാടുവാഴികൾ, ജന്മിമാർ, കാണക്കാർ, വെറുംപാട്ടക്കാർ, കുടിയാന്മാർ എന്നിങ്ങനെ പലതട്ടുകളിൽ വിതരണം ചെയ്യപ്പെട്ടിരുന്നു. ഇതൊഴിവാക്കി ഉത്പാദനത്തിന്റെ വലിയൊരുപങ്ക് കമ്പനി പാളയത്തിലെത്തിക്കുകയെന്നതായിരുന്നു കൊളോണിയൽ ഭരണാധികാരികളുടെ പ്രധാന ലക്ഷ്യം.

പറമ്പുകളിലെയും വയലുകളിലെയും ഉഭയങ്ങൾ കണ്ട് പാട്ടം ചുമത്തുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരെ കമ്പനി നിയമിച്ചിരുന്നു. നെല്ല് ഓരോ കാലത്തും 'കണ്ട് ചാർത്തുന്ന' രീതിയാണുണ്ടായിരുന്നത്. വിളവെടുപ്പിന് തൊട്ടുമുമ്പാണിങ്ങനെ ചെയ്തിരുന്നത്. മൊത്തം ഉത്പാദനത്തിന്റെ ഒരു പങ്ക് (1/10) നെല്ല് പാട്ടമായി എടുക്കുകയായിരുന്നു ചെയ്തിരുന്നത്. പിൽക്കാലത്ത് മൂന്നിലൊന്നും പകുതിയും നെല്ല് പാട്ടമായി ചുമത്തുകയും ചെയ്തിരുന്നു (1045 J). രേഖകളനുസരിച്ച് 1797-കൂടി ഉൽപന്നത്തിനു പകരം പണം ഈടാക്കുന്ന രീതി നിലവിൽവരുന്നുണ്ട്. ഇതിനായി വിളവെടുപ്പുകഴിഞ്ഞാൽ കുടിയാൻ നെല്ല് ചന്തയിൽ വിറ്റ് പണമാക്കേണ്ടിയിരുന്നു. ഇവിടെ നെല്ലിന്റെ വില നിശ്ചയിക്കുന്നതും കച്ചവടത്തെ നിയന്ത്രിക്കുന്നതും കമ്പനി തന്നെയാണെന്ന് കാണാം. ഇത്തരം നീക്കങ്ങളുണ്ടാക്കുന്ന ആകുലതകൾ കാണിച്ച് തലശ്ശേരിയിലെ കുടിയാന്മാരായ ബ്രാഹ്മണരും നായന്മാരും, കച്ചവടക്കാരും ചെട്ടികളും, തിയ്യന്മാരും സങ്കടഹരജി നൽകുന്നുണ്ട്. ഹർജിയുടെ ഉള്ളടക്കമിങ്ങനെയാണ്. "ഇപ്പോൾ കോഴിക്കോട്ടുനിന്നു വന്ന കൽപനപ്രകാരം നെല്ലിന് 45 ഉറുപ്പിക വില കണ്ട് നൽകണം. ഇതു നൽകണമെങ്കിൽ നെല്ല് നഗരത്തിൽ വിറ്റ് കാശാക്കണം. ഇതിനുള്ള സാവകാശം കമ്പനി അനുവദിക്കണം. അതല്ലായെങ്കിൽ മുമ്പേ തന്നപോലെ നെല്ലുതന്നെ പാട്ടമായി ഒടുക്കുന്നതുമാണ്."





കൊളോണിയൽ കച്ചവടതാൽപര്യങ്ങളാണ് നികുതിവ്യവസ്ഥയിലെ ഇത്തരമൊരു മാറ്റത്തിനാധാരം. ഇതിലൂടെ നികുതിയിനത്തിൽ ഒരേസമയം നെല്ലും പണവും സമാഹരിക്കാൻ കമ്പനിക്ക് കഴിഞ്ഞു.

പറമ്പുകളിലെ പുരയിടങ്ങളും തറകളും എണ്ണിതിട്ടപ്പെടുത്തിയും ഉഭയങ്ങളുടെ എണ്ണം നോക്കിയുമാണ് പാട്ടം ചുമത്തിയിരുന്നത് (65 C & D). കുരുമുളക് വള്ളികൾ, തെങ്ങ്, കവുങ്ങ്, പ്ലാവ് തുടങ്ങിയവയാണ് പാട്ടം ചുമത്തിയിരുന്ന പറമ്പിൽനിന്നുള്ള പ്രധാന ഉഭയങ്ങൾ. 'കണ്ട് ചാർത്തലും, 'കണ്ട പോലെ' (തോന്നിയപോലെ) ചാർത്തലും ഇക്കാലത്ത് പതിവായിരുന്നു. പാട്ടം ചാർത്തുന്നതിനുമുമ്പ് ഉഭയങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിരുന്നു. അഫലം (ഫലമില്ലാത്തത്/കായ്ക്കാത്തത്), ശിശു (തൈകൾ), ഫലം (കായ്ച്ചത്), കായി (ഉഭയം) എന്നിങ്ങനെ തിരിച്ചിരുന്നു. പറമ്പ് പാട്ടം ചാർത്തുമ്പോൾ അഫലവും ശിശുവും മാറ്റിനിർത്തി ഫലമുള്ളതിന് ചുമത്തുകയും ചെയ്തിരുന്നു (869 I, 881 I). ഇപ്രകാരം തെങ്ങിത്ര, കവുങ്ങിത്ര, പ്ലാവിത്ര, വള്ളിയിത്ര എന്ന് തിട്ടപ്പെടുത്തിയാണ് പാട്ടം നിശ്ചയിക്കുന്നത്. പല സമയത്തും പാട്ടം അധികം ചുമത്തുന്നതിന്റെ സൂചനകളുണ്ട്. രേഖകളുടെ അവസാനമെത്തുമ്പോഴേക്കും ഇത്തരത്തിലുള്ള അക്രമങ്ങൾ വ്യാപിക്കുന്നുണ്ട്. ഇങ്ങനെ പാട്ടം കൂടുതലാകുന്നതുകൊണ്ട് കുടിയാന്മാർ പാട്ടം ചാർത്ത് ഏറ്റുവാങ്ങാത്ത സ്ഥിതിവിശേഷങ്ങളും സംജാതമായിരുന്നു. ഉദാഹരണത്തിന് കടത്തനാട്ടിൽ ചെരാപുരം, തൊടന്നൂർ, പാലയാട്ട് ദേശങ്ങളിൽ കമ്പനി ഗുമസ്തർ അധിക പാട്ടം ചുമത്തുന്നുണ്ട്. 'ഇക്കണ്ടപോലെ പാട്ടം കെട്ടി സർക്കാറെടുത്താൽ ഞങ്ങൾക്ക് തരാൻ കഴിയില്ലെന്ന്' പറഞ്ഞ് പാട്ടം ചാർത്ത് കുടിയാന്മാർ നിരസിക്കുകയും ചെയ്യുന്നു (566 H & L). ഇപ്രകാരം പാട്ടം ചുമത്തുന്നതു കാരണം കുടികൾ പാട്ടക്കാരന് കാണം, ജന്മം ഭൂമികൾ കാണിച്ചു കൊടുക്കാത്ത സംഭവങ്ങളും ഗുമസ്തന്മാരെ ചീത്ത വിളിക്കുന്നതും ആട്ടിപ്പായിക്കുന്നതും രേഖകളിൽ കാണാം (1103 J, 1104 J). കുടികളിൽനിന്നുള്ള ഇത്തരം പ്രശ്നങ്ങൾ കമ്പനിയെ ഗുമസ്തൻമാർ അറിയിച്ചിരുന്നെങ്കിലും 'കണ്ട പോലെ' പാട്ടം കെട്ടുകയെന്ന ഉത്തരവിൽതന്നെ കമ്പനി ഉറച്ചുനിൽക്കുകയും ചെയ്യുന്നുണ്ട്. കുടിയാൻമാരെ ഒന്നിച്ചു നിർത്തുക എന്ന തന്ത്രത്തിന്റെ ഭാഗമായി മുമ്പു സൂചിപ്പിച്ചിട്ടുള്ള ചില പാട്ട മര്യാദകൾ കാലാകാലങ്ങളിൽ കമ്പനി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു (568 H & L). അത്തരത്തിൽ പാട്ടം ചാർത്തുന്നതിന്റെ മര്യാദകളും രേഖകളിൽ കാണുന്നുണ്ട്. ഉദാഹരണത്തിന്

തെങ്ങ്: ഒരു പറമ്പിൽ ചെന്ന് ആകപ്പാടെ തെങ്ങു നോക്കി അഫലവും ശിശുവും നീക്കിശേഷം തെങ്ങിന് ആയിരം തേങ്ങ കണ്ടാൽ അതിൽ മുന്നിനൊന്നു കഴിച്ചശേഷം തേങ്ങക്ക് നൂറിന് അഞ്ച് പണം കണ്ട് പാട്ടം കെട്ടണം.

കവുങ്ങ്: കവുങ്ങ് മൊത്തം കണ്ട് അഫലവും ശിശുവും കഴിച്ചശേഷം കവുങ്ങൊന്നിന് 1/4 പണം കെട്ടണം.

പ്ലാവ്: പ്ലാവ് മൊത്തം കണ്ട് അഫലവും ശിശുവും നീക്കിയശേഷം പ്ലാവ് ഒന്നിനു 2 പണം കെട്ടണം.

വള്ളി : വള്ളി അഫലവും ശിശുവും കഴിച്ച് ബാക്കി വള്ളിമുളക് കണ്ട് കെട്ടുകയും വേണം.

എന്നാൽ ഇത്തരം മര്യാദകൾ പിൽക്കാലത്ത് തുടർന്നിരുന്നില്ല. പരമാവധി നികുതിപ്പണവും, ഉൽപന്നങ്ങളും വസൂൽ ചെയ്യുന്നതിനുള്ള നീക്കങ്ങളാണ് നടക്കുന്നത്. ഏതാണ്ട് 1798-ന്റെ അവസാനമാവുമ്പോഴേക്കും മുളകിന് പാട്ടം ചാർത്തുന്ന രീതി ഇല്ലാതാകുകയും പകരം മൊത്തം മുളക് സർക്കാരിലേക്ക് കണ്ടുകെട്ടുന്ന രീതി നിലവിൽ വരികയും ചെയ്തു (1024 J). ഇതോടെ കുരുമുളകിന്റെ കുത്തക പൂർണ്ണമായും കമ്പനിക്കായി. മുമ്പുക്ഷേത്രസങ്കേതങ്ങളും പറമ്പുകളും കോവിലകം ഭൂമികളും, ദേവത്താംകോട്ടങ്ങളുള്ള പറമ്പും, പള്ളിയുള്ള പറമ്പുകളും നാട്ടുമര്യാദയനുസരിച്ച് പാട്ടം ചാർത്തിയിരുന്നില്ല. ഇതിന്റെ സൂചനകൾ തലശ്ശേരി രേഖ നൽകുന്നുണ്ട് (1103, 1104 J). എന്നാൽ രേഖകളുടെ അവസാന ഭാഗത്തുള്ള സൂചനയനുസരിച്ച് (1803എ. ഡി.) ദേവസ്വം ബ്രഹ്മസ്വം ഭൂമികൾ നാട്ടുനടപ്പ് മറികടന്ന് നികുതി ചുമത്തിയിരുന്നു (1427 M). പിൽക്കാലത്ത് ഇത്തരം പറമ്പുകളുടെ നികുതി ദേവസ്വ ഉടമസ്ഥാവകാശികളിൽ നിന്ന് ഈടാക്കിയിരുന്നതിന്റെ തെളിവുകൾ സെറ്റിൽമെന്റ് രജിസ്റ്ററുകളും നൽകുന്നുണ്ട്.

കൊളോണിയൽ കച്ചവടതാൽപര്യങ്ങളും, നികുതിവ്യവസ്ഥയും പരസ്പരബന്ധിതമായാണ് വർത്തിച്ചിരുന്നത്. നികുതിയടയ്ക്കുന്നതിന് കുടിയാന്മാർക്ക് ഉൽപന്നങ്ങൾ ചന്തകളിൽ വിൽക്കേണ്ടിവന്നു. പറമ്പുഭയങ്ങളായ കുരുമുളക്, തേങ്ങ, അടക്ക, ഏലം തുടങ്ങിയ നാണ്യവിളകളും ഭക്ഷ്യവിളയായ നെല്ലും ഇക്കാലത്ത് കമ്പനി കച്ചവടത്തിന്റെ ഉൽപന്നങ്ങളായി മാറ്റപ്പെട്ടു. ഇതിന്റെ നെടുംതൂണായി വർത്തിച്ചിരുന്നത് ആധുനിക നികുതിവ്യവസ്ഥ തന്നെയായിരുന്നു. ഇതിനെ ത്വരിതപ്പെടുത്തിയതാവട്ടെ ആധുനിക കൊളോണിയൽ നിയമാവലിയും.

## നീതിന്യായ സംവിധാനങ്ങൾ

ഉത്തരമലബാറിന്റെ സാമൂഹ്യവ്യവസ്ഥിതിയുടെ അടിത്തറയെന്നത് കാർഷികപശ്ചാത്തലത്തിൽ രൂപംകൊണ്ട ആചാരമര്യാദക്രമങ്ങൾ അഥവാ കീഴ്മര്യാദകളായിരുന്നു. നാട്ടുമര്യാദ, തറമര്യാദ, കച്ചവടമര്യാദ, ജാതിമര്യാദ, ശൂദ്രമര്യാദ, പാട്ടമര്യാദ എന്നിങ്ങനെ സാമുഹ്യവ്യവഹാരത്തിന്റെ ഒരോ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് മര്യാദക്രമങ്ങൾ രൂപംകൊണ്ടിരുന്നു. ഇവയുടെ





വ്യാപകമായ ലംഘനങ്ങ(നിർമ്മര്യാദങ്ങൾ)ളാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ കാണുന്നത്. നാട്ടുമര്യാദകളനുസരിച്ചുള്ള വിസ്താരങ്ങൾക്കെതിരെയും കീഴ്മര്യാദകൾ മറികടന്നുള്ള മതപുരോഹിതരുടെ വിധിന്യായങ്ങൾക്കെതിരെയും സങ്കടഹർജികൾ നൽകുന്നതിന്റെ സൂചനകൾ രേഖകൾ നൽകുന്നുണ്ട് (1163J). പരമ്പരാഗത കീഴ്വഴക്കങ്ങൾക്കു മേലെ ആധുനിക നീതിന്യായസംവിധാനം രൂപംകൊള്ളുന്നതിനെയും പ്രബലമാകുന്നതിനെയും കുറിക്കുന്നതാണിവ. കീഴ്വഴക്കങ്ങളനുസരിച്ചുള്ള ജന്മി കുടിയാൻ ബന്ധങ്ങൾ ആധുനിക കൊളോണിയൽ നിയമാവലിയുടെ ചട്ടക്കൂടുകൾക്കുള്ളിൽ പ്രതിഷ്ഠിതമായതോടെ സ്വകാര്യസ്വത്തവകാശങ്ങളും നിലവിൽ വന്നു. നികുതി പിരിവിന്റെ അവകാശം നാടുവാഴികളിൽനിന്നു കമ്പനിക്കു ലഭിച്ചതോടെ പുതിയ ഭരണയന്ത്രങ്ങളും രൂപം പ്രാപിച്ചു. അംശകച്ചേരികളും ഫൗജദാർ അദാലത്തുകളും കോടതികളും പോലീസ്സേനാസംവിധാനങ്ങളും നാടുകൾക്കുള്ളിൽ വിന്യസിക്കപ്പെട്ടു. മലബാറിലാദ്യമായി ഏകീകൃത നിയവ്യവസ്ഥ ഇക്കാലത്ത് നിലവിൽവരികയും ചെയ്തു.

അക്കാലത്ത് വ്യാപകമായ അക്രമങ്ങൾ മലബാറിൽ നടന്നിരുന്നുവെന്ന് മുമ്പു സൂചിപ്പിച്ചതാണ്. നികുതികാര്യങ്ങളിലുള്ള കുറ്റകൃത്യങ്ങളൊഴിച്ചുള്ളവ ആദ്യകാലങ്ങളിൽ കമ്പനി പരിഗണനയിൽ കൂടുതലായി വന്നിരുന്നില്ല എന്നും കണ്ടതാണ്. വിചാരണ ചെയ്തിരുന്ന കുറ്റകൃത്യങ്ങൾക്ക് പലതരത്തിലുള്ള ശിക്ഷാവിധികൾ ഇക്കാലത്ത് നൽകിയിരുന്നു. ചെറിയ ശിക്ഷകൾ നടപ്പിലാക്കിയത് അംശകച്ചേരിയിലെ അധികാരികളായിരുന്നുവെന്നു കാണാം. കൊലക്കുറ്റങ്ങളും മറ്റു ഗുരുതരമായ കുറ്റങ്ങളും തലശ്ശേരിയിൽവച്ചാണ് വിചാരണ ചെയ്തിരുന്നത്. ഇതിന്റെ സൂചനകൾ രേഖകളുടെ അവസാനഭാഗത്തേ വരുന്നുള്ളു. മതപരമായ കാര്യങ്ങളിൽ തീർപ്പുകൽപിച്ചിരുന്നത് അതത് മതത്തിലെ പുരോഹിതരുടെ നിർദ്ദേശമനുസരിച്ച് ജാതിമര്യാദയും നാട്ടുമര്യാദയും നോക്കിയായിരുന്നു (126 C & E). ഒരു ശൂദ്രച്ചിയെ അപരാധം ചെയ്ത മാപ്പിളച്ചിയെ രാജ്യമര്യാദയനുസരിച്ച് ശിക്ഷിക്കണമെന്ന് കടത്തനാട് പോർളാതിരി ഉദയവർമ്മൻ മുഖേന നാട്ടുകാർ കമ്പനിയോട് ആവശ്യപ്പെടുന്നതിന്റെ തെളിവുകൾ രേഖകൾ നൽകുന്നുണ്ട് (294 G & H).

തലശ്ശേരി രേഖകൾ നൽകുന്ന സൂചനകളനുസരിച്ച് രണ്ടുതരം ശിക്ഷാവിധികൾ അന്നത്തെ സമൂഹത്തിലുണ്ടായിരുന്നു. ഒന്ന്, ദേശാധികാരികൾ നടപ്പിലാക്കിയ ചെറിയ ശിക്ഷാവിധികളും, രണ്ട്, തലശ്ശേരി കമ്പനി സൂപ്രണ്ടുമാർ നടപ്പിലാക്കിയ വലിയ ശിക്ഷാവിധികളും (വധശിക്ഷ മുതലായവ). ദേശാധികാരികൾ നടപ്പിലാക്കിയ ശിക്ഷകൾ രാജ്യമര്യാദയനുസരിച്ചുള്ളതും ആധുനിക നിയമങ്ങളനുസരിച്ചുള്ളതും ഉണ്ടായിരുന്നു. ഇത്തരം ശിക്ഷാവിധികൾ താഴെ ചേർക്കുന്നു.

* കുറ്റം ചെയ്തവനെ വെയിലത്തു നിർത്തുന്നതും തലയിൽ എണ്ണയൊഴിച്ച് തളത്തിൽ വെയിലത്തു നിർത്തുന്നതും (232 F & G).

* സത്യം ചെയ്യിക്കലാണ് മറ്റൊന്ന്. നാലാളുകൂടിയ സ്ഥലത്തുവച്ച് മതഗ്രന്ഥം (വേദഗ്രന്ഥം) കൈ വച്ച് സത്യം ചെയ്യിക്കുന്നതാണ് (306, 307 G & H) മറ്റൊന്ന്.

* വായിഷ്ഠാണം (ചീത്തവിളിക്കുന്നത്, വഴക്കുണ്ടാക്കുന്നത്) മുതൽ മറ്റ് പോരായ്മത്തരങ്ങൾ കാണിക്കുന്നതിനും, ചെറിയ കലഹങ്ങൾ ഉണ്ടാക്കുന്നതിനും മറ്റും ശിക്ഷ വിധിക്കുന്നതിങ്ങനെയാണ്:- കുറ്റം ചെയ്തവനെ കെട്ടിയിട്ട് പുറത്ത് ചൂരൽകൊണ്ട് 12 അടി, 39-ൽ കൂടുതലല്ലാത്ത അടി, 25 ദിവസം വരെ തടവ്, പ്രായശ്ചിത്തവും 20 ഉറുപ്പികവരെയുള്ള പിഴയും എന്നിവയാണ് വിധിച്ചിരുന്നത് (1334 K).

നികുതിപ്പണം കൃത്യമായി നൽകാതിരുന്നതിന് പലരീതിയിലുള്ള ശിക്ഷാവിധികൾ നടപ്പിലാക്കിയിരുന്നു. ഇത്തരം രീതികളെക്കുറിച്ചു രേഖകൾ സൂചന നൽകുന്നുണ്ട്. പറാവിൽ കിടത്തുക, അടിക്കുക, വെള്ളത്തിൽ നിർത്തുക, കല്ലു ചുമപ്പിക്കുക തുടങ്ങിയവ. (1427 M). എന്നാൽ വലിയ അന്യായങ്ങളാണെങ്കിൽ ദേശാധികാരിയുടെ വിശദമായ കത്തോടുകൂടി കുറ്റക്കാരനെ തലശ്ശേരിയിൽ ഹാജരാക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ കൊലപാതക കുറ്റങ്ങൾക്കും മറ്റും തലശ്ശേരിയിൽനിന്ന് പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കടുത്ത ശിക്ഷകൾ വിധിക്കുന്നുണ്ട്. (കൊലപാതകങ്ങൾ മുമ്പും നടന്നിട്ടുണ്ടെങ്കിലും അവയൊന്നും വിചാരണ ചെയ്യപ്പെട്ടിരുന്നില്ല). രേഖകളിൽ ലഭ്യമാകുന്ന ആദ്യത്തെ വധശിക്ഷാവിധി 1799 മെയ്മാസം 11-നാണ് നടപ്പിലാക്കിയത്. തലശ്ശേരി നഗരത്തിലെ ഏറ്റവും പരസ്യമായിട്ടുള്ള സ്ഥലത്തുവച്ച് കൊല്ലവർഷം 974 എടവം 2-ന് സൂര്യൻ ഉദിച്ചസ്തമിക്കുന്നതിനു മുമ്പെ തിയ്യൻ മണിമല കുഞ്ഞാന്റെയും മരുതോട്ടു പൊക്കന്റെയും വധശിക്ഷയാണ് നടപ്പിലാക്കിയത് (1190 J). വധശിക്ഷയെ കുറിക്കുന്ന അഞ്ച് കത്തുകളാണ് തലശ്ശേരി രേഖയിലുള്ളത് (1190 J, 1225 J, 1260 J, 1352 K, 1407 K). പ്രധാനമായും മൂന്ന് രീതികളിലാണ് വിധി നടപ്പിലാക്കിയിരുന്നത്. 1) പരസ്യമായി കൊത്തികൊല്ലുന്നത്. 2) കഴുത്തിൽ കയറിട്ട് പൊതുനിരത്തിലൂടെ നടത്തിച്ച് അപമാനിച്ച് പരസ്യമായി മരത്തിൽ തൂക്കിക്കൊല്ലുന്നത്. 3) പരസ്യമായി തല വെട്ടുന്നത്. കമ്പനി താവളമായ തലശ്ശേരിയിൽ വച്ചായിരുന്നു എല്ലാ വിധികളും നടപ്പിലാക്കിയിരുന്നത്. കുറ്റകൃത്യങ്ങൾക്കെതിരെ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും, മലബാറിലെ നീതിന്യായ കാര്യങ്ങളിൽ അന്തിമവിധി കമ്പനിയുടെതാണെന്നും ഉള്ള സന്ദേശം പൊതുസമൂഹത്തിലെത്തിക്കും വിധമായിരുന്നു ഈ വിധികൾ നടപ്പിലാക്കിയിരുന്നത്. തലവെട്ടുന്ന രീതി 1800 ജനുവരിയിൽ വരുന്ന വിധിയോടെ മാറ്റുന്നു. പിൽകാലത്ത് തൂക്കിക്കൊല്ലുന്ന ശിക്ഷാരീതിയാണ് കോളണി ഗവൺമെന്റ് പിൻതുടർന്നു പോന്നത്.






## ഉപസംഹാരം

തലശ്ശേരി രേഖകൾ സവിസ്തരം പഠിക്കപ്പെടേണ്ട ഒരു കൊളോണിയൽ ഉപാദാനമാണ്. അത്തരമൊരുദ്യമത്തിന്റെ ഫലമാണ് പ്രബന്ധത്തിൽ സൂചിപ്പിച്ച കാര്യങ്ങൾ. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഉത്തരമലബാറിന്റെ രാഷ്ട്രീയ സാംസ്കാരിക ഭൂമികയിൽവരുന്ന മാറ്റങ്ങളെയാണ് തലശ്ശേരി രേഖകൾ പ്രതിനിധാനം ചെയ്യുന്നത്. പരമ്പരാഗത കീഴ്വഴക്കങ്ങൾ കീഴ്മേൽ മറിയുന്ന ഇക്കാലത്ത് ആധുനിക നിയമാവലിയുടെ അടിസ്ഥാനത്തിൽ ജന്മി കുടിയാൻ ഫ്യൂഡൽബന്ധങ്ങളെ പുനർനിർവചിച്ചു. നികുതി പിരിവിനും ചുങ്കം പിരിക്കലിനും പുതിയ മാനങ്ങൾ കൈവന്നു. തൊഴിൽകൂട്ടങ്ങളുടെ മേൽ കൊളോണിയൽ ഗവൺമെന്റിന്റെ പ്രത്യക്ഷ നിയന്ത്രണങ്ങൾ ഉണ്ടായതും ഇക്കാലത്തെ സവിശേഷതയായിരുന്നു. കുരുമുളകിന്റെ കുത്തകയും കമ്പനി നേടിയെടുത്തു. ഉപ്പളങ്ങളും കടത്തുകടവുകളും കമ്പനിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിലായിരുന്നു. വെടിമരുന്നിന്റെ പൂർണ്ണനിയന്ത്രണാവകാശവും കമ്പനിയിൽ നിക്ഷിപ്തമായിരുന്നുവെന്ന് രേഖകൾ കാണിക്കുന്നുണ്ട് (H: 745,758, 761, 778 I). 1800-ഓടുകൂടി ബോംബെ പ്രവിശ്യയിൽനിന്നു മാറ്റി മലബാർ മദ്രാസ് പ്രവിശ്യയുടെ ഭാഗമാക്കുകയും ചെയ്തിരുന്നു. ഇതോടെ നികുതി പിരിവും പാട്ടം ചുമത്തലും കൂടുതൽ കാര്യക്ഷമമായി.

നാടുവാഴികളുടെ രാഷ്ട്രീയാധികാരശേഷിയും ഇക്കാലത്ത് നഷ്ടപ്പെടുന്നുണ്ട്. മൊത്തം ഉത്പാദനത്തിന്റെ അഞ്ചിലൊന്ന് മാലിഖാൻ പറ്റി നാടുവാഴികളെല്ലാം നികുതി പിരിവ് കമ്പനിക്ക് കൈമാറുന്നു. ഇതോടെ കൊളോണിയൽ താൽപര്യങ്ങളനുസരിച്ചുള്ള ഏകീകൃത നികുതി പിരിവും അളവ് തൂക്കമാനദണ്ഡങ്ങളും നിലവിൽ വരുന്നതുകാണാം. സർക്കാർ മുദ്രവച്ച തട്ടയും തടയും അളവ് തൂക്കങ്ങളുടെ അടിസ്ഥാനമാനദണ്ഡങ്ങളായി മാറി. ഇവയൊക്കെ താങ്ങി നിർത്തുന്ന ഏകീകൃത നിയമാവലിക്രമങ്ങളുടെ രൂപീകരണം കൂടിയായപ്പോൾ മലബാർ പൂർണ്ണമായും ബ്രിട്ടീഷ് നിയന്ത്രണത്തിലായി.

## * അനുബന്ധം

### തലശ്ശേരി രേഖകളിലെ ചില വടക്കൻ പ്രയോഗങ്ങൾ

| | |
|---|---|
| അതിം വണ്ണം | - അപ്രകാരം |
| അമക്കുക | - ഒതുക്കുക, അമർത്തുക |
| അയ്യംവിളി | - ഉറക്കെ കരയുന്നത് |

| | |
|---|---|
| അര്യത്ത് | - അരികത്ത് |
| അലമ്പല്/അലമ്പ് | - കലഹം |
| ഇട്ടൂടുക | - വിട്ടുകളയുക |
| ഇരിക്കീൻ | - നിങ്ങൾ ഇരിക്കൂ |
| ഉരിയാടാ | - മിണ്ടുക, പറയുക |
| ഉഭയം | - മൊത്തൽ, ഉൽപന്നങ്ങൾ |
| ഉമ്മച്ചിയാളെ | - മുസ്ലീം സ്ത്രീകളുടെ |
| എടച്ചൽ | - കലഹം |
| എടഞ്ഞാറാക്കുക | - ബുദ്ധിമുട്ടിക്കുക |
| എകാരമ്പരൻ | - ജന്മി, നാട്ടുകോയ്മ,അമ്മാമ്പിരാൻ, തമ്പ്രാൻ, എന്നിവയുപയോഗിക്കുന്നു. |
| ഏച്ചിലും കുപ്പയും | - അവശിഷ്ടവും അതിടുന്ന സ്ഥലവും |
| എടവലം | - അയൽപക്കം |
| ഓല് | - അവര് |
| ഓറെ | - അവരുടെ |
| ഒറ്റയും തറ്റയും | - അവിടെയും ഇവിടെയുമായി |
| കക്കുക | - മോഷ്ടിക്കുക |
| കടച്ചി | - പശുക്കുട്ടി |
| കണ്ടപോലെ | - തോന്നിയപോലെ |
| കണ്ടാരെ | - കണ്ടതിനുശേഷം |
| കയനെ | - മൊത്തത്തിൽ |
| കലക്കിച്ചുകളഞ്ഞു | - ഇല്ലാതാക്കിക്കളയുന്ന |
| കലമ്പല് | - കലഹം |
| കലമ്പിക്കുക | - കലഹിക്കുക |
| കാലക്കേട് | - അപകടം |
| കാവ്കാറ | - ചുമടു ചുമക്കുന്നവർ |
| കീക്കുക | - ഇറക്കുക |
| കീച്ചിട്ട് | - ഇറക്കിയിട്ട് |
| കീഞ്ഞുപോകുക | - ഇറങ്ങിപോകുക |
| കുഞ്ഞുകുട്ടികൾ | - ഭാര്യയും കുട്ടികളും |
| കുറ്റിയറ്റുപോകുക | - അന്യംനിന്നുപോകുക |
| കൂലകം | - കോവിലകം |
| കൂറുപിരിശവും | - (മാപ്പിളപ്രയോഗം) വിധേയത്വം |
| കേറ്റുക | - കയറ്റുക |
| കൈയിത്താൻ | - കാര്യസ്തൻ |
| കൊടുത്തുട്ടത് | - കൊടുത്തുവിട്ടത് |
| കൊണം | - ഗുണം |





| | |
|---|---|
| കൊതമില്ല | - സുഖമില്ല |
| കൊത്തമ്പാരി | - മല്ലി |
| കൊയങ്ങുക | - ബുദ്ധിമുട്ടുക |
| കൊള്ളുക | - വാങ്ങുക |
| കൊള്ളുമ്മൽ | - പറമ്പിന്റെ മൺഭിത്തി |
| കോലാമ്മൽ | - വീടിന്റെ ഉമ്മറഭാഗത്ത് (sit out) |
| ചടപ്പായിപ്പോയി | - നാണക്കേടായിപ്പോയി |
| ചട്ടമാക്കുക | - ഏർപ്പാടാക്കുക |
| ചിൽവാനം | - നൂറ്റിച്ചില്വാനം, നൂറിൽകൂടുതൽ |
| ചെക്കൻ | - ചെറിയകുട്ടി (താഴ്ന്നജാതിക്കാരായ കുട്ടികളെ മേലാളന്മാർ ചെക്കൻമാർ എന്നാണ് വിളിച്ചിരുന്നത്. |
| ചെതം | - കേട് |
| ചെതം കൂടാതെ | - ബുദ്ധിമുട്ടു കൂടാതെ |
| ചെറമൻ/ചെറുമൻ | - പുലയ സമുദായക്കാരെ വിളിക്കുന്നത് |
| ഞായം | - ന്യായം |
| ഞാള് | - ഞങ്ങൾ |
| തക്കോണം | - തക്കവണ്ണം |
| തച്ചോടച്ച് | - തല്ലിത്തകർത്ത് |
| തപ്പുണ്ടായാൽ | - മുടക്കമുണ്ടായാൽ |
| തമ്മേച്ച് | - സമ്മതിച്ചു |
| തയ്ക്കുക | - അടിക്കുക |
| തരക് | - ഔദ്യോഗിക എഴുത്ത് |
| തുണ്ടത്തരം | - തോന്ന്യവാസം ഗുണ്ടായിസം |
| തെളിച്ചിതരിക | - വ്യക്തമാക്കിത്തരിക |
| നന്നാക്കുക | - കേടുപാടുകൾ തീർത്ത് പുതുക്കുക |
| നമ്മലാകുംപോലെ | - നമ്മളാൽ കഴിയുംപോലെ |
| നയഭമായിട്ട് | - നയപരമായിട്ട് |
| നായിന്റെ മോനെ | - പട്ടീടെ മോനേയെന്ന അസഭ്യപ്രയോഗം |
| നിരീച്ചിട്ട് | - വിചാരിച്ചിട്ട് |
| നിർമ്മര്യാദം | - മര്യാദകേട് |
| നിരൂവിപ്പാൻ, നീരീപ്പാൻ | - കരുതാൻ, വിചാരിപ്പാൻ |
| നിവിർത്തി | - ശേഷി |
| നെഞ്ഞത്ത് | - നെഞ്ചത്ത് |
| നെലയുണ്ടാക്കുക | - സ്ഥാനമാനങ്ങൾ ഉണ്ടാക്കുക |
| നെലയും വെലയും | - സ്ഥാനവും മാനവും |
| നെലവിളി | - ഉറക്കെ കരച്ചിൽ |

നേര് - സത്യം
നേര് പോരായ്ക - സത്യമില്ലായ്മ
നേര് വഴി - സത്യാവസ്ഥ
പഷ്ണി - പട്ടിണി
പന്തികേട് - ശരികേട്
പാഞ്ഞി - ഓടി
പാതി - പകുതി
പായുക - ഓടുക
പാർക്കുക - താമസിക്കുക
പാണ്ട്യാല - പാണ്ടികശാല
പൊട്ടിത്തെറിച്ച - ഗുരുത്തംകെട്ട
പേറുക - ചുമക്കുക
പെറുക - പ്രസവിക്കുക
പൊലയാടി - തോന്നിവാസി (അസഭ്യം)
പൊക്കണംകെട്ടവൻ - നാണം കെട്ടവൻ, മര്യാദയില്ലാത്തവൻ
പൊലയാട്ടിന് പൊറപ്പെട്ടാൽ- ദുർന്നടപ്പിനു ഒരുമ്പെട്ടാൽ
പൊലയാട്ട് - അവിഹിതം/ദുർന്നടപ്പ്
പോരായ്മത്തരം - കൊള്ളരുതായ്മകൾ
ബന്തൊസ്ഥ/ബെന്തോ
വസ്താക്കാഞ്ഞാൽ - തടഞ്ഞു നിർത്തുക
മതിച്ചുകൊടുക്കുക - മതിപ്പ്, ഏകദേശം കണക്കാക്കി കൊടുക്കുക
മണ്ടിപ്പോയി - ഓടിപ്പോയി
മണ്ടുക - ഓടുക
മലയായമക്കാര് - മലയാളികൾ
മലയാം - മലയാളം
മറ്റിച്ചാതി - മറ്റൊരുതരത്തിൽ
മാപ്പിളച്ചി - മുസ്ലീം സ്ത്രീ
മാനക്കേട് - അഭിമാനക്ഷതം
മുകദാവിൽ - മുഖമൊഴി
മുകോര - മുഖവുര
മുഷ്ക് - മുരടത്തരം
മൂരുവാൻ - കൊയ്തെടുക്കാൻ
മെക്കിട്ടേറുക - അതിക്രമം കാണിക്കുക
മെനവൻ - മേനോൻ (കണക്കെഴുത്തധികാരി)
മെയ്മൊതല് - ശരീരത്തിലെ ആഭരണങ്ങൾ
മേത്തൽ - മീത്തൽ
മേലാൽ - ഇനിമേലാൽ
മൊതല് - സമ്പത്ത്





മൊയിലിയാറ് - മുസ്ലീം മതപുരോഹിതൻ
മോന്തി - രാത്രി
ലെഹള - ബഹളം
വന്നാരം - വന്നപ്പോൾ
വയിന്നേരം - വൈകുന്നേരം
വരുത്തം, വെരുത്തം - സുഖമില്ലായ്മ
വർത്തകർ - കച്ചവടക്കാർ
വാപ്പ - പിതാവ് (മുസ്ലീം പ്രയോഗം)
വായിഷ്ഠാണം - വഴക്ക്
വെഗെന - പെട്ടെന്നുതന്നെ
വെടക്ക് - കേട്, ശരിയല്ലാത്തത്
വെയിക്കുക - കഴിക്കുക (ഭക്ഷണം)
വേള - കഴുത്ത്

## കുറിപ്പുകൾ

* തലശ്ശേരി രേഖകൾ (എഡി.) ജോസഫ് സ്കറിയ, ട്യൂബിങ്ങൻ യൂണിവേഴ്സിറ്റി ലൈബ്രറി മലയാളം മാനുസ്ക്രിപ്റ്റ് സീരീസ് (ജന. എഡി: സ്കറിയാ സക്കറിയ), ഡി. സി. ബുക്സ്, കോട്ടയം, 1996. (ഇവിടം തൊട്ട് ത. രേ.)

1. മെരു, മഹാമെരു തുടങ്ങിയവ ഉപമേയങ്ങളാണ്. പുരാണങ്ങളിലും മറ്റും വലിയ പർവ്വതനിരയെ കുറിക്കുന്നതിന് മഹാമെരുവെന്ന ഉപമ ചേർത്തു കാണുന്നുണ്ട്. രാമായണത്തിലും, മാൻഡസോർ ലിഖിതത്തിലും മറ്റും ഇത്തരം പരാമർശങ്ങൾ വരുന്നുണ്ട്. മൂഷികവംശകാവ്യത്തിലും മെരു പർവ്വതം വരുന്നുണ്ട്. ഇത് വളരെ വലിയ അഥവാ മഹത്തായ എന്നർത്ഥം വരുത്തുന്നതിന് ഉപയോഗിച്ചതായിട്ടാണ് കാണുന്നത്. Sivamurti, 1955, P. 8., Raghavan Pillai, 1977, Canto XII-19, P.111.

2. ത. രേ. കത്തുകൾ:- 5 C & D, 6 C & D, 13 C & D, 17 C & D, 409 H, 454 H, 510 H, 751 H, 982 H, 1204 J, 1351 K.

3. ത. രേ. കത്ത് 108 C & D. "ശ്രീമതു സകലഗുണ സമ്പന്നരാനാ മിത്ര ജന മനൊരഞ്ഞിതരാനാ അഖണ്ഡിത ലക്ഷമീ അയിശ്വർയ്യ സംപന്നരാനാ രാജമന്യ ശ്രീ രാജാധികാരി ......"

4. "ശ്രീമതു സകലഗുണ സമ്പന്നരാനാ അഖണ്ടിത ലക്ഷ്മി പ്രസന്നരാന രാജശ്രീ കൂത്താളി നായർ അവർകൾക്ക് പര്യർമ്മല കാനഗൊവി ഭീമരായർ അനെകം ആശീർ വാദം" ത. രേ. കത്ത് 1160 J.

5. അന്നത്തെ ജാതിസ്പർധയുടെ മൂർത്തരൂപം കാണിക്കുന്ന ഒരു സാക്ഷ്യമാണ് വാപ്പര കമ്പനിക്കെഴുതുന്ന പരാതിയായ ഈ കത്ത്. ഇതിനെക്കുറിച്ച് വിശദമായ ചർച്ച പിന്നീടു വരുന്നുണ്ട്. ത. രേ. കത്ത്. 1148 J.

6. അർത്ഥം മനസ്സിലാക്കാൻ പ്രയാസമുള്ള(ഈ ലേഖകനെ സംബന്ധിച്ച കാര്യമാണ്)തുകൊണ്ട് സാരാംശം ചേർക്കുന്നില്ല. "ജില്ലുല്ലാഹുൽ മുൽഖൂൽ മനാൽ ഠീപ്പു സുൽത്താൻ പാദഷാഹി ഖലദല ഹുമുലുസലത്തനത്തഹു മനശുറവയിജറം ജുരബനാം മെറഷത്തവ അജമത നിഷാമിറ മഹമ്മദലി അസ്സ വകച്ചെരി ജമലാബാദ ശെറബസദുറ മെയാബദം രിവില്ലാ..." ത. രേ. കത്ത്. 1138 J, 1139 J.

7. ത. രേ. കത്ത്. 1254 J. അവിഞ്ഞാട്ട് നായന്മാർക്ക് കമ്പനിയിൽ നിന്നുകിട്ടിയ മാലീഖാൻ വ്യവസ്ഥകളും ഈ അഭിസംബോധനയും തമ്മിൽ ചില സാമ്യങ്ങളുണ്ട്. "ഠിപ്പു സുൽത്താൻ മലയാംകൊല്ലം 964-മതിൽ (1789) നമുക്കുള്ള പയ്യോർമലരാജ്യത്തും മറ്റു മലയാളത്തിൽ പല രാജ്യത്തിലുമുള്ള രാജാക്കന്മാർ, പ്രജകൾ മുതലായവരെ രാജനീതിക്കും നീതിശാസ്ത്രനിയമങ്ങൾക്കും വിരോധമായി പല കല്പനകളും നടത്തി രാജാക്കന്മാർ പ്രജകൾ മുതലായവരെ പല ഉപദ്രവങ്ങളും ചെയ്തുവന്നതിനാൽ മലയാള രാജാക്കന്മാരുടെ അപേക്ഷപ്രകാരം ബഹുമാനപ്പെട്ട ഈസ്റ്റിന്ത്യാ കമ്പനി സർക്കാരിൽനിന്നു ഠിപ്പുവിനെ നീക്കം ചെയ്തു. അവരവരുടെ രാജ്യങ്ങൾ വസ്തുവഹകൾ സ്ഥാനമാനങ്ങൾ മുതലായതു അവർക്കുതന്നെ നടത്തം നടത്തിച്ചും അനുഭവിക്കാറാക്കി രാജാക്കന്മാർ പ്രജകൾ മുതലായവർക്കു സൌഖ്യം വരുത്തുകയാൽ ആ കാലത്ത് പയ്യോർമല നമ്മുടെ രാജ്യത്ത് മുതലെടുപ്പു ഇത്രയെന്നു നിശ്ചയിച്ചു. അതിൽ നമ്മുടെ സ്വരൂപത്തിലേക്കുള്ള അവകാശം ഇത്രയെന്നും കഴിച്ച് കാലത്താൽ സർക്കാരിലേക്ക് ഇത്രതന്നവരാണെന്നു സർക്കാരിൽനിന്നു നമ്മുടെ സ്വരൂപത്തിലെ അപ്പോഴത്തെ കാരണവരുംകൂടി കരാറു ചെയ്യുകയും......." (ഇത് കുറുമ്പ്രനാട്ട് താലൂക്കിൽപ്പെട്ടിരുന്ന അവിഞ്ഞാട്ട് നായന്മാരുടെ തമ്പാട്ടിൽ സൂക്ഷിച്ചിരിക്കുന്ന രേഖയാണ്. അവിഞ്ഞാട്ട് കരുണാകരൻ മാസ്റ്ററുടെ ഗ്രന്ഥശേഖരത്തിൽ നിന്നും പകർത്തിയെടുത്തത്, പേരാമ്പ്ര കോഴിക്കോട് ജില്ല).

8. ത. രേ. കത്തുകൾ, 144 C & E, F & G: 25, 26, 162, 165, 194, 232, 236, 245, 246, G & H: 280, 308, 342, 350, 352, 364, 399, H: 411, 412, 413, 741, H & L: 668, 704, I:939, 940, 942, J: 1003, 1072, 1173, K: 1344, 1412. അക്രമസംഭവങ്ങൾ സർവ്വസാധാരണമായി കത്തുകളിൽ കാണുന്നുണ്ട്. കൂടുതലായി വിവരിക്കുന്ന കത്തുകൾ മാത്രമെ ഇവിടെ ചേർത്തിട്ടുള്ളൂ.

9. 411 H, 939 I, 940 I ചെറുമക്കളെ വില കൊടുത്തുവാങ്ങുന്നതിന്റെ സൂചനകൾ കത്ത് 1013 J-ലും ഇവരെ ചന്തയിൽ കന്നുകാലികൾക്കൊപ്പവും മറ്റും വിൽക്കുന്നതിന്റെ സൂചന കത്ത് 1427 M ലും നൽകുന്നുണ്ട്. കൂടാതെ ഇരുപതാം നൂറ്റാണ്ടിന്റെ ഒന്നാം പകുതിയിൽപോലും ചെറുമക്കളെ നായന്മാരും മറ്റ് മേലാളവിഭാഗങ്ങളും യഥേഷ്ടം മർദ്ദിക്കുന്നതിന്റെ ഓർമ്മകൾ ഇന്നും നിലനിൽക്കുന്നുമുണ്ട്.

10. ത. രേ. 1011 J. ചിരികണ്ടപുരത്ത് പൊക്കമയിർ കമ്പനിക്കെഴുതിയ ഹർജിയുടെ സാരം - "വർഷമായി കാരണവർമാരായിട്ട് മൊതലു കൊടുത്തുവാങ്ങിയ കണ്ണാടിപറമ്പത്തു ചെലെരിയിൽ കലിക്കൊട്ടു തിരുമുമ്പൊടപറമ്പ്







മാറു എന്ന പൊലയടിയാന്മാരെ അന്നുതൊട്ടിന്നോളം അടക്കിപ്പോരുന്നുണ്ട്. ഇവരെ വിൽക്കുകയും പാട്ടക്കാണത്തിന് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മനസ്സുമുട്ടിയതുകൊണ്ട് (ബുദ്ധിമുട്ട്) ആണും പെണ്ണുമടങ്ങുന്ന പൊലയടിയാന്മാരെ വിലക്ക് കൊടുക്കുവാൻ സമ്മതിച്ചിരിക്കുന്നു. ഇതിനു തടസ്സമൊന്നുമുണ്ടാകരുതെന്ന് അപേക്ഷിക്കുന്നതാണ് ഹർജിയുടെ ഉള്ളടക്കം."

11. എടങ്കൈ വലങ്കൈ തുടങ്ങിയ കൂട്ടങ്ങൾ പൂർവ്വമധ്യകാലം തൊട്ടുതന്നെ തമിഴ്നാട്ടിൽ (പരസ്പരം കലഹിക്കുന്ന) നെയ്ത്തു നടത്തിയിരുന്ന തൊഴിൽകൂട്ടങ്ങളായിരുന്നുവെന്ന് കാണാം. ജാതിമേൽക്കോയ്മ നേടിയെടുക്കുന്നതിനുള്ള തർക്കങ്ങളായിരുന്നു കലഹങ്ങൾക്കു കാരണം. എന്നാൽ പലസമയങ്ങളിലും ഇവർ ഒരുമിച്ച് ദാനാദികർമ്മങ്ങളും മറ്റും ചെയ്തിരുന്നു. വിശദവിവരങ്ങൾക്ക് Ramaswami, 2006: 109-113.

12. ചൊവ്വക്കാരൻ മൂസ്സ കമ്പനിയുടെ വിശ്വസ്തനായ കച്ചവടക്കാരനായും, പണം കടം കൊടുക്കുന്ന ആളായും ഉത്തര മലബാറിൽ നിലനിന്നിരുന്നു. കൊളോണിയൽ കാലത്തിനു മുമ്പുതന്നെ രൂപം കൊണ്ട കേയിമാരെന്ന കച്ചവട കുടുംബത്തിന്റെ പ്രതിനിധിയായ മൂസ്സക്ക് പൂർവ്വ കൊളോണിയൽ കാലത്തുണ്ടായിരുന്നപോലെതന്നെ കൊളോണിയൽ കാലത്തും ഉൽപന്ന വിതരണവ്യവസ്ഥയുടെ ഭാഗമാകാൻ കഴിഞ്ഞിരുന്നു. Rahman, 2007:.129-139.

13. മൂവ്വായിരം നായരും (ഒരു കൂട്ടം), നാല് കോവിലകത്ത് ഉള്ള നായന്മാരും നാലുനകരത്തിലുള്ള കച്ചവടക്കാരും തറവാട്ടുകാരും, കുടിയാന്മാരും ഒരുമിച്ചാണ് കത്തിൽ പരാതിക്കാരായി പ്രത്യക്ഷപ്പെടുന്നത്. ഇവിടെ നാലുനഗരമെന്നതും മൂവ്വായിരം നായരെന്നതും ഒരു സംഘടനയാണെന്ന് കരുതുന്നു. നാലു നകരത്തിലെ ചെട്ടിമാർ പയ്യന്നൂർ പാട്ടെന്ന വാമൊഴി വഴക്കത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കൂടാതെ കോവാതലച്ചെട്ടി, മണിപ്പണ്ടാരം, വളഞ്ചിയാർ തുടങ്ങിയ കച്ചവടസംഘങ്ങളും പൂർവ്വ കൊളോണിയൽ കാലത്തുതന്നെ ഉത്തരമലബാറിൽ സജീവങ്ങളായിരുന്നുവെന്ന് പയ്യന്നൂർ പാട്ട് വെളിവാക്കുന്നുണ്ട്. ഇതുപോലെതന്നെ ഒന്നുകുറൈ ആയിരം ഒരു കച്ചവടകൂട്ടായ്മയായി തലശ്ശേരി രേഖയിൽ വരുന്നു. കൊടുങ്ങല്ലൂർകാവിൽ ഇവർക്ക് ഇന്നും ഒരു അവകാശത്തറയുണ്ട്. ത. രേ. കത്തുകൾ 418 H, 424 H, 863 I (നാലുനഗരം) 777 (ഒന്നുകുറൈ ആയിരം).

## ഗ്രന്ഥസൂചി


| | | |
|---|---|---|
| സ്കറിയാ ജോസഫ് (എഡി.) | 1996 | *തലശ്ശേരി രേഖകൾ* (ചുരുക്കെഴുത്ത്: ത.രേ.), *ട്യൂബിങ്ങൻ യൂണിവേഴ്സിറ്റി മലയാളം മാനുസ്ക്രിപ്റ്റ്സ് സീരീസ്* (ജന. എഡിറ്റർ: സ്കറിയാ സക്കറിയ) ഡിസി ബുക്സ്, കോട്ടയം. |
| ഗണേശ്, കെ. എൻ. | 1997 | *കേരളത്തിന്റെ ഇന്നലെകൾ*, തിരുവനന്തപുരം. |

Buchanan, Francis 1972 *A journey from Madras through the coun tries to Mysore, Canara and Malabar Vol II, Asian Educational Service, New Delhi.*

Kareem, C. K. 1973 *Kerala Under Hyder Ali and Tippu Sultan,* Kochi - 11.

Raghavan Pillai, K. 1977 *Mushikavamsha,* Trivandrum.

Rahman, Mujeebu 2007 *Merchants, Colonialism and Indigenous Capital: Chowakaram Moosa and the English East India Company in Advances, in Arts and Ideas* Vol 3. 122, Thrissur.

Ramaswamy, Vijaya 2006 *Textiles and Weavers in South India*, OUP, New Delhi.

Sivamurti, C. 1955 Sanskrit Literature and Art: Mirrors of Indian Culture, Memoirs of the Archaeologi cal Survey of India No.73, Indian Museum, Calcutta.


■



# പുന്നപ്ര-വയലാർ സമരം: ചരിത്രപാഠങ്ങൾ

**ജീസസ് റേ കുന്നുങ്കൽ**

തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിൽ നിർണ്ണായകമായ സ്ഥാനം വഹിച്ച സമരമായിരുന്നു 1946 ഒക്ടോബറിൽ നടന്ന പുന്നപ്ര-വയലാർ സമരം. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കർഷകത്തൊഴിലാളികളും, കയർവ്യവസായത്തൊഴിലാളികളും, മത്സ്യത്തൊഴിലാളികളും രാഷ്ട്രീയവും തൊഴിൽപരവുമായ ആവശ്യങ്ങളെ മുൻനിർത്തി നടത്തിയ സായുധവിപ്ലവമായിരുന്നു അത്. സമരം അടിച്ചമർത്താനായി സർ സി.പി.യുടെ പട്ടാളം 1946 ഒക്ടോബർ 24-ന് (1122 തുലാം 7) പുന്നപ്രയിലും ഒക്ടോബർ 27-ന് (1122 തുലാം 10) വയലാറിലും നടത്തിയ വെടിവയ്പിൽ നിരവധി തൊഴിലാളികൾ മരിച്ചു. പുന്നപ്ര-വയലാർ സമരത്തെക്കുറിച്ച് അനേകം ചരിത്രരചനകൾ ഉണ്ടായിട്ടുണ്ട്. സമരം നടന്നിട്ട് 62 വർഷം തികയുന്ന ഈ അവസരത്തിൽപ്പോലും പുതിയ വെളിപ്പെടുത്തലുകളും വാദഗതികളും ഉണ്ടായിക്കൊണ്ടിരിക്കുന്നു.

1946 ജനുവരിയിൽ സർ സി.പി. ഒരു പുതിയ ഭരണപരിഷ്കാരം പ്രഖ്യാപിച്ചു. 'അമേരിക്കൻ മോഡൽ' ഭരണഘടനയെന്നാണ് ഇത് അറിയപ്പെട്ടത്. പ്രായപൂർത്തിവോട്ടവകാശം, മാറ്റം ചെയ്യാൻ പാടില്ലാത്ത എക്സിക്യൂട്ടീവ് ഉപദേശാധികാരമുള്ള കമ്മിറ്റികൾ എന്നിവയ്ക്കു പുറമേ ദിവാന് അമേരിക്കൻ പ്രസിഡന്റിനു തുല്യമായ അവകാശാധികാരങ്ങളും നൽകുന്ന ഒരു ഭരണപരിഷ്കാരമായിരുന്നു അത്. അതനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട നിയമസഭയോട് ഉത്തരവാദിത്വമില്ലാത്തതും രാജാവ് നിയമിക്കുന്നതുമായ ഒരു എക്സിക്യൂട്ടിവിലാണ് അധികാരം നിക്ഷിപ്തമായിരുന്നത് (പ്രൊഫ. അച്യുതവാര്യർ, 2006: 214). ഇതിനെതിരെ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും പ്രതിഷേധമുയർന്നു. സംഘടനയിലെ തീവ്രവാദിവിഭാഗത്തിന്റെ എതിർപ്പുകാരണം തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസും ഇതംഗീകരിച്ചില്ല. 'അമേരിക്കൻ മോഡൽ അറബിക്കടലിൽ' എന്ന മുദ്രാവാക്യം ഈ ഭരണഘടനയോടുള്ള രൂക്ഷമായ വിപ്രതിപത്തി പ്രകടിപ്പിക്കുന്നതായിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ വിലക്കയറ്റവും, തൊഴിലില്ലായ്മയും, ദാരിദ്ര്യവും ജനജീവിതം ദുസ്സഹമാക്കി. സവർണ്ണർക്കു പ്രാമുഖ്യം ഉണ്ടായിരുന്ന ജാതിവ്യവസ്ഥയും സാമ്പത്തികചൂഷണത്തിലധിഷ്ഠിതമായ ജന്മിമുതലാളിവ്യവസ്ഥയും ആലപ്പുഴ-ചേർത്തല പ്രദേശത്തെ തൊഴിലാളികളുടെയും കർഷകരുടെയും ജീവിതം ദുസ്സഹമാക്കി. ദിവാന്റെ ദുർഭരണത്തിനെതിരേയും വിലനിയന്ത്രണത്തിനും കൂലിക്കൂടുതലിനും വേണ്ടിയും ഫാക്ടറി തൊഴിലാളികളും കർഷകതൊഴിലാളികളും സംഘടിച്ചു സമരത്തിനിറങ്ങി. 1946 സെപ്തംബർ 24-ാം തീയതി തങ്ങൾക്ക് രാഷ്ട്രീയ സ്വാതന്ത്ര്യവും അടിയന്തിരാവകാശങ്ങളും അനുവദിക്കുന്നതുവരെ അനിശ്ചിതകാലത്തേയ്ക്ക് ആലപ്പുഴയിലുള്ള തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. പോലീസും ഗവൺമെന്റും സമരത്തെ മർദ്ദിച്ചൊതുക്കാൻ ശ്രമിച്ചു. ഒക്ടോബർ 1-ന് സർ സി.പി. കരിനിയമം പ്രഖ്യാപിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയും ട്രേഡ് യൂണിയനുകളും നിരോധിക്കപ്പെട്ടു (ടി.കെ. ഗംഗാധരൻ: 2007:439). ഇത് ജനങ്ങളെ കൂടുതൽ പ്രകോപിതരാക്കി. പ്രതിഷേധയോഗങ്ങളും പണിമുടക്കുകളും വ്യാപകമായി. ഒക്ടോബർ 20-ന് അഖില തിരുവിതാംകൂർ ട്രേഡ് യൂണിയൻ കോൺഗ്രസ് പൊതുപണിമുടക്ക് ആഹ്വാനം ചെയ്തു. എല്ലാ നിരോധനാജ്ഞകളും ലംഘിക്കപ്പെട്ടു. തൊഴിലാളിസമരങ്ങൾ വ്യാപകമായതോടെ ആലപ്പുഴയിലും അയൽപ്രദേശങ്ങളിലും പട്ടാളനിയമം പ്രഖ്യാപിച്ചു. സർ സി. പി. സ്വയം സർവ്വസൈന്യാധിപനായി ചാർജ്ജെടുത്തു. ഒക്ടോബർ 24-ാം തീയതി ആയിരക്കണക്കിനു തൊഴിലാളികൾ ജാഥയായി പുന്നപ്രയിലേക്കു നീങ്ങി. അവിടെ വെച്ച് പോലീസും തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാവുകയും തുടർന്ന് പോലീസ് നടത്തിയ വെടിവയ്പ്പിൽ നിരവധി തൊഴിലാളികൾ മരിക്കുകയും ചെയ്തു.

പുന്നപ്ര സംഭവത്തെതുടർന്ന് 1946 ഒക്ടോബർ 25-ന് ആലപ്പുഴ-ചേർത്തല താലൂക്കുകളിൽ പട്ടാളനിയമം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് ആലപ്പുഴ പട്ടണത്തിനു വടക്കുള്ള കാട്ടൂരും മാരാരിക്കുളത്തും ചേർത്തലയ്ക്കടുത്തുള്ള വയലാർ, മേനാശ്ശേരി പ്രദേശത്തും സംഘട്ടനങ്ങൾ നടന്നു. ഒക്ടോബർ 27-ന് പട്ടാളം വയലാറിലെ കമ്മ്യൂണിസ്റ്റ് ക്യാമ്പ് വളഞ്ഞു. അതിനു മുൻപുതന്നെ വാളന്റിയർമാരോട് പിരിഞ്ഞുപോകാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ലഘുലേഖകൾ പട്ടാളം വിമാനത്തിൽനിന്നും വർഷിച്ചിരുന്നു. പക്ഷേ സമരക്കാർ പിരിഞ്ഞുപോയില്ല. യന്ത്രത്തോക്കുകളുമായി വന്ന പട്ടാളത്തെ തൊഴിലാളികൾ നേരിട്ടത് വാരിക്കുന്തവും കൽച്ചീളുകളും കൊണ്ടായിരുന്നു. മൂന്ന് മണിക്കൂറിലേറെ നീണ്ട വെടിവയ്പിൽ തൊഴിലാളികളിൽ ഭൂരിഭാഗവും കൊല്ലപ്പെട്ടു. എത്ര പേർ അവിടെ മരിച്ചുവീണു എന്നതിന് ഇന്നും കൃത്യമായ കണക്കുകളില്ല. ഒക്ടോബർ 28-ന് പൊതുപണിമുടക്കുകൾ പിൻവലിച്ചു.





പുന്നപ്ര വയലാർ സമരത്തെക്കുറിച്ച് നിരവധി ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവയെല്ലാം സമരത്തെക്കുറിച്ച് സമാനമായ വീക്ഷണഗതികളല്ല മുന്നോട്ടുവയ്ക്കുന്നത്. ഒരു ചരിത്രസംഭവത്തെക്കുറിച്ച് വിഭിന്ന വീക്ഷണഗതികൾ ഉണ്ടാകുന്നത് അത് രചിക്കുന്നവരുടെ ചരിത്രവിജ്ഞാനീയപരമായ നിലപാടുകളിലെ വ്യത്യസ്തതമൂലമാണ്.

ആധുനികചരിത്രവിജ്ഞാനീയം പ്രധാനമായും നാല് ചരിത്രരചനാ പദ്ധതികൾ അവതരിപ്പിക്കുന്നു.

1) സാമ്രാജ്യത്വവാദചരിത്രവിജ്ഞാനീയം (Imperialist / Colonial Historio--graphy)
2) ദേശീയവാദചരിത്രവിജ്ഞാനീയം (Nationalist Historiography)
3) മാർക്സിയൻചരിത്രവിജ്ഞാനീയം (Marxist Historiography)
4) കീഴാളചരിത്രവിജ്ഞാനീയം (Subaltern Historiography)

മുകളിൽ സൂചിപ്പിച്ച വിവിധ ചരിത്രരചനാപദ്ധതികളുടെ അടിസ്ഥാനത്തിൽ പുന്നപ്ര-വയലാർ സമരചരിത്രപാഠങ്ങളെ മൂന്നായി വർഗീകരിക്കാം.

1. മാർക്സിയൻ ചരിത്രവീക്ഷണഗതി പുലർത്തുന്ന രചനകൾ
2. മാർക്സിയൻ വീക്ഷണഗതി പുലർത്തുന്ന രചനകളോടുള്ള വിമർശനങ്ങൾ ഉൾക്കൊള്ളുന്നവ.
3. കീഴാളചരിത്രരചനാസ്വഭാവം പുലർത്തുന്ന രചനകൾ.

കെ.സി. ജോർജ്ജിന്റെ 'പുന്നപ്ര-വയലാർ', എം.ടി.ചന്ദ്രസേനന്റെ 'പുന്നപ്ര വയലാർ ജ്വലിക്കുന്ന അദ്ധ്യായങ്ങൾ', കെ. ദാമോദരനും സി. നാരായണപിള്ളയും ചേർന്നെഴുതിയ 'കേരളത്തിലെ സ്വാതന്ത്ര്യസമരം', ഇ.എം. എസ്സിന്റെ 'കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ', ഫാ. അലോഷ്യസ് ഡി.ഫെർണാണ്ടസ് എഡിറ്റു ചെയ്ത 'പുന്നപ്ര വയലാർ സമരം അനുഭവങ്ങളിലൂടെ', എം. ടി.ചന്ദ്രസേനന്റെ 'ടി.വി.തോമസ്', 'രണാങ്കണത്തിലെ യോദ്ധാക്കൾ', ഇ.എം. എസ്സിന്റെ 'മലബാർ കലാപവും പുന്നപ്ര വയലാറും ഒരു താരതമ്യപഠനം' എന്ന ലേഖനം, സി. ഭാസ്കരൻ എഡിറ്റു ചെയ്ത 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യപഥികർ', ഇ.എം.എസ്സിന്റെ 'കേരളചരിത്രം മാർക്സിസ്റ്റ് വീക്ഷണത്തിൽ', മാതൃഭൂമി ബുക്സിന്റെ 'സഖാവ് കൃഷ്ണപിള്ളയുടെ ജീവചരിത്രം', ഡോ. കെ.കെ.എൻ.കുറുപ്പിന്റെ 'കേരളത്തിലെ കർഷകസമരങ്ങൾ', ബിനുരാജിന്റെ 'പുന്നപ്ര-വയലാർ ചരിത്രത്തിൽ സംഭവിച്ചതും ചരിത്രകാരനിൽ സംഭവിച്ചതും' എന്ന ലേഖനം, എൻ.ഇ.ബാലറാമിന്റെ 'കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം'എന്നിവ മാർക്സിയൻ ചരിത്രവീക്ഷണഗതി പുലർത്തുന്നവയാണ്.

പ്രൊഫ. എ. ശ്രീധരമേനോന്റെ 'പുന്നപ്ര വയലാറും കേരളചരിത്രവും', 'സർ സി.പി.യും സ്വതന്ത്രതിരുവിതാംകൂറും ചരിത്രരേഖകളിലൂടെ', 'Triumph and Tragedy in Travancore', 'Political History of modern Kerala', എൻ. ശ്രീകണ്ഠൻനായരുടെ 'വഞ്ചിക്കപ്പെട്ട വേണാട്', ഡോ. ബാലകൃഷ്ണന്റെ 'History of Communist movement in Kerala', ഡോ. റ്റി.കെ. രവീന്ദ്രൻ എഡിറ്റു ചെയ്ത 'Journal of Kerala Studies', ശ്രീ. വർഗ്ഗീസ് തുണ്ടിയിലിന്റെ 'സെന്റ് സേവ്യേഴ്സ് കാർമ്മൽ വില്ല സ്വതന്ത്രതൊഴിലാളി യൂണിയൻ പ്രസ്ഥാനത്തിന്റെ ഈറ്റില്ലം' എന്ന ലേഖനം, ശ്രീധരമേനോന്റെ 'കേരളചരിത്രം', 'A Survey of Kerala History', ലാസർ ഷൈന്റെ 'പുന്നപ്ര വയലാറിന് പുതിയ ചരിത്രം' എന്ന മലയാളം വാരികയിലെ ലേഖനം, രവിവർമ്മതമ്പുരാന്റെ 'പുന്നപ്ര വയലാർ അപ്രിയസത്യങ്ങൾ', ഏ.എം.ജോസി അരശർ കടവിലിന്റെ 'പുന്നപ്രസമരം ചരിത്രത്തിലെ കഥയും കഥയിലെ ചരിത്രവും' എന്നിവ മാർക്സിയൻ നിലപാടുകളോടുള്ള വിമർശനങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

ഈ രണ്ടു സമീപനങ്ങളിൽനിന്നും വ്യത്യസ്തമായ സമീപനമാണ് ദലിത്ബന്ധു എൻ.കെ.ജോസിന്റെ 'വയലാർ ലഹള' എന്ന ഗ്രന്ഥം. കീഴാളചരിത്രരചനയുടെ സ്വഭാവമാണ് ഈ ഗ്രന്ഥത്തിനുള്ളത്. ഡോ. റ്റി.കെ.രവീന്ദ്രൻ എഡിറ്റു ചെയ്ത 'Journal of Kerala Studies' എന്ന ഗ്രന്ഥത്തിൽ ഷീല ഇറിൻ ജയന്തി ചർച്ച ചെയ്യുന്നത് പുന്നപ്ര-വയലാർ സമരത്തിലെ കുടിയാൻമാരുടെ പങ്കിനെക്കുറിച്ചാണ്.

പുന്നപ്ര-വയലാർ സമരത്തെക്കുറിച്ചുള്ള വ്യത്യസ്തചരിത്രപാഠങ്ങൾ സമരത്തിൽ പങ്കെടുത്ത സാധരണക്കാരായ തൊഴിലാളികളുടെയും കർഷകരുടെയും ആദർശധീരതയെയും ത്യാഗസന്നദ്ധതയെയും ചോദ്യം ചെയ്യുന്നവയല്ല. പ്രധാനമായും മൂന്നു കാര്യങ്ങളിലാണ് പാഠാന്തരങ്ങൾ ഉണ്ടായിട്ടുള്ളത്.

1. സമരത്തിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നു?
2. നേതൃത്വം അണികളെ വഞ്ചിച്ചോ?
3. സമരത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കാണേണ്ടതുണ്ടോ?

രാജ, ജന്മി, നാടുവാഴിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെ തിരുവിതാംകൂറിലെ രാഷ്ട്രീയപ്രബുദ്ധരായ തൊഴിലാളികൾ നടത്തിയ സജീവമായ ചെറുത്തുനിൽപ്പും കടന്നാക്രമണവുമായിരുന്നു പുന്നപ്ര-വയലാർ സമരമെന്നും അത് അന്തർദേശീയവും ദേശീയവുമായ സാഹചര്യങ്ങളുടെ അനിവാര്യതയിൽനിന്നാണ് ഉത്ഭവിച്ചതെന്നുമാണ് മാർക്സിയൻ വീക്ഷണം. രണ്ടാം ലോകമഹായുദ്ധത്തിൽ ഇന്ത്യയുടെ ആഭ്യന്തരസ്വത്ത് മുഴുവൻ ബ്രിട്ടൻ യുദ്ധാവശ്യത്തിനായി കൊള്ളയടിച്ചിരുന്നു. ഇതിന്റെ ഫലമായി രാജ്യത്ത് പൊതുവേയും തിരുവിതാംകൂറിൽ പ്രത്യേകിച്ചും ഉണ്ടായ വിലക്കയറ്റവും തൊഴിലില്ലായ്മയും, ദാരിദ്ര്യവും സാധാരണജനജീവിതത്തെ ദുസ്സഹമാക്കി. കൂടാതെ ഭൂവുടമകളും മുതലാളിമാരും കർഷകരേയും തൊഴിലാളികളേയും വളരെ ക്രൂരമായി ചൂഷണം ചെയ്തിരുന്നു. ഇതിനിടെയാണ് പ്രായപൂർത്തി വോട്ടവകാശം, മാറ്റം ചെയ്യാൻ പാടില്ലാത്ത എക്സിക്യൂട്ടീവ്, ഉപദേശാധികാരമുള്ള കമ്മറ്റികൾ എന്നിവയ്ക്കു പുറമെ ദിവാന് അമേരിക്കൻ പ്രസിഡന്റിന് തുല്യമായ അവകാശാധികാരങ്ങൾ നൽകുകയും ചെയ്യുന്ന അമേരിക്കൻ മോഡൽ ഭരണ പരിഷ്കാരം സർ. സി.പി. നിർദ്ദേശിച്ചത്. കൂടാതെ തിരുവിതാംകൂറിനെ ബ്രിട്ടീഷ് ഭരണമവസാനിപ്പിക്കുന്ന നാൾമുതൽ ഇന്ത്യയിൽനിന്നു വേർപെടുത്തി ഒരു സ്വതന്ത്രരാജ്യമാക്കി നിലനിർത്തുമെന്ന് സി.പി. പ്രഖ്യാപിക്കുകയുണ്ടായി. ഇതിനെതിരെ തിളച്ചുപൊങ്ങിയ ജനരോഷത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ഇടതുപക്ഷം രൂപം നൽകി. അങ്ങനെ സംഘടനാബോധമുൾക്കൊണ്ട കർഷകരും തൊഴിലാളികളും ചേർന്ന് ഗവൺമെന്റിനെതിരെ സമരത്തിന് തയ്യാറായി. പോലീസ് സഹായത്തോടെ ഗവൺമെന്റ് അത്തരം ശ്രമങ്ങളെ അതിക്രൂരമായി അടിച്ചമർത്താൻ തുടങ്ങി. അത്തരമൊരു സാഹചര്യത്തിൽ ഒരേറ്റുമുട്ടലിന് തൊഴിലാളിവർഗ്ഗവും കമ്മ്യൂണിസ്റ്റ് പാർട്ടിയും നിർബന്ധിതമാകുകയായിരുന്നെന്നും അതിന്റെ ഫലമായാണ് പുന്നപ്ര-വയലാർ സമരങ്ങൾ ഉണ്ടായതെന്നുമാണ് മാർക്സിയൻ ചരിത്രകാരന്മാർ പറയുന്നത്.

ഇതിനെതിരായ ചില വിമർശനങ്ങൾ മറ്റൊരുകൂട്ടം ഗ്രന്ഥകാരന്മാർ മുന്നോട്ടു വയ്ക്കുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം തിരുവിതാംകൂറിലുണ്ടായ സാമൂഹികപരാധീനതകളും സാമ്പത്തികതകർച്ചയുമൊക്കെ സമരകാരണമായി ഇവർ അംഗീകരിക്കുന്നു. എന്നാൽ 1942-ലെ ക്വിറ്റ് ഇന്ത്യാപ്രസ്ഥാനത്തെ എതിർത്തതും, സുഭാഷ്ചന്ദ്രബോസിനെ ഒരവസരത്തിൽ ദേശദ്രോഹിയെന്നും ഫാസിസ്റ്റ് ഏജന്റെന്നും ചിത്രീകരിച്ചുകൊണ്ട് നീചമായ ഭാഷയിൽ ശകാരിച്ചതും സ്വയംഭരണാവകാശതത്ത്വത്തിന്റെ പേരിൽ മുസ്ലീംലീഗിന്റെ പാകിസ്ഥാൻവാദത്തെ അനുകൂലിച്ചതും ഇന്ത്യൻ ജനതയിൽനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഒറ്റപ്പെടുത്തി. ഈ സാഹചര്യത്തിൽ ജനകീയസമരങ്ങൾ സംഘടിപ്പിച്ച് നഷ്ടപ്പെട്ട പ്രതിച്ഛായ വീണ്ടെടുക്കാനായിരുന്നു പുന്നപ്ര വയലാർ സമരങ്ങൾ ഉൾപ്പെടെയുള്ള സമരങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടി ആസൂത്രണം ചെയ്തതെന്നാണ് ശ്രീധരമേനോനെപ്പോലുള്ളവർ വാദിക്കുന്നത്.

പുന്നപ്ര-വയലാർ സമരചരിത്രമാരംഭിക്കുന്നത് പുന്നപ്ര പോലീസ് ക്യാമ്പാക്രമണം മുതലാണ്. പരാജയപ്പെട്ട ഒരു വിവാഹാലോചനയിൽനിന്ന് ഉത്ഭവിച്ച വ്യക്തിവൈരാഗ്യത്തിന്റെയും, കുടുംബവഴക്കിന്റെയും പരിണതഫലമായി ഉണ്ടായ തീവെയ്പ്പും ഇതോടനുബന്ധിച്ചുണ്ടായ ക്രമസമാധാനപ്രശ്നങ്ങളുമാണ് പുന്നപ്ര വെടിവെയ്പ്പിന് വേദിയായി തീർന്നതെന്നാണ് 'പുന്നപ്ര

സമരം ചരിത്രത്തിലെ കഥയും കഥയിലെ ചരിത്രവും' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്. "അരശർകടവിൽ പൊള്ളയിൽ കുടുംബത്തിലെ അംഗങ്ങൾക്ക് പുന്നപ്രയുടെ തീരപ്രദേശത്തെ സാമൂഹ്യ-സാമ്പത്തിക-വ്യാവസായിക മേഖലയിലുണ്ടായിരുന്ന സ്വാധീനവും ശക്തിയും അയൽകുടുംബത്തിലെ ചിലരുമായി യാദൃച്ഛികമായുണ്ടായ അകൽച്ചയും പുന്നപ്ര കടപ്പുറത്തെ രക്തക്കളമാക്കി മാറ്റിയതിൽ നിർണ്ണായകപങ്ക് വഹിച്ചിട്ടുണ്ട്. 1122 കന്നി 31-ാം തീയതി അരശർകടവിൽ പൊള്ളയിൽ കുടുംബത്തിന്റെ നേരെ ഉണ്ടായ ആക്രമണമാണ് ഇവിടെ പോലീസ് ക്യാമ്പ് സ്ഥാപിക്കാനും, ദിവസങ്ങൾക്കകം പോലീസ് ക്യാമ്പ് ആക്രമിക്കാനും ഇടയാക്കിയത്. ഈ സമരത്തെയാണ് ചരിത്രകാരൻമാർ പുന്നപ്ര സമരമായി രേഖപ്പെടുത്തുന്നത്. (എ. എം. ജോസി: 2007: 18,19) അരശർകടവിൽ പൊള്ളയിൽ കുടുംബത്തിൽനിന്നും മൽസ്യവ്യവസായരംഗത്തുണ്ടായിരുന്ന പ്രമുഖരിൽ ഒരാളായിരുന്നു അന്തപ്പൻ. തീരപ്രദേശത്തു മാത്രമല്ല പുന്നപ്രയുടെ സാമൂഹികജീവിതത്തിൽതന്നെ അന്തപ്പൻ അവിഭാജ്യഘടകമായി മാറിയിരുന്നു. സമ്പത്തും സാമൂഹികാംഗീകാരവുമുള്ള അന്തപ്പനെ കറുകപറമ്പിൽ സിൽവവൈദ്യരുടെ മകൾക്കുവേണ്ടി വിവാഹം ആലോചിച്ചു. 1121 കന്നി 31-ാം തീയതി അരശർകടവിൽ പൊള്ളയിൽ കുടുംബത്തിന്റെ നേരെയുണ്ടായ അക്രമണത്തിന്റെയും തീവെയ്പ്പിന്റേയും സൂത്രധാരനും നായകനുമായ കെ.എസ്.ബെന്നിന്റെ സഹോദരിയായിരുന്നു അത്. എന്നാൽ പെൺകുട്ടിയുടെ അമ്മയുടെ മതപരിവർത്തനപശ്ചാത്തലം ചൂണ്ടിക്കാട്ടി അന്തപ്പന്റെ ബന്ധുവായ ഇപ്പോലിത്ത് വിവാഹാലോചനയെ എതിർത്തു. അങ്ങനെ അന്തപ്പൻ ആ വിവാഹാലോചന ഉപേക്ഷിച്ചു. ഇത് തന്റെ കുടുംബത്തോടുള്ള അപമാനമായി ബെൻ കരുതി. പിന്നീട് അരശർകടവിൽ പൊള്ളയിൽ കുടുംബത്തിനെതിരായി തിരിയാൻ ബെന്നിനെ പ്രേരിപ്പിച്ചത് ഈ സംഭവമാണെന്നും ജോസി അഭിപ്രായപ്പെടുന്നു.

സമാനമായ അഭിപ്രായമാണ് 'പുന്നപ്ര വയലാർ അപ്രിയസത്യങ്ങൾ' എന്ന ഗ്രന്ഥത്തിലും അപ്ലോൺ അറോജിന്റെ പ്രസിദ്ധീകൃതമാകാത്ത കൈയ്യെഴുത്തുപ്രതികളിലും കാണുന്നത്. കന്നി 31-ന് പുന്നപ്രയിൽ ജന്മിമാരുടെ വീടുകൾ തൊഴിലാളികൾ ആക്രമിച്ചത് ഒരു കുടിപ്പകയിൽ നിന്നാണെന്ന് തമ്പുരാൻ അതിൽ പറയുന്നു. കെ.എസ്സ്. ബെൻ എന്ന തൊഴിലാളിനേതാവിന്റെ പെങ്ങൾക്ക് ജന്മികുടുംബത്തിലൊരാളുമായുണ്ടായിരുന്ന പ്രണയത്തിന്റെ തകർച്ചയാണ് ജന്മിമാരെ ആക്രമിച്ചതിനു പിന്നിലെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

കുട്ടികൾ തമ്മിലുണ്ടായ ഏതോ വാക്കുതർക്കത്തെ ആധാരമാക്കി തന്റെ കുടുംബാംഗമായ ഇപ്പോലിത്തിന്റെ വീട്ടിൽ സന്ധ്യാസമയത്ത് വീട്ടിൽ പുരുഷന്മാരാരും ഇല്ലാതിരുന്ന സമയം നോക്കി മത്സ്യതൊഴിലാളി യൂണിയനിലെ നാലഞ്ചു പ്രവർത്തകർ ചീത്ത പറയുകയും വെല്ലുവിളിക്കുകയും ചെയ്തു.





ഇതിനെതിരെ ഇപ്പോലിത്ത് പോലീസിൽ പരാതിപ്പെട്ടു. ഇതന്വേഷിക്കാൻ പോലീസ് വരുകയും തുടർന്ന് സംഘർഷമുണ്ടാകുകയുമായിരുന്നു എന്നാണ് 'അപ്ലോൺ അറോജിന്റെ വെളിപ്പെടുത്തലുകൾ' എന്ന ലേഖനത്തിൽ ലാസർ ഷൈൻ പറയുന്നത്.

പുന്നപ്ര വയലാർ സമരത്തെക്കുറിച്ചുണ്ടായ വിമർശനങ്ങളിൽ പ്രധാനമായ മറ്റൊന്ന് സമരനേതൃത്വം അണികളെ വഞ്ചിക്കുകയായിരുന്നോ എന്നുള്ളതാണ്. തിരുവിതാംകൂർ സമരത്തിലെ ധീരനായ പടയാളിയും വിപ്ലവകാരിയുമായിരുന്ന എൻ. ശ്രീകണ്ഠൻനായർ പറയുന്നത് ഇങ്ങനെയാണ്: "അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ കമ്മ്യൂണിസ്റ്റുകാർ അസംഘടിതവും വിവേകരഹിതവുമായ നേതൃത്വം നൽകി. പട്ടണം വിട്ട് ജനവാസം കുറഞ്ഞ ഗ്രാമങ്ങളിൽ അവർ ശക്തി കേന്ദ്രീകരിച്ചു. വിശദമായ പരിപാടിയോ സമർത്ഥമായ നേതൃത്വമോ ഉണ്ടായിരുന്നില്ല. സമരപാരമ്പര്യം പുനഃസ്ഥാപിക്കാൻവേണ്ടി രക്തപ്പുഴ ഒഴുക്കുന്ന മുറിവിപ്ലവകാരികളായിരുന്നു ഒരു വശത്ത് (യദുകുലകുമാർ: 1996: 88). സങ്കുചിതമായ പാർട്ടിതാൽപര്യങ്ങൾ സംരക്ഷിക്കാൻ നേതൃത്വത്തെ പൂർണ്ണമായി വിശ്വസിച്ച അണികളെ മനഃപൂർവ്വം വഞ്ചിച്ച് തോക്കിനിരയാക്കുകയായിരുന്നു നേതാക്കൾ ചെയ്തതെന്നാണ് 'പുന്നപ്ര വയലാറും കേരളചരിത്രവും' എന്ന ഗ്രന്ഥത്തിൽ ഏ. ശ്രീധരമേനോൻ അഭിപ്രായപ്പെടുന്നത് (2001:26). സമരം അടിച്ചമർത്തപ്പെട്ടതിനുശേഷം സംഭവത്തെക്കുറിച്ചന്വേഷിക്കാൻ സ്റ്റേറ്റ് കോൺഗ്രസ് കമ്മിറ്റി നിയമിച്ച ഏ.പി. ഉദയഭാനു റിപ്പോർട്ടിലും സമരനേതൃത്വത്തിനെതിരെയുള്ള പരാമർശം കാണാം. പുന്നപ്രയിലെ പോലീസ് സ്റ്റേഷൻ ആക്രമിച്ച ജാഥാംഗങ്ങളെ മഹാരാജാവിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുക്കാനെന്നു പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചാണത്രെ കൊണ്ടുപോയത്. പട്ടാളത്തെ നിയോഗിക്കാൻ തിരുവിതാംകൂർ ഗവൺമെന്റിന് അധികാരമില്ലെന്നും അവരുടെ കൈയ്യിലുള്ള തോക്കുകളിൽ വെടിയുണ്ടയില്ലെന്നുംവരെ പാവപ്പെട്ട അനുയായികളെ പറഞ്ഞു ധരിപ്പിച്ചിരുന്നുവത്രേ. ഈ സാഹചര്യത്തിൽ നേതാക്കന്മാരുടെ പ്രേരണയ്ക്കു വിധേയരായി, ഉണ്ടായില്ലാ തോക്കുകാരായ പട്ടാളക്കാരെ നേരിടാൻ വയലാറിലെ തൊഴിലാളികളും മറ്റും തയ്യാറായതിൽ അത്ഭുതമവകാശപ്പെടാനില്ല. പാർട്ടിയെ അന്ധമായി വിശ്വസിച്ച കുറെ പാവങ്ങൾ കുരുതി കൊടുക്കപ്പെട്ടുവെന്നതാണ് സത്യം. നേതാക്കന്മാർ ദേഹത്ത് ഒരു പോറൽപോലുമേൽക്കാതെ സമരരംഗത്തുനിന്ന് അപ്രത്യക്ഷരായി (ഏ. ശ്രീധരമേനോൻ: 2001: 27, 28).

അപ്ലോൺ അറോജിന്റെ പുന്നപ്ര വയലാർ സമരത്തെക്കുറിച്ചുള്ള കൈയ്യെഴുത്തുപ്രതിയിലും സമാനമായ അഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "പോലീസുകാരുടെ കൈവശമുള്ള തോക്കുകളിൽ വെടിയുണ്ടകളല്ല, മുതിരയാണ്. മുതിര നിറച്ച് വെടിവെച്ച് ശബ്ദം കേൾപ്പിച്ച് നമ്മെ വിരട്ടിയോ

ടിച്ച് വിജയിക്കാൻ അവർ ശ്രമിക്കും. ശരിയായി വെടിവെയ്ക്കണമെങ്കിൽ മുകളിൽനിന്ന് അവർക്ക് കൽപന കിട്ടണം. ഇന്ന് മഹാരാജാവിന്റെ ജന്മദിനമായതിനാൽ ഈ ദിനം കഴിയാതെ നമ്മെ എതിർക്കാൻ പാടില്ലെന്ന് അവർക്ക് നിർദ്ദേശം ഉണ്ട്. ഈ ഒരാഴ്ച പോലീസ് നമ്മെ ഒന്നും ചെയ്യില്ല. അതിനാൽ പോലീസ് ക്യാമ്പിനു മുമ്പിൽ ചെല്ലുമ്പോൾ എല്ലാവരും കമിഴ്ന്നു കിടന്നു നീന്തണം. വെടിവയ്ക്കാനാണ് ഭാവമെങ്കിൽ വാരിക്കുന്തങ്ങൾകൊണ്ട് അവരെ നേരിടണം. ആരെങ്കിലും പിൻതിരിഞ്ഞോടിയാൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സഖാക്കൾ അവരുടെ കുതികാൽ വെട്ടണം. അങ്ങനെയുള്ള ഭീരുക്കളുടെ കാൽ നഷ്ടപ്പെടുകതന്നെ ചെയ്യും" (മലയാളം വാരിക, ഒക്ടോബർ 2007, 42).

ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരായ ഇന്ത്യൻ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ നീണ്ടചരിത്രത്തിൽ ഒരു നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിലെ സംഘടിതരും രാഷ്ട്രീയബോധമുള്ളവരുമായിരുന്ന തൊഴിലാളിവർഗ്ഗം ഇന്ത്യയിലെ സാമ്രാജ്യത്വഭരണത്തിന്റെയും നാട്ടുരാജ്യങ്ങളിലെ രാജവാഴ്ച്ചയുടെയും അടിത്തറയിളക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തിയ ഏറ്റവും ഉജ്ജ്വലമായ സമരമായിരുന്നു പുന്നപ്ര വയലാർ സമരമെന്നും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ജ്വലിക്കുന്ന തീനാളമായി ഇന്നും അത് നിലനിൽക്കുന്നുവെന്നുമാണ് മാർക്സിയൻ ചരിത്രവാദികളുടെ വിശദീകരണം. 1996-ൽ പുന്നപ്ര വയലാർ സമരത്തിന്റെ 50-ാം വാർഷികവേളയിൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഐക്യമുന്നണി സർക്കാർ പുന്നപ്ര വയലാറിനെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിച്ചതും ഇവർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ 1946 സെപ്റ്റംബർ 2-ന് കേന്ദ്രത്തിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള താത്ക്കാലിക ദേശീയഗവൺമെന്റ് നിലവിൽ വന്നിരുന്നു. ഇന്ത്യ സ്വതന്ത്രയാകുമെന്നുള്ള കാര്യം പകൽവെളിച്ചംപോലെ വ്യക്തമായി കഴിഞ്ഞ ഒരു ഘട്ടത്തിൽ പുന്നപ്ര വയലാറിലേതുപോലുള്ള ഒരു എടുത്തുചാട്ടം അകാലികവും അനാവശ്യവുമായിരുന്നെന്നും അത് സംഭവിച്ചില്ലായിരുന്നെങ്കിൽതന്നെയും ബ്രിട്ടീഷ് ഭരണമവസാനിപ്പിച്ചുകൊണ്ട് ഇന്ത്യ സ്വാതന്ത്ര്യം കൈവരിക്കുമായിരുന്നെന്നും അതിനാൽ സ്വാതന്ത്ര്യപ്രാപ്തിയെ പ്രത്യക്ഷമായോ പരോക്ഷമായോ ഒരുവിധത്തിലും ത്വരിതപ്പെടുത്തിയ ഒരു സംഭവവികാസമായിരുന്നില്ല പുന്നപ്ര വയലാറെന്നും അഭിപ്രായപ്പെടുന്ന ചരിത്രപണ്ഡിതന്മാരുണ്ട് (ശ്രീധരമേനോൻ 2001: 39, 40).

പുന്നപ്ര വയലാർ സമരത്തെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ബലിയർപ്പണത്തിന്റെ ഉജ്ജ്വല അദ്ധ്യായമായാണ് കീഴാളചരിത്രസമീപനക്കാരും കാണുന്നത്. തിരുവിതാംകൂറിൽ നടന്നത് സർ സി.പി. രാമസ്വാമി അയ്യർ എന്ന ബ്രാഹ്മണനിൽനിന്നും ബാലരാമവർമ്മ എന്ന ക്ഷത്രിയനിൽനിന്നും രാഷ്ട്രീയാധികാരം പിടിച്ചുവാങ്ങാനുള്ള ദളിതന്റെ സമരമായിരുന്നു എന്നാണ് ദലിത് ബന്ധു തന്റെ 'വയലാർ ലഹള' എന്ന ഗ്രന്ഥത്തിൽ അഭിപ്രായപ്പെടുന്നത്. ഇനി ഇന്ത്യയിൽ നടക്കേണ്ട സമരം വയലാറിന്റെ ബാക്കിയാണെന്നും ഇനി ഇന്ത്യ മോചനം നേടേണ്ടത് ബ്രഹ്മണിസത്തിൽനിന്നും ആര്യൻ മേധാവിത്വത്തിൽനിന്നുമാണെന്നും അദ്ദേഹം പറയുന്നു. രണ്ടാം ലോകമഹായുദ്ധഫലമായുണ്ടായ രൂക്ഷമായ ക്ഷാമവും പട്ടിണിയും ജനജീവിതത്തെ ദുസ്സഹമാക്കിയതിനു പുറമേയായിരുന്നു ദളിതരുടെമേലുള്ള ജന്മിമാരുടെ കയ്യേറ്റവും പീഡനങ്ങളും. അതിനെതിരെയുള്ള ദളിതന്റെ സ്വാഭാവികപ്രതികരണമായിരുന്നു പുന്നപ്ര-വയലാർ സമരം. വയലാറിൽ മരിച്ചുവീണത് ഏതാണ്ട് മുഴുവനുംതന്നെ ദളിതരായിരുന്നു വെന്നും ഇന്നും സമരത്തിൽ എത്രപേർ മരിച്ചുവെന്നതിന് കൃത്യവും വ്യക്തവുമായ തെളിവില്ലാത്തത് ഇതിനാലാണെന്നും ദളിത് ബന്ധു പറയുന്നു (1996: 91, 92).

പുന്നപ്ര-വയലാർ സമരം വളരെയേറെ അഭിപ്രായഭേദങ്ങൾക്ക് ഇടം നല്കിയ ഒന്നാണ്. ഇന്നും ഏറെ ആരോപണപ്രത്യാരോപണങ്ങൾ പ്രസ്തുത സമരത്തിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്നു. ഏറെക്കാലം അതിന്റെ അനുസ്മരണത്തെ രക്തസാക്ഷിദിനമായും വഞ്ചനാദിനമായും പ്രത്യേകം പ്രത്യേകം അനുസ്മരിച്ചിരുന്നതും അതുകൊണ്ടാണ്. മാർക്സിയർ ചരിത്രവീക്ഷണം പുലർത്തുന്നവർ ധീരതയുടെയും ത്യാഗത്തിന്റെയും ദേശാഭിമാനത്തിന്റെയും സേവനത്തിന്റെയും പ്രതീകമായി ഈ സമരത്തെ കാണുമ്പോൾ, വിമർശകർ വിവേകരഹിതവും ബുദ്ധിശൂന്യവും സാഹസികവും എന്നുതന്നെയല്ല നൂറുകണക്കിന് തൊഴിലാളികളുടെ ജീവൻ നിഷ്ഫലവും നിഷ്പ്രയോജനവുമായ രീതിയിൽ ബലികൊടുത്തതുമായ ഒരു സമരമായാണ് ഇതിനെ കാണുന്നത്. കീഴാളചരിത്രവീക്ഷണഗതി പുലർത്തുന്നവരാകട്ടെ സവർണ്ണഭൂവുടമകളുടെയും ജന്മിമാരുടേയും കഠിനമായ ചൂഷണങ്ങൾക്കെതിരെയുള്ള ദളിതന്റെ പ്രതിഷേധമായി സമരത്തെ കാണുന്നു.

പുന്നപ്ര-വയലാർ സമരത്തെക്കുറിച്ചുള്ള അഭിപ്രായഗതികൾ എന്തുതന്നെയായാലും സമരത്തിൽ പങ്കെടുത്ത തൊഴിലാളികളുടെ ആത്മാർത്ഥതയെ ഇന്നുവരെ ആരും ചോദ്യംചെയ്തിട്ടില്ല. സ്വാതന്ത്ര്യത്തോടുള്ള അവരുടെ ആത്മാർത്ഥതയും ധീരതയും വിപ്ലവവീര്യവും എന്നെന്നും വിലമതിക്കപ്പെടേണ്ടതുതന്നെയാണ്. അടിമത്തം മരണത്തേക്കാൾ ഭയാനകമാണെന്ന് കരുതി എല്ലാവിധ അടിമത്തത്തിനുമെതിരായി അടിച്ചമർത്തപ്പെട്ട അദ്ധ്വാനിക്കുന്ന ജനത സ്വയം ജീവാർപ്പണംചെയ്ത ത്യാഗോജ്ജ്വലമായ സമരമായിരുന്നു അത്. തൊഴിലാളിവർഗ്ഗത്തിന് രാഷ്ട്രീയരംഗത്ത് എത്രമാത്രം സ്വാധീനം ചെലുത്താൻ കഴിയുമെന്ന് തെളിയിക്കാൻ ഈ സമരത്തിനു കഴിഞ്ഞു എന്നതാണ് അതിന്റെ ചരിത്രപരമായ പ്രാധാന്യം.

## ഗ്രന്ഥസൂചി


അലോഷ്യസ് ഡി. ഫെർണാണ്ടസ്. ഫാ: 2006 *പുന്നപ്രവയലാർ സമരം അനുഭവങ്ങളിലൂടെ* തിരുവനന്തപുരം:ചിന്ത പബ്ലിഷേഴ്സ്.

കുറുപ്പ് കെ.കെ.എൻ. ഡോ: 1999 *കേരളത്തിലെ കർഷകസമരങ്ങൾ 1946-52 ചരിത്രം*. കോട്ടയം:സാഹിത്യപ്രവർത്തക സഹകരണസംഘം.

ഗോപാലകൃഷ്ണൻനായർ, കെ.ജി. 2007 *വിമോചനസമരം ഒരു പഠനം*. കോട്ടയം: ഡി.സി. ബുക്സ്.

ചന്ദ്രസേനൻ, എം.ടി. 1991 *പുന്നപ്ര വയലാർ ജ്വലിക്കുന്ന അദ്ധ്യായങ്ങൾ*. കോട്ടയം: ഡി.സി. ബുക്സ്.

ചന്ദ്രസേനൻ, എം.ടി. 2003 *രണാങ്കണത്തിലെ യോദ്ധാക്കൾ*. തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്.

ചന്ദ്രസേനൻ, എം.ടി: 2000 *റ്റി.വി. തോമസ്*. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്.

ജോർജ്ജ്, കെ.സി. 1998 *പുന്നപ്ര വയലാർ*, തിരുവനന്തപുരം: പ്രഭാത് ബുക് ഹൗസ്.

ജോസി, എ.എം: 2007 *പുന്നപ്രസമരം ചരിത്രത്തിലെ കഥയും കഥയിലെ ചരിത്രവും*. കോട്ടയം: കറന്റ് ബുക്സ്.

ദലിത് ബന്ധു. 1996 *വയലാർ ലഹള*. വൈക്കം: ഹോബി പബ്ലിഷേഴ്സ്.

നാരായണപിള്ള സി. കെ. ദാമോദരൻ 1997 *കേരളത്തിലെ സ്വാതന്ത്ര്യസമരം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

നമ്പൂതിരിപ്പാട്, ഇ.എം.എസ്സ്: 1984 *കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ*, തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.

ഫ്രാൻസിസ് പി.ജെ. അഡ്വ: 2007 *ആലപ്പുഴ ജില്ലയുടെ ചരിത്രസ്മരണകൾ*, കോട്ടയം: കറന്റ് ബുക്സ്.

ബാലറാം, എൻ.ഇ: 1990 *കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം*, തിരുവനന്തപുരം:പ്രഭാത് ബുക്ക് ഹൗസ്.

ഭാസ്കരൻ, സി. (എഡിറ്റർ): 1998 *കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആദ്യപഥികർ*. തിരുവനന്തപുരം: ചിന്ത പബ്ലിഷേഴ്സ്.









യദുകുലകുമാർ. 1996 *കെ.വി.പത്രോസ് കുന്തക്കാരനും ബലിയാടും*. കോട്ടയം: ഡി.സി. ബുക്സ്.

ശ്രീകണ്ഠൻനായർ, എൻ. 1980 *വഞ്ചിക്കപ്പെട്ട വേണാട്*. കോട്ടയം: ഡി. സി. ബുക്സ്.

ശ്രീധരമേനോൻ, എ: 1983 *കേരളചരിത്രം*. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

ശ്രീധരമേനോൻ, എ. 2001 *പുന്നപ്ര വയലാറും കേരളചരിത്രവും*. കോട്ടയം: ഡി. സി. ബുക്സ്.

ശ്രീധരമേനോൻ, എ. 200 *സർ.സി.പി.യും സ്വതന്ത്രതിരുവിതാംകൂറും ചരിത്രരേഖകളിലൂടെ*. കോട്ടയം: ഡി. സി. ബുക്സ്.

Bajaj. K.Satish 1998 *Recent Trends in Historiography*. New Delhi: Amal Publications Pvt. Ltd.

Balakrishnan, E. Dr: 1998 *History of the Communist Movement in Kerala*. Kurukshethra Prakasan Pvt.Ltd,.

Cherian, P.J (State Editor: 1999 Prespectives on Kerala History. *The Second millennium Kerala State Gazatter* (Vol.II Part 11).

Ramachandran Nair, S. 2004 *Freedom struggle in Colonial Kerala*. Published by the author.

Sheik Ali 2005 *History, Its Theory and Method*. MacMillan India Ltd.

Sreedhara Menon, A. 2006 *A survey of Kerala History*, S. Vishwanathan Printers & Publishers Pvt.Ltd.

Sreedhara Menon, A. 2000 *A concise political history of modern Kerala 1855-1957*, S. Vishwanathan Printers & Publishers Pvt. Ltd.

Sumit Sarkar 2005 *Writing Social History*, Oxford University Press.


## ആനുകാലികങ്ങൾ


നമ്പൂതിരിപ്പാട് ഇ.എം.എസ്. 1997. മലബാർ കലാപവും പുന്നപ്ര വയലാറും ഒരു താരതമ്യപഠനം, *1921 മലബാർ കലാപം 75-ാം വാർഷികസ്മരണിക*.

പത്മനാഭൻ നമ്പൂതിരി, പി: 2006. സഖാക്കളുടേയും സഖാവിന് 100, *കലാകൗമുദി*, ലക്കം 1615, 2006 ഓഗസ്റ്റ്.

ബിനുരാജ് 2006. പുന്നപ്ര വയലാർ ചരിത്രത്തിൽ സംഭവിച്ചതും ചരിത്രകാരനിൽ സംഭവിച്ചതും, *മാധ്യമം ആഴ്ചപ്പതിപ്പ്*, 2006 നവംബർ.

ലാസർ ഷൈൻ 2007. പുന്നപ്ര വയലാറിന് പുതിയ ചരിത്രം, *സമകാലിക മലയാളം വാരിക*, 2007 ഒക്ടോ.26.

വർഗ്ഗീസ് തുണ്ടിയിൽ 1994. സെന്റ് സേവ്യേഴ്സ് കാർമ്മൽ വില്ല സ്വതന്ത്ര തൊഴിലാളിയൂണിയൻ പ്രസ്ഥാനത്തിന്റെ ഈററില്ലം, *സെന്റ് സേവ്യേഴ്സ് കാർമ്മൽ വില്ലാ സുവർണ്ണ ജൂബിലി പതിപ്പ്.*

വേണു, കെ. 2006. കേരളരാഷ്ട്രീയം അരനൂറ്റാണ്ടും അപ്പുറവും, *മാതൃഭൂമി*, 2006 ഒക്ടോബർ.


■



# എഫ്. എം. റേഡിയോ: ജനപ്രിയതയുടെ തരംഗദൈർഘ്യങ്ങൾ

**ജി.എസ്. പ്രതീഷ്**

വർത്തമാനകാലത്തിന്റെ സാമൂഹിക സൂചകങ്ങൾ വഹിക്കുന്ന മാധ്യമമെന്ന നിലയിലാണ് എഫ്.എം. റേഡിയോ ജനപ്രിയ മാധ്യമമായി രൂപാന്തരപ്പെട്ടിരിക്കുന്നത്. ആഗോളവൽക്കരണാനന്തര കേരളത്തിൽ ഉറപ്പിക്കപ്പെട്ട നിരവധി ആശയപദ്ധതികളുടെയും, വ്യവഹാരരൂപങ്ങളുടെയും നിർമ്മിതിക്കിടനിലയാകുന്ന മാധ്യമാനുഭവമാണ് അതിലൂടെ പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ഭരണകൂടത്തിന്റെ ഭാവനകൾ വഴക്കിയെടുത്ത റേഡിയോ, ഇന്നു പുതിയ സാമ്പത്തിക സാമൂഹിക ബന്ധങ്ങളിൽ പ്രബലമായ പ്രത്യയശാസ്ത്രങ്ങളെ പിൻപറ്റുന്ന മാധ്യമമായി മാറിയിരിക്കുന്നു.

അറിവുപാധികളുടെയും, വിനോദവിനിമയങ്ങളുടെയും സങ്കേതമെന്ന റേഡിയോയെ സംബന്ധിച്ച സ്ഥിതധാരണകൾതന്നെ ഇവിടെ അട്ടിമറിക്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഗൃഹാതുരതകളോടെ റേഡിയോയെ കേട്ട അനുഭവചരിത്രത്തിനുതന്നെ പരിക്കേറ്റുകൊണ്ടിരിക്കുകയാണ്. വിനോദം, വിപണി, ജനപ്രിയത, അതിലൂടെ രൂപപ്പെടുന്ന പുതിയ ജീവിതവ്യവഹാരങ്ങൾ എന്നിവയിലൂടെ ഉത്തരാധുനിക കാലത്തിന്റെ കർതൃത്വനിർമ്മിതിയിൽ ഇടപെടുന്ന സങ്കേതംകൂടിയായി എഫ്.എം. റേഡിയോ രൂപാന്തരപ്പെടുന്നുണ്ട്. കേരളത്തിലെ എഫ്. എം. ചാനലുകളുടെ ഉള്ളടക്കഘടന, ആഖ്യാനശൈലി, സംബോധന ചെയ്യപ്പെടുന്ന സവിശേഷസമൂഹങ്ങൾ, സാങ്കേതികതയുടെ പുതിയ വഴക്കങ്ങൾ തുടങ്ങിയ നിരവധി വഴികളിലൂടെയാണ് ഇത്തരം ഇടപെടലുകൾ നടക്കുന്നത്. അതുകൊണ്ടുതന്നെ അവയുടെ സാംസ്കാരിക രാഷ്ട്രീയം തിരിച്ചറിയുന്നതിന് എഫ്. എം.ചാനലുകളുടെ ഉള്ളടക്കങ്ങളുടെ പൊതുസ്വഭാവവും ജനപ്രിയതാഘടകങ്ങളും, ആഖ്യാനരീതികളും വിശകലനം ചെയ്യേണ്ടതുണ്ട്.

കേരളീയ സമൂഹത്തിന്റെ അടിത്തട്ടുവരെ വ്യാപ്തി നേടിയ ജനപ്രിയമായ മാധ്യമാനുഭവം എന്ന നിലയിലാണ് റേഡിയോ ദീർഘകാലം ഇടപെട്ടു

പോന്നത്. ടെലിവിഷൻ ചാനലുകൾ നിരന്തരമുണ്ടാക്കിയ കാഴ്ചയുടെ അപ്രമാദിത്വമാണ് റേഡിയോയെ വീടിനുള്ളിൽ നിശ്ശബ്ദമാക്കിയത്. മാധ്യമത്തിനു മുന്നിൽ ശരീരത്തിന്റെ സാന്നിദ്ധ്യം നിശ്ചയമായും ആവശ്യപ്പെടുന്ന മാധ്യമമാണ് ടെലിവിഷൻ. കേരളീയ ഗാർഹികഘടനയുടെ കേന്ദ്രമായി ടെലിവിഷൻ പ്രതിഷ്ഠ നേടുന്നതും ദൈനംദിനജീവിതത്തിന്റെ സമയക്രമങ്ങളെ നിശ്ചയിക്കുന്ന ഉപകരണമായി ഇടംനേടുന്നതും ഈ സന്ദർഭത്തിലാണ്. റേഡിയോ നൽകിപ്പോന്ന കേൾവിയനുഭവങ്ങൾ കേരളീയ പൊതുമണ്ഡലത്തിൽനിന്നും മറഞ്ഞുതുടങ്ങുന്നതും ഇതോടെയാണ്. ടെലിവിഷന്റെ വ്യാപ്തിയെ നിർണയിച്ച ഘടകം സ്വകാര്യവൽക്കരണവുമായുള്ള ഇടപെടലായിരുന്നു. റേഡിയോയുടെ ഉടമസ്ഥതാഘടന സ്വകാര്യവൽക്കരണത്തിനു വിധേയമാകുന്നത് രണ്ടായിരത്തിനുശേഷമാണ്. പൊതുമേഖലയിൽനിന്നും സ്വകാര്യഉടമസ്ഥതയി ലേക്കുള്ള മാറ്റമാണ് നവറേഡിയോ സംസ്കാരത്തെ രൂപപ്പെടുത്തിയിരിക്കുന്നത്.

ടെലിവിഷൻ കാഴ്ചയുടെയും വിനോദത്തിന്റെയും ബൃഹദനുഭവം കേരളീയ മാധ്യമസംസ്കാരത്തിൽ പ്രാമാണ്യം നേടിയിരിക്കുന്നതുകൊണ്ടുതന്നെ, അതിന്റെ തുടർച്ചയും, സ്വാധീനവും എഫ്.എം. റേഡിയോയുടെ ഉള്ളടക്കങ്ങളിലും നിലനിൽക്കുന്നുണ്ട്. ടെലിവിഷനിൽ കാഴ്ചയിലൂടെ നിർണയിക്കപ്പെട്ട അനുഭവങ്ങളെ കേൾവിയിലേക്കു വിവർത്തനം ചെയ്യുന്ന പ്രവണത ഇവിടെ ശക്തമാണ്. അപ്പോഴും അതു പുതിയ സാമൂഹിക-സാമ്പത്തിക-അധികാര വ്യവഹാരങ്ങളുടെ സൃഷ്ടിയാണ് എന്നുള്ളതാണ് പ്രധാനം.

എഫ്.എം. റേഡിയോയുടെ ഘടനയെ ബഹുജനമാധ്യമമെന്ന നിലയിൽ സാമാന്യമായി നിർവ്വചിക്കാൻ കഴിയില്ല. കാരണം, സാമൂഹിക വിഭാഗങ്ങൾക്കെല്ലാം പ്രാതിനിധ്യം അനുവദിക്കുകയോ, സാമൂഹിക ബഹളസ്വരങ്ങളെ ഉൾക്കൊള്ളുകയോ ചെയ്യുന്ന ബഹുജന മാധ്യമസ്വഭാവം ഇവിടെ അപ്രധാനമാണ്. മാധ്യമ വിനോദവ്യവസായബന്ധങ്ങൾക്കുള്ളിൽ രൂപപ്പെട്ടുവന്ന നിർമ്മിതിയായതുകൊണ്ടുതന്നെ സാമൂഹിക വിഭാഗങ്ങളെയെല്ലാം സംബോധന ചെയ്യുകയെന്ന ഉത്തരവാദിത്തവും റേഡിയോ ഏറ്റെടുക്കുന്നില്ല. കേൾവിയുടെ പുതിയ ജനപ്രിയ സംസ്കാരം ഒരുവശത്ത് രൂപപ്പെടുമ്പോൾതന്നെ, അത് ബഹുജനങ്ങളെ പ്രതിനിധീകരിച്ചിരുന്ന ഇന്ത്യയിലെ ബഹുജന റേഡിയോ സംസ്കാരത്തിന്റെ തുടർച്ചയല്ലെന്നു കാണാം. കാരണം, ബഹുജനങ്ങളെയല്ല, സവിശേഷ സമൂഹങ്ങളെ (targeted audience / focused group) യാണ് എഫ്.എം. റേഡിയോ സംബോധന ചെയ്യുന്നത്.

വിനോദസംസ്കാരത്തിന് കൈവന്നിരിക്കുന്ന പ്രാമുഖ്യം, എവിടെയും കൂടെക്കൂട്ടാൻ കഴിയുന്ന എഫ്. എം റേഡിയോയുടെ സാങ്കേതികവഴക്കം, വീടിനുള്ളിൽത്തന്നെ സ്വകാര്യലോകങ്ങൾ സൃഷ്ടിക്കുന്ന സാമൂഹിക പ്രവണതകൾ എന്നിവയെല്ലാം ചേർന്ന് ഒറ്റയൊറ്റ വ്യക്തികളുടെ അനുഭവോപാധിയാക്കി





എഫ്. എം റേഡിയോയെ മാറ്റുന്നുണ്ട്. പ്രക്ഷേപണലഭ്യതയുടെ നിശ്ചിതമായ സമയക്രമങ്ങൾ അപ്രധാനമാകുന്നതും, രാപകലുകളിലേക്ക് വിപുലപ്പെടുന്ന കേൾവിയുടെ നൈരന്തര്യം കടന്നുവരുന്നതും ഇതിനു സഹായകമാണ്. അതുകൊണ്ടുതന്നെ റേഡിയോയുടെ തിരിച്ചുവരവാണ് എഫ്. എം റേഡിയോ സാധ്യമാക്കിയിരിക്കുന്നതെന്ന സാമാന്യവൽക്കരണത്തെക്കാൾ പുതിയ സാമൂഹിക സന്ദർഭം രൂപപ്പെടുത്തിയ മാധ്യമരൂപമാണ് എഫ്. എം ചാനലുകളെന്നു കാണാം.

എഫ്.എം. റേഡിയോകാലം, സംഗീതവും, അവതരണ ശൈലികളും ഇടകലരുന്ന ഏകീകൃതമായ കേൾവിയനുഭവങ്ങൾ നൽകുമ്പോൾതന്നെ, അവ മുന്നോട്ടുവയ്ക്കുന്ന സംസ്കാരത്തെ ചില പ്രത്യേക വിഷയങ്ങളായി വ്യവച്ഛേദിച്ചു വിശകലനം ചെയ്യേണ്ടതുണ്ട്. പ്രാദേശികവൽക്കരണം, സംഗീതത്തിന്റെ വിനോദവത്കരണം, അവതരണത്തിന്റെ സമവാക്യങ്ങൾ, പ്രദേശിക വാമൊഴി-ഭാഷണങ്ങളുടെ രാഷ്ട്രീയം, വിപണിയുടെയും വിനോദത്തിന്റെയും വ്യവഹാരങ്ങൾ തുടങ്ങിയ വർഗ്ഗീകരണങ്ങളിലൂടെ കേരളത്തിലെ എഫ്.എം. റേഡിയോയുടെ സാംസ്കാരത്തെ വിശകലനം ചെയ്യാവുന്നതാണ്.

## സംഗീതം: വിപണിയും വിനോദവത്കരണവും

സമഗ്രമായ വിനോദമാധ്യമം എന്ന നിലയിലാണ് എഫ്.എം. റേഡിയോ ഭാവന ചെയ്യപ്പെട്ടിരിക്കുന്നത്. സംഗീതത്തെ കേന്ദ്രമാക്കിക്കൊണ്ടാണ് ഇത് പ്രധാനമായും നടക്കുന്നത്. മാധ്യമവ്യവസായം രൂപപ്പെടുത്തിയ സംഗീതത്തിന്റെ വിപണിവൽക്കരണം ജനപ്രിയമായ കേരളീയാനുഭവമായി മാറുന്നത് എഫ്.എം. റേഡിയോയിലൂടെയാണ്. മുമ്പ് ആകാശവാണി ചലച്ചിത്ര സംഗീതത്തെ ഒരു ജനപ്രിയ സംസ്കാരമാക്കി മാറ്റിയതിൽനിന്ന് പല തല ങ്ങളിലും ഭിന്നമാണിത്. ടെലിവിഷൻ, റേഡിയോ, ചലച്ചിത്രം, തുടങ്ങിയ മാധ്യമങ്ങളുടെയെല്ലാം ഉള്ളടക്കങ്ങളിൽ വിനോദ വിഭവമെന്ന നിലയിൽ സംഗീതവും, സംഗീതരൂപങ്ങളും മുൻപുതന്നെ സന്നിഹിതമാണെങ്കിലും, സംഗീതത്തിന്റെ നിരന്തരമായ വിപണനമൂല്യം മാധ്യമ വ്യവസായം ആസൂത്രിതമായി ഉപയോഗപ്പെടുത്തുകയാണ് എഫ്.എം. ചാനലുകളിലൂടെ.

ഇന്ത്യയിൽ 1990 കളോടെ എം. ടി. വി, ചാനൽ - വി, തുടങ്ങിയ മ്യൂസിക് ചാനലുകളും മ്യൂസിക് വീഡിയോകളും ആരംഭിക്കുന്നതോടെയാണ് സംഗീതത്തിന്റെ വിപണനമൂല്യം ആസൂത്രിതമായി ഉപയോഗപ്പെടുത്തിത്തുടങ്ങുന്നത്. അതോടൊപ്പംതന്നെ ബഹുരാഷ്ട്രകമ്പനികളും, ഇന്ത്യൻ കമ്പനികളും സംഗീതവിപണിരംഗത്തേക്ക് കടന്നുവന്നതും, സി. ഡി (കോംപാക്റ്റ് ഡിസ്ക്) യുടെ വരവും ഇന്ത്യൻ സംഗീത വ്യവസായത്തിന്റെ വികാസത്തിന് കാരണമായെന്ന് 'ദി ഇന്ത്യൻ മീഡിയ ബിസനസ്സിൽ' വനിതാകോഹ്ലി ഖാണ്ഡേക്കർ വിലയിരുത്തുന്നു (Vanita Kohli Khandekar, 2006:183). മ്യൂസിക് ചാനലുകളുടെയും ആൽബങ്ങളുടെയും വരവോടെ, ശ്രവ്യാനുഭവം മാത്രമായിരുന്ന

സംഗീതം ദൃശ്യാനുഭവം കൂടിയായി മാറുന്നുണ്ട്. ചലച്ചിത്രേതര സംഗീതം, ഗസലുകൾ, ഭക്തിസംഗീതം തുടങ്ങിയ വ്യത്യസ്ത സംഗീതരൂപ ങ്ങൾ ഇടകലരുന്ന സംസ്കാരമാണ് ഇതിലൂടെ രൂപംകൊണ്ടത്. സംഗീതത്തിന്റെയും, പുതിയ സംഗീതരൂപങ്ങളുടെയും വിപണനാത്മകത ആസ്വാദകരിലെത്തിക്കുന്നതിൽ മ്യൂസിക് ചാനലുകളും വിഡിയോകളും സൃഷ്ടിച്ച വഴികളാണ് സംഗീതത്തെ ശക്തമായ വിനോദവിഭവമാക്കി മാറ്റിയത്. കേബിൾ ടി.വി.യുടെ പ്രചാരവും, സംഗീതവ്യവസായത്തിന്റെ സാധ്യതകളും ഉപയോഗിച്ചുകൊണ്ടാണ് ചാനലുകൾ ഇതു സാധ്യമാക്കിയത്.

സംഗീതത്തിന്റെ വിനോദമൂല്യത്തെ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മാധ്യമമെന്ന നിലയാണ് എഫ്.എം. റേഡിയോ ചാനലുകൾക്കുള്ളത്. മറ്റു മാധ്യമങ്ങളിലൊന്നുമില്ലാത്ത തരത്തിൽ സംഗീതത്തിന്റെ നൈരന്തര്യമാണ് എഫ്.എം. റേഡിയോയിൽ പ്രകടം. വിജ്ഞാനവും, സാമൂഹികതയും ഇടകലർന്നിരുന്ന റേഡിയോയുടെ മാധ്യമ നിർവചനങ്ങളെ വിനോദത്തിന്റെ ഏകകേന്ദ്രത്തിൽ പ്രതിഷ്ഠിക്കുകയാണീ സന്ദർഭം. 'പാട്ടുപെട്ടി' (music box) എന്ന വിളിപ്പേരു കൂടി എഫ്.എം. റേഡിയോക്ക് പലയിടത്തുമുണ്ട്.

അതുകൊണ്ടുതന്നെ കേരളത്തിന്റെ മാധ്യമാനുഭവങ്ങൾക്ക് അപരിചിതമായ സംസ്കാരമാണ് കേൾവിയുടെ സംഗീതവത്കരണത്തിലൂടെ എഫ്.എം. റേഡിയോ മുന്നോട്ടുവയ്ക്കുന്നത്. പാശ്ചാത്യ സംഗീതരൂപങ്ങൾ, ആൽബം ഗാനങ്ങൾ, അന്യഭാഷാ ചലച്ചിത്രസംഗീതം, ചലച്ചിത്രസംഗീതം തുടങ്ങിയ നിരവധി സംഗീതങ്ങൾ ഇടകലരുന്ന രീതിയിലാണ് എഫ്.എം. റേഡിയോ ചാനലുകൾ സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നത്. ചലച്ചിത്രസംഗീതത്തെയാണ് മുഖ്യവിഭവമായി ഉപയോഗപ്പെടുത്തുന്നതെങ്കിലും, വിവിധ ഭൂമിശാസ്ത്ര - ഭാഷാപ്രദേശങ്ങളിൽനിന്നും സംസ്കാരങ്ങളിൽനിന്നും വരുന്ന സംഗീതാവിഷ്ക്കാരങ്ങളും, സവിശേഷമായ രീതിയിലും, സമയങ്ങളിലും എഫ്.എം. ചാനലുകൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

മറ്റു മാധ്യമങ്ങളെയപേക്ഷിച്ച് സംഗീതത്തിനുള്ള സാർവ്വലൗകികശേഷിയാണ് ഇത് സാധ്യമാക്കിയിരിക്കുന്നത്. കാരണം, ഭാഷാപരവും സാഹിതീയവുമായ അതിരുകൾ അച്ചടിമാധ്യമത്തിനുണ്ട്. അതുകൊണ്ടുതന്നെ വ്യത്യസ്ത ഭാഷാ-സാംസ്കാരിക പ്രദേശങ്ങളിലേക്ക് ഭാഷയെയും, സാഹിത്യത്തെയും വിവർത്തനം ചെയ്യേണ്ടിവരും. ദൃശ്യമാധ്യമങ്ങളിൽ, പ്രത്യേകിച്ച് ടെലിവിഷൻ, സിനിമ തുടങ്ങിയവയിൽ, ദൃശ്യഭാഷയിലുള്ള നിരക്ഷരത പൂർണ്ണമായ ആസ്വാദനത്തിന് തടസ്സമാകും. എന്നാൽ, ആഗോളവൽക്കരണകാലത്തെ സംഗീതത്തിന്റെ സവിശേഷത, ദേശീയവും സാംസ്കാരികവുമായ എല്ലാ അതിരുകളെയും അപ്രസക്തമാക്കുന്ന ആസ്വാദനശേഷി നിലനിർത്തുന്നു എന്നുള്ളതാണെന്ന് ഡേവിഡ് ക്രോച്യയും, വില്യം ഹൊയ്ൻസും നിരീക്ഷിക്കുന്നുണ്ട്.





(David Croteau & William Hoynes, 2003 : 340). അപരിചിതമായ ഭാഷയിലും സ്വരത്തിലുമുള്ളതാണെങ്കിലും അതിനെയെല്ലാം മറികടക്കാൻ സംഗീതത്തിന് കഴിയുന്നു. സംഗീതത്തിനുള്ള ഇത്തരം സവിശേഷ ശേഷിയാണ് സംഗീതത്തിന്റെ വിനോദവത്ക്കരണപ്രവണതകളെ ആഗോളതലത്തിൽത്തന്നെ നിലനിർത്തുന്നത്. 'Slumdog Millionare' എന്ന ചിത്രത്തിലെ സംഗീതനിർവ്വഹണത്തിന് ഏ. ആർ. റഹ്മാനു ലഭിച്ച ഗോൾഡൻ ഗ്ലോബ് പുരസ്കാരവും ഓസ്കാർ അവാർഡും തന്നെയാണ് ഈ രംഗത്തെ ഏറ്റവും മികച്ച ഉദാഹരണം. കേരളത്തിൽ എഫ്. എം. റേഡിയോ ചാനലുകളാണ് സംഗീതവിപണിയുടെ വിനിമയശേഷിയെ വ്യാപകമായി ഏറ്റെടുത്തിരിക്കുന്നത്. വിനോദവ്യവസായത്തിന്റെ താല്പര്യങ്ങൾ അതിലൂടെ ഒളിച്ചുകടക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ കൗമാര-യുവജന വിഭാഗങ്ങളുടെ അഭിരുചികളെ, സ്വയം നിശ്ചയിക്കുന്ന വിധത്തിലാണ് എഫ്.എം.ചാനലുകളിൽ വ്യത്യസ്ത സംഗീതരൂപങ്ങളുടെ സാന്നിദ്ധ്യം നിലനിൽക്കുന്നത്.

കേരളത്തിന്റെ ആധുനികീകരണത്തോടൊപ്പംതന്നെ, ജനകീയ സംസ്കാരത്തിനിടയിൽ മാധ്യമമെന്നനിലയിൽ ചലച്ചിത്രം നേടിയെടുക്കുന്ന വ്യാപ്തി ചലച്ചിത്രത്തെ കേന്ദ്രമാക്കിയ സംഗീതസംസ്കാരത്തിന്റെ വികാസത്തിന് കാരണമാകുന്നുണ്ട്. ദേശപരവും, വൈകാരികവും, ദാർശനികവുമായ എല്ലാ ഭാവവിചാരങ്ങളെയും ഗാനാത്മക ഘടനയിലേക്ക് ലയിപ്പിച്ചു ചേർത്തുകൊണ്ടാണ് സിനിമാസംഗീതം മലയാളിയുടെ ജീവിതത്തിൽ ഇടം പിടിച്ചത്. ചലച്ചിത്ര സംഗീതത്തെ കേരളത്തിലെ പൊതുജനസംസ്കാരത്തിന്റെ ഭാഗമാക്കി മാറ്റിയതിന് ഇടനിലയായത് റേഡിയോയാണ്. ചലച്ചിത്രഗാനങ്ങൾ ഉൾപ്പടെയുള്ള ജനപ്രിയ സംഗീതങ്ങൾ ഇടംപിടിക്കുന്നതോടെയാണ് റേഡിയോ ബഹുജനമാധ്യമമായി മാറിയതെന്ന് റേഡിയോയുടെ സാംസ്കാരികചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

വിനോദ ഉല്പന്നമെന്ന നിലയിൽ കേരളത്തിൽ സിനിമക്കുള്ള സ്വീകാര്യതയെ തള്ളിക്കളയാനാകില്ല. ചലച്ചിത്രബോധത്തിന്റെ ഉച്ച- നീചഭേദങ്ങൾക്കപ്പുറം കാഴ്ചക്കാരുടെ കാമനകളെ സംബോധന ചെയ്യുന്ന നിരവധി ഘടകങ്ങൾ സിനിമ സ്വാംശീകരിക്കുന്നുണ്ട്. ക്ലാസിക്കൽ-ശാസ്ത്രീയസംഗീതങ്ങളുടെ രാഗതാളസാങ്കേതികതകളുടെ ഭാരമില്ലാതെ ആസ്വദിക്കാൻ കഴിയുന്ന വിഭവങ്ങളാണ് ചലച്ചിത്രഗാനങ്ങൾ. കേരളീയ ജീവിതത്തിന്റെ നിരന്തരമായ സന്നിഹിതത്വം, പ്രണയം, യുവത്വം, ഗൃഹാതുരത്വം, കാല്പനിക-വൈകാരികഭാവനകളുടെയും ഭാവങ്ങളുടെയും സമ്മേളനം, നാടോടിഗാനസംസ്കാരത്തിന്റെ വീണ്ടെടുപ്പുകളുള്ള രചനാ സംഗീതാവതരണരീതി തുടങ്ങിയ നിരവധി ഘടകങ്ങൾ ചലച്ചിത്രഗാനങ്ങളുടെ സ്വീകാര്യതക്കു പിന്നിലുണ്ട്. ക്ലാസിക്കൽ/തനത്/പാശ്ചാത്യ സംഗീതസംസ്കാരത്തെ അവ്യവസ്ഥിതമായി കൂട്ടിക്കലർത്തിക്കൊ

ണ്ടുള്ള പരീക്ഷണങ്ങളും സിനിമാസംഗീതത്തിലുണ്ട്. "സിനിമയിൽ ശബ്ദം കടന്നുവന്ന നാൾമുതൽ കാഴ്ചക്കൊപ്പമോ കാഴ്ചയെ മറികടന്നോ ഉള്ള ശ്രദ്ധ കേൾവിയുടെ കലയായ സംഗീതത്തിന് സിനിമയിൽ ലഭിച്ചു പോന്നിട്ടുണ്ടെന്ന് മനോജ് കൂറൂർ വിലയിരുത്തുന്നുണ്ട് (മനോജ് കൂറൂർ, 2009 :57). സംഗീതാനുഭവങ്ങളെ സാമൂഹികാനുഭവം കൂടിയാക്കി രൂപാന്തര പ്പെടുത്തേണ്ടി വന്നതാണ് കേരളത്തിലെ ജനപ്രിയ സംഗീതരൂപമായി ചലച്ചിത്ര സംഗീതം മാറുന്നതിനു കാരണമായത്. ചലച്ചിത്രസംഗീതത്തിന് അധീശത്വമുള്ള സംഗീത സംസ്കാരം ആധുനിക മലയാളിയുടേതായി വികസിച്ചുവന്നതിൽ ഇത്തരം ഘട കങ്ങൾ പ്രധാനപ്പെട്ടതാണ്. സംഗീതത്തിന്റെ വരേണ്യമായ വർഗ്ഗീകരണങ്ങൾക്കുമ പ്പുറം വ്യത്യസ്ത സാമൂഹിക വിഭാഗങ്ങൾക്കൊന്നുപോലെ സ്വീകാര്യമായ സംഗീ തമെന്ന നില ചലച്ചിത്രസംഗീതത്തെ കേന്ദ്രമാക്കിയ വിനോദ-സംഗീത വ്യവ സായം കേരളത്തിൽ ഉറപ്പിച്ചെടുക്കുന്നതിനുള്ള മൂലധനമായി വഴക്കിയെടുത്തി രിക്കുകയാണ്. 'നാട്ടിലെങ്ങും പാട്ടായി' എന്ന ഒരു സ്വകാര്യഎഫ്.എം. ചാന ലിന്റെ (റേഡിയോ മാംഗോ) പരസ്യവാചകത്തിൽ ഇതിന്റെ വാണിജ്യ-സാംസ്കാ രിക താല്പര്യങ്ങളുടെ അർത്ഥവ്യാപ്തി മുഴുവൻ ഉള്ളടങ്ങിയിട്ടുണ്ട്.

## പ്രാദേശികവൽക്കരണം: 'കലഹിക്കുന്ന മലയാളങ്ങൾ'

ആഗോളമാധ്യമവിപണിതന്നെ പ്രാദേശികവത്ക്കരണത്തെ വിനിമയ സങ്കേതമായി സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേരളത്തിലും ടെലി വിഷൻ, റേഡിയോ, പത്രം തുടങ്ങിയ മാധ്യമങ്ങളുടെയെല്ലാം ആദിമധ്യാന്ത ഘടന പ്രാദേശികവത്ക്കരണത്തിലേക്ക് കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്.

എഫ്.എം. റേഡിയോയുടെ വരവോടെ പ്രാദേശികവത്ക്കരണത്തിന്റെ മാധ്യമമാതൃക തന്നെയായി റേഡിയോ മാറുന്ന സന്ദർഭമാണ് രൂപംകൊണ്ടിരി ക്കുന്നത്. അതോടെ പത്രങ്ങൾ, ടെലിവിഷൻ എന്നിവയിലൂടെ പരിമിതമായ തോതിൽ നടന്ന പ്രാദേശികവത്ക്കരണം പ്രധാന വിനിമയസങ്കേതമായി വിപു ലപ്പെടുന്നുണ്ട്. പ്രക്ഷേപണനഗരങ്ങളുടെ/പ്രദേശത്തിന്റെ സംസ്കാരം, സാമൂ ഹികനില, അഭിരുചികൾ, പ്രാദേശികഭാഷണങ്ങൾ എന്നിവയെ സവിശേഷമായി പരിഗണിച്ചുകൊണ്ടാണ് ഈ പ്രാദേശികവത്ക്കരണം പ്രയോഗത്തിലാകുന്നത്. എന്തിനെയും പ്രാദേശികമായി വഴക്കിയെടുക്കുക, വഴങ്ങാത്തവയെ പുറന്തള ളുക എന്ന പ്രവണതതന്നെ ഇവിടെ നിലനിൽക്കുന്നുണ്ട്. എഫ്.എം. റേഡി യോയുടെ സങ്കേതപരമായ സവിശേഷതയും പ്രാദേശികതയെ സംബോധന ചെയ്യാൻ കഴിയുന്ന വിധത്തിലുള്ളതാണ്. കേരളത്തിൽ എഫ്. എം. റേഡിയോ ചാനലുകൾ പ്രവർത്തിക്കുന്ന പ്രധാന നഗരങ്ങളിലെയും, പ്രാന്ത സ്ഥലങ്ങളി ലെയും ഭാഷണശൈലികളും, സംസ്കാരവൈവിധ്യങ്ങളും പ്രാദേശിക ജീവി തശീലങ്ങളുമൊക്കെ അതിലൂടെ മറയില്ലാതെ കടന്നുവരുന്നുണ്ട്.





ഇന്ത്യയെപ്പോലെ നിരവധി ഭാഷാസമൂഹങ്ങൾ ഇടകലർന്നു കിടക്കുന്ന സമൂഹഘടനയിൽ നിരവധി പ്രാദേശികഭേദങ്ങളും ഭാഷണങ്ങളും കൂടി ച്ചേരുന്ന ബഹുളസ്വരങ്ങൾ സ്വാഭാവികമാണ്. എന്നാൽ, ഭാഷയുടെ മാനകീകരണം ഔദ്യോ ഗിക പദ്ധതിയായി മാറുന്നതോടെ ഭാഷാവ്യവഹാരങ്ങൾക്ക് സുസ്ഥിരതയും സ്ഥായിത്വവും ലഭ്യമാകുന്നുണ്ട്. അതോടൊപ്പംതന്നെ മാനകഭാഷയായി ഉയർന്നുവന്നത് അധികാരവുമായി ബന്ധമുള്ള പല ദേശ്യഭേദങ്ങളിലൊന്നു മാത്ര മാണെന്ന വസ്തുത നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (ഇ.വി. രാമകൃഷ്ണൻ, 2001:24) ജീവിതത്തിന്റെ ധ്വനിസൗന്ദര്യങ്ങളായ ഭാഷണങ്ങളും, വാമൊഴിഭേദങ്ങളും പൊ തുമണ്ഡലത്തിൽ പ്രബലമായ ഉച്ചസംസ്കാരവിനിമയങ്ങളാൽ പുറന്ത ള്ളപ്പെട്ടതും അതുകൊണ്ടാണ്. ഭാഷയുടെ വിനിമയങ്ങൾ നിരന്തരം നടന്ന മാധ്യ മങ്ങളാണ് ഇത്തരം തമസ്കരണങ്ങൾക്കും പുറന്തള്ളലുകൾക്കും വേദിയൊരു ക്കിയത്.

എഫ്.എം. റേഡിയോയിലൂടെ, പ്രാദേശികവത്ക്കരണത്തിന്റെ മാധ്യമകാലം വേറിട്ടൊരു ഭാഷാവിനിമയ സംസ്കാരം സാധ്യമാണെന്ന് തെളിയിക്കുന്നുണ്ട്. റേഡിയോ ജോക്കികൾ, ഫോൺ-ഇൻ-പരിപാടികളിൽ പങ്കെടുക്കുന്ന നാട്ടുജ നതയുടെ സംഭാഷണങ്ങൾ എന്നിവയിലൂടെയാണിതു നടക്കുന്നത്. റേഡിയോ ജോക്കികൾ എഫ്.എം റേഡിയോയുടെ ചലനനിയമത്തെതന്നെ നിയന്ത്രിക്കുന്ന അവതരണവ്യക്തിത്വങ്ങളാണ്. കേരളത്തിലെ പുതിയ റേഡിയോ സംസ്കാര ത്തിന്റെ പ്രതിനിധികളെന്നോ, പ്രതീകങ്ങളെന്നോ ഇവരെ വിശേഷിപ്പിക്കാവുന്ന താണ്. ചടുലമായും രസകരമായും ഇടതടവില്ലാതെ വർത്തമാനം പറയുന്ന യു വത്വങ്ങളാണ് റേഡിയോ ജോക്കികൾ. ടെലിവിഷൻ അവതാരകരുടെ സ്വാധീന മുള്ള പുതിയ മാധ്യമവർഗ്ഗമെന്ന നിലയിൽ റേഡിയോ ജോക്കികളെ കാണാം. അവതരണത്തിന്റെ കേവലമായ ശൈലീഭേദങ്ങൾക്കപ്പുറം, അതിലൂടെ നിർണ്ണ യിക്കപ്പെടുന്ന സാംസ്കാരിക രാഷ്ട്രീയമാണിവിടെ പ്രധാനം. അതുതന്നെ ജോക്കികളുടെ ഏകഭാഷണങ്ങളിലൂടെ രൂപം കൊള്ളുന്നതല്ല. ഫോൺ-ഇൻ-പ രിപാടികളിലൂടെ മാധ്യമത്തിനുള്ളിൽ സംവേദനസ്ഥലം കൈയടക്കുന്ന സവി ശേഷ സമൂഹങ്ങളുടെ പങ്കാളിത്തവർത്തമാനങ്ങളിലൂടെ സൃഷ്ടിക്കപ്പെടു ന്നതുകൂടിയാണ്.

ഇവിടെ റേഡിയോ ജോക്കികളുടെ ഭാഷയും, പങ്കാളിത്ത പരിപാടിക ളിലെ ജനകീയ വർത്തമാനങ്ങളും ഇടകലരുന്ന റേഡിയോ വിനിമയങ്ങളെ രണ്ടു തരത്തിൽ വ്യവച്ഛേദിച്ചു വിശകലനം ചെയ്യേണ്ടതുണ്ട്.

1. എഫ്. എം. റേഡിയോയിലെ ഭാഷാവിനിമയങ്ങളിലൂടെ ഭാഷയുടെയും, ഭാഷണത്തിന്റെയും മണ്ഡലത്തിൽ നടക്കുന്ന പുതിയ ഇടപെടലുകൾ. അതിൽതന്നെ പ്രാദേശിക ഭാഷണങ്ങളും വാമൊഴിഭേദങ്ങളും നേടിയെടു ക്കുന്ന മാധ്യമാന്തസ്സ്..

2. റേഡിയോ സംഭാഷണങ്ങളുടെ ഉള്ളടക്കത്തെ കേന്ദ്രീകരിച്ച് നേരമ്പോക്കിന്റെയും, കൊച്ചുവർത്തമാനങ്ങളുടെയും മറയിട്ടുകൊണ്ട് കേരളീയ പൊതുസമൂഹത്തിൽ ഉറപ്പിച്ചെടുക്കുന്ന പുതിയ ജീവിത വ്യവഹാരങ്ങളുടെ നിർമ്മിതി.

റേഡിയോയെ വരമൊഴിയുടെ ശബ്ദാനുഭവമായാണ് മലയാളി ഇത്രയും കാലം തിരിച്ചറിഞ്ഞത്. കൃത്യമായ ഭാഷാ ആസൂത്രണങ്ങൾക്കകത്ത് രൂപപ്പെട്ട പരിപാടികളുടെ ഘടനയാണ് ഇതിനു സഹായകമായത്. എന്നാൽ എഫ്.എം. റേഡിയോയിൽ ജോക്കികളുടെ തത്സമയ സംഭാഷണങ്ങളും, പ്രാദേശിക ജനതയുടെ വർത്തമാനങ്ങളും ഇടകലരുന്ന ഉള്ളടക്കമാണ് സവിശേഷമായ പ്രാധാന്യം നേടിയിരിക്കുന്നത്. അതിലൂടെ മുഖ്യധാരാ വ്യവഹാരങ്ങളിലിടം കിട്ടാതെ പോയ വാമൊഴിഭേദങ്ങൾ, നാട്ടുവഴക്കങ്ങൾ, പറച്ചിലുകൾ, നാട്ടുവർത്തമാനങ്ങൾ എന്നിവ റേഡിയോക്കുള്ളിൽ ഇടം നേടുന്നു. തിരുവനന്തപുരത്തെയും, കോഴിക്കോട്ടെയും, തൃശ്ശൂരിലെയും, കൊച്ചിയിലെയും, കണ്ണൂരിലെയും, 'ഹാസ്യവൽക്കരണത്തി'നു വിധേയമായിരുന്ന വാമൊഴി കൗതുകങ്ങൾ, എഫ്. എം. ചാനലുകളുടെ ജനപ്രിയതയെ നിർണ്ണയിക്കുന്ന വിനിമയസങ്കേതം തന്നെയായി മാറുന്നുണ്ട്.

പ്രാദേശികമായിമാത്രം വിനിമയം ചെയ്യപ്പെടുന്നതും, പുതിയ ജീവിത സംസ്കാരത്തിന്റെ ഭാഗമായി പ്രചാരത്തിലെത്തുന്നതുമായ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ നിയന്ത്രണങ്ങളില്ലാതെ കടന്നുവരുന്നു. സാമൂഹികവും, സാംസ്കാരികവുമായ ബന്ധങ്ങളിലൂടെയും, പല വിധത്തിലുള്ള കൊള്ളൽ കൊടുക്കലുകളിലൂടെയും രൂപപ്പെട്ടുവരുന്ന നിർമ്മിതിയാണ് ഭാഷയെന്ന് പരിഗണിക്കുമ്പോൾ, എഫ്.എം.റേഡിയോയിലുടെയും ഇതര മാധ്യമങ്ങളിലൂടെയും പൊതുസമൂഹത്തിൽ സ്വീകാര്യത നേടുന്ന പുതിയ ഭാഷാ-ഭാഷണരൂപങ്ങൾ ഭാഷയുടെ വികാസചരിത്രത്തിൽ സവിശേഷമായ ഇടപെടലാണ് നടത്തുന്നതെന്നു കാണാം. ഭാഷാവരേണ്യതയുടെ ശസ്ത്രക്രിയാമുറികൾക്കു പുറത്ത്, സാമൂഹികജീവിതത്തിന്റെ ബഹളങ്ങളിൽനിന്നും രൂപമെടുക്കുന്ന ഒന്നാണ് ഭാഷയെന്ന ബോധംകൂടി ഇവിടെ സാധൂകരിക്കപ്പെടുന്നുണ്ട്. മാധ്യമത്തിനുള്ളിൽ നടക്കുന്ന ഇത്തരം ഭാഷാവിനിമയങ്ങൾ, പൊതുസമൂഹത്തിലേക്ക് എളുപ്പത്തിൽ വിനിമയവ്യാപ്തി നേടുന്നു എന്നുള്ളതാണ് ഇവിടെ പ്രധാനം.

എഫ്. എം. റേഡിയോ ചാനലുകൾ പരിപാടികൾക്ക് നൽകിയിരിക്കുന്ന പേരുകൾതന്നെ നാട്ടുവിനിമയങ്ങളെയും ദൈനംദിന വർത്തമാനങ്ങളെയും ഓർമ്മപ്പെടുത്തുന്നതാണ്. കഞ്ഞി, പയർ, പപ്പടം, മീൽസ് റെഡി, കത്തിനമ്പർ വൺ, കബഡി കബഡി, രസപ്പീടിക, ടൈംപാസ്, മച്ചൂ നമുക്ക് തുടങ്ങാം എന്നിങ്ങനെ വിവിധ ചാനലുകളിലുള്ള പരിപാടികൾ ഇതിനുദാഹരണമാണ്.





ഫോൺ-ഇൻ-പരിപാടികളിൽ പങ്കെടുക്കുന്നവരുടെ വർത്തമാനങ്ങളിലൂടെയാണ് വാമൊഴിയുടെ ശബ്ദാനുഭവം നിരന്തരമാകുന്നത്. ഭാഷാപരമായ വ്യവസ്ഥകളും ക്രമങ്ങളുമൊക്കെ ഇവിടെ പിൻവലിയുന്നു. മുൻപെല്ലാം മാധ്യമാന്തസ്സിനെതിരെന്നെണ്ണപ്പെട്ട വർത്തമാനങ്ങളും, നാട്ടിടവഴികളിലെ ഭാഷണങ്ങളുമൊക്കെ സവിശേഷമായ അന്തസ്സ് നേടിയെടുക്കുന്നുണ്ട്. വ്യക്തിഭേദങ്ങൾ പ്രാദേശികഭാഷാഭേദങ്ങൾ എന്നിവയെ അതായിത്തന്നെ ഉൾക്കൊള്ളാനുള്ള ശേഷി എഫ്.എം.ചാനലുകൾ നിലനിർത്തുന്നു എന്നുള്ളത് മാധ്യമങ്ങളും ഭാഷയും തമ്മിലുള്ള ചരിത്രബന്ധത്തെ പുതുക്കി നിർണ്ണയിക്കുന്നുണ്ട്.

സ്വകാര്യ എഫ്.എം. നിലയങ്ങളിൽ വാർത്താപ്രക്ഷേപണത്തിന് നിരോധനം നിലവിലുണ്ട്. എന്നാൽ, ദൈനംദിന സംഭവങ്ങളും, ആനുകാലികമായ വിഷയങ്ങളും എല്ലാ ചാനലുകളിലും പല രീതിയിൽ കടന്നുവരുന്നു. നേരമ്പോക്കുകൾക്കും, നാട്ടുവർത്തമാനങ്ങൾക്കും പങ്കാളിത്തമുള്ള സംഭാഷണങ്ങളിലൂടെ വാർത്തകളും, ദൈനംദിന സംഭവങ്ങളും വ്യാപകമായ രീതിയിൽ ഒളിച്ചുകടത്തുന്നു. വരമൊഴിയുടെ നിയമവത്ക്കരിക്കപ്പെട്ട ഭാഷയിലൂടെ അവതരിപ്പിച്ചാൽ നിയമവിരുദ്ധമായി കണക്കാക്കപ്പെടുന്നവ വാമൊഴിയുടെ അവ്യവസ്ഥയും, സ്വാതന്ത്ര്യവുംകൊണ്ടു സാധൂകരിച്ചെടുക്കുകയാണ്. അതിലൂടെ പ്രാദേശിക ഭാഷണങ്ങളുടെയും, വാമൊഴികളുടെയും ആശയവിനിമയശേഷിയെ അത്രയ്ക്കങ്ങോട്ട് തള്ളിക്കളയാനാകില്ലെന്ന ബോധവും ബലപ്പെടുന്നുണ്ട്. ഭരണകൂടത്തിന്റെ ഔദ്യോഗിക പിൻബലത്തോടെ നടന്ന ഭാഷയുടെ മാനകീകരണ യുക്തികൾ ഇവിടെ ആക്രമിക്കപ്പെടുന്നു. പ്രാദേശിക ഭാഷാ സമൂഹങ്ങളുടെ ഉയർന്നുവരവാണ് അതുവഴി സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒപ്പം ബഹുജനമാധ്യമങ്ങളെ അകന്നുനിന്നനുഭവിച്ചിരുന്ന ഒട്ടേറെ പൊതുസമൂഹങ്ങൾ എഫ്.എം. റേഡിയോയിലൂടെ സംവേദനത്തിന്റെ ഒരു പൊതുമണ്ഡലം ഉണ്ടാക്കിയെടുക്കുന്നുണ്ട്. പ്രാദേശികസമൂഹങ്ങളുമായി സവിശേഷമായ രീതിയിൽ സംവദിക്കാനാകുന്നു എന്നുള്ളതുതന്നെയാണ് എഫ്. എം.റേഡിയോയുടെ ജനപ്രിയതയെ നിർണയിക്കുന്ന പ്രധാന ഘടകവും.

പ്രാദേശികവൽക്കരണത്തിനനുബന്ധമായി മാധ്യമങ്ങളിൽ നടക്കുന്ന ഭാഷാവിനിമയങ്ങൾ പ്രാദേശികഭാഷണങ്ങളെയും, വാമൊഴികളെയും വിപണിവൽക്കരിക്കുകയാണെന്ന വാദം ഇവിടെ ഉയർന്നുവരാവുന്നതാണ്. അതു തീർത്തും അപ്രസക്തവുമല്ല. എന്നാൽ, മാധ്യമങ്ങളിൽ ദീർഘകാലം നടന്ന ഭാഷാവിനിമയങ്ങളൊക്കെത്തന്നെ, അതിനെ ഏകരൂപങ്ങളാക്കാൻ പണിപ്പെടുകയായിരുന്നെന്ന ചരിത്രം പരിഗണിക്കുമ്പോഴാണ് പുതിയ മാധ്യമസംസ്കാര സന്ദർഭത്തിൽ പ്രാദേശിക-വാമൊഴിഭേദങ്ങൾക്കു കിട്ടുന്ന പ്രാതിനിധ്യത്തെ തീർത്തും തള്ളിക്കളയാനാകില്ലെന്നു വരുന്നത്. അതുതന്നെയാണവയുടെ പ്രസക്തിയും.

## വിപണിയും വിനോദത്തിന്റെ വ്യവഹാരങ്ങളും

എഫ്. എം. റേഡിയോയിലൂടെ നടക്കുന്ന ഭാഷാവിനിമയങ്ങൾ പ്രാദേശികഭേദങ്ങൾക്കും, ഉത്സവാത്മക ഭാഷണങ്ങൾക്കുമുള്ള ഇടം ഒരിടത്തൊരുക്കുന്നു. എന്നാലവയുടെ ഉള്ളടക്കങ്ങളെ വിശകലനം ചെയ്യുമ്പോൾ കേരളത്തിന്റെ സാമൂഹികമണ്ഡലത്തിൽ പുതിയ സംസ്കാര വ്യവഹാരങ്ങളെ നിർമ്മിക്കുന്നതിനുള്ള ശ്രമംകൂടി കടന്നുകയറുന്നുണ്ടെന്നു കാണാം. കാരണം ഒരിടത്തും ഇരിക്കപ്പൊറുതിയില്ലാത്ത സമകാല കേരളീയജീവിതത്തെ പ്രതിനിധാനം ചെയ്യുന്ന വിധത്തിലാണ് എഫ്.എം. ചാനലുകളുടെ ആഖ്യാനഘടന ഉടനീളം രൂപപ്പെട്ടിരിക്കുന്നത്. ഇതെല്ലാം എഫ്. എം. റേഡിയോ സംബോധന ചെയ്യുന്ന കേൾവിസമൂഹങ്ങളുടേതെന്നു കരുതപ്പെടുന്ന സവിശേഷമായ ജീവിതസംസ്കാരത്തെ മുൻനിർത്തിയാണ് രൂപകല്പന ചെയ്യപ്പെടുന്നത്. അതുകൊണ്ടുതന്നെ അവ മുന്നോട്ടുവയ്ക്കുന്ന സംസ്കാരം, ഉള്ളടക്കത്തിലേക്കുകൊണ്ടുവരുന്ന വിഷയത്തെയും സാമൂഹികഘടനയെയും ശ്രേണീകരണത്തിന് വിധേയമാക്കുന്ന തരത്തിലാണ്.

നിരന്തരമുള്ള പങ്കാളിത്തവർത്തമാനങ്ങളിലൂടെ മാത്രം ഇടപെടാൻ കഴിയുന്ന മാധ്യമമായാണ് എഫ്. എം. ചാനലുകൾ സ്വയം സംവിധാനം ചെയ്തിരിക്കുന്നത്. കേൾവിക്കാരുമായുള്ള ജനാധിപത്യപരമായ പങ്കാളിത്തത്തിലൂടെയുള്ള വൈകാരിക സംവേദനമാണിതിലൂടെ ലക്ഷ്യമാക്കുന്നത്. മാധ്യമങ്ങൾക്കുള്ളിൽനിന്നുള്ള ഏകഭാഷണങ്ങൾക്ക് പകരം, പറയുകയും കേൾക്കുകയും ഒപ്പം കൂടുകയും ചെയ്യുന്നവരെന്ന പുതിയ നില റേഡിയോ ശ്രോതാക്കൾക്കിവിടെ അനുവദിക്കുന്നു. വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, തൊഴിൽ സമൂഹങ്ങൾ തുടങ്ങിയ വിഭാഗങ്ങളിൽനിന്നുള്ളവരാണ് കേരളത്തിലെ എഫ്. എം. റേഡിയോയുടെ പങ്കാളിത്ത പരിപാടികളിൽ ഇടപെടുന്നവരിൽ ഭൂരിപക്ഷവും. എളുപ്പത്തിൽ വഴക്കിയെടുക്കാവുന്ന മാനസികഘടനയുള്ള വ്യക്തിത്വസമൂഹങ്ങളെന്ന നിലയ്ക്കാണിവരിലേക്കുള്ള കേന്ദ്രീകരണം നടക്കുന്നത്.

സൗഹൃദകൂട്ടായ്മകളുടെയും, നാട്ടിടവഴികളിലെയും, അടുക്കളകളിലെയും, വർത്തമാനങ്ങളുടെ ലാളിത്യവും, നേരമ്പോക്കിന്റെ സൂത്രവാക്യങ്ങളും ഇടകലരുന്ന ഘടനയാണ് പങ്കാളിത്ത പരിപാടികൾക്കുള്ളത്. കേരളീയ പൊതുസമൂഹത്തിൽ പ്രബലമായി കുടികൊള്ളുന്ന ചില പൊതുശീലങ്ങളുടെ വ്യാപ്തി ഈ മട്ടിലുള്ള ഭാഷണങ്ങളുടെ കേൾവിയുടെ മനഃശാസ്ത്രത്തിനും ജനപ്രിയതക്കും പിന്നിലുണ്ട്. കേൾവിക്കാരുടെ പക്ഷത്തുനിന്നു നോക്കുമ്പോൾ വൈകാരിക വർത്തമാനങ്ങളും, അപരഭാഷണങ്ങളും മേളിക്കുന്ന അനുഭവസ്ഥലങ്ങളാണ് എഫ്.എം. ചാനലുകളിലെ ഫോൺ-ഇൻ-പരിപാടികൾ. അതുകൊണ്ടുതന്നെ അന്യരുടെ സ്വകാര്യജീവിതത്തിലേക്കോ, സംഭാഷണങ്ങളിലേക്കോ ഒളിഞ്ഞുനോക്കുന്ന മലയാളിയുടെ കേൾവികൗതുകങ്ങൾ





ഇവിടെ ജനപ്രിയതയായി മൊഴിമാറുന്നു. സാമൂഹികജീവിതത്തിൽ സ്വകാര്യ കൂട്ടായ്മകൾക്കുള്ളിൽ സവിശേഷമായി നിലകൊള്ളുന്ന വിനോദ-മാനസിക പ്രവണതകളെ മാധ്യമത്തിന്റെ ആധികാരികഭാഷയിലേക്കും ഘടനയിലേക്കും ലയിപ്പിച്ചുചേർത്ത് വിനോദവത്ക്കരിക്കുകയാണിവിടെ.

എഫ്.എം. ചാനലുകളിലെ പ്രധാന വിനോദവിഭവമെന്ന നിലയിൽ പ്രണയം കടന്നുവരുന്നുണ്ട്. രാത്രിപരിപാടികളായാണ് ഇത് ഭാവന ചെയ്തിരിക്കുന്നത്. ഉള്ളിലുള്ള പ്രണയം, പ്രണയാനുഭവങ്ങൾ, പ്രണയ വിശേഷങ്ങൾ എന്നിവ പങ്കുവെക്കാനുള്ള വേദിയായാണ് ഈ പരിപാടികൾ മാറുന്നത്. ലൗ ബൈറ്റ്സ് പോലുള്ള പേരുകളാണിതിനു നൽകിയിരിക്കുന്നത്. വിദ്യാർത്ഥി-യുവജനങ്ങളുടെ വൈകാരിക മാനറിസങ്ങളെയാണിത് സംബോധന ചെയ്യുന്നത്. പ്രണയവിശേഷങ്ങളെ ചികഞ്ഞെടുക്കുക, പ്രണയാനുഭവങ്ങൾ പരസ്യപ്പെടുത്തുക, ഗൂഢപ്രണയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുക, തുടങ്ങിയ നിലകളിലാണ് ഇത് രൂപപ്പെടുത്തിയിരിക്കുന്നത്. സ്വകാര്യാനുഭവങ്ങളെ പൊതുസ്ഥലത്തിനുള്ളിൽ പരസ്യപ്പെടുത്തുന്നതിലൂടെ വൈകാരികാനുഭവങ്ങളുടെ മൂല്യത്തെ വിനോദവിപണിയിലേക്ക് വഴക്കിയെടുക്കുന്ന അജണ്ട ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കേരളീയ ജീവിതത്തിൽ ചില വ്യവഹാരങ്ങൾ പുതുതായി നിർമ്മിക്കുന്നതിനുമിതു കാരണമാകുന്നു. യുവത്വത്തെ മുൻനിർത്തിയാണിത് പ്രധാനമായും രൂപപ്പെടുന്നത്. പ്രണയവിഷയങ്ങളുടെയും, ഭാഷണങ്ങളുടെയും നിരന്തരമായ സമ്മേളനസ്ഥലങ്ങളാണീ റേഡിയോ ആവിഷ്ക്കാരങ്ങൾ. യുവതയുടെ കാമനാവിനിമയങ്ങളായി ഇത് മാറുമ്പോൾത്തന്നെ, പ്രണയംപോലുള്ള അനുഭവങ്ങൾ പങ്കുവയ്ക്കാനില്ലാത്തത് നിർവ്യക്തികതയുടെ സൂചനയാണെന്ന അബോധപരമായ സന്ദേശംതന്നെ മലയാളി യുവജനതയുടെ മേൽ ഉറപ്പിച്ചെടുക്കുന്നു. സാമൂഹിക-രാഷ്ട്രീയ ബോധങ്ങളിൽനിന്നും, വിചാരങ്ങളിൽനിന്നും അകന്നകന്നുപോകുന്ന കർതൃത്വങ്ങളായി വർത്തമാന കേരളീയ യുവത്വത്തെ പരിമിതപ്പെടുത്തുന്ന വ്യവഹാരപദ്ധതികളായി ഇത്തരം മാധ്യമാവിഷ്ക്കാരങ്ങൾ പ്രയോഗിക്കപ്പെടുന്നു.

എഫ്. എം. ചാനലുകളിൽ ടെലിവിഷൻ പരിപാടികളുടെ മാതൃകയിൽ റിയാലിറ്റി ഷോകൾ, വിവിധ മത്സരങ്ങൾ, പൊതുസ്ഥലങ്ങളിൽ കടന്നുകൂടിക്കൊണ്ടുള്ള പരിപാടികൾ എന്നിവ നടത്തുന്നുണ്ട്. ജനപ്രീതി വർദ്ധിപ്പിക്കുന്നതിനുള്ള ആസൂത്രിതശ്രമങ്ങളാണിവയെല്ലാം. നാട്ടുകാരുടെ ഇടയിൽനിന്നു മികച്ച ഗായകരെ കണ്ടെത്തുന്നതിനെന്ന പേരിൽ വിവിധ സ്ഥലങ്ങളിൽ തുറന്ന വേദിയൊരുക്കിക്കൊണ്ട് റേഡിയോ മാംഗോ (കൊച്ചി) നടത്തിയ പരിപാടി ഇതിനുദാഹരണമാണ്. ഇതിനനുബന്ധമായി നൽകിയ പരസ്യം പ്രാദേശികതയുടെ ഉൽസവാത്മകതയെ ധ്വനിപ്പിക്കുന്നതായിരുന്നു. ആശാ ^താര ഭോസ്‌ലെ, സോനു ^വക്കച്ചൻ നിഗം എന്നിങ്ങനെ പ്രതീകങ്ങളിലൂടെയാണ് ഇത് പരസ്യ

പ്പെടുത്തിയത്. പ്രാദേശികജനതയെ ദേശീയമായ 'താരബിംബങ്ങ' ളിലേക്ക് ആരോപിച്ചുയുർത്തുന്ന/ഇകഴ്ത്തുന്ന കൗതുക കാഴ്ചയാണിവിടെ കാണാനായത്. സർവ്വതിനെയും പ്രാദേശികമാക്കി മാറ്റുക എന്നതിലുപരിയായ പ്രശ്നം ഇവിടെയുണ്ട്. താരബിംബങ്ങളുമായുള്ള താരതമ്യങ്ങളിലൂടെ രൂപപ്പെടുന്ന സ്വയം നിർണ്ണയനശേഷിയാണ് സാധാരണ ജനതയ്ക്കുള്ളതെന്ന സന്ദേശം ഇവിടെ മറഞ്ഞിരിക്കുന്നു.

ചലച്ചിത്രങ്ങളിലൂടെയും ടെലിവിഷനിലൂടെയും ഉറപ്പിക്കപ്പെട്ട താരവൽക്കരണ പ്രവണതകളെ എഫ്. എം. ചാനലുകളും പല നിലകളിൽ ഏറ്റെടുക്കുന്നുണ്ട്. സിനിമയിലും മറ്റും അമാനുഷികതയുടെ ആൾരൂപങ്ങളായി അവതരിപ്പിക്കപ്പെട്ട താരങ്ങളുടെ റേഡിയോ മാതൃകകളായി ജോക്കികളെ അവതരിപ്പിക്കുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്. കേൾവിക്കാരുമായി ദൃഢമായ വൈകാരികബന്ധം നിലനിർത്തുമ്പോൾതന്നെ അവതരണശൈലിയിലൂടെയും അവതരണവിഷയത്തിലൂടെയും 'അതിശയത്വം' വഹിക്കുന്ന താരങ്ങളായി ജോക്കികളെ പല ചാനലുകളും ഉയർത്തിക്കാട്ടുന്നുണ്ട്. കേൾവിക്കാരുടെ മനസ്സിൽ കുടിയേറിയ താരരൂപത്തിന്റെ ജനപ്രിയതയെ പിൻതുടർുകൊണ്ടാണ് പിന്നീടങ്ങോട്ടുള്ള ചാനൽ പരിപാടികൾ ആവിഷ്കരിക്കുന്നത്. ഈ താരവൽക്കരണങ്ങൾ മറ്റൊരു തരത്തിലും സാമൂഹികമണ്ഡലത്തിൽ ഇടപെടുന്നുണ്ട്. താരം / കേവലനായ വ്യക്തി എന്ന നിലയിൽ സാമൂഹിക വർഗ്ഗീകരണത്തിലൂടെ സാധാരണ ജനതയെ അന്യവൽക്കരിക്കുന്ന മാധ്യമചേരിയിലേക്ക് റേഡിയോയും എത്തിപ്പെട്ടിരിക്കുകയാണ്.

കാഴ്ചയുടെ സ്ത്രീപങ്കാളിത്തത്തെ മുൻനിർത്തിയുള്ള ജനപ്രിയാനുഭവമാണ് ടെലിവിഷൻ പരമ്പരകൾ സാധ്യമാക്കിയിരിക്കുന്നത്. ഗാർഹിക ജീവിതത്തിന്റെയും ബന്ധങ്ങളുടെയും പകർപ്പ് മാതൃകയിലുള്ള ആഖ്യാനങ്ങളാണീ പരമ്പരകൾ. എഫ്. എം ചാനലുകളിൽ സ്ത്രീകളെ ലക്ഷ്യമാക്കിയുള്ള സവിശേഷ പരിപാടികളിൽ ടെലിവിഷൻ പരമ്പരകളെ സംബന്ധിച്ച വർത്തമാനങ്ങൾ ഇടകലർത്തുന്നുണ്ട്. ലേഡീസ് കോളനി (റേഡിയോ മിർച്ചി) ലേഡീസ് നേരം, റേഡിയോ ജോക്കികളുടെ വർത്തമാനങ്ങൾ തുടങ്ങിയവയിലൂടെ ടെലിവിഷൻ പരമ്പരകളുടെ ദൈനംദിന കഥാഗതി ഭാഷണങ്ങൾക്കിടയിൽ ചേർക്കുന്നു. വീട്ടിനുള്ളിലും പുറത്തും സ്ത്രീകൾ തമ്മിൽ നടത്തുന്ന വർത്തമാനത്തിന്റെയും അപവാദഭാഷണത്തിന്റെയും ശൈലിയിലാണ് ഇത് അവതരിപ്പിക്കപ്പെടുന്നത്. ടെലിവിഷൻ പരമ്പരകളിലും മാധ്യമാവിഷ്കാരങ്ങളിലും പൊതുവെ പ്രതിനിധാനം ചെയ്യപ്പെടുന്ന സ്ത്രീ സങ്കല്പങ്ങളെയാണിവിടെയും പുനരവതരിപ്പിക്കുന്നത്. സാമൂഹിക പൊതുമണ്ഡലത്തിന്റെ പ്രശ്നങ്ങളിൽ നിന്നും പ്രതിസന്ധികളിൽനിന്നും അകന്നുനിൽക്കുകയും, സ്വന്തം മനസ്സിന്റെ കാൽപനിക കൗതുകങ്ങളിൽ അഭിരമിക്കുകയും ചെയ്യുന്നവരെന്ന നിലയിലാണ് ഇവിടെ സ്ത്രീകളെ ആവിഷ്ക്കരിക്കുന്നത്.





വിനോദവത്ക്കരണം ഉപഭോഗത്തിന്റെ പരോക്ഷ താൽപര്യങ്ങളെ സ്വയം ഉള്ളടക്കുന്നുണ്ട്. എന്നാൽ വിപണിവൽക്കരണത്തെ പ്രത്യക്ഷത്തിൽതന്നെ സഹായിക്കുന്ന ഉള്ളടക്കങ്ങൾ മറ്റ് മാധ്യമങ്ങളിലേതുപോലെ എഫ്. എം. റേഡിയോയിലും കടന്നുവരുന്നു. പരസ്യങ്ങളുടെ പ്രക്ഷേപണം 'അംഗീകൃതമായ' വിനിമയരീതിയാണ്. നേരിട്ടുപറയുന്നതിനെക്കാൾ മറച്ചു കടത്തുന്ന വിനിമയതന്ത്രങ്ങളാണ് ഒരു സംസ്കാരത്തിലേക്ക് എളുപ്പത്തിൽ വ്യാപ്തി നേടാൻ സഹായിക്കുകയെന്ന ആഗോളവാണിജ്യതന്ത്രങ്ങൾ ഇന്ന് തിരിച്ചറിയുന്നുണ്ട്. അതുകൊണ്ടുതന്നെ കലയും വിനോദവും വിജ്ഞാനവും വിപണിയും തമ്മിലുള്ള അതിർവരമ്പുകൾ എവിടെയെന്ന പ്രതിസന്ധി മാധ്യമാനുവാചകർ നേരിടുന്നു. മാധ്യമ ഉപഭോക്താക്കളെ വൈകാരികമായി വന്ധ്യംകരിച്ചുകൊണ്ടാണ് മാധ്യമങ്ങളിതു സാധിച്ചെടുക്കുന്നത്.

പൊതുവിപണിതന്ത്രങ്ങളെ പിൻതുടർന്നുകൊണ്ട് എഫ്. എം. ചാനലുകളിലും ചില ദിവസങ്ങൾക്ക് സവിശേഷതകൾ ആരോപിച്ച് ആഘോഷിക്കുന്ന പ്രവണതകളെ ഈ സന്ദർഭത്തോടു ചേർത്തുകാണാവുന്നതാണ്. ഐസ്ക്രീം ഡേ, ലൗവേഴ്സ് ഡേ, വാലന്റെൻസ് ഡേ തുടങ്ങിയ പേരുകളിൽ വിപണിയെ ചലിപ്പിക്കുന്ന 'പുതിയ നിയമങ്ങ'ളാണ് ഇങ്ങനെ പ്രബല്യത്തിലാകുന്നത്. ഉത്സവാത്മകമായ അന്തരീക്ഷം എപ്പോഴും ഉപഭോഗപരതയുടെ അന്തരീക്ഷം കൂടിയാണ് ഒരുക്കുന്നത്. നവവിപണി സൂത്രവാക്യങ്ങളുടെ വിളംബരപ്പെടുത്തലുകളാണ് ഇതിലൂടെ നടക്കുന്നത്. ജനതയുടെ സ്വാഭാവികവും സ്വയം നിർണ്ണയനശേഷിയുള്ളതുമായ ആവശ്യങ്ങളെ അപ്രധാനീകരിച്ചുകൊണ്ട് വ്യാജമായ ആവശ്യങ്ങൾ അധീശത്വം നേടുന്ന സാംസ്കാരിക വിധേയത്വത്തിന് ഇതു വഴിയൊരുക്കുന്നു. കപടമായ ആവശ്യങ്ങളെ പ്രീണിപ്പിക്കുക മാത്രമല്ല, വ്യാജമായ ആവശ്യങ്ങളെ ഉത്പാദിപ്പിക്കുക കൂടിയാണ് സംസ്കാര വ്യവസായം ചെയ്യുന്നതെന്ന് അഡോണോയും ഹൊക്കെയ്മറും മുൻപുതന്നെ വിലയിരുത്തുന്നുണ്ട്. ജനതയുടെ ഇച്ഛകൾക്ക് പ്രാതിനിധ്യമില്ലാത്ത വിപണി ലക്ഷ്യങ്ങൾക്കനുസരിച്ച് മെരുക്കിയെടുക്കുന്ന വ്യക്തിത്വ സമൂഹങ്ങൾ നിർമ്മിക്കപ്പെടുകയാണ് അതുവഴി സംഭവിക്കുക. എന്തിനെയും വിനോദവൽക്കരിക്കുന്നതിലൂടെ ഉത്പാദനസംസ്കാരത്തെ അട്ടിമറിക്കുന്ന പരാശ്രിതസമൂഹത്തെ രൂപപ്പെടുത്തുകയാണ് എഫ്. എം റേഡിയോ ഉൾപ്പെടുന്ന മാധ്യമ വ്യവഹാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്.

എഫ്. എം. ചാനലുകളെ ഒറ്റക്കൊറ്റക്കു വിശകലനം ചെയ്യൽ അപ്രസക്തമാക്കുന്ന വിധത്തിൽ ഏക സ്വരമായ കേൾവി സംസ്കാരമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ആഖ്യാനശൈലിയിലും ഉള്ളടക്കങ്ങളിലുമെല്ലാം ഇതു പ്രകടമാണ്. ടെലിവിഷനും ചലച്ചിത്രവുമുൾപ്പെടുന്ന മാധ്യമങ്ങളും കലാവിഷ്ക്കാരങ്ങളും വാർപ്പ് മാതൃകകളെ പിൻതുടരുന്ന വിനോദരൂപങ്ങളെ മുൻപു

തന്നെ ഉപാധിയാക്കിയിട്ടുണ്ട്. വിനോദത്തിന്റെ തുടരനുഭവങ്ങളെ ജനപ്രിയ വിപണിയിൽ എമ്പാടും വിൽപ്പനക്ക് വച്ചിരിക്കുന്ന എഫ്. എം. ചാനലുകൾ ഉള്ളടക്കത്തിന്റെയെന്നപോലെ സംസ്കാരസമൂഹത്തിന്റെയും യാന്ത്രികമായ പുനരുല്പാദനത്തിനാണ് വഴിയൊരുക്കുന്നത്. ഉപരി മധ്യവർഗ്ഗാവശ്യങ്ങളിൽ കേന്ദ്രീകരിക്കുന്ന പ്രത്യയശാസ്ത്ര താൽപര്യങ്ങളെയാണ് സവിശേഷമായ സംസ്കാര രൂപമെന്ന നിലയിൽ എഫ്. എം. റേഡിയോയും ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിലെ റേഡിയോ എഫ്. എം കാലം ഉല്പാദനസമൂഹം ഉപഭോഗസമൂഹമായി മാറിയ ചരിത്രകാലത്തിന്റെ സൃഷ്ടിയാണ്.

## ഗ്രന്ഥസൂചി


| | | |
|---|---|---|
| രാമകൃഷ്ണൻ, ഇ.വി. | 2001. | *ദേശീയതകളും സാഹിത്യവും*, കോട്ടയം: ഡി.സി. ബുക്സ്. |
| David Croteau & William Hoynes. | 2003. | *Media Society-Pine Forge Press*- Sage- New Delhi. |
| Vanita Kohli Khandekar | 2006. | *The Indian Media Business* -Sage NewDelhi. |
| മനോജ് കുറൂർ | 2009. | ഉണരുമീ ഗാനങ്ങൾ, *മാധ്യമം*, പുതുവർഷപ്പതിപ്പ് |


■



# Noun Modifiers in Malayalam

**P. T. Abraham**

## Introduction

The present paper* examines the morphological, syntactic and semantic aspects of the noun modifiers in Malayalam. A noun modifier is that grammatical element that specifies (specific or general), limits (how many or how much) and modifies (properties like size, dimension, property, etc.) a noun's referent. As rightly pointed out by Prabhakara Variar (1979:p.23), the treatment of noun modifiers of Malayalam by earlier grammarians show methodological imperfections. Prabhakara Variar himself has classified and described them in his study on *Nominal Attributes in Malayalam*. However, a few inadequacies are found in his study. In this analysis a different categorization of noun modifiers in Malayalam is proposed on the basis of their morphological and syntactic behaviour and semantic characteristics. However, adjectival clauses are not included in the scope of this study.

As stated by Prabhakara Variar, both pre-modifiers and post-modifiers are found in Malayalam (ibid: p.24). Though modifiers like *maat$^{o}$am* 'only', *kuuþi*, 'also', *okke* 'et cetera' and *tanne* 'reflexive/emphatic marker', occur only as post-modifiers, a few of the pre-modifiers like quantifiers occur as post-modifiers as well. Pre-modifiers include demonstratives, indefinite determiners, quantifiers, inherent adjectives, and so on.

***** *This paper is a revised version of the paper presented in the International Conference on Dravidian Linguistics in honour of Prof. S Agesthialingom, held at Annamalai University from 19th to 21st August, 2009.***

## Demonstratives

A demonstrative is a noun modifier that indicates the spatio-temporal location of a noun's referent. While discussing demonstrative pronouns in Malayalam, Matthan (1969: p.99) tells that demonstrative pronouns- *avan* 'he (non-proximate)', *ivan* 'he (proximate)', *maººavan* 'the other man' and *innavan* 'a specified man'- have pointing function. He relates the initial letters ***a*** and ***i*** of *avan* and *ivan* with corresponding long vowels ***aa*** and ***ii***, that function as demonstratives. He observes that their occurrence is phonologically conditioned. Rajarajavarma, while discussing the deictic system and gender system, considers ***a, i,*** and ***e*** *as* deictic markers (Rajarajavarma: 1969: p.160&162), but elsewhere he considers them as pronouns (ibid: p156, 157-58,196). To him, items like aññu̦ 'there', annu̦ 'that day' atºa 'that much', etc., are derived from ***a, i,*** and ***e*** (ibid: 196). But there is no reference to the demonstratives- ***aa*** and ***ii*** - in his work. Prabhakara Variar (1978, p.550) describes ***aa*** and ***ii*** as demonstratives and states; '*ii* is used in pointing out those referents that are in proximity and *aa* those that are not in proximity.'

It may be noted that deictic and specifying elements are coded in different languages in diversified ways to specify a noun's referent and to denote deictic and anaphoric relations of those referents with reference to their spatio-temporal coordinates. For instance in English, definite article '*the*' is used exclusively to specify a noun's referent whereas the demonstratives '*this*' and '*that*' specify and point out a noun's referent. Hence, in English, their occurrence is in complementary distribution, i.e., the occurrence of either the definite article or the demonstrative as pre-modifier is permitted. Both 'this' and '*that*' are used as neutral pronouns as well. The demonstrative '*that*' is used also as an anaphoric pronoun.

In Malayalam, both specificity and deixis is expressed by the demonstratives ***aa*** 'that' and ***ii*** 'this'. The demonstrative ***aa*** is used also to express anaphoric reference as in (4).





See the examples (1) to (4).

1) *aa pustakam* 'that book'
2) *ii pustakam* 'this book'
3) *enºe amma annu̦ ennooḫu̦ oru katha paºaññu.* 'That day my mother told me a story.'
4) *naan aa katha innum ooºkkunnu.* 'I remember that story even today'

The demonstratives ***aa*** and ***ii*** in phrases (1) and (2) express deixis and specificity and the ***aa*** in (4) expresses specificity in reference to its antecedent. This is true of ***ii*** also.

The specifying aspect of ***ii*** is prominently expressed in the determiner *inna* 'specific/specified'.

See the phrases given below:

5) *inna tiiyati* 'the specified date' *itºaam tiiyati* 'a specified date'

| | |
|---|---|
| *innaḫam/ inna stalam* | 'the specified place' |
| *inna neerm / samayam* | 'the specified time' |
| *inna manuºyan* | 'the specified person' |
| *inna inna karyaññaï* | 'such and such matters' |
| *inna inna kuþikaï* | 'such and such children' |

The demonstratives ***aa*** and ***ii*** are combined with respective gender-number markers and the third person pronouns are derived as illustrated below:

Non-proximate/anaphoric

| | | Singular | | Plural | |
|---|---|---|---|---|---|
| 6) | (i) | *aa + an* → *avan* | 'he' | *aa +aº* → *avaº* | 'they' |
| | *(ii)* | *aa + aï* → *avaï* | 'she' | *aa +aº* → *avaº* | 'they' |
| | *(iii)* | *aa + tu̦* → *atu̦* | 'that' | *aa +a* → *ava* | 'they' |

Proximate/anaphoric

7) Singular Plural

(i) ii + *an* → *ivan* 'he' *ii +a$^{o}$* → *iva$^{o}$* 'they'

*(ii) ii + aï* → *ivaï* 'she' *ii +a$^{o}$* → *iva$^{o}$ 'they'*

*(iii) ii + tụ* → *itụ* 'that' *ii +a* → *iva* 'they'

The masculine and famine third person pronouns given in (6) and (7) are non-honorific. On the analogy of the above morphological process, a set of honorific counterparts of the masculine third person pronouns are also derived as follows:

8) (i) *aa + deeham* → *addeeham* 'he-honorific'

(ii) *ii + deeham* → *iddeeham* 'he-honorific'

*aññeerụ* 'he-honorific'

*iññeerụ* 'he-honorific'

In the same manner the following masculine third person pronouns are also derived

9) (i) *aa + aal* → *ayaal* 'he'

(ii) *ii + aal* → *iiyaal* 'he'

Spatio-temporal forms can be combined with the demonstratives to derive adverbs of time and place like *appool* 'then', *ippool* 'now', *aviþe* 'there', *iviþe* 'here' *aviþam* 'there' and *iviþam* 'there'. There are instances like the following wherein the pronominal forms *atụ* 'that' and *itụ* 'this' themselves occur as demonstratives. See the following:

10) *ii aïavil* 'in this measurement'

11) *itee aïavil* 'exactly in this measurement'

അനുപ്രയോഗപഠനത്തിൽ മറ്റു വൈയാകരണന്മാരേക്കാൾ ഏറെ മുന്നോട്ടു പോയ കേരളപാണിനിയുടെ ഒരു പ്രസ്താവനയും ശ്രദ്ധേയമാണ്. "ബുദ്ധിമാന്മാർക്കിത്രയുംകൊണ്ട് മതിയാകുന്നതിനാലും, മന്ദന്മാർക്ക് എത്രതന്നെ വിസ്തരിച്ചാലും മനസ്സിലാവാൻ പ്രയാസമെന്നു ഭയന്നും ഇതിനെ ഉദാഹരണങ്ങളെക്കൊണ്ട് വെളിപ്പെടുത്താൻ ശ്രമിക്കുന്നില്ല"(2000:227) എന്ന് അദ്ദേഹം പറയുന്നത് നമ്മെ അത്ഭുതപ്പെടുത്തും. *കേരളപാണിനീയ*ത്തിൽ മറ്റൊരിടത്തും കാണാത്ത തരത്തിലുള്ള ഇത്തരം പ്രസ്താവന നടത്താൻ കേരളപാണിനിയെ പ്രേരിപ്പിച്ചത് അനുപ്രയോഗങ്ങളുടെ സങ്കീർണ്ണസ്വഭാവമാകാം. ഓരോ അനുപ്രയോഗധാതുവിനും ഉപലക്ഷണാർത്ഥമായി ചില അർത്ഥങ്ങളും ഉദാഹരണങ്ങളും നൽകാൻ മാത്രമേ അദ്ദേഹം മുതിരുന്നുള്ളൂ.

അനുപ്രയോഗേ മൂലാർത്ഥം
ബീജത്തിൽ തരുവെന്നപോൽ
ആരാഞ്ഞുനോക്കിയാൽ കാണാം
നീണ്ടുനീണ്ടു മുളച്ചതായ് - കാരിക 133.

അനുപ്രയോഗങ്ങളിലെ അർത്ഥഭേദം മൂലാർത്ഥംതന്നെ നീണ്ടുനീണ്ട് ഉണ്ടായതാണെന്നും അദ്ദേഹം പറയുന്നു.

ഗ്രന്ഥവിസ്തരഭയത്താൽ ഉപപദങ്ങളെ വളരെ ചുരുക്കി മാത്രമേ പ്രതിപാദിക്കുന്നുള്ളൂ എന്നാണ് *വ്യാകരണമിത്രം* പറയുന്നത്.

അനുപ്രയോഗങ്ങൾ ഇത്രേയുള്ളൂ, ഉള്ളവയ്ക്ക് ഇന്ന അർത്ഥമേ ഉള്ളൂ എന്നു പരിച്ഛേദിക്കുവാൻ സാധ്യമല്ല എന്ന് സി.വി.വാസുദേവഭട്ടതിരിയും അഭിപ്രായപ്പെടുന്നു. പ്രധാനപ്പെട്ടവയെ ഉദാഹരിക്കാനേ കഴിയൂ. അനുപ്രയോഗങ്ങൾ അസംഖ്യമാണ്.

മേൽപ്പറഞ്ഞ പ്രസ്താവനകൾ ഒരർത്ഥത്തിൽ അനുപ്രയോഗങ്ങളുടെ പ്രയോഗവൈവിദ്ധ്യവും പ്രയോഗവിസ്തൃതിയും വ്യക്തമാക്കുന്നവയാണ്.

മലയാള വ്യാകരണകൃതികളിലെ അനുപ്രയോഗങ്ങളെക്കുറിച്ചുള്ള ചിന്തകളെല്ലാംതന്നെ വ്യാകരണത്തെക്കുറിച്ചുള്ള സാമ്പ്രദായികമായ കാഴ്ചപ്പാടിൽനിന്നു രൂപപ്പെട്ടതാണ്. വ്യാകരണകൃതികൾ പരിചയപ്പെടുത്തുന്ന അനുപ്രയോഗങ്ങൾ അനുദിനവിനിമയങ്ങളിൽ കണ്ടെത്താനും അങ്ങനെ അനുപ്രയോഗപഠനം സമകാലികമായ നോട്ടപ്പാടിൽനിന്ന് നിർവഹിക്കാനുമാണ് ഇവിടെ ശ്രമിക്കുന്നത്.

ഈ പഠനം തുടങ്ങുന്നത് പത്രവായനയ്ക്കിടയിൽ തോന്നിയ ഒരു കൗതുകത്തിൽനിന്നാണ്. 2007 മാർച്ച് ഇരുപത്തിമൂന്നാം തീയതിയിലെ മുഖ്യ സെൻസേഷണൽ വാർത്ത ഒരു കൊലപാതകത്തെക്കുറിച്ചുള്ളതായിരുന്നു. 'പാക്കിസ്ഥാൻ ക്രിക്കറ്റ് കോച്ച് ബോബ് വൂമർ കൊല്ലപ്പെട്ടു' എന്ന വാർത്തയുടെ സ്തോഭജനകമായ വിവരണത്തിൽ പത്രങ്ങൾ പ്രകടിപ്പിച്ച വൈകാരികതയ്ക്ക് ഭാഷ എങ്ങനെയൊക്കെ നിമിത്തമാകുന്നുവെന്നതും, അനുപ്രയോഗങ്ങൾ ആ ആഖ്യാനത്തിൽ വഹിച്ച പങ്കും ശ്രദ്ധയിൽപ്പെട്ടു. എട്ട് കോളം വാർത്തയായിരുന്ന ഇതിലെ മൊത്തം ക്രിയകൾ 69 ആണ്. ഈ ക്രിയകളെ പൂർണ്ണക്രിയ, വിനയെച്ചത്തോടു കൂടിയ ക്രിയ, അനുപ്രയോഗങ്ങൾ ഇങ്ങനെ വർഗ്ഗീകരിച്ചതിൽ 25 എണ്ണവും അനുപ്രയോഗങ്ങൾ ആയിരുന്നു. ആഖ്യാനത്തിന്റെ സ്വഭാവം കാണിക്കാനായി പത്രഭാഗം ഉദാഹരിക്കുന്നു.

2007 മാർച്ച് 23, വെള്ളി, മലയാളമനോരമ.

*കിങ്സ്റ്റൺ (ജമൈക്ക): പാക്കിസ്ഥാൻ ക്രിക്കറ്റ് കോച്ച് ബോബ് വൂമറെ കഴുത്തു ഞെരിച്ചു കൊലപ്പെടുത്തുകയായിരുന്നുവെന്നും ഇതു സംബന്ധിച്ച കൂടുതൽ തെളിവുകൾ ലഭിച്ചെന്നും വെളിപ്പെടുത്തൽ. വൂമറുടെ കഴുത്തിലെ അസ്ഥി പൊട്ടിയിരുന്നതായി പോസ്റ്റ്മോർട്ടത്തിൽ കണ്ടെത്തിയതായി ഉന്നത പോലീസ് ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് ജമൈക്കൻ പത്രം വെളിപ്പെടുത്തി.*

*പെഗാസസ് ഹോട്ടലിന്റെ പന്ത്രണ്ടാം നിലയിലുള്ള മുറിയിൽ അർദ്ധനഗ്നനായിട്ടാണ് വൂമർ കിടന്നിരുന്നത്. ടവൽകൊണ്ടു ശരീരത്തിലെ കുറേ ഭാഗം പൊതിഞ്ഞിരുന്നു. ചുമരിൽ വളരെ ഉയരത്തിൽ വരെ ചോര ഛർദ്ദിച്ചതിന്റെ പാടുകളുണ്ടായിരുന്നു. വൂമറുടെ താടിയെല്ലിന്നു പൊട്ടലുണ്ടായിരുന്നുവെന്നു ഡോക്ടർമാർ വ്യക്തമാക്കിയിട്ടുണ്ട്. ബലപ്രയോഗത്തിലൂടെ ശ്വാസംമുട്ടിച്ചു കൊലപ്പെടുത്തിയിരിക്കാനാണു സാധ്യത. എന്തായാലും കൊലപാതകമട്ടിൽത്തന്നെ അന്വേഷണം പുരോഗമിക്കുകയാണ്.*

2007 മാർച്ച് 23, വെള്ളി, മലയാളമനോരമ.

*ഇടപ്പള്ളിയിൽനിന്ന് വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്കുള്ള റെയിൽപാതയ്ക്കു കേന്ദ്രസർക്കാർ 245.67 കോടിരൂപ അനുവദിച്ചു. മന്ത്രിസഭയുടെ ധനകാര്യ ഉപസമിതിയുടേതാണ് തീരുമാനം. പാതയുടെ നീളം 8.86 കിലോമീറ്ററാണ്. നിർദ്ദിഷ്ട കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിൽനിന്നുള്ള ചരക്കുനീക്കത്തെ ഇതു സഹായിക്കുമെന്ന് ധനമന്ത്രി പി. ചിദംബരം പറഞ്ഞു. കൊച്ചി തുറമുഖവും ബിഒടി സ്ഥാപനമായ ഇന്ത്യ ഗേറ്റ് വേ ടെർമിനലും ഒപ്പിട്ട കരാറിൽ വല്ലാർപാടത്തേക്കു റെയിൽപാത പണിയുമെന്ന് വ്യവസ്ഥയുണ്ടായിരുന്നു.*

ഒരേ പത്രത്തിലെ വാർത്തയാണെങ്കിലും ഇവ രണ്ടും തമ്മിൽ അനുപ്രയോഗങ്ങളുടെ കാര്യത്തിലുള്ള വ്യത്യാസം ശ്രദ്ധേയമാണ്. ആദ്യത്തേതിൽ എഴുത്തിന് കഥാത്വം നൽകി രസോദ്ദീപകമായി, വികാരഭരിതമായി വാർത്തയെ അവതരിപ്പിക്കാൻ 'ഇരി', 'ആയിരി' തുടങ്ങിയ ധാതുക്കൾ ഉപയോഗിക്കുന്നതു കാണാം. പൂർവ്വാപരരസത്തോടെ, മുൻപിൻതുടർച്ചയുണ്ടാക്കുന്ന വിധത്തിൽ കഥ മുന്നോട്ടു കൊണ്ടുപോകുന്നതിന് അനുപ്രയോഗം ഉപയോഗിച്ചിരിക്കുന്നതായി തോന്നി. പത്രവാർത്തകളിൽത്തന്നെ അനുപ്രയോഗങ്ങളുടെ ഉപയോഗത്തിനു തരഭേദമുണ്ടെന്നും, വാർത്തയെ വൈകാരികമാക്കാൻ അനുപ്രയോഗം കൂടുതൽ ഉപയോഗിക്കുന്നു എന്നുമുള്ള പ്രാഥമിക നിരീക്ഷണത്തിലാണ് അന്ന് എത്തിച്ചേർന്നത്. ഇത്തരമൊരു സാഹചര്യത്തിലാണ് പത്രഭാഷയെ ഉപാത്തമാക്കി അനുപ്രയോഗത്തെ ശേഖരിക്കാനും വർഗ്ഗീകരിക്കാനും അവയുടെ ആവൃത്തി പരിശോധിക്കാനും ശ്രമിച്ചത്.

2007 ഓഗസ്റ്റ് 4-ാം തീയതിലെ മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങളാണ് പരിശോധനക്കായി തെരഞ്ഞെടുത്തത്. ഭേദകാനുപ്രയോഗം, കാലാനുപ്രയോഗം, പൂരണാനുപ്രയോഗം എന്ന കേരളപാണിനീയവർഗ്ഗീകരണരീതിതന്നെയാണ് ഇവിടെയും പിന്തുടരുന്നത്. പൊതുവേ സ്വീകാര്യമായതും കേരളപാണിനിക്കുശേഷം വന്ന വ്യാകരണകർത്താക്കൾ മിക്കവരും പിന്തുടരുന്നതുമായ ഒന്ന് എന്നതിനാലാണ് കേരളപാണിനീയരീതി തിരഞ്ഞെടുത്തത്. നിഷേധാനുപ്രയോഗം എന്ന വിഭാഗത്തെക്കുറിച്ച് ചില കൃതികളിൽ പറയുന്നുണ്ടെങ്കിലും അവ ഇവിടെ സ്വീകരിക്കുന്നില്ല.

പരിശോധിച്ച മൂന്നു പത്രങ്ങളിലും കൂടി ആകെ 918 അനുപ്രയോഗങ്ങളുണ്ട്. ഇതിന്റെ വിഭജനക്രമത്തിലുള്ള ആവൃത്തി പട്ടികയായി കൊടുത്തിരിക്കുന്നു. പട്ടിക 3, 4, 5 എന്നിവയിൽ 01 മലയാള മനോരമ പത്രത്തെയും 02 മാതൃഭൂമി പത്രത്തെയും 03 ദേശാഭിമാനി പത്രത്തെയും സൂചിപ്പിക്കുന്നു.

**പട്ടിക 3**

| പത്രം | ഭേദകാനുപ്രയോഗം | കാലാനുപ്രയോഗം | പൂരണാനുപ്രയോഗം |
|---|---|---|---|
| 01 | 58 | 239 | 11 |
| 02 | 60 | 185 | 11 |
| 03 | 74 | 259 | 21 |
| ആകെ | **192** | **683** | **43** |

ഭേദകാനുപ്രയോഗം മാതൃഭൂമിയിൽ 58 ഉം മലയാള മനോരമയിൽ 60 ഉം ദേശാഭിമാനിയിൽ 74 ഉം ആണ്. കാലാനുപ്രയോഗവും ദേശാഭിമാനിയിലാണ് കൂടുതൽ. അതിൽ 259 കാലാനുപ്രയോഗമുള്ളപ്പോൾ മാതൃഭൂമിയിൽ 239 ഉം മലയാള മനോരമയിൽ 185 എണ്ണവുമാണ് ഉള്ളത്. പൂരണാനുപ്രയോഗങ്ങ ളാകട്ടെ മാതൃഭൂമിയിലും മലയാള മനോരമയിലും 11 എണ്ണം വീതം ഉള്ളപ്പോൾ ദേശാഭിമാനിയിൽ 21 എണ്ണമുണ്ട്. ഈ സ്ഥിതിവിവരത്തിന്റെ അടിസ്ഥാനത്തിൽ ദേശാഭിമാനിയിലാണ് അനുപ്രയോഗങ്ങൾ കൂടുതലുള്ളത്. അതിൽത്തന്നെ കാലാനുപ്രയോഗം, പൂരണാനുപ്രയോഗം എന്നിവയുടെ ആവൃത്തിയിൽ ഗണനീയമായ വ്യത്യാസം ദേശാഭിമാനി കാണിക്കുന്നു.

ആവൃത്തിപരിശോധനയുടെ അടിസ്ഥാനത്തിൽ ഏറ്റവും അധികം ഉപയോഗിക്കുന്നത് കാലാനുപ്രയോഗധാതുക്കളാണ് എന്ന് വ്യക്തമാകുന്നു.

പട്ടിക 2 നോക്കിയാൽ അനുപ്രയോഗചർച്ചയിൽ എല്ലാ വ്യാകരണ





കർത്താക്കളും ഭേദകാനുപ്രയോഗത്തിന്റെ പ്രാധ്യാന്യത്തെ (എണ്ണം, അർത്ഥവ്യാപ്തി, പ്രയോഗ പ്രാചുര്യം എന്നിവകൊണ്ട്) അംഗീകരിക്കുന്നതായി കണ്ടു.

ഇവിടെ പരിശോധിച്ച ഉപാത്തത്തിന്റെ അടിസ്ഥാനത്തിൽ 31 ധാതുക്കളാണ് ഭേദകാനുപ്രയോഗമായിട്ടുള്ളത്. അവ പോക്(12), വര്(24), അഴി(2), കൊൾ(32), വീഴ്(1), എത്ത്,(25) കൊട്(4), കള(9), കൂട്(8), കാണ്(1), തുടങ്ങ്(4), ചേര്(1), വിട്(7), വേൺ(15), വയ്(6), വാങ്ങ്(5), കഴി(21), കയറ്(2), ഏക്ക്(7), തീര്(3), എട്(1), കിട(2), തര്(1), നില്(2), പിടി(1), ഇട(1), തൾ(1), പോര്(1) എന്നിങ്ങനെയാണ് ആവർത്തിച്ചിട്ടുള്ളത്.

ഏറ്റവുമധികം ആവർത്തിച്ചിരിക്കുന്ന ഭേദകാനുപ്രയോഗ ധാതു 'കൊൾ' എന്നതാണ്, 32 തവണ. എത്ത്, വര്, കഴി എന്നിവയും അതിനു തൊട്ടു പിന്നിലായി വന്നിരിക്കുന്നു, യഥാക്രമം 25, 24, 21 എന്നിങ്ങനെ. പോക്(12), വേൺ(15) എന്നിവയൊഴികെയുള്ളവയുടെ ആവൃത്തി താരതമ്യേന കുറവാണ്.

പൂരണാനുപ്രയോഗങ്ങൾ എണ്ണത്തിൽ കുറവാണ്. ആകെ 43 പ്രയോഗങ്ങൾ മാത്രമേ കണ്ടുള്ളൂ. 'ഉൾ' എന്ന ധാതുവിനെ പൂരിപ്പിക്കുന്ന 'ആക്' എന്ന ധാതു ചേർന്ന ഉണ്ടാവുക എന്ന രൂപമാണ് ഇവിടെ ആവർത്തിച്ചിരിക്കുന്നത്.

കാലാനുപ്രയോഗധാതുക്കളായി കേരളപാണിനി പറയുന്ന ഇരി, ഇട്ടുൾ, ഉന്നുണ്ട്, കൊണ്ടിരി, ആയിരുന്നു, ആയിരിക്കും എന്നിവയുടെ ആവൃത്തി താഴെ കൊടുക്കുന്നു.

**പട്ടിക 4**

| ധാതു | 01 | 02 | 03 | ആകെ |
|---|---|---|---|---|
| ഇരി | 182 | 137 | 172 | 491 |
| ഇട്ടുൾ | 46 | 52 | 70 | 168 |
| ഉന്നുണ്ട് | 9 | 7 | 14 | 30 |
| കൊണ്ടിരി | 1 | 6 | 3 | 10 |
| ആയിരുന്നു | 3 | 1 | 0 | 4 |
| ആയിരിക്കും | 0 | 0 | 0 | 0 |

കാലാനുപ്രയോഗധാതുക്കളുടെ ആവൃത്തിയിൽ മുന്നിൽ നിൽക്കുന്നത് 'ഇരി' ധാതുവാണ്. മറ്റു ധാതുക്കളുടെ എണ്ണവുമായി ഇതിന് വലിയ അന്തരമുണ്ട്. 'ഇരി' 491 ഉം 'ഇട്ടുൾ' 168 ഉം 'ഉന്നുണ്ട്' 30 ഉം 'കൊണ്ടിരി' 10 ഉം

'ആയിരുന്നു' 4 ഉം തവണ ആവർത്തിച്ചിരിക്കുന്നു. ആയിരിക്കും എന്ന ധാതു *കേരളപാണിനീയ*ാർത്ഥത്തിൽ പത്രങ്ങളിലൊന്നും വന്നിട്ടില്ല.

'ഇരി' എന്ന അനുപ്രയോഗധാതുവാണ് ഏറ്റവും കൂടുതൽ ആവർത്തിച്ചുപയോഗിച്ചിരിക്കുന്നതെന്ന് ആവൃത്തി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. "ഇരി ധാതുവിനെ അനുപ്രയോഗിച്ചാൽ അനുപ്രയോഗധാതു ഏതു കാലത്തിൽ ഇരിക്കുന്നുവോ അക്കാലത്തിന് സ്വല്പം മുമ്പാണ് പ്രധാനക്രിയ നടന്നിരിക്കുന്നതെന്ന് താത്പര്യം വരും" എന്നും "ചിലേടത്ത് ഫലാനുവൃത്തി എന്ന അർത്ഥം വരും" എന്നുമാണ് രാജരാജവർമ്മ (2000:230) വിശദീകരിക്കുന്നത്. ഇതേ ഇരി ഭേദകാനുപ്രയോഗങ്ങളുടെ പട്ടികയിൽ അദ്ദേഹം ചേർത്തിട്ടുണ്ടെങ്കിലും ഉദാഹരണസഹിതം വിശദീകരിച്ചിട്ടില്ല. ആവൃത്തി പരിശോധനയിൽനിന്നും മനസ്സിലാകുന്ന കാര്യം കാലത്തെ ഭേദിപ്പിക്കാൻ തന്നെയാണ് ഈ അനുപ്രയോഗധാതു പ്രധാനമായും ഉപയോഗിക്കുന്നത് എന്നുതന്നെയാണ്. കാലാനുപ്രയോഗം എന്നതിനപ്പുറം പ്രയോഗവൈപുല്യമുള്ള ഈ ധാതുവിനെ പ്രകരണാധിഷ്ഠിതമായി വിലയിരുത്തേണ്ടതുണ്ട്. അർത്ഥത്തിന്റെയും പ്രയോഗത്തിന്റെയും അടിസ്ഥാനത്തിൽ 'ഇരി'യെ പലതായി കണ്ടെങ്കിൽ മാത്രമേ വർത്തമാനപരിസരത്ത് അതിന്റെ പഠനം പൂർത്തിയാകൂ.

ആക് + ഇരി എന്ന മട്ടിൽ വരുന്ന സംയുക്തധാതുവിന്റെ സ്വഭാവവും ശ്രദ്ധേയമാണ്. *കേരളപാണിനീയ*ത്തിൽ ക്രിയാതിപത്തി, ഊഹം എന്നിവയെ കാണിക്കാനാണ് ആയിരുന്നു, ആയിരിക്കും ഇവ ഉപയോഗിച്ചത്. എന്നാൽ ഇന്ന് ആയിരുന്നു എന്ന് ഉപയോഗിക്കുന്നത് ഈ അർത്ഥത്തിലല്ല. സമകാലിക പത്രമലയാളത്തിൽ ഇവയുടെ ഉപയോഗം എത്രത്തോളമാണെന്ന് പട്ടിക 5 കാണിക്കുന്നു.

**പട്ടിക 5**

| ധാതു | 01 | 02 | 03 | ആകെ |
|---|---|---|---|---|
| ഇരി | 182 | 137 | 172 | 491 |
| ആയിരി | 86 | 52 | 99 | 237 |

സമകാല മലയാളപരിസരത്ത് ഏറെ വൈവിദ്ധ്യത്തോടെ പ്രയോഗിക്കപ്പെടുന്ന ആയിരി എന്ന ധാതുവിന്റെ അർത്ഥതലങ്ങൾ കേരളപാണിനി എടുത്തുപറയാതെ പോയത് ഇന്നത്തെ അർത്ഥത്തിൽ അന്ന് ഈ ധാതു ഉപയോഗിക്കാതിരുന്നതിനാലാകണം. അവധിയായിരിക്കും എന്ന പ്രയോഗത്തിന്റെ അർത്ഥം എന്ത് എന്ന ചോദ്യത്തിന്, തീർച്ച, ഊഹം, അനാസ്ഥ എന്നിങ്ങനെയുള്ള അർത്ഥങ്ങളിലൊന്ന് പ്രകരണാധിഷ്ഠിതമായി നൽകാൻ സാധിക്കുമെന്നാണ് ഇന്നത്തെ പ്രയോഗങ്ങൾ തെളിയിക്കുന്നത്.





അനുപ്രയോഗങ്ങളുടെ തോതിനെക്കുറിച്ചാണ് ഇതുവരെ ചർച്ച ചെയ്തത്. പ്രതിപാദ്യവിഷയമനുസരിച്ച് അനുപ്രയോഗത്തിന്റെ ഉപയോഗത്തിൽ വ്യതിയാനമുണ്ടോ എന്ന പരിശോധനയ്ക്കായി വാർത്തയുടെ സ്വഭാവമനുസരിച്ച് പത്രവാർത്തകളെ ഇനം തിരിക്കുകയുണ്ടായി.

ജനപ്രിയവിഭാഗ(Human Interesting Story)ത്തിലെ ചില ആഖ്യാനങ്ങൾ ശ്രദ്ധേയമാണ് 'തങ്കം വാസുദേവൻനായർ അന്തരിച്ചു' എന്ന തലക്കെട്ടോടെ ദേശാഭിമാനിയിൽ വന്ന വാർത്താഭാഗം താഴെ കൊടുക്കുന്നു.

> കൊച്ചി : ആദ്യകാല നാടകസിനിമാനടിയും സംഗീതജ്ഞയുമായ തങ്കം വാസുദേവൻനായർ അന്തരിച്ചു. 87 വയസ്സായിരുന്നു. തൃപ്പൂണിത്തുറ അമ്പിളി നഗറിൽ താമസിക്കുന്ന മകൾ ലൈലയുടെ വസതിയിൽ വെള്ളിയാഴ്ച വൈകീട്ട് നാലിനായിരുന്നു അന്ത്യം. കഴിഞ്ഞ ബുധനാഴ്ച തങ്കം വാസുദേവൻ നായരുടെ എൺപത്തേഴാം പിറന്നാളായിരുന്നു. വാർദ്ധക്യസഹജമായ അനാരോഗ്യം ഉണ്ടായിരുന്നതിനാൽ ദിവസവും ആശുപത്രിയിൽ പരിശോധനയ്ക്ക് പോയിരുന്നു. വെള്ളിയാഴ്ച ആശുപത്രിയിൽനിന്ന് വീട്ടിൽ തിരിച്ചെത്തിയ ഉടനെ അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു.

ഇത് ഒരു മരണവാർത്തയാണെങ്കിലും ഇതിന്റെ ആഖ്യാനത്തിൽ ഒരുതരം താളാത്മകത നിലനിറുത്താൻ അനുപ്രയോഗങ്ങൾ സഹായകമായിട്ടുണ്ട്. മുമ്പ് കണ്ട ബോബ് വൂമറുടെ കൊലപാതകവാർത്തയുടെ ആഖ്യാനവുമായി ഇത് ചേർത്തു വായിക്കാവുന്നതാണ്. ഇത്തരത്തിൽ ജനങ്ങളെ ആകർഷിക്കുന്ന വിധത്തിലുള്ള വാർത്തകൾ ചമയ്ക്കുന്നതിന് അനുപ്രയോഗങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന അന്വേഷണം കൗതുകകരമായിരിക്കും. ഒരു ദിവസത്തെ പത്രം മാത്രമേ എടുത്തിട്ടുള്ളൂ എന്നതിനാൽ വാർത്തയെയും ആവർത്തനത്തെയും ഒരുപോലെ ആധാരമാക്കിക്കൊണ്ടുള്ള നിഗമനരൂപീകരണത്തിന് ഇവിടെ സാധിച്ചിട്ടില്ല.

പൊതുനിരീക്ഷണത്തിൽ ഏറ്റവും കൂടുതൽ അനുപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്ന പത്രം ദേശാഭിമാനിയാണ്. ഇതിലെ എഡിറ്റോറിയൽ വിഭാഗത്തിൽ കണ്ടെത്തിയ ഇരുപത് അനുപ്രയോഗങ്ങളിൽ കാലാനുപ്രയോഗവും ഭേദകാനുപ്രയോഗവും പത്തുവീതം വന്നിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഭേദകാനുപ്രയോഗങ്ങളുടെയും കാലാനുപ്രയോഗങ്ങളുടെയും പ്രയോഗത്തിലെ ഏറ്റക്കുറച്ചിൽ വളരെ ഏറെയാണ്. കാലാനുപ്രയോഗങ്ങളുടെ ധാരാളിത്തമാണ് അവിടെയെല്ലാം കാണുന്നത്.

അനുപ്രയോഗങ്ങൾ ഏറെയുള്ള മറ്റൊരിടം ലേഖനം, കത്തുകൾ, സംഭാഷണങ്ങൾ തുടങ്ങിയവയാണ്. വ്യക്തിനിഷ്ഠമായ ആഖ്യാനങ്ങളിൽ അനുപ്രയോഗങ്ങൾ താരതമ്യേന കൂടുതലായി കടന്നുവരുന്നു എന്ന് ഇക്കാര്യം വ്യക്തമാക്കുന്നു. ചരമം, അറിയിപ്പുകൾ തുടങ്ങിയവയിൽ ഉപയോഗിക്കുന്ന അനുപ്രയോഗങ്ങളും ഏതാണ്ട് ഒരേ സ്വഭാവം പുലർത്തുന്നു.

മൂന്നു പത്രങ്ങളിൽ ഏറ്റവും കൂടുതൽ അനുപ്രയോഗമുള്ളത് ഏറ്റവും കുറവുമാത്രം പേജുകളുള്ള ദേശാഭിമാനിയിലാണ്. ആവൃത്തി പരിശോധനയിൽ അനുപ്രയോഗങ്ങളുടെ തോത് കുറവായിക്കണ്ടത് കൂടുതൽ പേജുള്ള മലയാള മനോരമയിലാണ്.

ഇത്തരത്തിൽ പത്രമലയാളത്തിലെ അനുപ്രയോഗങ്ങളിൽ കണ്ടെത്തിയ ആവൃത്തിയുടെ ഏറ്റക്കുറച്ചിലുകളെ വിശകലനം ചെയ്താൽ, ലോകവ്യവസ്ഥയും ഭാഷാവ്യവസ്ഥയും സമവായത്തിൽ പ്രവർത്തിച്ചാണ് ഭാഷാമാതൃകകൾ രൂപം കൊള്ളുന്നതെന്നും, ആചാരങ്ങൾ പ്രയോഗങ്ങൾ സാമ്പത്തിക-സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയചിന്തകളുടെ രീതി, ഘടന ഒക്കെ ഭാഷാമാതൃകകൾക്കനുസരിച്ച് എങ്ങനെ വ്യത്യാസപ്പെടുന്നുവെന്നും കണ്ടെത്താനാകും. അത്തരമൊരു ചർച്ചയ്ക്ക് ഇവിടെ ഒരുമ്പെടുന്നില്ല.

പത്രമലയാളത്തിൽ നിന്നും ലഭിച്ച ആവൃത്തിയുടെ അടിസ്ഥാനത്തിൽ നിസ്സംശയം പറയാവുന്ന കാര്യങ്ങൾ ഇവയാണ്.

1 അനുപ്രയോഗങ്ങളുടെ തരഭേദത്തെക്കുറിച്ചല്ലാതെ അവയുടെ തോതിനെക്കുറിച്ച് വ്യാകരണകൃതികൾ ചർച്ച ചെയ്യുന്നില്ല. തരഭേദമനുസരിച്ച് ഭേദകാനുപ്രയോഗങ്ങളാണ് ഭാഷയിൽ കൂടുതൽ ഉള്ളത് എന്നാണ് വൈയാകരണന്മാർ പറയുന്നത്. എന്നാൽ, ആവൃത്തി പരിശോധനയുടെ അടിസ്ഥാനത്തിൽ പത്രഭാഷയിൽ ഏറ്റവും കൂടുതൽ ഉപയോഗിച്ചിരിക്കുന്നത് കാലാനുപ്രയോഗമാണ്.

2 കാലാനുപ്രയോഗധാതുക്കളിൽ 'ഇരി'യാണ് ഏറ്റവുമധികം ഉപയോഗിച്ചിരിക്കുന്നത്. ഇരിയും മറ്റു കാലാനുപ്രയോഗധാതുക്കളും തമ്മിൽ എണ്ണത്തിൽ വലിയ അന്തരമുണ്ട്. 'ആയിരി' എന്ന സംയുക്താനുപ്രയോഗധാതു ഇന്ന് ഭാഷയിൽ ധാരാളമായി ഉപയോഗിക്കുന്നുണ്ട്.

3 വാർത്തകളുടെ പ്രതിപാദ്യമനുസരിച്ച് ചില വാർത്തകളിൽ ആഖ്യാനത്തെ പൊലിപ്പിക്കാൻ ചിലപ്പോഴെങ്കിലും അനുപ്രയോഗങ്ങൾ ഉപയോഗിക്കുന്നുണ്ട്.

പത്രങ്ങളിലെ അനുപ്രയോഗത്തെക്കുറിച്ചുള്ള ഈ പഠനം ഇനിയും വികസിപ്പിക്കാൻ സാധ്യതയുള്ളതാണ്. ഇത്തരം പഠനം ഈ രീതിയിൽ ഇനിയും





മുന്നോട്ടു പോകണമെങ്കിൽ പുതിയ തരത്തിലുള്ള അനുപ്രയോഗവിഭജനരീതി വികസിപ്പിക്കേണ്ടതുണ്ട്. അത് തീർച്ചയായും അനുപ്രയോഗങ്ങളുടെ ഘടനയെയും പ്രകരണത്തെയും പ്രയോഗത്തെയും അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. എങ്കിലേ സമകാലപ്രയോഗവൈവിദ്ധ്യങ്ങളെ അടയാളപ്പെടുത്താനാകൂ.

## ഗ്രന്ഥസൂചി


| | | |
|---|---|---|
| കോവുണ്ണി നെടുങ്ങാടി | 1990 | *കേരളകൗമുദി*, കോഴിക്കോട്: പൂർണാ പബ്ലിക്കേഷൻസ്. |
| ഗുണ്ടർട്ട് ഹെർമൻ | 1991 | *മലയാളഭാഷാവ്യാകരണം*. കോട്ടയം: ഡി.സി.ബി. |
| ജോർജ് മാത്തൻ | 2000 | *മലയാഴ്മയുടെ വ്യാകരണം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം. |
| ജോൺ കുന്നപ്പള്ളി | 1976 | *ശബ്ദസൗഭഗം.* ആലുവ: പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പബ്ലിക്കേഷൻ. |
| നമ്പൂതിരി, ഇ.വി.എൻ. | 2000 | *കേരള ഭാഷാവ്യാകരണം.* കോട്ടയം: ഡി.സി. ബുക്സ്. |
| നാരായണപിള്ള, പി.കെ. | 1990 | *വ്യാകരണപ്രവേശിക*. തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, |
| പാച്ചുമൂത്തത് | 1981 | *കേരള ഭാഷാവ്യാകരണം.* മദിരാശി സർവകലാശാല. |
| രവി, ഇരിഞ്ചിയം | 1994 | *പ്രയോഗികവ്യാകരണം*, തിരുവനന്തപുരം: കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്. |
| രാജരാജവർമ, എ.ആർ. | 2000 | *കേരളപാണിനീയം*, കോട്ടയം:ഡി.സി. ബുക്സ്. |
| രാജശേഖരൻനായർ, എൻ. | 1996 | 'അനുപ്രയോഗം കേരളപാണിനീയത്തിൽ'. (വേണുഗോപാലപ്പണിക്കർ ടി.ബി. പ്രസാ:) *വ്യാകരണപഠനങ്ങൾ* (മലയാളവിമർശം-14). കാലിക്കറ്റ് സർവകലാശാല. |
| വാസുദേവഭട്ടതിരി, സി.വി | 1980 | *അഭിനവമലയാളവ്യാകരണം.* കോട്ടയം: എൻ.ബി.എസ്. |
| — | 1995 | *മലയാളവ്യാകരണം* പ്രയോഗത്തിൽ. കോട്ടയം: കറന്റ് ബുക്സ്. |

| | | |
|---|---|---|
| ശേഷഗിരിപ്രഭു, എം. | 1989 | *വ്യാകരണമിത്രം*, തൃശൂർ: കേരളസാഹിത്യഅക്കാദമി. |
| സുകുമാരപിള്ള, കെ. | 1980 | *കൈരളീശബ്ദാനുശാസന.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. |

**ലേഖനങ്ങൾ**

| | |
|---|---|
| കൃഷ്ണൻ, എ.എൻ. | 'അനുപ്രയോഗങ്ങൾ' *ഭാഷാസാഹിതി* 1983 -28, ഒക്ടോബർ-ഡിസംബർ 1983, പുസ്തകം 7, ലക്കം 4, പുറം 59-66. |
| വാസുദേവഭട്ടതിരി, സി.വി. | 'മലയാളത്തിലെ അനുപ്രയോഗങ്ങൾ', *ഭാഷാസാഹിതി* 70; 1994 ഏപ്രിൽ-ജൂൺ പുസ്തകം 18, ലക്കം 2, പുറം 54-70. |
| സ്കറിയാ സക്കറിയ | 'മലയാളവ്യാകരണത്തിലെരാജരാജമാർഗം', കേരളപാണിനീയത്തിന്റെ അവതാരിക, 1996, ശതാബ്ദിപതിപ്പ്, ഡി.സി.ബി., കോട്ടയം. |


■



# പാഠാന്തരതയും പാരഡിയും: 'ഒരു മദ്ധ്യവേനൽ പ്രണയരാവി'നെപ്പറ്റി ചില നിരീക്ഷണങ്ങൾ

**ജോസി ജോസഫ്**

*"എല്ലാം ചേർത്തു കളിക്കാൻ ഞാനൊരു വേല കണ്ടിട്ടൊണ്ട്"* - ബോട്ടം

പി. ബാലചന്ദ്രന്റെ പുതിയ നാടകമായ 'ഒരു മധ്യവേനൽ പ്രണയരാവ്' (2008) പ്രമേയത്തിലും അവതരണത്തിലും ഭാഷയിലുമൊക്കെ പുതുമയും കൗശലവും പ്രകടിപ്പിക്കുന്ന ഒന്നാണ്. നാടകം, സിനിമ, ബാലെ, കഥാപ്രസംഗം തുടങ്ങിയ ജനകീയകലാരൂപങ്ങളുടെ സമ്പ്രദായങ്ങളെ പൊളിച്ചെഴുതുകയും 'പെർഫോമൻസ്'എന്ന പ്രക്രിയയുടെ വർത്തമാനപരത അടയാളപ്പെടുത്തുകയും ചെയ്യുന്ന ഒരു അവതരണരീതിയാണ് ഈ നാടകം സ്വീകരിച്ചിരിക്കുന്നത്.

നാടകം തുടങ്ങുന്നത് ഒരു സമ്മിശ്രകഥാപാത്രത്തിന്റെ (composite character) പ്രവേശത്തോടെയാണ്. കാമദേവൻ എന്ന ഇന്ത്യൻ മിത്തിലേക്ക് 'അധിനിവേശം' ചെയ്യപ്പെട്ട പക് എന്ന ഷേക്സ്പിയർ കഥാപാത്രമാണ് അത്. നാടകത്തിന്റെ സന്ദർഭങ്ങളും ചർച്ച ചെയ്യപ്പെടുന്ന ആശയങ്ങളും കാണികളിലെത്തിക്കുന്ന, ഇതിവൃത്തം മുൻപോട്ടു കൊണ്ടുപോകുന്ന, ഘടനാപരമായ സങ്കേതമാണ് ഈ കഥാപാത്രം. പഴയ നാടകസമ്പ്രദായത്തിലെ സൂത്രധാരന്റെ സമകാലിക അവതരണം. അസംഭവ്യങ്ങളായ പ്രണയബന്ധങ്ങൾ സംഭവ്യമാകുന്നതിൽ വിരുതനായ ഈ ഷേക്സ്പിയർ കാമദേവൻ മാന്ത്രികശക്തിയുള്ള പ്രണയച്ചാറ് ഉപയോഗിച്ചാണ് ഇതു സാധ്യമാക്കുന്നത്. അത്തരമൊരവസരത്തിൽ പാഠ/കാലക്രമങ്ങൾ തെറ്റിച്ചുകൊണ്ട് മൂന്നു സാഹിത്യകൃതികളിലെ വിവിധ കഥാപാത്രങ്ങൾ ഒന്നിച്ചു രംഗത്തു വരികയും തന്മൂലം ഉണ്ടാകുന്ന അബദ്ധങ്ങളുടെ ഹാസ്യപരമ്പരയുമാണ് (Comedy of Errors) ഈ നാടകം അവതരിപ്പിക്കുന്നത്.

"പ്രണയം തീവ്രവും ധീരവും മധുരവുമൊക്കെയായിരിക്കുന്നപോലെ ഒന്നാലോചിച്ചാൽ ഫലിതവുമാണല്ലോ" എന്ന ചിന്തയാണ് ഈ നാടകത്തിന്റെ

അടിസ്ഥാനപ്രമേയം. അതു കാണികളിലെത്തിക്കാനായി നാടകകൃത്ത് അവലംബിച്ചിരിക്കുന്നത് പരിചിതങ്ങളായ മൂന്നു സാഹിത്യപാഠങ്ങളുടെ കൂടിച്ചേരലാണ്. ഷേക്സ്പിയറുടെ 'ഒരു മധ്യവേനൽ രാക്കിനാവ്' (*A Midsummer Night's Dream*), കാളിദാസന്റെ *അഭിജ്ഞാനശാകുന്തളം*, ചങ്ങമ്പുഴയുടെ *രമണൻ* എന്നീ കൃതികളാണ് ഇതിൽ പ്രത്യക്ഷമായി ഉപയോഗിച്ചിരിക്കുന്ന പാഠങ്ങൾ. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം എന്നീ/ ഭാഷ/സംസ്കാരം/ചരിത്രവ്യവഹാരങ്ങളുടെ ഒത്തുചേരൽ. കൂടാതെ ജനപ്രിയ സിനിമാഗാനങ്ങൾ, സമകാലിക സാമൂഹിക/രാഷ്ട്രീയ സംഭവങ്ങൾ, നാടകാവതരണം നേരിടുന്ന പ്രായോഗികപ്രശ്നങ്ങൾ തുടങ്ങിയവയൊക്കെ ഇതിൽ ഉൾച്ചേർന്നിരിക്കുന്നു. തങ്ങൾ ചെയ്യുന്നതു നാടകമാണെന്നു നടീനടന്മാരും തങ്ങൾ കാണുന്നത് നാടകമാണെന്നു പ്രേക്ഷകരും കൂടെക്കൂടെ ഓർമ്മിക്കുന്നു, ബോധ്യപ്പെടുന്നു.

നാടകം തുടങ്ങുന്നതുതന്നെ നാടകം എന്ന അവതരണകലയുടെ രീതികൾ ചർച്ച ചെയ്തുകൊണ്ടാണ്. കുറേ നടന്മാർ ചേർന്ന് ഷേക്സ്പിയറുടെ *A Midsummer Night's Dream* എന്ന നാടകം അവതരിപ്പിക്കാൻ തയ്യാറെടുക്കുന്നു. കാവാലം നാരായണപ്പണിക്കരുടെ തർജമയാണ് അവർ ഉപയോഗിക്കുന്ന പാഠം. ഷേക്സ്പിയറുടെ നാടകത്തിലെ ബോട്ടം, സ്നൗട്ട്, ക്വിൻസ്, സ്റ്റാർവ്ലിങ് എന്നീ കഥാപാത്രങ്ങൾ പിറമിസിന്റെയും തീസ്ബിയുടെയും കഥ പറയുന്ന ഒരു നാടകം അവതരിപ്പിക്കാൻ തയ്യാറെടുക്കുന്ന ഭാഗമാണ് (Act III, Scene 1) വായിക്കുന്നത്. അതായത്, പി. ബാലചന്ദ്രന്റെ 'ഒരു മധ്യവേനൽ പ്രണയരാവി'നുള്ളിൽ ഷേക്സ്പിയറുടെ *A Midsummer Night's Dream*-ന്റെ കാവാലം നാരായണപ്പണിക്കരുടെ പരിഭാഷയായ *ഒരു മധ്യവേനൽ രാക്കിനാവ്.* അതിനുള്ളിൽ ഷേക്സ്പിയറുടെ കഥാപാത്രങ്ങൾ അവതരിപ്പിക്കുന്ന പിറമിസ്-തീസ്ബി നാടകം. ഒരു മാന്ത്രികച്ചെപ്പിലെന്നപോലെ ഒന്നിനുള്ളിൽ മറ്റൊന്നും അതിനുള്ളിൽ വേറൊന്നുമെന്ന രീതിയിൽ അഴിക്കുംതോറും ഇഴകൾ പെരുകുന്ന ഒരു ഘടന ഈ നാടകത്തിന്റെ സവിശേഷതയാണ്. ഒരു കഥാപാത്രം (നടൻ) ഓർമ്മപ്പെടുത്തുന്നതുപോലെ:

"നമ്മളീക്കളിക്കുന്ന നാടകത്തിനകത്താണല്ലോ ഷേക്സ്പിയറുടെ നാടകം. അതിനകത്താണല്ലോ മറ്റേ നാടകം."

ഇത്തരത്തിൽ പല നാടകപാഠങ്ങളുടെ ഒരു 'മലായിപ്പ്' സൃഷ്ടിക്കുന്നു ഈ കൃതി. മേൽപ്പറഞ്ഞ നാടകപാഠങ്ങൾക്കു പുറമെ ശാകുന്തളവും രമണനുമൊക്കെ ചേരുന്നിടത്ത് പൊതുഘടകമാകുന്നത് ഈ പാഠങ്ങളുടെയൊക്കെ പ്രമേയമാകുന്ന 'പ്രണയവും അതിന്റെ നിരാസതയും വിരഹവും' മരണവുമൊക്കെയാണ്. പ്രണയം ഫലിതമാകുമ്പോൾ പിറകെ ഫലിതവും മരണമായിത്തീരുന്നു. രമണന്റെ ആത്മഹത്യ ഒരു കെട്ടുകഥയായി മാറുകയും ദുഷ്യന്തൻ ഒരു





കൊലപാതകിയാവുകയും ചെയ്യുന്ന ഫലിതവ്യതിയാനം ഈ നാടകത്തിനു നല്കുന്നത് ഉജ്ജ്വലമായ ഒരു ക്ലൈമാക്സ് (അതോ ആന്റി-ക്ലൈമാക്സോ) ആണ്.

"നടിമാരുടെ (നടന്മാരുടെയും) ദൗർലഭ്യം കാരണം ഒരാളുതന്നെ പല വേഷങ്ങളും കെട്ടിയല്ലേ പറ്റൂ" എന്ന ചോദ്യത്തോടെ സാനുമതിയിൽനിന്നും ഭാനുമതിയിലേക്കു പരകായപ്രവേശം നടത്തുന്ന നടി ഓർമ്മപ്പെടുത്തുന്നത് നാടകാവതരണത്തിൽ നേരിടുന്ന പ്രായോഗികപ്രശ്നങ്ങൾ മാത്രമല്ല, നാടകം എന്നാൽ "പ്രേക്ഷകരുടെ സൗകര്യത്തിനു തല്ലിക്കൂട്ടിയെടുക്കുന്ന ഒരുതരം ഏർപ്പാട്" എന്ന ഷേക്സ്പീരിയൻ നിർവ്വചനം കൂടിയാണ്. ഇത്തരം വേഷപ്പകർച്ച നടത്തുന്ന ഒന്നിലേറെ കഥാപാത്രങ്ങൾ ഈ നാടകത്തിലുണ്ട്. ശകുന്തളയുടെ കൈയിൽനിന്നും ജലപാനം നടത്തുന്ന ദീർഘാപാംഗൻ എന്ന മാനിന്റെ വേഷം ചെയ്യുന്ന നടൻതന്നെയാണ് രമണൻ മേയ്ക്കുന്ന ആടിന്റെ വേഷവും ചെയ്യുന്നത്. മുഖംമൂടി (mask) എന്ന സങ്കേതത്തിന്റെ ഏറ്റവും ഫലപ്രദമായ പ്രയോഗം ആട്/മാൻ ദ്വന്ദ്വത്തിൽ കാണുന്നു എന്നു മാത്രമല്ല, ഈ ദ്വന്ദ്വം (binary polarity) ഒരു ദാർശനികമായ അസ്തിത്വപ്രശ്നം കൂടിയാകുമ്പോൾ (പക്കിന്റെ ഭാഷയിൽ "മാനിനുള്ളിൽ ആടും ആടിനുള്ളിൽ മാനുമുണ്ട്. മാൻ മീൻസ് മാനവൻ - മനുഷ്യൻ") നടൻ എന്ന മനുഷ്യനാണ് ആടും മാനുമൊക്കെയായി നിങ്ങളുടെ മുന്നിലെത്തുന്നത് എന്നു പ്രേക്ഷകരെ ഓർമ്മപ്പെടുത്തുന്ന ദൗത്യവും 'മാൻ മീൻസ് മാനവൻ' എന്ന വാക്യം നിർവ്വഹിക്കുന്നു. ആട് എന്ന കഥാപാത്രം നാടകത്തിൽ ആദ്യമായി രംഗപ്രവേശം നടത്തുമ്പോൾ അതിന്റെ സ്വത്വത്തെപ്പറ്റി മറ്റു കഥാപാത്രങ്ങൾ നടത്തുന്ന വ്യാഖ്യാനചർച്ച ഇതോടു ചേർത്തു വായിക്കേണ്ടതാണ്.

ബിംബിസാരന്റെ കൊട്ടാരത്തിലേക്ക് ശ്രീബുദ്ധൻ തോളിലേറ്റിയ ആട്, ബൈബിളിൽ നിന്നിറങ്ങി വഴിതെറ്റി നടക്കുന്ന കുഞ്ഞാട്, ബാല്യകാലസഖിയും ശബ്ദങ്ങളുമൊക്കെ ചവച്ചരച്ച് ബ്ളും ബ്ളും ബ്ളുക്കേന്നു വിഴുങ്ങിക്കളഞ്ഞ പഹയൻ ആട് - എന്നിങ്ങനെ വിവിധ വ്യവഹാരങ്ങളിലുള്ള വ്യത്യസ്ത ആടുകൾ ഈ നാടകപാഠത്തിൽ ഒറ്റ ആടായി - ഇടയ്ക്കു മാനായി മാറിയും - തന്റെ സ്വത്വത്തെ പ്രശ്നവത്ക്കരിക്കുകയും അപനിർമ്മിക്കുകയും ചെയ്യുന്നു. (എല്ലാ യുദ്ധങ്ങളും ഒറ്റയുദ്ധമാണ് എന്ന് എല്യറ്റ് തരിശുഭൂമിയിൽ സൂചിപ്പിക്കുന്നു). ഒ. എൻ. വി.യുടെ 'ഒരേ കടൽ' എന്ന കവിതയിൽ പറയുന്നത്.

"കടലേഴുണ്ടന്നാരേ പറഞ്ഞു? വെറും നുണ!
കടലൊന്നേയുള്ളു കേവലമൊരു കടൽ"

എന്നാണ്. ഈ യുക്തിയനസരിച്ച് നാടകത്തിന്റെ സന്ദർഭത്തിൽ 'എല്ലാ ആടുകളും ഒറ്റ ആടാണ്. അതു മാനും കൂടിയാണ്' എന്നും കരുതാം.

'ഈ നാടകത്തിന് ഒരു പൊളിറ്റിക്കൽ ഡൈമൻഷൻ കിട്ടണമെന്ന് പിടിവാശിയുണ്ടെന്ന്' തുടക്കത്തിൽത്തന്നെ പ്രസ്താവിക്കുന്നുണ്ട്. പ്രത്യക്ഷരാഷട്രീയത്തെക്കാൾ സൂക്ഷ്മരാഷ്ട്രീയധ്വനികളാണ് ഇതിലുള്ളത്. അത്തരത്തിലുള്ള ഒന്നാണ് ഈ നാടകത്തിന്റെ ഇതിവൃത്തത്തിൽ അലയടിക്കുന്ന പ്രണയത്തിന്റെ രാഷട്രീയം. ഈ നാടകത്തിലെ മുഴുവൻ കഥാപാത്രങ്ങളെയും കൃത്യമായി രണ്ടു ശ്രേണിയിൽ പെടുത്താവുന്നതാണ്. ആദ്യത്തെ ശ്രേണി, അല്പം വരേണ്യമെന്നു കരുതാവുന്ന സംസ്കൃതശ്രേണി അഥവാ ശകുന്തളശ്രേണിയാണ്. ഇതിൽപ്പെടുന്നവരാണ് ദുഷ്യന്തൻ, ശകുന്തള, സാനുമതി, മാഢവ്യൻ, മുനികുമാരന്മാർ, ഗൗതമി എന്നിവരും പിന്നെ ദീർഘപാംഗൻ എന്ന മാനും. രണ്ടാമത്തെ ശ്രേണിയിലുള്ളതാകട്ടെ കൂടുതലും താഴെത്തട്ടിലുള്ള കഥാപാത്രങ്ങളാണ്. രമണശ്രേണിയെന്നോ ഇടയശ്രേണിയെന്നോ പറയാവുന്ന ഇതിൽപ്പെട്ടവരാണ് രമണൻ, മദനൻ, ഭാനുമതി, പിന്നെ പേരില്ലാത്ത ആടും. ചന്ദ്രികയാകട്ടെ കാലദേശപരമായി ഇതിൽപ്പെട്ടതാണെങ്കിലും 'ഉന്നതകുലജാതയും സമ്പന്നയും സുന്ദരിയുമായ'തിനാൽ വർഗപരമായി ആദ്യശ്രേണിയിലാണ് കൂടുതൽ യോജിക്കുന്നത്. രമണനാകട്ടെ 'അധഃകൃതനും' 'പുൽക്കൊടിക്കു തുല്യനു'മാണ് എന്ന് ഒന്നിലധികം തവണ വെളിപ്പെടുന്നു. വർഗപരവും ഭാഷാപരവും സാംസ്കാരികവുമായ അന്തരം ഈ രണ്ടു ശ്രേണികൾ തമ്മിൽ നിലനില്ക്കുന്നു. എന്നാൽ ഇവയെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായ പക് എന്ന കഥാപാത്രം. രണ്ടു ശ്രേണിയിലും പെടാത്ത, ഈ നാട്ടുകാരൻ പോലുമല്ലാത്ത ആളാണ് (Puck from England). സമാന്തരമായി നീങ്ങേണ്ട രണ്ടു ശ്രേണികൾ പ്രണയം എന്ന ബിന്ദുവിൽ കൂട്ടിമുട്ടുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളാണ് ഈ നാടകത്തിന്റെ പ്രമേയവും ഫലിതസ്രോതസ്സും. ദുഷ്യന്തൻ, ശകുന്തള, രമണൻ, ചന്ദ്രിക എന്നീ പ്രസിദ്ധവും ജനപ്രിയവുമായ കഥാപാത്രങ്ങൾ കാല/പാഠ പ്രമാണങ്ങൾ ലംഘിച്ചുകൊണ്ട് ഒത്തുചേരുന്നിടത്താണ് ഈ നാടകം പ്രണയത്തെ പ്രശ്നവത്ക്കരിക്കുന്നത്. ദുഷ്യന്തൻ 'പ്രഥമദർശനത്തിൽത്തന്നെ അനുരക്തനാവുന്നത്' ശകുന്തളയിലല്ല ചന്ദ്രികയിലാണ്. ശകുന്തളയാകട്ടെ 'അഭിനിവേശ പാരവശ്യം' അനുഭവിക്കുന്നത് 'രമണദർശന'ത്തിലാണ്. കാളിദാസന്റെയും ചങ്ങമ്പുഴയുടെയും കഥാപാത്രങ്ങൾ ഇങ്ങനെ ചരിത്രം തിരുത്തി പുതിയ പാഠം ചമയ്ക്കുമ്പോൾ അതിനു നിമിത്തമാകുന്നതാകട്ടെ ഷേക്സ്പിയറിന്റെ നാടകത്തിൽ നിന്നിറങ്ങി വന്നു കാമദേവനിൽ അധിനിവേശം ചെയ്യപ്പെട്ട പക് എന്ന കൗശലക്കാരന്റെ കൈയബദ്ധങ്ങളാണ് (അതോ കുസൃതിയോ?).

ഇത്തരത്തിൽ സമാന്തരമായി നിലനില്ക്കേണ്ട ശ്രേണികൾ പ്രണയത്തിൽ കൂടിച്ചേരുമ്പോൾ സംഘർഷവും അക്രമവും സ്വാഭാവികമാണല്ലോ. പക് പറയുന്നതുപോലെ "കീഴ്ത്തട്ടിലുള്ള രണ്ടുപേർ തമ്മിലും മേൽത്തട്ടിലുള്ള രണ്ടുപേർ തമ്മിലും പ്രണയത്തിലേർപ്പെട്ടാൽ വർഗപരമായ സംഘർഷം ഒഴിവാകുമെന്നാ... കരുതിയത്. ഇതിപ്പം അവിടെയും പ്രശ്നമാണല്ലോ?" തന്നെയുമല്ല പ്രണയിക്കാനുള്ള അവകാശം/അർഹത മേൽത്തട്ടിലുള്ളവർക്കു മാത്രമാണ് സമൂഹം അനുവദിച്ചുകൊടുത്തിട്ടുള്ളത് എന്ന സൂചനയും ഈ നാടകം തരുന്നുണ്ട്. ഓസ്കർ വൈൽഡിന്റെ പ്രസിദ്ധമായ ഒരു കഥയിൽ പറയുന്നതുപോലെ "പ്രണയം പണക്കാർക്കു പറഞ്ഞിട്ടുള്ളതാണ്. അത് ഒരു പണിയുമില്ലാത്തവന്റെ തൊഴിലാകരുത്. പാവപ്പെട്ടവർ പ്രണയികളാകാതെ പ്രായോഗികബുദ്ധികളാകണം" (The Model Millionnaire).

പക്ക്/കാമദേവൻ തയ്യാറാക്കുന്ന പ്രേമാമൃതം മൂന്നുപേർക്കു മാത്രമാണ് ലഭിക്കുന്നത് - ദുഷ്യന്തൻ, ശകുന്തള, പിന്നെ മാഢവ്യനും. മൂന്നുപേരും ഉന്നതശ്രേണിയിൽപ്പെടുന്നവരാണ്. പ്രണയച്ചാറു സ്വീകരിക്കേണ്ടിയിരുന്ന ചന്ദ്രികയും 'ഉന്നതകുലജാത'യാണ്. പ്രണയച്ചാറു ലഭിക്കാതെതന്നെ 'പ്രണയലോലുപയാകാൻ അവൾക്കു സാധിക്കുന്നു. എന്നാൽ രമണനോ മദനനോ അതിനുള്ള അവകാശമോ അർഹതയോ ഇല്ല. രമണനു പ്രണയിക്കാനുള്ള യാതൊരു യോഗ്യതയുമില്ല എന്നു പല കഥാപാത്രങ്ങളും മാറിമാറി ഊന്നിപ്പറയുന്നുണ്ട്. രമണനാകട്ടെ അർഹതപോയിട്ടു തനിക്കു വാസനപോലുമില്ല എന്ന് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു: "സത്യം പറഞ്ഞാൽ പെണ്ണിനോടല്ല എനിക്കു പ്രണയം, ആത്മഹത്യയോടാണ്." അധഃകൃതനായ രമണൻ തന്റെ ഈ കുറവിനെ അഥവാ വാസനാക്ഷയത്തെ (subaltern handicap)പ്പറ്റി പറയുന്നത് അപകർഷബോധത്തോടെയല്ല, സന്തോഷത്തോടെയാണ്. അധഃകൃതൻ ഉന്നതകുലജാതയെ പ്രണയിക്കുന്നതിലും സാധ്യത അവൻ ആത്മഹത്യ ചെയ്യുന്നതാണ് എന്ന സൂചന ഇതു നല്കുന്നു.

ഇത്തരം സൂക്ഷ്മരാഷ്ട്രീയത്തോടൊപ്പം സമകാലികകേരളത്തിലെ രാഷ്ട്രീയ സാമൂഹിക ചർച്ചകളും ഈ നാടകത്തിൽ കയറിവരുന്നുണ്ട്. (ഉദാഹരണം: 'നാടകത്തിന്റെ ഉൾപ്പാർട്ടി ജനാധിപത്യത്തിനുള്ളിൽത്തന്നെയുള്ള മുറുമുറുപ്പ്' സൂചിപ്പിക്കുന്നത്, 'മൂന്നാറും മുല്ലപ്പെരിയാറും മെർക്കിസ്റ്റണും കടിച്ചു വലിക്കുന്ന' കഥാപാത്രങ്ങൾ, 'പ്രതികരിക്കാതിരിക്കാൻ ഇയാളെന്താ മുഖ്യമന്ത്രിയാണോ' എന്ന ചോദ്യം 'ഇടതായാലും വലതായാലും കണക്കുതന്നെ' എന്ന പ്രസ്താവന തുടങ്ങിയവ). ഇതെല്ലാം കൂടിച്ചേരുന്നത് നാടകം എന്ന അവതരണകല(performing art)യുടെ വെല്ലുവിളികളും സാധ്യതകളും പ്രത്യക്ഷമായിത്തന്നെ പരിശോധിച്ചുകൊണ്ടാണ്. ബ്രഹ്റ്റിന്റെ അന്യവത്ക്കരണസിദ്ധാന്തമോ 'മെറ്റാ തീയറ്റി'ന്റെ സാങ്കേതികധാരണകളോവച്ച് അപഗ്രഥിക്കാവുന്ന ഒരുപാടു ഘടകങ്ങൾ ഈ നാടകത്തിലുണ്ട്. ഏറ്റവും ശ്രദ്ധേയമായ കാര്യം ഈ നാടകത്തിൽ അഭിനയിക്കുന്ന നടീനടന്മാർക്ക് ഇതിന്റെ ഘടന നല്കുന്ന സ്വാതന്ത്ര്യമാണ്. ഡയലോഗ് മറന്നാലും കോസ്റ്റ്യൂം അഴിഞ്ഞാലും ചലനങ്ങൾ തെറ്റിയാലും - അതൊക്കെ അവതരണത്തിന്റെ ഭാഗമായി മാറുന്നത് സ്വാഭാവികമായിത്ത

ന്നെയാണ്. (ശകുന്തള രമണനെ പ്രണയിക്കുന്നു എന്നറിയുന്ന മുഹൂർത്തത്തിൽ ഞെട്ടൽ അഭിനയിക്കാൻ മറന്നുപോകുന്ന ദുഷ്യന്തൻ പറയുന്ന ന്യായം: ന്നസിമ്പ ലടിച്ചില്ല. അടിച്ചിരുന്നെങ്കിൽ സ്വാഭാവികമായും ഞാൻ ഞെട്ടിയേനേ എന്നാണ്). ഇത്തരത്തിൽ നാടകത്തെയും നാടകാവതരണത്തെയും പറ്റിയുള്ള ഒരു നാടകവുംകൂടിയാണ് 'ഒരു മധ്യവേനൽ പ്രണയരാവ്'.

പാഠാന്തരത(intertextuality)യുടെ ഉത്സവമാണ് ഈ നാടകം. ജൂലിയ ക്രിസ്റ്റേവയും റൊളാങ് ബാർത്തും പറയുന്ന വിശാലാർത്ഥത്തിൽ മാത്രമല്ല, പ്രത്യക്ഷപാഠങ്ങളുടെ കൂട്ടിക്കുഴയലിൽ രൂപംകൊള്ളുന്ന സമഗ്രപാഠവും കൂടിയാണ് ഇത്. പാഠത്തെ (text) ജൂലിയ ക്രിസ്റ്റേവ നിർവചിക്കുന്നത് ഇപ്രകാരമാണ്: "ലഭ്യമായ പാഠത്തിന്റെ ഇടത്തിനുള്ളിൽ, പാഠങ്ങളുടെ ഒരു ക്രമീകരണം, ഒരു പാഠാന്തരത, മറ്റു പാഠങ്ങളിൽനിന്നുള്ള അനേകം ഭാഷണങ്ങൾ, ഓരോന്നും മറ്റൊന്നിനോടു കൂട്ടിമുട്ടുകയും നിഷ്പക്ഷമാവുകയും ചെയ്യുന്നു." റൊളാങ് ബാർത് ആകട്ടെ, ഒരുപടികൂടി കടന്നു പറയുന്നു: "പഴയ ഉദ്ധരണികളുടെ പുതിയ കോശമാണ് ഏതു പാഠവും. കോഡുകൾ, സൂത്രവാക്യങ്ങൾ, താളക്രമങ്ങൾ, സമൂഹഭാഷകളുടെ ശകലങ്ങൾ തുടങ്ങിയവ പാഠത്തിനുള്ളിൽ കയറി പുനർവിതരണം ചെയ്യപ്പെടുന്നു. ഒരു പാഠത്തിനു മുമ്പിലായും ചുറ്റുമായും ഭാഷ എപ്പോഴുമുണ്ട്. ഏത് പാഠത്തിന്റെയും അടിസ്ഥാനവ്യവസ്ഥയായ പാഠാന്തരത മൂലത്തിന്റെയും സ്വാധീനതയുടെയും പ്രശ്നമായിമാത്രം ചുരുക്കാവുന്നതല്ല. അന്തർപാഠമെന്നത് ഉദ്ഭവം തിരിച്ചറിയാൻ സാധിക്കാത്ത അജ്ഞാതസൂത്രവാക്യങ്ങളുടെ പൊതുവായ മേഖലയാണ്."

സാഹിത്യപാഠങ്ങൾ കൂടാതെ മറ്റു കലാരൂപങ്ങളുടെ പാഠങ്ങളും സങ്കേതങ്ങളും ധാരാളമായി ഉപയോഗിക്കുകവഴി പാഠാന്തരതയുടെ സാധ്യതകൾ പുതിയ മാനങ്ങൾ തേടുന്നു. ഒരുദാഹരണം പറയാം. പ്രസിദ്ധമായ ചില സിനിമാഗാനങ്ങളുടെ വരികൾ ഈ നാടകത്തിൽ ഉദ്ധരിക്കുകയോ പാടുകയോ ചെയ്യുന്നുണ്ട്.

"മാലിനി നദിയിൽ കണ്ണാടിനോക്കും മാനേ, പുള്ളിമാനേ
ആരോടും പോയ് പറയരുതിക്കഥ മാനേ, പുള്ളിമാനേ"

"മാനേ മാനേ വിളി കേൾക്കൂ
മലർവാക പൂത്തവഴിനീളേ
മഞ്ഞുകുളിരു പെയ്ത വഴിനീളേ
മാനേ, തേടി വന്നു ഞാൻ"

"കാലിൽ ദർഭമുന കൊണ്ടിട്ടോ
മാറിൽ പുഷ്പശരം കൊണ്ടിട്ടോ"





എന്നിങ്ങനെ അന്തർപാഠങ്ങളായി മാറുന്ന വരികൾ അതാതു ചലച്ചിത്രങ്ങളുടെ ദൃശ്യരംഗങ്ങൾ നാടകം കാണുന്നവരുടെ അകക്കണ്ണിൽ എത്തിക്കുന്നു. ഓർമ്മയിലെ ദൃശ്യബിംബങ്ങളും നാടകത്തിലെ സന്ദർഭങ്ങളും ചേരുന്നിടത്തു മിക്കപ്പോഴും സംഭവിക്കുന്നത് intertextual parodying ആണ്. നേരത്തെ സൂചിപ്പിച്ച സാഹിത്യപാഠങ്ങളോടൊപ്പം 'ശകുന്തള', 'രമണൻ', 'സ്വപ്നം' എന്നീ ചലച്ചിത്രങ്ങളും ചേരുന്നതാണ് ഈ നാടകത്തിന്റെ പാഠാന്തരത. ബാലെ, കഥാപ്രസംഗം എന്നീ ജനപ്രിയകലാരൂപങ്ങളുടെ സങ്കേതങ്ങളും ഇത്തരത്തിൽ ഉപയോഗിക്കപ്പെടുന്നുണ്ട്.

പാഠാന്തരതപോലെതന്നെ ഈ നാടകത്തിൽ പ്രധാനപ്പെട്ടതാണ് ഉത്തരാധുനിക പാരഡിയുടെ പ്രയോഗം. ഫലിതവും അട്ടിമറിയും (humour and subversion) ഒരുപോലെ സാധ്യമാകുന്ന പാരഡി ഒരു മുഴുനീളസാന്നിദ്ധ്യമാണ് ഇതിൽ. വാക്കുകൾ, പേരുകൾ, വരികൾ, കഥാസന്ദർഭങ്ങൾ, സംഭവങ്ങൾ, പ്രമേയങ്ങൾ എന്നിങ്ങനെ ഒട്ടനവധി സംഗതികൾ പാരഡിക്കു വിധേയമാകുന്നുണ്ട്. 'ഒഴുകുന്ന സൂചകം' (floating signifier) എന്നു മാൽക്കം ബ്രാഡ്ബറി വിശേഷിപ്പിച്ച പാരഡിയുടെ ഉത്തരാധുനികപ്രയോഗത്തിന്റെ intertextual, meta-theatrical, subversive സാധ്യതകൾ ഈ നാടകത്തിന്റെ സവിശേഷതയാണ്.

ഉത്തരാധുനിക പാരഡിയെക്കുറിച്ചു ലിൻഡ് ഹച്ചിയൺ നടത്തുന്ന ചില നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക:

(1) ഉത്തരാധുനിക പാരഡി ഒരേസമയം അപനിർമ്മാണരീതിയിൽ വിമർശനാത്മകവും നിർമ്മാണപരമായി ക്രിയാത്മകവുമാണ്. ഏതു മാധ്യമത്തിന്റെയും പ്രതിനിധാനത്തിന്റെ ശക്തിയും പരിമിതിയും അതു നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

(2) ഐറണിയുടെ അവതരണരൂപമെന്ന നിലയിൽ പാരഡി, രാഷ്ട്രീയപരമായി ഇരട്ട കോഡുകൾ അടങ്ങിയതാണ്. പരിഹസിക്കുന്നതിനെ ഒരേസമയം അതു സാധൂകരിക്കുകയും തകിടം മറിക്കുകയും ചെയ്യുന്നു.

(3) സ്വയം പ്രതിഫലിപ്പിക്കാനുള്ള സമയമെന്ന നിലയിൽ കലയെ കലയെന്ന രീതിയിലും ലാവണ്യപരവും സാമൂഹികവുമായ അതിന്റെ ഭൂതകാലത്തോടുള്ള അനിവാര്യമായ ബന്ധമെന്ന നിലയിലും ചൂണ്ടിക്കാണിക്കാൻ പാരഡിക്കു സാധിക്കുന്നു.

ചന്ദ്രികയുമായുള്ള തന്റെ പ്രണയത്തിന്റെ സ്മാരകമായി അവളുടെ ഒരു പോസു വേണമെന്ന് ആഗ്രഹിക്കുന്ന ദുഷ്യന്തൻ ആ നിൽപ്പ് ശകുന്തള കാട്ടിക്കൊടുക്കാനായി പ്രസിദ്ധമായ ശ്ലോകം ചൊല്ലുന്നു.

"കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്നതില്ലതിനു മുൻപു താൻ
*കൊണ്ടു ദർഭമുന കാലിലെന്നു* വെറുതെ നടിച്ചു നിലകൊണ്ടുതേ

പകുതിവെച്ചു ശ്ലോകം മറന്നുപോകുമ്പോൾ അതിന്റെ പാരഡിയെന്നോണം പ്രസിദ്ധമായ ഒരു സിനിമാഗാനം പാടിയാണ് ദുഷ്യന്തൻ രംഗം തുടരുന്നത്: "*കാലിൽ ദർഭമുന കൊണ്ടിട്ടോ*, മാറിൽ പുഷ്പശരം കൊണ്ടിട്ടോ". ഇവിടെ ശ്ലോകം സിനിമാഗാനമായി മാറുമ്പോൾ പദഘടനയും വിപരീതദിശയിൽ വിന്യസിക്കപ്പെടുന്നു. മാത്രമല്ല ഫോട്ടോ എടുക്കാനായി പോസു ചെയ്യുന്നതു ചന്ദ്രികയാണ്. (ശകുന്തളയുടെ പ്രസിദ്ധമായ 'നിലനില്പി'ന്റെ ഒരു പാരഡി എന്നോണം). ഈ നില്പ് പല ചിഹനവ്യവഹാരങ്ങളിലൂടെ കടന്നുപോകുന്നതിന്റെ ഭാവിചരിതംകൂടി നാമറിയുന്നു. കാളിദാസഭാവനയിൽ തുടങ്ങി, ഏ. ആർ. രാജരാജവർമ്മയുടെ തർജ്ജമയിലൂടെ, വയലാർ രാമവർമ്മയുടെ സിനിമാഗാനത്തിലൂടെ, രാജാരവിവർമ്മയുടെ കാൻവാസിലൂടെ അതിന്റെ അനേക പകർപ്പുകളിലൂടെയും പോകുന്നു ഈ നില്പിന്റെ ചരിത്രം. "പിന്നെ, ശിവകാശിക്കലണ്ടറുകളിൽ, ബാർ ഹോട്ടലുകളിൽ, ലാറി ബേക്കർ മോഡൽ കെട്ടിടങ്ങളിൽ, ഉത്സവപ്പറമ്പുകളിൽ, നാഷണൽ പെർമിറ്റ് ലോറികളിൽ, ഡോക്കുമെന്ററികളിൽ..." ഒക്കെ കടന്നുപോകുമ്പോഴാണ് പ്രണയം ചരിത്രവും ചിത്രകലയും ഇന്റീരിയർ ഡെക്കറേഷനുമൊക്കെയാകുന്നത്.

ദുഷ്യന്തന്റെ ക്ലാസിക്കൽ പ്രണയത്തിന്റെ പാരഡിയെന്നോണം മാഢവ്യൻ പ്രണയിക്കുന്നത് ഒരു മാനിനെയാണ്. "എവിടെ എന്റെ പ്രാണപ്രിയയെ എന്നിൽനിന്നു അപഹരിക്കാൻ നോക്കുന്ന മൃഗമെവിടെ" എന്ന ദുഷ്യന്തന്റെ ചോദ്യത്തിനു തൊട്ടുപിറകെ വരുന്നത് വിദൂഷകന്റെ പ്രതിശ്ലോകം ചൊല്ലലിനെ ഓർമ്മിപ്പിക്കുന്ന തരത്തിൽ മാഢവ്യന്റെ ചോദ്യമാണ്: "എന്റെ കണ്ണുകൾക്കു സായൂജ്യം പകരേണ്ട മാനിനെ എന്നിൽനിന്നും മറച്ചുകളയുന്ന ആ നികൃഷ്ട ജീവിയായ ആടെവിടെ?" ദുഷ്യന്തൻ രമണനെ കൊല്ലുന്ന ക്ലൈമാക്സിനുമുണ്ട് ഒരു പാരഡി. മാഢവ്യൻ ആടിനെ കൊല്ലുന്നു.

"മുഴങ്ങട്ടെ പെരുമ്പറ" എന്ന് ഉദ്ഘോഷണത്തിന്റെ കൂടെത്തന്നെ പറയുന്നത് "അതില്ലെങ്കിൽ തബലയായാലും മതി"യെന്നാണ്. രമണൻ എന്ന പേരിനുമുണ്ട് പ്രശ്നം. "മരണത്തിൽ രമിക്കുന്നവൻ രമണൻ. സത്യത്തിൽ ഇയാളെ *മരണൻ* എന്നാണ് വിളിക്കേണ്ടത്" എന്നാണ് പക്കിന്റെ അഭിപ്രായം. നാടകം അവസാനിക്കുന്നതും ഒരു പാരഡിവകൃത്തോടെയാണ്: "ലോകാ സമസ്താ പ്രണയോ ഭവന്തു!"

ഈ രീതിയിൽ അന്തർപാഠമായും ഉത്തരാധുനിക പാരഡിയായും മെറ്റാതിയറ്ററായും ബ്രഹ്റ്റിയൻ അന്യവത്ക്കരണസിദ്ധാന്തമായും ബഹ്തീനിയൻ കാർണിവലിസമായും പോർഫോർമൻസ് കലകളുടെ അപനിർമ്മാണമായുമൊക്കെ മാറുന്ന ഈ നാടകം ബോട്ടം എന്ന കഥാപാത്രം പറയുന്നതുപോലെ "എല്ലാം ചേർത്തു കളിക്കാൻ" കൗശലക്കാരനായ നാടകകൃത്ത് കണ്ടെത്തിയ "വേല"യായി കാണികളുടെ മുന്നിലെത്തുന്നു.





## ഗ്രന്ഥസൂചി


| | | |
|---|---|---|
| Margaret Rose | 1993. | *Parody: Ancient, Modern and Post-Modern.* Cambridge UP. |
| Graham Allen | 2002. | Intertextuality. Routledge. |
| Julia Kristeva | 1980. | *Desire in Language: A Semiotic Approach to Literature and Art*, Blackwell. |
| Linda Hutcheon | 1985. | *A Theory of Parody: The Teachings of 20th Century Art Forms.* Methuen. |
| | 1988. | *A Poetics of Postmodernism: History, Theory, Fiction.* Routledge. |
| | 1989. | *The Politics of Postmodernism.* Routledge. |
| Roland Barthes | 1981. | '*Theory of the Text*'. *Untying the Text: A Post-structuralist Reader.* Ed. Robert Young. Routledge. |


■

# ഒരു ലിപി ലഘൂകരണകാര്യം

**ടി. ബി. വേണുഗോപാലപ്പണിക്കർ**

ശ്രീ എൻ. വി. കൃഷ്ണവാരിയർ കാൽനൂറ്റാണ്ടു മുൻപ് 'മലയാളം അച്ചടിയിൽ ഐകരൂപ്യം' എന്നൊരു ലേഖനം പ്രസിദ്ധപ്പെടുത്തി. ഈ ലേഖനം *സാഹിത്യസമന്വയം* എന്ന ഡോ. കെ. എം. ജോർജ്ജ് സപ്തതിസ്മരണികയിൽ (1984, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം) കാണാം. ഇതിലെ നിർദേശങ്ങൾ പലതും ആവശ്യമില്ലാതായിത്തീർന്നുവെന്നോ ലേഖനത്തിലെ സാങ്കേതികപദപ്രയോഗം വേണ്ടത്ര കൃത്യതയില്ലാത്തതാണെന്നോ ഇന്നൊരാൾക്കു തോന്നാം. എന്നാലും ചില നിർദേശങ്ങൾ ഇന്നും സ്വീകരിക്കത്തക്കവയാണ്. അത്തരം ഒന്ന് 'അനുസ്വാരം' എന്നു വിളിച്ചുവരാറുള്ള ലിപിയെക്കുറിച്ചുള്ളതാണ്. ചെറിയപൂജ്യംകൊണ്ടു കുറിക്കുന്ന ലിപി.

പ്രസ്തുത ലേഖനത്തിൽ കൃഷ്ണവാരിയർ പറയുന്ന ഒരു കാര്യം ഖര-അതിഖര-മൃദു-ഘോഷങ്ങൾക്കു മുൻപുള്ള അനുനാസികത്തെ ഈ ലിപി കൊണ്ടു കുറിക്കയാണ് ഉചിതം എന്നാണ്. അങ്കം എന്നും അംകം എന്നും എഴുതിയാൽ വായിക്കുന്നത് ഒരേപോലെയാണ് എന്നു മാത്രമല്ല അംകം എന്നെഴുതുന്നതാണ് "ഭംഗിയും സൗകര്യവും" എന്നദ്ദേഹം എഴുതുന്നു. "മഹാത്മജി തന്റെ പേർ എഴുതിയിരുന്നത് ഗാംധി എന്നാണ്. നാം എന്തിന് ഗാന്ധി എന്നേ എഴുതൂ എന്ന് അന്ധമായി വാശിപിടിക്കണം?" (:317) അദ്ദേഹം ചോദിക്കുന്നു. ഗാന്ധിക്കറിയാമായിരുന്ന ദേവനാഗരിയിലും ഗുജറാത്തി ലിപിയിലും കൃഷ്ണവാരിയർ പറഞ്ഞതുപോലെയാണ് എഴുത്തുരീതി. കന്നഡ-തെലുഗു ലിപിയിലും അങ്ങനെതന്നെ. കന്നഡക്കാർ മാംഡ്യ എന്നെഴുതുന്ന അവരുടെ സ്ഥലപ്പേർ മാണ്ഡ്യയായാലേ നമുക്കു തൃപ്തിയാകൂ!

കൃഷ്ണവാരിയരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് എടുത്തുകാണിക്കാവുന്ന സാധൂകരണങ്ങൾ പരിശോധിക്കാം.

1. പൂജ്യം മകാരത്തെ മാത്രം കുറിക്കുന്നു എന്നു ഭാവിക്കുന്നതു ശരിയല്ല. മരം.... എന്ന മട്ടിൽ പദാന്ത്യത്തിൽ മകാരം തന്നെ. അന്ത്യത്തിലല്ലാതെ





വന്നാൽ പിൻവരുന്ന വ്യഞ്ജനത്തിന്റെ സ്ഥാനമനുസരിച്ച് ങകാരം ഉച്ചരിക്കേണ്ടുന്ന ഉദാഹരണങ്ങൾ ഉണ്ട്: സംഖ്യ, സംഗമം, സംഘം. ഞകാരം ഉച്ചരിക്കേണ്ടുന്ന ഒരു സാഹചര്യവും ഉണ്ട്, വിരളമാണെങ്കിലും: ഝംഝാ വാതം

സമസ്ഥാനീയാനുനാസികവും ഖരവും ചേർന്നു നിൽക്കുന്ന വ്യഞ്ജനസംയുക്തത്തെ കുറിക്കാൻ ഇന്ന് വെവ്വേറെ ലിപി ഓരോ വർഗത്തിലുമുണ്ട്. ങ്ക, ഞ്ച, ണ്ട, ന്ത, മ്പ എന്നാൽ പ വർഗത്തിൽ മ് - പ എന്നതിനല്ലാതെ മറ്റൊന്നിനും അത്തരം ലിപി ഇല്ല. പൂജ്യമെന്ന ലിപി ഇവയിൽ മകാരത്തെ കുറിക്കുന്നു. ഗുംഫനം, അംബുജം, സംഭവം

ംഖ, ംഗ, ംഘ
ംഝ
ംഫ, ംബ, ംഭ

എന്ന ക്രമം സ്വീകരിച്ച് സാമാന്യവൽക്കരിച്ചാൽ പതിമൂന്നു ലിപികൾ (കൂട്ടെഴുത്തുകൾ അഥവാ കൂട്ടക്ഷരങ്ങൾ) ഒഴിവാക്കാം:

ങ്ക
ഞ്ച, ഞ്ഛ, ഞ്ജ
ണ്ട, ണ്ഠ, ണ്ഡ, ണ്ഢ(?)
ന്ത, ന്ഥ, ന്ദ, ന്ധ
മ്പ

അച്ചടി ലഘൂകരിക്കമാത്രമല്ല ഈ തിരസ്കാരം കൊണ്ടുള്ള ഗുണം. ക്രമികത കൂടും. എഴുതാൻ പുതുതായി പഠിക്കുന്നവർക്ക്, അവർ മലയാളം മാതൃഭാഷയായുള്ളവരായാലും അല്ലെങ്കിലും, ഇത്രയും ലിപികൾ പഠിക്കാതെ കഴിക്കാം. ഉച്ചാരണത്തിൽ ഒരു കാലുഷ്യവും വരികയുമില്ല.

2. അംകി, വംചന, വാംഛ, സംജയൻ, ചെംട, കുംഠിതം, പംഡിതൻ, പംതി ഗ്രംഥം, സാംപത്തികമാംദ്യം, അംധൻ...

   ഇതൊക്കെ ആദ്യമല്പം പ്രയാസപ്പെടുത്താം. പരിചയിച്ചാൽ അസ്തമിക്കുന്നതേ ഉള്ളൂ ആ പ്രയാസം. കാരണം ഇന്നും നാം ങ്ക എന്നതിനു പകരം ംക എന്നുപയോഗിക്കുന്നുണ്ട്. അതുപോലെ ംജ, ംത എന്നൊക്കെ ചില സാഹചര്യങ്ങളിൽ എങ്കിലും നമുക്ക് പരിചയമുണ്ട്.

ംക : അഹംകൃതി, അലംകൃതഭാഷ, സംക്രമണം, ആപ്റ്റൻ സിംക്ലയർ, പംക്തി

ംജ : സംജ്ഞാനാമം

ംത : സംതൃപ്തി, സംത്രാസം (സന്ത്രാസം എന്നും)

ംപ : സംപൃക്തം, കോംപ്ലക്സ്

ഈ ഉദാഹരണങ്ങൾ ശ്രദ്ധിച്ചാൽ, അവയെല്ലാം വർഗ്യങ്ങൾക്കുമുമ്പ് അനുനാസികവും പിൻപിൽ മറ്റൊരു വ്യഞ്ജനമോ ഋകാരമോ വരുന്നവയുമാണെന്നു വ്യക്തമാകും. ഇതേ ലിപിവിന്യാസരീതി മറ്റു സന്ദർഭങ്ങളിലേക്കും വ്യാപിപ്പിക്കുക എന്നതാണ് സിദ്ധാന്തപക്ഷം.

3. ഇന്നു പരിചയമുള്ള ംക, ംജ, ംത, ംപ എന്നിവ ചേർന്ന വാക്കുകളുമായി ബന്ധപ്പെട്ട മറ്റു വാക്കുകൾ ങ്ക, ഞ്ജ, ന്ത, മ്പ എന്നെഴുതി വരുന്നതിലാണ് യുക്തിയും ക്രമവും ഇല്ലാത്തത്.

അലംകൃതി എന്നൊരു മട്ട്, അലങ്കാരം മറ്റൊന്ന്

സംപൃക്തത എന്നൊരു മട്ട്, സമ്പർക്കം മറ്റൊന്ന്

അഹംകൃതി എന്നൊരു മട്ട്, അഹങ്കാരം മറ്റൊന്ന്

ഇതേപോലെ സംതൃപ്തി ഉള്ളതുപോലെപ്പോരാ പോൽ സന്തോഷത്തിൽ, സന്താപത്തിൽ! ഒരേ ഉച്ചാരണത്തെക്കുറിക്കാൻ വെവ്വേറെ ലിപികൾ ഏർപ്പെടുത്തുന്ന ഈ രീതി ഉച്ചാരണത്തിനും എഴുത്തിനും തമ്മിൽ ഉണ്ടാകേണ്ടുന്ന പൊരുത്തം ഇല്ലാതാക്കുന്നു.

4. അനുനാസികത്തിനു പിൻപുള്ള വ്യഞ്ജനത്തെ മറ്റൊരു വ്യഞ്ജനം പിൻതുടരുന്നതു കുറിക്കുമ്പോൾ അനുനാസികത്തെ പൂജ്യംകൊണ്ട് ചിഹനം ചെയ്യുന്ന രീതിയും നാം ക്രമമായി പാലിക്കുന്നില്ല. ഉണ്ടായിരുന്നെങ്കിൽ നാം സംക്രമണം, സംത്രാസം എന്നെഴുതുന്ന ക്രമത്തിൽ മന്ത്രം എന്നെഴുതാതെ മംത്രം എന്നെഴുതേണ്ടിയിരുന്നു. രന്ധ്രം എന്നെഴുതാതെ രംധ്രം എന്നാക്കേണ്ടിയിരുന്നു. നമ്മുടെ ഇപ്പോഴത്തെ എഴുത്തുശീലത്തിലാണ് യുക്തിയും ക്രമവും ഇല്ലാത്തത്. വാക്കെഴുതുമ്പോൾ ഉച്ചാരണവുമായി ക്രമികബന്ധം ശീലിക്കാതെ വാക്ക് ഓരോന്നിനുമുള്ള വ്യത്യസ്ത ലിപിവിന്യാസം ശീലിക്കുക എന്നതുതന്നെയാണ് സ്പെലിങിന്റെ ഏർപ്പാട്. ഇതങ്ങനെ പോയാൽ ഇംഗ്ലീഷിനെപ്പോലെ മാതൃഭാഷക്കാർക്കും സ്പെലിങ് പിശകാൻ എളുപ്പം എന്നായിത്തീരും. ഇതുകൊണ്ട് ആർക്കെന്തു ഗുണം?

5. ഇന്നു ശീലത്തിലുള്ള രണ്ടു ലിപികൾ ചരിത്രദൃഷ്ട്യാ സാധുതയുള്ളവയല്ല: ങ്ക, മ്പ.

(i) ങ് - ക ഇവയുടെ ചേരുവയല്ല ങ്ക. ൻ - ക ഇവയുടെ ചേരുവയാണത്. പിന്നെ എങ്ങനെ അത് ഇന്നത്തെ സ്ഥാനം നേടി? ൻ - ക സന്ധിപ്രകാരം ങ് - ക ആകും. എൻകിൽ > എങ്കിൽ എന്നാൽ എൻകൽ, നിൻകൽ ... ഇവ വാമൊഴിയിൽ ഏറെയും ഇല്ലാത്തതിനാലാകാം വികല്പമായേ മാറുന്നുമുള്ളൂ. ഈ സന്ധിയുടെ പ്രേരണയാൽ ൻ - ക എന്ന ചേരുവ എഴുതിക്കണ്ടാൽ അത് ങ് - ക ആയി ഗ്രഹിച്ചുതുടങ്ങി. അതുവഴി ഈ ചേരുവയുടെ (ൻ- കയുടെ) സാംഗത്യമില്ലാത്ത കൊങ്ക, ചങ്ക്, തങ്കം, പങ്ക്, ശങ്ക, സങ്കടം ... ഇങ്ങനെയുള്ളവയിലും ങ്ക എന്ന ലിപിക്കു പ്രചാരമായി.

(ii) ൻ - പ യുടെ ലിപിയായ മ്പയുടെ കഥയും ഇതുപോലെതന്നെ. മുൻപും പിൻപും മറ്റും വാമൊഴിയിൽ -മ്പ്- എന്ന ഉച്ചാരണത്തോടെയായിത്തീർന്നതിനാൽ മ്പ എന്ന ലിപി മ് - പയുടെ ലിപിയായി മാറി. അങ്ങനെ ൻ - പ ക്ക് പ്രസക്തിയില്ലാത്ത കമ്പം, ചമ്പു, തുമ്പ്, നാമ്പ്, പാമ്പ്, മാമ്പഴം ... ഇവയിലും ഇതേ ലിപി പ്രചാരത്തിലായി. ഒമ്പത് ഒൻപതുമാണ്. എന്നാൽ അയ്മ്പതായ അമ്പത്, അൻപതല്ല, ലിപിവഴിക്ക് ഇപ്പോൾ അതും ഒട്ടൊക്കെ നടപ്പായിരിക്കുന്നു. അൻപ് 'സ്നേഹ'വും അമ്പ് 'അസ്ത്ര'വുമാണ്. അവയെ യഥാക്രമം അൻപ് എന്നും അംപ് എന്നും വ്യാവർത്തിപ്പിക്കാം. ആവശ്യമെങ്കിൽ - ൻപ - വേണ്ടിടത്ത് അതാകാം: മുൻപ്, പിൻപിൽ, അൻപ്, ഒൻപത് .... മറിച്ച് മ് - പ എന്ന ചേരുവയുള്ള ദിക്കിലൊക്കെ ംപ എന്നെഴുതാം : കംപം, ചംപു, തുംപ്, അംപത്, അംപ് ...

6. ഇവിടെ നിർദ്ദേശിക്കുന്ന പരിഷ്കാരം പരമ്പരയാ സിദ്ധിച്ച എഴുത്തുശീലത്തോട് ഒട്ടും നിരപ്പുകേടുള്ളതല്ല. തിരുവിതാംകൂർ എന്നാണ് പണ്ടൊക്കെ എഴുതിവന്നത്. തിരുവിതാങ്കൂർ എന്നല്ല. തിരുവിതാംകൂറിലെ 1849-ലെ ഒരു വിളംബരത്തിൽനിന്ന്: "ജനങ്ങൾക്കു വളരെ സംകടമായിത്തീർന്നിരിക്കുന്നു...", "നംപൂരിമാരുൾപ്പെട്ട ആളുകളുടെ..." [ഡോ. ജോളി സക്കറിയ സമ്പാദനം ചെയ്ത *ഡോ. കെ. എം. പ്രഭാകരവാരിയർ : ഭാഷ, ഗവേഷണം, ജീവിതം* എന്ന പുസ്തകത്തിൽ (2009, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്) ഡോ. എൻ. സാം എഴുതിയ 'പത്രഭാഷ - അന്നും ഇന്നും' എന്ന ലേഖനത്തിൽ ഈ രേഖ (പുറം 154) ഉദ്ധരിച്ചിട്ടുണ്ട്.]

ഈ മട്ടുള്ള പരിഷ്കാരത്തിന്റെ അടുത്ത ഘട്ടമായി, അനുനാസികങ്ങളുടെ ഇരട്ടിപ്പും ഇങ്ങനെ പരിഷ്കരിക്കാമോ എന്നു ചിന്തിക്കാം: ങ്ങ, ഞ്ഞ, ണ്ണ, ന്ന, മ്മ ഇവയുടെ സ്ഥാനത്ത് ംങ, ംഞ, ംണ, ംന, ംമ. തുടക്കത്തിലേ എംങനെ, മംഞ്, കംണി, വംനു, അംമ ഇവ പ്രയാസമുണ്ടാക്കൂ. പരിചയിച്ചാൽ ശരിയാകും. കുന്നിയിൽ 'ന്ന' ദന്ത്യമാകയാൽ കുംനി എന്ന് എഴുതാം. കന്നിയിൽ വർത്സ്യമാകയാൽ പഴയ മട്ടിലും. ഇങ്ങനെ ദന്ത്യ - വർത്സ്യ

അനുനാസികങ്ങളുടെ വ്യത്യാസം പ്രസക്തമായ ഇരട്ടിപ്പിൽ, അവ വ്യാവർത്തിപ്പിക്കാൻ സാധിക്കയും ചെയ്യും.

വേറെ ചില പ്രശ്നങ്ങൾ ഇവിടെ സംഭവിക്കാം. അതിലേക്കു കൂടി ശ്രദ്ധിക്കേണ്ടതാണ്. ശൃംഗം എന്നെഴുതാൻ പ്രയാസമില്ലാത്തവർ ശാർങ്ഗധരൻ എന്നെഴുതുമ്പോൾ - ങ് - ചേർത്തെഴുതുന്നു. എന്തിനാണത്? ശാർംഗധരൻ പോരേ? ഇങ്ങനെ മതിയെങ്കിൽ, കംപം എന്ന മാതൃകയിൽ ചീർംപ എന്നെഴുതിയാൽ എന്താണ് കുഴപ്പം? ചീർമ്പ തന്നെ വേണമോ? എങ്കിൽ, വംനു എന്ന മാതൃകയിൽ ചേർംനു ആകാം, ചേർന്നു എന്നുതന്നെ വേണ്ടതില്ല.

ഈ ലേഖനത്തിൽ നിർദ്ദേശിച്ച മട്ടുള്ള മാറ്റം ബീഭത്സമാണെന്നും വംടി എന്നു കണ്ടാൽ വണ്ടിയിലെ വ്യഞ്ജനച്ചേരുവയല്ല ഗുമ്ടിയിലേതേ മലയാളിക്കു തോന്നൂ എന്നും ഒരു പൂർവപക്ഷം. ഇതിനു സമാധാനമുണ്ട്: അത്യന്തവിരളമായ ഗുമ്ടിയിലെ ചേരുവ ഗുംടി എന്നെഴുതാതിരിക്കുക. ഗുമ്ടി തന്നെ മതി. “ഗുണ്ട”യെ ഗുംട എന്നെഴുതാം.

മറ്റൊരു പ്രശ്നം തീർച്ചയായുമുണ്ട്. ഈ പരിഷ്കരണം സ്വീകരിച്ചാൽ രാംകുമാർ, പ്രേംനസീർ ... എന്നൊക്കെ എഴുതുന്ന ശീലം മാറ്റി രാമ്കുമാർ, പ്രേമ്നസീർ എന്നാക്കണം. -ംക- ഇനിമുതൽ -ങ്ക- എന്നുച്ചരിക്കാനും -ംന- അങ്ങനെ -ന്ന- എന്നുച്ചരിക്കാനും ആണല്ലോ. എന്നാൽ മരം, ധനം എന്നമട്ടിൽ പദാന്ത്യമകാരം കുറിക്കുന്ന രീതിയിൽ രാം, പ്രേം എന്നുണ്ടുതാനും. ഒരേ ഉച്ചാരണം, ലിപി വെവ്വേറെ (രാമ്-, രാം). പ്രശ്നങ്ങളെ മുഴുവൻ ഉച്ചാടനം ചെയ്യാനാവുകയില്ല എന്ന് ആശ്വസിക്കയേ വഴിയുള്ളൂ.

പുതുവഴികളെക്കുറിച്ച് ആശങ്കപ്പെടുന്നവരെ വിഗണിക്കാതെ ആശങ്കകൾ ഒന്നൊന്നായെടുത്ത് ഉചിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കയാണ് വേണ്ടത്. ഇവിടെ കാണിച്ച പുതുവഴി (എൻ. വി. കൃഷ്ണവാരിയർ കാൽനൂറ്റാണ്ടു മുമ്പു കാണിച്ച വഴി!) പൂർവപക്ഷങ്ങളെ ഹരിച്ച് സിദ്ധാന്തപക്ഷം സ്ഥാപിക്കാൻ ശക്തമാണ്. അതു കൈക്കൊള്ളുക.

■



## ഗവേഷണരംഗം

**കേരളപഠനസംബന്ധമായ വിഷയങ്ങളിൽ വിവിധ സർവകലാശാലകളിൽനിന്നു ഡോക്ടർ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങൾ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. വിവിധ പഠനവകുപ്പുകളിൽനിന്നു കേരളപഠന വിഷയങ്ങളിൽ ബിരുദം ലഭിക്കുന്നവരുടെ പ്രബന്ധങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ക്ഷണിക്കുന്നു.**

### മലയാള ഭാഷാവിജ്ഞാനത്തിന് എൽ. വി. രാമസ്വാമി അയ്യരുടെ സംഭാവന (2008)

**സൗമ്യാ ബേബി**
മാർഗ്ഗദർശി : ഡോ. സ്കറിയാ സക്കറിയ
ഗവേഷണകേന്ദ്രം: ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

എൻ. ഗോപിനാഥൻനായർ ■

മലയാള ഭാഷാപഠനത്തെ അന്താരാഷ്ട്രമേഖലകളിലേക്ക് ഉയർത്തിയ ഭാഷാശാസ്ത്രജ്ഞനാണ് എൽ. വി. രാമസ്വാമിഅയ്യർ. മലയാളത്തിന്റെ പ്രത്യേകതകളെ ആധുനിക ഭാഷാശാസ്ത്രത്തിന്റെ മാനദണ്ഡങ്ങളുപയോഗിച്ചു വിലയിരുത്തുകയും ഇംഗ്ലീഷിലൂടെ നിഗമനങ്ങൾ പ്രകടിപ്പിച്ച് മലയാളത്തെ ആഗോളതലത്തിൽ പരിചയപ്പെടുത്തുകയും ചെയ്തു എന്നതാണ് എൽ. വി. രാമസ്വാമിഅയ്യരുടെ പ്രാധാന്യം. അതുകൊണ്ടുതന്നെ മലയാളഭാഷാപഠനത്തിൽ അദ്ദേഹം പ്രത്യേകസ്ഥാനം അർഹിക്കുന്നു. എൽ. വി.ആർ. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന അദ്ദേഹം നവീനഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് പരമ്പരാഗതവ്യാകരണത്തിന്റെ പരിമിതികളെ മറികടക്കുന്നു. ഭാഷാപഠനത്തെ ഭാഷയുടെ വ്യത്യസ്തതലങ്ങളിലേക്കു വികേന്ദ്രീകരിച്ചുകൊണ്ടാണ് എൽ.വി.ആർ. ഇതു സാധിച്ചത്. എൽ.വി.ആറിന്റെ രചനകൾ ശാസ്ത്രീയപഠനത്തിനു പ്രാധാന്യം കൊടുത്തു. ശാസ്ത്രീയപഠനത്തിൽ ഉപാദാനശേഖരണം, സൂക്ഷ്മവും ക്രമവുമായ പരിശോധന, പരികല്പനകളുടെ നിർമ്മിതി, നിയമനിർദ്ദേശം എന്നിവ ഉൾപ്പെടുന്നു. ദത്തശേഖരണത്തിന്റെ മികച്ച മാതൃകകളാണ് എൽ.

വി.ആർ. പഠനങ്ങൾ. തെളിവുകൾ സ്വീകരിച്ച് സിദ്ധാന്തരൂപീകരണം നടത്തുക എന്ന പൊതുസമീപനം എൽ.വി.ആർ. രചനകളിൽ കാണാം.

ആധുനിക ഭാഷാശാസ്ത്രസിദ്ധാന്തങ്ങളിലുള്ള താല്പര്യം, ഇൻഡോ-യൂറോപ്യൻ ഭാഷകളിലുണ്ടായ ഭാഷാശാസ്ത്രപരമായ ഉണർവ്വിനെ സംബന്ധിച്ച തിരിച്ചറിവ്, ദ്രാവിഡഭാഷാപഠനത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള അവബോധം, മലയാളഭാഷാവിജ്ഞാനീയത്തിന്റെ വ്യത്യസ്തതലങ്ങളിലുള്ള ഗവേഷണങ്ങൾ എന്നിവയെല്ലാം എൽ.വി.ആർ.ന്റെ പഠനമേഖലയെ കൂടുതൽ വ്യത്യസ്തമാക്കി. മാത്രമല്ല, ഭാഷ സ്വതന്ത്രമായി എന്ന അവബോധം ഭാഷകരിലുണ്ടാവുന്നത് നിലവാരഭാഷകൾ രൂപപ്പെടുന്നതോടെയാണ് എന്ന ഭാഷാസൂത്രണപരമായ ഉൾക്കാഴ്ചയും എൽ.വി.ആർ.ന് ഉണ്ടായിരുന്നു. ഇത്തരമൊരു അവബോധം എൽ.വി.ആർ. രൂപപ്പെടുത്തിയത് സമകാലിക ഭാഷാശാസ്ത്രബന്ധത്തിലൂടെയാണ്. ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലെ ഭാഷാശാസ്ത്രരചനകളുമായി അദ്ദേഹത്തിന് ഉണ്ടായിട്ടുള്ള ബന്ധം കൃതികളിൽനിന്നു വ്യക്തമാണ്. മലയാളഭാഷാവിജ്ഞാനത്തിലും ദ്രാവിഡ താരതമ്യഭാഷാപഠനത്തിലും കാൽഡ്വൽ, ഗുണ്ടർട്ട് എന്നിവരുടെ നിരയിൽ നിർത്താവുന്ന എൽ.വി.ആർ.ന്റെ പഠനങ്ങൾ കേരളത്തിൽ വേണ്ടുവോളം തിരിച്ചറിഞ്ഞിട്ടില്ല. കൃതികൾ പല ഭാഷകളിലായതും എളുപ്പത്തിൽ ശേഖരിക്കാനാവാത്ത തരത്തിൽ ലോകത്തിലെ വിവിധ ഗ്രന്ഥാലയങ്ങളിലായി ചിതറി കിടക്കുന്നതും പഠനത്തെ തടസ്സപ്പെടുത്തി. ഉള്ളടക്കത്തിന്റെ ശാസ്ത്രീയതയും ബഹുഭാഷാപരാമർശങ്ങളും നാനാ ഗ്രന്ഥസൂചനകളും എൽ.വി.ആർ.ന്റെ രചനകളിലൂടെയുള്ള സഞ്ചാരം ക്ലേശകരമാക്കുന്നു. എൽ.വി.ആർ.ന്റെ മൂന്നു ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്' (A Brief Account of Malayalam Phonetics-1925), 'ദി എവലൂഷൻ ഓഫ് മലയാളം മോർഫോളജി' (The Evolution of Malayalam Morphology-1936), 'ഗ്രാമർ ഇൻ ലീലാതിലകം' (Grammar in Lilathilakam-1944) എന്നിവ. കൂടാതെ ഭാഷാശാസ്ത്രസംബന്ധിയായി നൂറ്റമ്പതോളം ലേഖനങ്ങളും എൽ.വി.ആർ. എഴുതിയിട്ടുണ്ട്.

ശാസ്ത്രീയമായ അപഗ്രഥനം, വസ്തുനിഷ്ഠമായ നിരീക്ഷണം, പഠനവിധേയമാകുന്ന ഉപാത്തത്തിനു ചേരുന്ന തരത്തിലുള്ള സിദ്ധാന്തരൂപീകരണം എന്നിങ്ങനെയുള്ള പഠനരീതികൾകൊണ്ടാണ് എൽ. വി. രാമസ്വാമിഅയ്യർ മികവുറ്റ ഭാഷാവിജ്ഞാനികളുടെ നിരയിൽ സ്ഥാനം നേടുന്നത്. അദ്ദേഹം മലയാളഭാഷാപഠനത്തിലെ പുതുയുഗത്തെ പ്രതിനിധാനം ചെയ്യുന്നു എന്നു വേണം പറയാൻ. മലയാള ഭാഷാവിജ്ഞാനം, തമിഴ് ഭാഷാവിജ്ഞാനം, തമിഴ് മലയാളബന്ധം, ദ്രാവിഡഭാഷാതാരതമ്യാത്മക പഠനം എന്നിങ്ങനെ വിപുലമായ പഠനമേഖലകളാണ് എൽ.വി.ആർ. സൃഷ്ടിച്ചിരിക്കുന്നത്. എൽ.വി.ആർ. എന്ന ബഹുമുഖപ്രതിഭയെ സമഗ്രമായി പഠിക്കയല്ല, ഭാഷാഗവേഷണപാണ്ഡിത്യം വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ രചനകളിൽനിന്ന് മലയാളഭാഷാവിജ്ഞാനത്തിന് ഏറ്റവും പ്രസക്തമായവ തിരഞ്ഞെടുത്ത് പുനർവിവരണപഠനം നടത്തുക എന്നതാണ് 'മലയാളഭാഷാവിജ്ഞാനത്തിന് എൽ. വി. രാമസ്വാമിഅയ്യരുടെ സംഭാവന - വിമർശനാത്മകഅപഗ്രഥനം' എന്ന പ്രബന്ധത്തിന്റെ പൊതുലക്ഷ്യം. ഗവേഷണപഠനത്തിൽ വിലപ്പെട്ട രേഖകൾ തിരഞ്ഞെടുത്ത് ഉള്ളടക്കവും രീതിശാസ്ത്രവും സംക്ഷിപ്തമായി പുനരവതരിപ്പിച്ച് സമകാലികപ്രസക്തി വെളിവാക്കുന്നതാണ് പുനർവിവരണപഠനത്തിന്റെ സാമാന്യസ്വഭാവം. സമകാലിക മലയാളപഠനത്തിലെ സിദ്ധാന്തപരിസരം, വിചാരമാതൃകകൾ, സമകാലിക ഭാഷാവിജ്ഞാനത്തിലെ ആഭിമുഖ്യങ്ങൾ എന്നിവയുടെ പ്രകരണബലത്തിലാണ് പുനർവായനകളും പുനർവിവരണങ്ങളും നടത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ സമകാലികതയുടെ തിരയിളക്കം പുനർവിവരണങ്ങളിൽ കാണാം. ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ അഞ്ച് അധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്.

പ്രബന്ധത്തിന്റെ ആമുഖം ചുരുക്കത്തിലായി. അത് ഉചിതവുമായി. ഇവിടെ പക്ഷേ ചില അഭിപ്രായാന്തരങ്ങൾക്ക് ഇടയുണ്ടായി. അതൊന്നു ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ: എൽ.വി.ആറും നാമുമായി അറുപതിലേറെ വർഷത്തിന്റെ വ്യവധാനമുണ്ട്. 1948-ൽ അദ്ദേഹം മരിച്ചു. നമ്മെ സംബന്ധിച്ചിടത്തോളം അദ്ദേഹം അറിവിന്റെ ഏറ്റവും പുതിയ നിലയിൽ എത്തിനിൽക്കുക സാധ്യമായ കാര്യമല്ല. ചോംസ്കിയൻ വിപ്ലവം വരാൻ എൽ. വി.ആറിന്റെ കാലം കഴിഞ്ഞ് പതിറ്റാണ്ടു പിന്നിടേണ്ടിയിരുന്നു. ചരിത്രാത്മകതയ്ക്കൊപ്പം ഘടനാത്മകതയുടെ ഉപദർശനങ്ങളുമായും എൽ.വി. ആർ. പരിചയം നേടിയിരുന്നു എന്നതു ശരിയാണ്. എന്നാൽ ചോംസ്കിയൻ സാമ്പ്രദായികവ്യാകരണത്തിന്റെ ചില അംശങ്ങളെ തിരിച്ചുപിടിക്കും മുമ്പ്, സാമൂഹികഭാഷാശാസ്ത്രം പഴയ വ്യാകരണങ്ങളെ സാമൂഹികവും ആസൂത്രണപരവുമായ കാഴ്ചപ്പാടുകളിൽ കണ്ടെത്തുംമുമ്പ്, ആയിരുന്നു എൽ.വി.ആർ. ജീവിച്ചിരുന്നതെന്നു മറക്കരുത്. എൽ.വി.ആർ. "നവീനഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം" ഉപയോഗിച്ചുവെന്നും "പരമ്പരാഗത വ്യാകരണത്തിന്റെ പരിമിതികളെ മറികടക്കുന്നു" എന്നും പ്രസ്താവിക്കുമ്പോൾ (§ 1.2 പു.14) ഇതൊക്കെ ഓർക്കണം. പത്തൊമ്പതാം നൂറ്റാണ്ടിലല്ല അതൊക്കെ ഉടലെടുത്തത്. സമ്പ്രദായങ്ങളും ഒന്നല്ല ഉള്ളൂ. അവയെപ്പറ്റിയുള്ള 'ആധുനിക' വീക്ഷണങ്ങളും പലതാണ്. "... കാൾഡ്വെല്ലിന്റെയും കേരളപാണിനിയുടെയും ഭാഷാസിദ്ധാന്തങ്ങൾക്ക്... ശക്തമായ അടിത്തറ നൽകുകയാണ്" എൽ.വി.ആർ. ചെയ്തതെന്ന് ഗവേഷകയും സമ്മതിക്കുന്നു (പു. 16). കാലം ഏല്പിച്ച പരിമിതികളെ സർഗശേഷികൊണ്ട് എൽ.വി.ആർ. ഉല്ലംഘിക്കുന്നതെവിടെയൊക്കെ എന്നു തൊട്ടുകാണിക്കാനാണ് ശ്രമിക്കേണ്ടത്.

*അധ്യായം ഒന്ന്*: മലയാളഭാഷാവിജ്ഞാനം എൽ.വി.ആറിനു മുമ്പും പിമ്പും

മലയാളഭാഷാവിജ്ഞാനത്തിന്റെ ആരംഭം, വികാസചരിത്രം എന്നിവയാണ് ഒന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്നത്. തദ്ദേശീയ, വിദേശീയ വ്യാകരണഭാഷാശാസ്ത്രപാരമ്പര്യം എൽ.വി.ആറിൽ, എൽ.വി.ആറിനു ശേഷം ഭാഷാശാസ്ത്രത്തിൽ വന്ന മാറ്റങ്ങൾ, ഭാഷാവ്യാകരണചിന്തകളിൽ ഉണ്ടായ വികാസപരിണാമങ്ങൾ എന്നിവയും സാമാന്യമായി അവതരിപ്പിക്കുന്നു. എൽ.വി.ആർ. ഭാഷാവിജ്ഞാനത്തിൽ അവതരിപ്പിച്ച നവീന ഭാഷാപഠനരീതിയെക്കുറിച്ചും ചർച്ച ചെയ്യുന്നുണ്ട്. എൽ.വി.ആറിനെ മലയാളഭാഷാശാസ്തചരിത്രത്തിൽ കാലപ്രാമാണ്യം പരിഗണിച്ചും തനിമയുടെ സ്വഭാവം പരിഗണിച്ചും എവിടെ പ്രതിഷ്ഠിക്കാമെന്ന് നിശ്ചയിക്കുന്ന ഒന്നാമധ്യായം തൃപ്തികരമാണ്.

*അധ്യായം രണ്ട്*: എൽ.വി.ആർ. വ്യക്തിയും കൃതികളും

പ്രബന്ധത്തിലെ ഏറ്റവും ദീർഘമായ അധ്യായമാണിത്. മലയാളഭാഷാവിജ്ഞാനീയരംഗത്ത് എൽ.വി.ആറിന്റെ സംഭാവനകളെ വിലയിരുത്താൻ അദ്ദേഹത്തിന്റെ വ്യക്തിത്വവും രചനകളുടെ പൊതുപരിസരവും അറിയേണ്ടതുണ്ട്. അതുകൊണ്ട് രണ്ടാമധ്യായത്തിന്റെ ആദ്യഭാഗം എൽ.വി.ആർ. എന്ന വ്യക്തിയെ അടുത്തറിയാൻ ശ്രദ്ധിക്കുന്നു. എൽ.വി.ആറിന്റെ ജീവചരിത്രം അനുസ്മരണങ്ങളിലൂടെ രൂപപ്പെടുത്തിയത് ഹൃദ്യമായി. ഓർമ്മകൾ അസൂക്ഷ്മമാകാം, അതിശയോക്തി വന്നുപെടാം. എന്നാലും അർഹിക്കാത്ത മറവിയിൽ പെട്ടുപോയ ഒരാളെപ്പറ്റി ഇത്രയെങ്കിലും ആയല്ലോ എന്നാശ്വസിക്കാം. അറിവിന്റെ ഏതൊക്കെ വഴികളിലാണ് എൽ.വി.ആർ. നടന്നത്, അതിനെപ്പറ്റി എന്തൊക്കെ ആരൊക്കെ കണ്ടറിഞ്ഞു എന്ന് ഗവേഷക അടയാളപ്പെടുത്തുന്നു. അതിനുതകുംവിധം എൽ.വി.ആറിന്റെ വിവരണാത്മകഗ്രന്ഥസൂചി നൽകുന്നു. അധ്യായത്തിന്റെ രണ്ടാംഭാഗം എൽ.വി.ആർ. രചനകൾ പരിചയപ്പെടുത്തി ഭാഷാപഠനത്തിന്റെ തോതും തരവും ബൗദ്ധികപരിസരവും വ്യക്തമാക്കുന്നു. എൽ.വി.ആർ. രചനകളെ അഞ്ച് വിഭാഗങ്ങളായി തരംതിരിച്ചാണു പഠനം. അല്പം ചില എഴുത്തുപിഴകൾ മാറ്റിയാൽ ഈ അധ്യായം നന്നായിട്ടുണ്ട്.

*അധ്യായം മൂന്ന്*: സ്വനിമവിജ്ഞാനങ്ങളും എൽ.വി.ആറും

എൽ.വി.ആറിന്റെ സമകാലികപ്രസക്തി മലയാളപഠനത്തിൽ എന്ന അന്വേഷണം പുരോഗമിക്കുന്നത് മലയാളഭാഷാവിജ്ഞാനവികാസചരിത്രത്തിലൂടെയാണ്. ആധുനികഭാഷാശാസ്ത്രം നൽകുന്ന അറിവിന്റെ പരിസരത്തിൽ എൽ.വി.ആറിന്റെ സ്വനസ്വനിമസിദ്ധാന്തങ്ങൾക്ക് കാലികപ്രസക്തിയുണ്ടോ എന്ന അന്വേഷണം ഈ അധ്യായം നിർവ്വഹിക്കുന്നു. അതിനു





വേണ്ടി എൽ.വി.ആറിന്റെ സ്വനവിജ്ഞാനപഠനമായ 'എ ബ്രീഫ് അക്കൗണ്ട് ഓഫ് മലയാളം ഫൊണറ്റിക്സ്', സ്വനിമപഠനമായ ' പ്രൈമർ ഓഫ് മലയാളം ഫോണോളജി', 'ടു മലയാളം ഫൊണീംസ്' എന്നിവ പരിശോധിക്കുന്നു. സ്വരവ്യഞ്ജനസവിശേഷതകൾ വ്യക്തമാക്കാൻ ചാർട്ട് ഉപയോഗിക്കുന്നുണ്ട്. ഗവേഷക ഇവിടെ പല പ്രയാസങ്ങളും അനുഭവിക്കു ന്നു. അവയിൽ ഏറ്റവും മുഖ്യം സ്വനവിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള സജ്ജീകരണമില്ലായ്മയാണ്. എൽ.വി.ആർ. അന്നത്തെ സാങ്കേതികപദാവലിയിൽ, അന്നത്തെ അദ്ദേഹത്തിന്റെ പരിമിതികൾക്കുള്ളിൽനിന്ന് ആവിഷ്കരിച്ചത് ഇന്ന് മലയാളത്തിൽ ഒക്കുന്ന മട്ടിൽ പരാവർത്തനം ചെയ്യുക വിഷമംതന്നെ. സ്വനലിപ്യങ്കനമില്ലാതെ കാര്യം സാധിക്കുന്നതോ വിഷമകരവും. ഇതുകൊണ്ടുണ്ടായ കലക്കങ്ങൾ എത്രയോ ഉണ്ട്.

*അധ്യായം നാല്*: മലയാളരൂപവിജ്ഞാനം

രൂപതലത്തിലുള്ള ഭാഷയുടെ പരിണാമചരിത്രമാണ് നാലാം അധ്യായം ചർച്ച ചെയ്യുന്നത്. എഴുത്തച്ഛൻകൃതികൾവരെയുള്ള പഴയകാല സാഹിത്യകൃതികൾ പരിശോധിച്ച് അവയിൽ കാണുന്ന ഭാഷാശാസ്ത്രസവിശേഷതകളാണ് 'ദി എവലൂഷൻ ഓഫ് മലയാളം മോർഫോളജി' എന്ന ഗ്രന്ഥം അടയാളപ്പെടുത്തുന്നത്. എൽ.വി.ആർ. കണ്ടെത്തിയ വസ്തുതകളെ നാമം, ക്രിയ, ഗതികൾ, സർവ്വനാമം, പ്രത്യയങ്ങൾ എന്നു തിരിച്ച് പുനർവിവരണ പഠനം നടത്തുന്നു.

അധ്യായം അഞ്ച്: മലയാളഭാഷാചരിത്രം - തമിഴ് മലയാളബന്ധം, ഗദ്യപദ്യവികാസം

മലയാളഭാഷാചരിത്രത്തെക്കുറിച്ച് എൽ. വി. രാമസ്വാമിഅയ്യരുടെ കണ്ടെത്തലുകൾ അദ്ദേഹത്തിന്റെ ലേഖനങ്ങളെ മുൻനിർത്തി അന്വേഷിക്കുകയും അവയുടെ ശാസ്ത്രീയത വിലയിരുത്തുകയുമാണ് അഞ്ചാം അധ്യായം. മലയാളഭാഷാപരിണാമം ഗവേഷക ഒരു രേഖാചിത്രമായി നൽകുന്നു. ഈ രേഖാചിത്രമോ വിവരണമോ എൽ.വി.ആറിന്റെ അഭിപ്രായഗതിക്ക് അനുസൃതമല്ല. മൂലദ്രാവിഡത്തിന്റെ ഒരു കവരമായ മൂലദക്ഷിണദ്രാവിഡത്തിന്റെ തമിഴ്ശാഖയിൽനിന്ന് ഇടത്തമിഴിന്റെ തുടക്കക്കാലത്താണ് മലയാളം വേർപെട്ടുതുടങ്ങിയതെന്നാണ് എൽ.വി.ആർ. വാദിക്കുന്നത്. പഴന്തമിഴിലെ ചില ലക്ഷണങ്ങൾക്കൊപ്പം ഇടത്തമിഴിൽ ആരംഭിച്ച പല ലക്ഷണങ്ങളും മലയാളം പങ്കുപറ്റുന്നു എന്നു സമർഥിക്കവഴിയാണ് എൽ.വി.ആർ. സാധൂകരണം തേടുന്നത്. പ്രാചീന മധ്യകാല തമിഴിൽനിന്ന് മലയാളം പരിണമിച്ചു എന്ന ആശയം പത്താം നൂറ്റാണ്ടു മുതൽ ലഭ്യമായ കൃതികളുടെ പഠനത്തിലൂടെ സമർത്ഥിച്ചിരിക്കുന്നത് എങ്ങനെയെന്ന് വിവരിക്കുന്നതിനൊപ്പം പദ്യഭാഷ രൂപപ്പെട്ടതിന്റെ ചരിത്രം, സാഹചര്യം എന്നിവയും ഈ അധ്യായത്തിൽ പരാമർശിക്കുന്നു.

## *ഉപസംഹാരം*: എൽ.വി.ആറിന്റെ സംഭാവനകൾ, സമകാലിക പ്രസക്തി

മലയാളഭാഷാവിജ്ഞാനീയത്തിന് എൽ.വി.ആറിന്റെ സംഭാവനകൾ, സമകാലികപ്രസക്തി എന്നിവ ഇവിടെ വിലയിരുത്തന്നു. ഗവേഷക § 6.3 ൽ (പു 271, 272) പറയുന്ന കാര്യമല്ല വിശദീകരണപര്യാപ്തി (Explanatory adequay) എന്നതൊഴിച്ചാൽ ഉപസംഹാരത്തെക്കുറിച്ച് കാര്യമായ എതിരൊന്നും പറയാനില്ല. ഈ അധ്യായത്തിലും സ്വനവിവരണം ഗവേഷകയെ കുഴക്കുന്നുണ്ട്. "മൂലദ്രാവിഡം – പഴയതമിഴ് – മധ്യകാല തമിഴ്" എന്ന വിവരണവും (§ 6.9.12 പു. 280) ശരിയല്ല.

മലയാളഭാഷാശാസ്ത്രരംഗത്ത് സവിശേഷപഠനം (Specialization) എന്ന ആശയം അവതരിപ്പിച്ച് തന്റെ പഠനങ്ങൾ ഇത്തരത്തിൽ ക്രമീകരിച്ചുകൊണ്ട് ഭാഷാഗവേഷണത്തിൽ വഴിത്തിരിവ് സൃഷ്ടിക്കാൻ എൽ.വി. ആറിനു കഴിഞ്ഞു. ഭാഷയെ സ്വന, സ്വനിമ, രൂപ, രൂപ-സ്വനിമതലങ്ങളിൽ വേർതിരിച്ച് ആദ്യമായി സവിശേഷപഠനം നടത്തിയത് എൽ.വി.ആറാണ്. ഇതിന് ഭാഷയുടെ പഴയരേഖകൾ ആഗമികാടിസ്ഥാനത്തിൽ പഠിക്കുന്ന ഭാഷാവിജ്ഞാന(Philology) ത്തിന്റെ പഴകിയ രീതിശാസ്ത്രം എൽ.വി.ആർ. ഉപേക്ഷിക്കുന്നു. വിശാലമായ ഭാഷാജ്ഞാനത്തിന്റെ പരിസരത്തിൽനിന്നു കൊണ്ടാണ് എൽ.വി.ആർ. മലയാളഭാഷയെ സമീപിച്ചത്. ബഹുഭാഷാജ്ഞാനം മലയാളഭാഷാപഠനത്തെ കൂടുതൽ കൃത്യതയുള്ളതാക്കാൻ സഹായിച്ചു. അതായത്, വ്യത്യസ്ത ഭാഷകളിൽനിന്നു ഉദാഹരണങ്ങൾ ശേഖരിക്കുന്നതിനും സമാനതകൾ കണ്ടെത്തുന്നതിനും ഇതിലൂടെ സുദൃഢമായ സിദ്ധാന്തങ്ങൾ ആവിഷ്കരിക്കുന്നതിനും ബഹുഭാഷാപാണ്ഡിത്യം എൽ.വി.ആറിനു സഹായകമായിട്ടുണ്ട്. ആധുനികഭാഷാശാസ്ത്രം ഇരുപത്തൊന്നാം നൂറ്റാണ്ടുവരെ വളർന്നെത്തിയിട്ടും എൽ.വി.ആർ. കണ്ടെത്തിയ വസ്തുതകൾ പ്രസക്തങ്ങളായി നിലനിൽക്കുന്നു. അദ്ദേഹത്തിന്റെ രീതിശാസ്ത്രം ഇന്നും പ്രസക്തമാണ്. എൽ.വി.ആറിലൂടെ വളർന്ന മലയാളഭാഷാവിജ്ഞാനം ഇപ്പോൾ അന്തർവൈജ്ഞാനിക (Interdiciplinary) രീതികളിലേക്ക് പുരോഗമിക്കുന്നു.

പ്രബന്ധാവസാനം മൂന്ന് അനുബന്ധങ്ങളും വിശദമായ ഗ്രന്ഥലേഖനസൂചിയും ചേർത്തിട്ടുണ്ട്. അനുബന്ധം ഒന്ന് – എൽ.വി.ആറിന്റെ ഗ്രന്ഥ/ലേഖനസൂചിയാണ്. പ്രബന്ധത്തിന്റെ എല്ലാ ഭാഗങ്ങളും വിലമതിക്കത്തക്കതാണെങ്കിലും എൽ.വി.ആർ. ഗ്രന്ഥ/ലേഖനസൂചി ഏറ്റവും വിലമതിക്കേണ്ടതാണ്. ഇതു തയ്യാറാക്കിയതിന് ഗവേഷക എത്രയും അഭിനന്ദനം അർഹിക്കുന്നു. ഗ്രന്ഥങ്ങളും ലേഖനങ്ങളുമായി കൊടുത്തിരിക്കുന്ന 137 എണ്ണം ശ്രമകരമായ അധ്വാനത്തിന്റെകൂടി തെളിവാണ്. ഇത് കാലാനുക്രമണികയായി കൊടുത്തിരുന്നെങ്കിൽ ഒരു ഭാഷാശാസ്ത്രജ്ഞന്റെ വികാസം പെട്ടെന്നു മനസ്സിലാക്കാൻ സഹായകമാകുമായിരുന്നു. മറ്റുള്ളവർ ചെയ്ത പട്ടികകളുമായി ഗവേഷക തന്റെ പട്ടിക താരതമ്യം ചെയ്തിരിക്കുന്നതും ഉചിതമായി. എന്നാൽ 100 എണ്ണമുള്ള ഒരു പട്ടിക ഗവേഷക എന്തോ കാണാതെപോയി. അഗസ്ത്യലിംഗം, ശക്തിവേൽ ഇവർ ചേർന്നു തയാറാക്കിയതും അണ്ണാമലയിൽനിന്ന് 1973-ൽ പുറത്തുവന്നതുമായ Bibliography of Dravidian Linguistics ൽ ഉള്ളതാണത്. അനുബന്ധം രണ്ട് – ദത്തശേഖരണത്തിന് എൽ.വി.ആർ. ഉപയോഗിച്ച കൃതികളുടെ പട്ടികയാണ്. ടാഗോറിന്റെ കവിതയ്ക്ക് എൽ.വി.ആർ. നൽകിയ ഇംഗ്ലീഷ് തർജ്ജമയാണ് അനുബന്ധം മൂന്നിൽ ചേർത്തിരിക്കുന്നത്. ഇതിനുള്ള ഉദ്യമവും അഭിനന്ദനം അർഹിക്കുന്നു.

ഗവേഷകയുടെ ഗ്രന്ഥ-ലേഖനസൂചിയുടെ വൈപുല്യം പഠനത്തിനു നൽകിയ ശ്രദ്ധയും ഗവേഷകയുടെ പണിപ്പാടും വ്യക്തമാക്കുന്നു. ഈ സൂചിക ചിട്ടപ്പടിയായിട്ടുണ്ട്.

ഈ പ്രബന്ധത്തിന്റെ ആമുഖത്തിൽ ഏറ്റുപറയുന്ന ഒരു കാര്യം ശ്രദ്ധേയമാണ്: "എൽ.വി.ആറിന്റെ രചനകൾക്കുമുമ്പിൽ വിസ്മയാദരപൂർവ്വം നിൽക്കുന്നതുമൂലം പ്രബന്ധത്തിന് ചില ചില്ലറ നിറപ്പകർച്ചകൾ ഉണ്ടായിട്ടുണ്ട്." ശരിയാണ്, ആരെയും വിസ്മയിപ്പിക്കുന്ന അദ്ദേഹത്തിന്റെ സംഭാവനയെക്കുറച്ച് എഴുതുമ്പോൾ പ്രബന്ധകാരിയിൽ ചുരുക്കം ചില സന്ദർഭങ്ങളിൽ ശാസ്ത്രീയത നഷ്ടപ്പെടുന്നതായി അനുഭവപ്പെടും.

പിഴ തീർത്ത് ഒരു എൽ.വി.ആർ. സൂചി പ്രസിദ്ധം ചെയ്യേണ്ടത് ആവശ്യമാണ്. ഒപ്പം കിട്ടിയ ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധപ്പെടുത്തുന്നതും വളരെ നല്ലതാണ്. ഗവേഷക ഇതിന് ഉത്സാഹിക്കണം.

■

## COMPLEMENTING THE BOOKS

## പുസ്തകപൂരണം

കേരളപഠനസംബന്ധമായ പുതിയ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു വായനക്കാരോ ഗ്രന്ഥകർത്താക്കളോ എഴുതുന്ന പൂരണക്കുറിപ്പുകൾ ഈ പംക്തിയിലേക്കു ക്ഷണിക്കുന്നു.
- പത്രാധിപർ

**സ്ത്രീ എന്റെയുള്ളിൽ**
പവൻ കരൺ
മൊഴിമാറ്റം: പ്രമീള കെ. പി.

റെയ്ൻബോ ബുക് പബ്ലിഷേഴ്സ്
(2004) പുറം 89, വില 55 രൂപ.




മലയാളത്തിൽ ഇപ്പോൾ തർജമകളുടെ പെരുമഴക്കാലമാണ്. അവയിൽ ചില കൃതികൾമാത്രമേ മലയാളസാഹിത്യചരിത്രത്തിൽ ഇടംനേടൂ. മലയാളസാഹിത്യഘടനയെ സ്വാധീനിക്കുന്ന കൃതികളാണ് സാഹിത്യചരിത്രത്തിൽ പ്രവേശനം നേടുന്നത്. മാർക്കേസിന്റെ നോവലുകൾ നല്ല ഉദാഹരണമാണ്. കവിതയിൽ ഗീതാഞ്ജലി ആയിരിക്കും ക്ലാസിക്കൽ ഉദാഹരണം. അതുപോലെ നമ്മുടെ സ്ത്രീവാദസാഹിത്യത്തെ ഭാവപരമായും രൂപപരമായും സ്വാധീനിക്കാൻ ഇടയുള്ള ഒരു കവിതാവിവർത്തനം ഇപ്പോൾ ഹിന്ദിയിൽനിന്നു മലയാളത്തിലെത്തിയിരിക്കുന്നു—പവൻ കരണിന്റെ 'സ്ത്രീ എന്റെയുള്ളിൽ'. മലയാളവഴക്കങ്ങൾ അനുഭവപ്പെടുത്തുന്ന രീതിയിൽ മൊഴിമാറ്റം നടത്തിയതു ശ്രീശങ്കരാചാര്യ സർവകലാശാലയിലെ അധ്യാപിക ഡോ. പ്രമീള കെ. പി.യാണ്. ഈ കവിതാസമാഹാരത്തിന്റെ സവിശേഷതയെക്കുറിച്ചു വിശദമായ ഒരു കുറിപ്പ് പ്രമീളയുടേതായി താപസത്തിന്റെ ഇതേലക്കത്തിൽ ചേർത്തിട്ടുണ്ട്. സ്ത്രീയെ വസ്തുവൽക്കരിക്കാതെ സ്ത്രീസത്ത ആവിഷ്കരിക്കാനുള്ള പരിശ്രമമാണ് ഈ കവിതകളിൽ കാണുന്നത്. ശരീരപരത നിലനിർത്തിക്കൊണ്ട് തനിമയും പെൺമയും പെണ്ണത്തവും ആവിഷ്കരിക്കാനുള്ള ഉദ്യമം ആദരണീയമായിരിക്കുന്നു.





മലയാളത്തിലെ സ്ത്രീപക്ഷരചനകൾക്ക് ഇതിൽനിന്നു പലതും പഠിക്കാനുണ്ട്.
*- എഡിറ്റർ*

# വേറിട്ട കവിതകൾ, കാഴ്ചകൾ

**പ്രമീള കെ. പി.**

സാമൂഹ്യവികസനസൂചികയിലും സാക്ഷരതയിലും ഇന്ത്യയിലേറ്റവും മുന്നിലുള്ളത് കേരളമാണല്ലോ. ഉത്തരേന്ത്യൻ രാഷ്ട്രീയത്തിലെ കുതിരക്കച്ചവടവും സാംസ്കാരിക-സാമൂഹിക പിന്നോക്കാവസ്ഥയും മലയാളിയിൽ ഉത്തരേന്ത്യക്കാരെക്കുറിച്ചും സാംസ്കാരിക-സാഹിത്യചർച്ചകളിൽ ഹിന്ദി ഭാഷയെക്കുറിച്ചുമുള്ളത് ഒരല്പം നീരസമോ പുച്ഛമോ ഒക്കെയാണ്. ഹിന്ദിയെക്കുറിച്ചും ഹിന്ദിബെൽറ്റിലുള്ള ആളുകളെക്കുറിച്ചുമുള്ള ഈ നീരസത്തിന് കാരണങ്ങളില്ലാതില്ല. വിറളിപിടിച്ച ജാതിചിന്ത, ജാതിപ്പോര്, മതഭ്രാന്ത്, പുരുഷമേധാവിത്തം, അന്ധവിശ്വാസങ്ങൾ, തൊട്ടുകൂടായ്മ, കുതികാൽവെട്ട് തുടങ്ങി എല്ലാ പരമ്പരാഗത-അത്യന്താധുനിക കാപട്യങ്ങളും മനുഷ്യാവകാശലംഘനങ്ങളും ഈ പ്രദേശത്തുനിന്ന് നിരന്തരം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ദാരിദ്ര്യം, പട്ടിണിമരണം, രോഗാതുരത മുതലായവയ്ക്കു പുറമേ വരൾച്ച, വെള്ളപ്പൊക്കം, ഭൂകമ്പം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും കൂടിയാവുമ്പോൾ 'ഹിന്ദി'യുടെ പരിസരം പിറകിലേക്ക് നീങ്ങുന്നു. രാഷ്ട്രീയമായി അതുൾക്കൊള്ളുന്ന അധികാരപരിസരം എത്രതന്നെ ശക്തിമത്താവുമ്പോഴും മനുഷ്യസമൂഹമെന്ന രീതിയിൽ അവിടം പിന്നോക്കമാവുന്നു. ഇത് ഹിന്ദിയിലെഴുതപ്പെടുന്ന സാഹിത്യത്തെയും സ്വാധീനിക്കുന്നു എന്നു പറയണം.

സർഗ്ഗാത്മകമേഖലയിൽ പ്രേംചന്ദ്, മുൽക്ക്‌രാജ് ആനന്ദ്, ഭീഷ്മസാഹ്നി തുടങ്ങിയവരുടെ രചനകൾക്ക് കേരളത്തിൽ സ്വാധീനമുണ്ടായിരുന്നു. ഇടതുപക്ഷചിന്തയുള്ള രചനകൾ പിന്നീടും നിരന്തരം വിവർത്തനം ചെയ്യപ്പെടുന്നുണ്ടെങ്കിലും കേരളത്തിന്റെ ഭാഷാ സാംസ്കാരിക മണ്ഡലത്തിലവയുടെ അടയാളങ്ങൾ തുലോം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ, മുകളിൽ പറഞ്ഞ സാമൂഹിക-സാംസ്കാരിക അന്തരംതന്നെയാകാം ഇതിനു കാരണം.

ഈ ചുറ്റുപാടിലാണ് വികസനോന്മുഖമായിരിക്കുന്ന കേരളത്തിൽ പോലും ഇതുവരെ കാണാത്തതോ, മലയാളി കാണാൻ മടിക്കുന്നതോ ആയ ചില കാഴ്ചശീലങ്ങളെ തേടുകയും ആനയിക്കുകയും ചെയ്യുന്ന ഒരു കവിയെ പരിചയപ്പെടുത്തുന്നത്. ഇതുവരെ രണ്ടു സമാഹാരങ്ങൾ പ്രസിദ്ധീകരിച്ച ഗ്വാളിയാറിൽനിന്നുള്ള (മധ്യപ്രദേശ്) ഈ യുവകവിയുടെ കവിതകൾ നമ്മുടെ കവിതയിൽ ഉണർന്നുവന്നിട്ടില്ലാത്ത ജീവിതകാഴ്ചകളോടുള്ള പൊരുത്തപ്പെടലുകളാണ്. സാഹസികവും പരീക്ഷണാത്മകവും ഒപ്പം നാമോരോരുത്തരും

കാംക്ഷിക്കുന്നതുമായ ഒരു നവലോകക്രമത്തിനുവേണ്ടി ഈ കവിതകൾ സ്വപ്നങ്ങൾ നെയ്യുന്നതായും വഴികാണിക്കുന്നതായും അനുഭവപ്പെടുന്നു.

പവൻ കരണിന്റെ രണ്ടാമത്തെ കവിതാസമാഹാരം — 2004-ൽ പുറത്തുവന്ന *സ്ത്രീ എന്റെയുള്ളിൽ* — വളരെയധികം ശ്രദ്ധിക്കപ്പെട്ടു. സ്ത്രീകളെക്കുറിച്ചും സ്ത്രീപുരുഷജീവിതത്തെക്കുറിച്ചും ഈ പുരുഷകവിയുടെ ചിന്തകൾ വായനക്കാരിൽ അമ്പരപ്പും അത്ഭുതവുമുളവാക്കാൻ പ്രാപ്തമായിരുന്നു. വർഗ്ഗീയത, മതാന്ധത, സാമൂഹ്യമര്യാദകൾ, കുടുംബചിട്ടകൾ, പ്രേമം, ലൈംഗികത, ദാമ്പത്യം തുടങ്ങിയ പുരുഷനിർമ്മിതസ്ഥാപനങ്ങളുടെ മുൻധാരണകളെ ഇളക്കി പ്രതിഷ്ഠിക്കാനുള്ള ശ്രമമെന്നനിലയിൽ ഈ കവിതകളിലെ പ്രതിപാദ്യം പുതുമനിറഞ്ഞതായിരുന്നു.

ഭാരതത്തിലാകമാനം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന വർഗ്ഗീയ കലാപങ്ങളെ 'ഈ സ്വരം എനിക്ക് സത്യമാണെന്ന് തോന്നുന്നില്ല' എന്ന കവിത സ്ത്രീപക്ഷത്തുനിന്ന് നോക്കിക്കാണുന്നു. വർഗ്ഗീയലഹളക്കിടയിൽ പുരുഷൻ കേവലം ജാതിക്കോമരമായി വെട്ടിമരിക്കുമ്പോൾ സ്ത്രീക്ക് ജാതിയോ മതമോ വർണ്ണമോ ഒന്നുമില്ല, അവൾ വെറും ശരീരമായി, യോനിയായി, ഇരയായി നിൽക്കുന്നു. വർഗ്ഗീയകലാപങ്ങൾ അടങ്ങിയെന്നു പറയുന്ന അധികാരികളോടും പുരുഷാധിപത്യവ്യവസ്ഥയോടും അവൾ പറയുന്നതിങ്ങനെ —

ഗുജറാത്തിലെ റോഡുകളിൽ ഒരു കീറവസ്ത്രംപോലും
ദേഹത്തില്ലാതെ
ലഹളക്കാരുടെ ഇടയിൽനിന്നോടിവരുന്ന സ്ത്രീയാണ് ഞാൻ.

*　*　*　*　*

ആങ്ങളമാരുടെയും അച്ഛന്മാരുടെയും തലകൾ
വാൾമുനയിൽ വച്ചപ്പോൾ
എന്റെ തലമാത്രം ഒറ്റവെട്ടിന് മുറിച്ചു മാറ്റിയില്ല
എന്റെ മരണമാഗ്രഹിക്കുന്നതിനുമുമ്പ്
പട്ടികളെപ്പോലെ ദയ ആഗ്രഹിച്ച എന്റെ കരങ്ങൾ
നക്കിയെടുക്കുകയായിരുന്നു.
എന്റെ കണ്ണുനീർ ചവിട്ടിമെതിക്കുകയായിരുന്നു.

*　*　*　*　*

എനിക്കീ സ്വരം സത്യമാണെന്നു തോന്നുന്നില്ല
എനിക്ക് തോന്നുന്നില്ല കലാപം അടങ്ങിയെന്ന്
ഈ ലഹള ഒരിക്കലും അടങ്ങാത്തതാണ്.





ഇന്നു ഞാൻ ഗുജറാത്തിലെ റോഡുകളിൽ -
ഓടുകയാണ്.

'ഈ ദിനങ്ങളിൽ നീയാരെയാണോ പ്രേമിക്കുന്നത്' എന്നു തുടങ്ങുന്ന അതേ ശീർഷകത്തിലെഴുതിയ കവിതയിലെ അടുത്തവരി അവന്റെ ജാതി നിനക്കറിയാമോ എന്നാണ്. പിന്നീട് പ്രേമത്തിലകപ്പെട്ടുപോയ ഒരു യുവതിയോട് അവളുടെ സുഹൃത്ത് ഉപദേശരൂപേണ ചോദിക്കുന്ന ചോദ്യങ്ങൾ ഓരോന്നായി വിശദമാകുന്നു. പ്രേമത്തിൽ അമർത്തപ്പെടുന്ന ജാതിമതചിന്തകൾ ജീവിതവ്യവഹാരത്തിലകപ്പെടുമ്പോൾ എത്ര വലിയ കാർക്കശ്യമായും സാമൂഹ്യസമ്മർദ്ദമായും മാറുമെന്ന് സുഹൃത്ത് യുവതിയോടു പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കുകയാണ് —

അവന്റെ ജാതി, ജാതി, ജാതി
ഇത് കാഹളം മുഴക്കി നിന്റെ കാതുപൊട്ടിക്കും
അവന്റെ ജാതിയുടെ മേൽ ഉയർന്നുവരുന്ന ചൂണ്ടുവിരൽ
എന്നും നിന്നെ കണ്ണുപൊത്താൻ നിർബന്ധിക്കും
ഇതെല്ലാം ഇഷ്ടപ്രകാരമുള്ള
പുരുഷനെ നീ തിരഞ്ഞെടുത്തതുകൊണ്ടല്ല
അവന്റെ താണജാതികൊണ്ടാണ് സംഭവിക്കുക.

ഭാരതസമൂഹത്തിൽ ഇപ്പോഴും ഇത്തരമൊരു കാഴ്ച അന്യമല്ല. പ്രേമിച്ചാൽ പേടിക്കരുത് എന്ന സൂക്തിവചനവും നമുക്കിതിലെന്തു കാര്യം എന്ന സാമുദായിക ഉദാസീനതയും മാറ്റിവച്ച് കവി യഥാതഥമായി ഒരു ദാമ്പത്യജീവിതത്തിന്റെ ബുദ്ധിമുട്ടുകൾ പറയുന്നു. പരമ്പരാഗതസമൂഹത്തിൽ സ്വയം മറക്കാനോ പ്രേമിക്കാനോ തിരഞ്ഞെടുക്കാനോ ഉള്ള സ്വാതന്ത്ര്യത്തിനുപോലും പരിമിതികളേയുള്ളൂ. ഇനിയങ്ങിനെ ചെയ്താൽതന്നെ പരവർത്തിയായ കുടുംബജീവിതം പാരമ്പര്യ സാമൂഹ്യമര്യാദകളിലും സാമുദായികനിർമ്മിതികളിലുംപെട്ട് ആടിയുലഞ്ഞേക്കാം - ഇതാണ് കവിയുടെ ആകുലത. മരണംവരെ മനുഷ്യൻ ചുമക്കുന്ന ജാതി, മതം, കുലമഹിമ, ദാമ്പത്യം മുതലായ നിർമ്മിതികൾ മനുഷ്യനെ അപ്പാടെ അമർത്തി നിർത്തുന്നുവെന്നത് തർക്കമില്ലാത്ത കാര്യമാണ്.

'ബുർക്ക' എന്നൊരു ചെറുകവിത ഇവിടെ ചേർത്തുവായിക്കാം.

നീ പിന്നെയും പിന്നെയും പറയുന്നു
പക്ഷേ എനിക്ക് അല്പംപോലും വിശ്വാസമില്ല
ദൈവം നിന്നെ എനിക്കുവേണ്ടി മാത്രം
ഉണ്ടാക്കിയതാണെന്ന്.

നിന്റെ ആജ്ഞയനുസരിച്ച്
എപ്പോഴൊക്കെ

ഞാനിതണിയുന്നുവോ
എന്റെ ഒടിഞ്ഞ ശരീരമിത് സ്വീകരിക്കുന്നില്ല.

സ്വീകരിക്കുന്നില്ല
ഓരോ തവണയും
നിലവിളിയോടെ
പറയുന്നു
ദൈവമല്ല, നീയാണിത് ഉണ്ടാക്കിയതെന്ന്
എന്റെ ദൈവമായി അറിയപ്പെടാനുള്ള ആഗ്രഹത്തിൽ
നീയാണിതെന്നെ അണിയിച്ചതെന്ന്.

ഇത് സ്ത്രീയെപ്പറ്റിയുള്ള പുരുഷകവിതയല്ല, മറിച്ച് കവിതയിൽ സ്ത്രീയാണ് പ്രഥമപുരുഷൻ! അവളാണ് ഉള്ളു തുറക്കുന്നത്. എല്ലാവരോടും ഒരു ഫെമിനിസ്റ്റാവാൻ പറയുന്ന ഈരടികളാണ് പവന്റെ കവിതകളെ തന്മയത്വമുള്ളവയാക്കിത്തീർക്കുന്നതെങ്കിൽ വിയോജിക്കാനും പുനർവായിക്കാനുമുള്ള ഉൾക്കാഴ്ചകളാണ് അവയെ കാലസ്പന്ദനങ്ങളായി നിലനിർത്തുന്നത്.

സമകാലീന മനുഷ്യബന്ധങ്ങളുടെ വ്യാകരണം തേടലാണ് പവൻ കരണിന്റെ കവിതകളുടെ പ്രധാന ദൗത്യം. പാരമ്പര്യം, വിശ്വാസം, ജാതി മത ദ്വന്ദങ്ങൾ, മേൽക്കോയ്മാമനസ്ഥിതി, സൗന്ദര്യമാനകങ്ങൾ എന്നിവയൊക്കെ സ്ത്രീപക്ഷത്തുനിന്ന് മനശ്ശാസ്ത്രപരമായി വ്യവച്ഛേദിച്ചു കാണാനുള്ള ശ്രമം കവിതകളിൽ പ്രകടമാണ്. സ്ത്രീമാത്രമല്ല, ആധുനിക പുരുഷനും തന്റെ കാപട്യക്കൊട്ടാരത്തിനുള്ളിലെ ഏകാന്തജീവിയാണെന്ന് ഈ കവിതകൾ സാക്ഷ്യപ്പെടുത്തുന്നു.

പുരുഷമനസ്സ് തുറന്നുവിടുന്ന കുറേയേറേ സന്ദർഭങ്ങൾ പവൻ കവിതാരൂപത്തിലവതരിപ്പിക്കുന്നുണ്ട്. സഹോദരൻ, കാമുകൻ, മകൻ, അച്ഛൻ, ഭർത്താവ് തുടങ്ങിയ പല രൂപങ്ങളിലും ഭാവങ്ങളിലും പുരുഷൻ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ മേഖലകളുടെ വ്യത്യസ്തപരിസരങ്ങൾ പവൻ വിവരിക്കുന്നു. 'പെങ്ങളുടെ കാമുകൻ' എന്ന കവിതയിൽ ഏട്ടന്റെ മേൽക്കോയ്മ മനശ്ശാസ്ത്രമാണ് പ്രകടമാകുന്നത്. പെങ്ങൾ പ്രേമിക്കുന്നത് കാണുന്ന ഏട്ടൻ വീട്ടുകാരുടെ കൂടെക്കൂടി അവളെ വിലക്കാനും കാമുകനെ കുറ്റംപറയാനും ശ്രമിക്കുന്നു. എന്തു പറഞ്ഞിട്ടും അടി കൊടുത്ത് പൂട്ടിയിട്ടിട്ടും നിലയ്ക്കാതെ ഒഴുകുന്ന അവരുടെ പ്രേമനദിയുടെ ഊറ്റത്തിൽ എല്ലാവരുടെയും ദേഷ്യം മെല്ലെമെല്ലെ ഉരുകിയലിയുകയാണ്.

പെങ്ങളുടെയും കാമുകന്റെയുമിടയിൽ
വ്യാപിച്ച മൗനം കണ്ട് പലപ്പോഴും തോന്നി
ഇനിയവർക്കിടയിൽ ഒന്നുമില്ലായെന്ന്.





പക്ഷേ അവൾ കാമുകനെയോർത്ത്
മാതളംപോലെ തേങ്ങുകയായിരുന്നു
അവനും അവളെയുള്ളിൽ പേറി
എരിഞ്ഞിരിക്കുകയായിരുന്നു.

പിന്നെ പതുക്കെ പതുക്കെ പെങ്ങളും
അവളുടെ കാമുകനും
വീട്ടിലും എന്റെ ദിനചര്യകളിലും
സ്ഥലം പിടിക്കുകയായിരുന്നു.
അങ്ങിനെ, എന്റെയുള്ളിലെ ആങ്ങള
അലിഞ്ഞലിഞ്ഞ് വീട്ടിന്റെ നിലത്ത് ഇറ്റിറ്റുവീണു.

സുന്ദരിയായ മകളോട് അച്ഛൻ വേവലാതിയോടെ പറയുന്ന കദനകവിതയാണ് 'ഒരു സുന്ദരിക്കുട്ടിയുടെ അച്ഛൻ'. ഇതിൽ അച്ഛന്റെ ഏകാലാപത്തിലൂടെ, പ്രായം തികഞ്ഞുവരുന്ന മകളുടെ യൗവന-പ്രേമസാദ്ധ്യതകൾ അനാവരണം ചെയ്യപ്പെടുന്നു. മകൾ പ്രേമിച്ചേക്കുമെന്ന് അച്ഛൻ ചിന്തിക്കുന്നു, കാരണം പ്രേമം നിയന്ത്രിക്കാനാവാത്ത വികാരമാണ്. അച്ഛൻ മകളോടാവശ്യപ്പെടുന്നത് ആ പ്രേമത്തിലും നോക്കിയും കണ്ടും പ്രവർത്തിക്കാൻ പഠിക്കണമെന്നു മാത്രമാണ്.

ഇതുപോലെ 'ടൈപ്പിസ്റ്റ്' എന്ന കവിതയിൽ ഒരേ പെണ്ണിനെ നോട്ടമിടുന്ന ഒരുകൂട്ടം സഹപ്രവർത്തകരുടെ കുശുമ്പിന്റെ സൂചനകളാണ് തമാശരൂപത്തിൽ വിവരിക്കുന്നത്.

ഓഫീസിൽ ഞങ്ങളോരോരുത്തരും
അദമ്യമായി അവളെയാഗ്രഹിക്കുന്നു
നമുക്കിടയിൽ അഭിപ്രായഭേദമില്ല
ഏതെങ്കിലും വിഷയത്തിൽ നാം
വഴക്ക് കൂടുന്നതും കുറവ്
കൊടുക്കൽ-വാങ്ങൽ കാര്യത്തിലാണെങ്കിൽ

ഞങ്ങൾ പരസ്പരം നന്നായി മനസ്സിലാക്കുന്നു
കണ്ടാലാർക്കും തോന്നും
ഞങ്ങൾ അടുത്ത സഹോദരർ
പക്ഷേ ടൈപ്പിസ്റ്റിന്റെ കാര്യത്തിൽമാത്രം
ഞങ്ങൾക്ക് വെവ്വേറെ താല്പര്യങ്ങളാണ്.

അതൃപ്തരായ ഭർത്താക്കന്മാരുടെ അടങ്ങാത്ത മനസ്സ് പ്രകടമാക്കുന്ന കവിതയാണ് 'ഞങ്ങൾ സൗന്ദര്യമില്ലാത്ത ഭാര്യമാരുടെ ഭർത്താക്കന്മാർ'. ഇവരിൽ മാതാപിതാക്കൾ ആലോചിച്ചുറപ്പിക്കുന്ന വിവാഹത്തിന്റെ പരിമിതികളും

അസ്വാതന്ത്ര്യങ്ങളും വിചാരണ ചെയ്യപ്പെടുന്നു. ഭർത്താക്കന്മാർ എന്തുകൊണ്ടാണ് മറ്റ് സ്ത്രീകളെത്തേടിപ്പോകുന്നത് എന്ന ചോദ്യത്തിന് ലളിതമായ ഒരു പുരുഷഉത്തരം തരുന്നു കവിത —

ഞങ്ങൾക്ക് സുന്ദരികളായ ഭാര്യമാരെ കിട്ടാത്തത്
അന്യായമാണ്.
പൈസ നിറയുന്ന ഞങ്ങളുടെ പോക്കറ്റുകളും
ചുറ്റും കറങ്ങുന്ന മോട്ടോർ കാറുകളും
കനം തൂങ്ങുന്ന പാൻസും
തിളങ്ങുന്ന ഷർട്ടും - കോട്ടും
കൂടെ സൗന്ദര്യമില്ലാത്ത ഭാര്യമാരും
അങ്ങനെയാവുമ്പോൾ സുന്ദരികളുടെ പിറകെപ്പോകാതെ
നമ്മളെന്തുചെയ്യും?

കാമുകീകാമുകന്മാരുടെ പ്രണയപാരവശ്യത്തെക്കുറിച്ചും പ്രേമകേളികളെക്കുറിച്ചും 'വിരോധങ്ങൾക്കിടയിലെ പ്രേമം', 'അവൾക്ക് പറയേണ്ടിവന്നാൽ', 'മിണ്ടാട്ടമില്ലായ്മ', 'അവളുടെ വാശി' തുടങ്ങിയ കവിതകൾ വിശദീകരിക്കുന്നു. കാമുകൻ, ഭർത്താവ് തുടങ്ങിയ നിലയിൽ പുരുഷന്റെ അധികാര മേൽക്കോയ്മകളെ ഊട്ടിയുറപ്പിക്കാൻ അവൻ ചെയ്യുന്ന സ്വാർത്ഥമായ കുതന്ത്രവേലകൾ 'പുരുഷനില്ലാതെയും നിനക്ക് ജീവിക്കാനാവും?', 'ഞാനിപ്പോഴും അവളെ പ്രേമിക്കുന്നില്ല', 'എന്റെ അച്ഛനെന്ന് നിങ്ങൾ പറയുന്നയാളെക്കുറിച്ച്' തുടങ്ങിയ കവിതകളിൽ വ്യക്തമാകുന്നു. അസൂയ, കുശുമ്പ്, പിണക്കം, പഴിചാരൽ മുതലായ സ്ത്രീസഹജമെന്നു പറയപ്പെട്ടിരുന്ന വികാരവിചാരങ്ങൾ പുരുഷനിലുമുണ്ടെന്നും ഇതിന്റെ വേഗങ്ങളാൽ അവനും ചലിക്കപ്പെടുന്നുവെന്നും കവിതകളിലൂടെ സഞ്ചരിക്കുമ്പോൾ വായനക്കാരൻ തിരിച്ചറിയുന്നു. ആ അർത്ഥത്തിൽ മനുഷ്യൻ എന്ന രീതിയിൽ, പുരുഷത്വത്തെ അപനിർമ്മിക്കുകയാണ് പവൻ കരൺ. ലോകം പുരുഷനിർമ്മിതമായി മാറിപ്പോയതിന്റെ ചരിത്രപരമായ കാരണങ്ങളിലേക്ക് വിരൽചൂണ്ടുന്ന കർമ്മംകൂടിയാണിത്.

സ്ത്രീതന്നെയാണ് പവൻ കരണിന്റെ കവിതകളുടെ കാതലായ വിഷയം. അമ്മയെക്കുറിച്ചുള്ള കവിത 'പ്രണയിക്കുന്ന അമ്മ'യിൽ, തന്റെ വിധവയായ അമ്മ മിണ്ടാതെ ഒളിഞ്ഞ് പ്രേമിക്കുന്നതു നോക്കി ആശ്വസിക്കുന്ന മകളുടെ കഥനങ്ങളാണ്. മരിച്ചുപോയ തന്റെ അച്ഛനോടവൾ അമ്മയുടെ പ്രേമത്തെ ന്യായീകരിക്കുന്നു —

അച്ഛാ, നിങ്ങൾക്കിപ്പോഴുമറിയില്ല
അമ്മയീവയസ്സിലും എത്ര സുന്ദരിയാണെന്ന്
പ്രേമിക്കുന്ന അമ്മയെക്കാണുമ്പോൾ
ഞാനെന്തിന് ഭ്രാന്തമായി അലയണം.





പ്രേമിക്കുന്ന അവർ ഇപ്പോൾ തീർത്തും
എന്നെപ്പോലെയാണിരിക്കുന്നത്.
കുറുമ്പിയും ചഞ്ചലയും പ്രസന്നയുമായി
ഒരു കളിക്കൂട്ടുകാരിയെപ്പോലെ
ഇപ്പോഴവരെക്കണ്ടാൽ, അവർ
നിങ്ങളുടെ വിധവയാണെന്ന് തോന്നുകയേയില്ല.

'പെണ്ണ്' എന്ന സ്വത്വത്തെ സ്ഥിരമായ രീതിയിൽ പരുവപ്പെടുത്തുന്ന വിവാഹമെന്ന സ്ഥാപനത്തെ ചോദ്യം ചെയ്യുന്ന കവിതയാണ് 'സ്ത്രീ സുബോധിനി'. പെണ്ണ്/ആണ് എന്ന ദ്വന്ദ്വത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ ചിട്ടവട്ടങ്ങളെ കവിത കളിയാക്കുന്നു.

ഞങ്ങളുടെ മകന് ഒരു പെണ്ണുവേണം
അവൾ ലോകത്തിലേറ്റവും നല്ലവളായിരിക്കണം.
പക്ഷേ, അവളറിയരുത് അവളങ്ങനെയാണെന്ന്
നന്നായി സംസാരിക്കാനറിയാമെങ്കിലും
ഊമയെപ്പോലെയിരിക്കണം
'ഇല്ല' എന്ന വാക്ക് അറിയുകയേയില്ല.

ഇങ്ങനെ വ്യംഗ്യരൂപേണ ഇന്നുവരെ, സമൂഹത്തിലംഗീകരിക്കപ്പെട്ട വിവാഹ സംബന്ധിയായ സ്ത്രീവിരുദ്ധനയങ്ങളൊക്കെ കവിതയിൽ ചർച്ചാവിഷയമാകുന്നു.

കുടുംബയാതനകളിലും സാമൂഹികതാഡനങ്ങളിലും തീ തിന്നു ജീവിക്കുന്ന സ്ത്രീകളുടെ എണ്ണത്തെക്കുറിച്ചാണ് 'സംഖ്യ' എന്ന കവിത സംസാരിക്കുന്നത്.

നാലുകോടി അടികൊള്ളുന്ന സ്ത്രീകൾ
അഞ്ചുകോടി കാണാതാവുന്ന സ്ത്രീകൾ
ഒമ്പതുകോടിയായ ഈ സംഖ്യ
കേവലമല്ലല്ലോ

നിങ്ങളിത് മുന്നിൽ വെച്ച് നോക്കുക - എന്നാണ് കവിത പറയുന്നത്. ഇതുപോലെ 'സ്ത്രീ എന്റെ ഉള്ളിൽ' എന്ന കവിത അപരാധബോധത്തിലുതിരുന്ന പുരുഷമനസ്സിനെ പ്രതിനിധാനം ചെയ്യുന്നു —

എന്റെയുള്ളിൽ മുഖംകൂർപ്പിച്ച് മിണ്ടാതെയിരിക്കുന്നു
അവൾ
എല്ലാത്തിനും ഞാനാണുത്തരവാദി എന്നപോലെ
എന്നോടു ചേരാനാഗ്രഹിച്ചിട്ടും അവൾ
ഏതോ ചില കാര്യങ്ങളിൽ

എന്റെ മുഖത്ത് തുപ്പാനായി വെമ്പുന്നു.
ഏതോ അന്യായങ്ങളിൽ
എന്നെ തൂക്കിലേറ്റാൻ ആഗ്രഹിക്കുന്നു.

സ്ത്രീപുരുഷപ്രേമത്തിൽ ശരീരത്തിനും ലൈംഗികതയ്ക്കുമുള്ള സ്ഥാനം പവൻ അടയാളപ്പെടുത്തുന്നു. പ്രേമം അനശ്വരമെങ്കിലും എല്ലാ ബന്ധങ്ങളും പ്രേമത്തിലധിഷ്ഠിതമല്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ലൈംഗികതയും വ്യക്തി വ്യത്യാസമുള്ള കാര്യമാണ്. 'സ്തനം', 'നിങ്ങളാഗ്രഹിക്കുന്നതുപോലെയുള്ളവളല്ല ഞാൻ' മുതലായ കവിതകൾ ലൈംഗികതയും ശരീരവും തമ്മിലുള്ള ബന്ധത്തെ അടിവരയിടുന്നു. ലൈംഗികത പാപമല്ലെന്നും സ്വാതന്ത്ര്യമാണെന്നും കവിക്കഭിപ്രായമുണ്ട്.

എന്തുവിലകൊടുത്തും കാത്തുസൂക്ഷിക്കേണ്ട
യൗവനത്തെ ഞാൻ സമ്പത്തായിക്കാണുന്നില്ല
എങ്ങനെയായാലും അതു സൂക്ഷിക്കേണ്ട
ഭർത്താവിന് മാത്രം കാഴ്ചവെക്കേണ്ട
അതൊരു നിയമമല്ല, അധികാരമാണ് എനിക്ക്.

ഒന്നാമനായിത്തുടരുന്ന പുരുഷൻ മാത്രമല്ല, പ്രേമത്തിൽ സ്ത്രീക്കും സമാനചിന്തകൾ ഉണ്ടാകുമെന്നും, അവിടെ ലിംഗവ്യത്യാസം ഒരു കാരണമല്ലെന്നും കവിതകളിലെ സ്ത്രീ ഏറ്റുപറയുന്നു. 'അവളെ അറിയുക എന്നാൽ സ്വയം അറിയലാണ്' എന്ന ശീർഷകം ഈ വിചാരം ഉറപ്പിച്ചുനിർത്തുന്നതാണ്.

'വകയിലെ സോദരിമാർ' എന്ന ശീർഷകത്തിലെഴുതിയ കവിതയിലും സമാന ലിംഗപദവിയിൽ കഴിയുന്ന പെൺകുട്ടികളുടെ സ്നേഹം വ്യക്തമാക്കാനുള്ള ശ്രമമുണ്ട്. സമൂഹത്തിന്റെ ഉദാസീനതയാണ് അവരെ രൂപപ്പെടുത്തിയത് എന്നാണ് കവിതയുടെ അഭിപ്രായം.

ശരിക്കും ഇല്ലായ്മകളാണവരെ ഇങ്ങനെ
സോദരിമാരാക്കിയത്
നിരാശതകളാണവരെ പരസ്പരം വിശ്വസ്തരാക്കിയത്.
മറ്റേയാൾക്കുവേണ്ടി മതിലുപോലെ
നിൽക്കാൻ പ്രാപ്തരാക്കിയത്
അവരെ നക്കിയെടുക്കാൻ തുനിഞ്ഞ
നാവുകളാണവരെ ഇങ്ങനെയാക്കിയത്.

ഇങ്ങനെ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങൾ പുനർവായിക്കാനും അവയിലെ കെട്ടുപാടുകൾ പൊളിച്ചുനിരത്താനുമുള്ള ഉത്ക്കണ്ഠ കവിതകളിൽ പ്രബലമായിക്കാണാം. ഇതിന് പ്രചോദനമായി എഴുതിയ വേറിട്ട കവിതകളിലൊന്നാണ് 'പുരുഷൻ'. തന്റെ ഭാര്യയ്ക്ക് ഒരു കുട്ടിയെ കൊടുക്കാൻ കഴിവില്ലാത്ത പുരുഷന്റെ ആത്മഗതമാണീ കവിത. എത്ര പറഞ്ഞിട്ടും ശാസിച്ചിട്ടും ഭാര്യ ഭർത്താവിന്റെ കുട്ടിയെമാത്രം ധ്യാനിച്ചു കഴിയുന്നു. തന്റെ ഗതികേടിൽ ഭർത്താവ് ആഗ്രഹിച്ചുപോകുന്ന ബദൽ, താനില്ലാത്തപ്പോഴോ, താനറിഞ്ഞുകൊണ്ടുതന്നെയോ വേറെയാരെങ്കിലും ഭാര്യയെ പ്രാപിക്കുകയും, ഗർഭം ധരിക്കുകയും കുഞ്ഞുണ്ടാവുകയും ചെയ്യണമെന്നാണ്. അങ്ങിനെ നടന്നുകഴിഞ്ഞാൽ തനിക്ക് ശേഷിയില്ലെന്നു പറഞ്ഞു വന്ന മെഡിക്കൽ റിപ്പോർട്ട് ചുട്ടുചാമ്പലാക്കുമെന്ന് അയാൾ ആശ്വസിക്കുന്നു.

കഥനരീതിയിലുള്ള കവിതകളിൽ ഗദ്യാംശവും നീണ്ടവരികളും വിവരണാത്മകതയും കൂടുതലായി ഉണ്ടെങ്കിലും വിഷയങ്ങളുടെ കാര്യത്തിൽ ഈ കവിതകൾ പുതുസാമൂഹ്യവ്യവസ്ഥയ്ക്കുള്ള പ്രചോദനങ്ങളായി ഭവിക്കുന്നു, പാരമ്പര്യമായ കാഴ്ചവട്ടങ്ങളിൽ പുതുശൈലികൾ ചേർത്തുവയ്ക്കുന്നു. മേൽക്കോയ്മയെ, അതേത് തരത്തിലുള്ളതായാലും ഇളക്കി പ്രതിഷ്ഠിക്കാനും, ജനാധിപത്യപ്രവണതകൾ നിരന്തരം ആരായാനും പ്രേരിപ്പിക്കുന്നു. ജീവിതത്തിന്റെ നിജസ്ഥിതിയിലാണിവയുടെ നോട്ടം എത്തിച്ചേരുന്നത്. ഇത്രയുംകാലം പാർശ്വവർത്തിയായി നിന്ന വിഷയങ്ങൾ കവിതയുടെ രൂപത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ ഒരല്പം അസ്വഭാവികത തോന്നിയാലും അത്ഭുതമില്ലല്ലോ. പുതുകാഴ്ചകൾ സത്യസന്ധമായി പറയാനുള്ള കവിയുടെ ധൈര്യം അനന്യമായി മാറുന്നു. പല കവികളും പ്രധാനമന്ത്രിയെക്കുറിച്ചും രാഷ്ട്രപ്രേമത്തെക്കുറിച്ചും പാടിപ്പുകഴ്ത്തുമ്പോൾ പവന്റെ കവിത 'പ്രധാനമന്ത്രിയുടെ കമാന്റോകൾ' എന്നാണ്. ഓരത്തും പിന്നിലും നിൽക്കുന്നവർ കവിതാവിഷയമാകുന്നത് സാധാരണ മനുഷ്യരെ വീണ്ടുവിചാരത്തിന് തയ്യാറാക്കുന്നു. ഇത് കവിതയുടെ ആക്ടിവിസമായും മാറുന്നുണ്ട്. ഇങ്ങനെയാണ് പരമ്പരാഗത കാവ്യലോകത്തിന്റെ പിടികളിലോ ഹൈപ്പുകളിലോ പെടാതെ ഈ ഡോക്യുമെന്ററി കവിതകൾ മാറിനിന്ന് നമ്മെ അലോസരപ്പെടുത്തുന്നത്. കവിയുടെ ആശങ്കകൾ വായനക്കാരിലേക്ക് പ്രസരിക്കുന്നത് വിഷയങ്ങളുടെ നവീനതകൊണ്ടു കൂടിയാണ് എന്നർത്ഥം. നീണ്ട ശീർഷകങ്ങളിലും വരികളിലും ഉള്ള വിവരണാത്മകശൈലി കാവ്യരൂപമെന്ന നിലയിൽ കവിതകളുടെ സ്വഭാവത്തെ ബാധിക്കുന്നുണ്ട്. എന്നാലിവയുടെ തുറന്നസ്വഭാവം കൊണ്ടുതന്നെ പുറംലോകത്തേക്ക് സഞ്ചരിക്കാനുള്ള കഴിവ് വർദ്ധിക്കുന്നുമുണ്ട്. വാമൊഴി പാരമ്പര്യത്തിലേക്കും അക്കാദമിക-സാംസ്കാരിക സമുച്ചയങ്ങളിലേക്കും ഒരുപോലെ സഞ്ചരിക്കാൻ പ്രാപ്തിയുള്ള കവിതകൾ എന്ന രീതിയിൽ ഇവ കാണിക്കുന്ന ധൈര്യം അനന്യമാണെന്ന് പറയേണ്ടതില്ലല്ലോ. ■



**പെൺവിനിമയങ്ങൾ**
എസ്. ശാരദക്കുട്ടി

ഡി സി ബുക്സ്, കോട്ടയം
പുറം 127, വില 65 രൂപ. 2007.

# പെൺവിനിമയങ്ങൾ

**സ്കറിയാ സക്കറിയ**

ഡോ. എസ്. ശാരദക്കുട്ടി രചിച്ച 14 ലേഖനങ്ങളുടെ സമാഹാരമാണ് പെൺവിനിമയങ്ങൾ. പലതുകൊണ്ടും പ്രയോജനകരവും രസകരവുമായ വായനാവിഭവമാണ് പെൺവിനിമയങ്ങൾ. സ്ത്രീപഠനങ്ങളും സ്ത്രീവാദചിന്തകളും സുലഭമായ ഇക്കാലത്ത് അവയിൽനിന്നു ക്ലേശിച്ച് അകലം പ്രാപിച്ചുകൊണ്ടു ചിന്തിക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിലെ ലേഖനങ്ങളുടെ പൊതുസവിശേഷത. വേറിട്ടു ചിന്തിക്കുക എന്നതു ചെറിയൊരു കാര്യമല്ലല്ലോ. തികച്ചും പ്രതിവാദപരമാണ് ലേഖനങ്ങളിലെ പ്രതിപാദനശൈലി. സ്ത്രീ സാഹിത്യം എന്ന വേർതിരിവുതന്നെ ശാരദക്കുട്ടി ആദരിക്കുന്നില്ല. വിയോജിപ്പുകൾ വെട്ടിത്തുറന്ന് എഴുതുന്നതിൽ നല്ല തന്റേടം കാട്ടുന്നുണ്ട് എഴുത്തുകാരി. കുമാരനാശാൻ, ചങ്ങമ്പുഴ, മാധവക്കുട്ടി, തകഴി, എം.ടി തുടങ്ങിയ പ്രഖ്യാതരായ എഴുത്തുകാരെയും നാരായണഗുരുവിനെ പോലുള്ള നവോത്ഥാനനായകരെയും, അവരുടെ രചനകളും നടപടികളും മുൻനിർത്തി വിചാരണചെയ്യാൻ ഒരുമ്പെടുന്നു എഴുത്തുകാരി. പ്രശസ്തരുടെ ആത്മകഥകൾ ഞാൻ പ്രളയംകൊണ്ട് വായനക്കാരെ വീർപ്പുമുട്ടിക്കയും ആത്മരതികൊണ്ട് ആഭാസകരമായിത്തീരുകയും ചെയ്യുന്നതു എങ്ങനെ എന്ന് ഒന്നിലേറെ ലേഖനങ്ങളിൽ വിവരിക്കുന്നുണ്ട്. വിമർശിക്കപ്പെടുന്നവരിൽ ഐ.എ.എസ്സുകാരുടെ നിരയുണ്ട്, രാഷ്ട്രീയക്കാരുണ്ട്, പ്രശസ്ത സ്ത്രീകളുണ്ട്. സ്ത്രീകളുടെ എഴുത്തിന്റെ ചില വല്ലായ്മകൾ മുതിർന്നവരും ചെറുപ്പക്കാരുമായ എഴുത്തുകാരികളുടെ മാതൃകകൾ ചൂണ്ടിക്കാട്ടി അവതരിപ്പിക്കുന്നു. അതിശ്രദ്ധേയമായ ഒരു ഭാഗം കേൾക്കൂ: ശരീരത്തിന്റെ ആനന്ദകരമായ അവസ്ഥകളെക്കുറിച്ചെഴുതാൻ സ്ത്രീ മടിക്കുന്നു. ആനന്ദാനുഭവങ്ങൾ അവരുടെ ബോധമണ്ഡലത്തിലേക്കു വരുന്നതുമില്ല. അഥവാ വന്നാൽതന്നെ പാപബോധമാണ് അതുയർത്തുന്നത്. അതുകൊണ്ടു തന്നെ പെണ്ണിനു ഭാഷ അവരുടെ വേദനകളും പരിമിതികളും വർണ്ണിക്കാനുള്ളതാണ്. ആരോടും ഒരുളുപ്പും കൂടാതെ സ്വന്തം സങ്കടങ്ങൾ വേഗത്തിൽ പറഞ്ഞ് ഒഴുക്കിക്കളയുന്ന സ്ത്രീകൾ സ്വന്തം സന്തോഷങ്ങളും മാനസികലഹരികളും ഒരു തെറ്റുപോലെ ഒതുക്കിക്കളയുന്നു. ശാരദക്കുട്ടിയുടെ ഈ നിരീക്ഷണം മലയാള വ്യവഹാരങ്ങളെക്കുറിച്ചുള്ള തീക്ഷ്ണ സാംസ്കാരിക വിമർശനമാണ്. വിവരണത്തിന്റെയും വിശദീകരണത്തിന്റെയും വ്യാഖ്യാനത്തിന്റെയും ശക്തിസൗന്ദര്യങ്ങളുണ്ട് ഇത്തരം ഭാഗങ്ങൾക്ക്. ചിന്തയുടെ തിളക്കം മാത്രമല്ല ഈ ലേഖനസമാഹാരത്തിന്റെ പുതുമ. വ്യക്തവും ലളിതവും രസകരവും ജീവിതഗന്ധിയുമായ പ്രതിപാദനശൈലികൊണ്ട് ഇതിലെ രചനകൾ ജനപ്രിയ ഭാഷാവ്യവഹാരങ്ങളോടു തോളുരുമ്മി നിൽക്കുന്നു. പത്രങ്ങളിലെ സ്റ്റോറികൾ, വാദപ്രതിവാദങ്ങൾ, നർമ്മലേഖനങ്ങൾ എന്നിവയോടെല്ലാം ശൈലീപരമായ സാദൃശ്യമുള്ളവയാണ് ശാരദക്കുട്ടിയുടെ ലേഖനങ്ങൾ. ലിറ്ററി ജേർണലിസം എന്നു വിശേഷിപ്പിക്കാവുന്ന ഗണത്തിൽ ഇന്നു മലയാളത്തിലുള്ള മികച്ച മാതൃകകളാണിവ.

ആശാന്റെ കാമുക കഥാപാത്രങ്ങളെല്ലാ വികാരത്തിനു വന്ധ്യത ബാധിച്ചവരാണെന്നു ഒന്നാമത്തെ ലേഖനം സമർത്ഥിക്കുന്നു. ശരീരത്തെ സംയമികൾ എന്തിനു ഭയപ്പെടണം എന്നാണ് ലേഖനത്തിന്റെ ശീർഷകം. മാധവിക്കുട്ടിയുടെ കാലങ്ങൾ എന്ന രണ്ടാമത്തെ ലേഖനത്തിൽ മാധവിക്കുട്ടിയെ മുൻനിറുത്തി മലയാളി സ്വയമൊരു കുറ്റവിചാരണയ്ക്കു തയ്യാറെടുക്കണം എന്നു ലേഖിക അഭിപ്രായപ്പെടുന്നു. ശാരദക്കുട്ടി ഉന്നയിക്കുന്ന രണ്ടു ചോദ്യങ്ങൾ ഇതാണ്: യാഥാർത്ഥ്യത്തിനു നിരക്കാത്ത ഭ്രമാത്മകതയോടെ മാധവിക്കുട്ടിയെ കേരളീയസമൂഹം സമീപിച്ചതെന്തുകൊണ്ടാണ്? ആ സമൂഹത്തിനു മുമ്പിൽ അല്പം വിലകൂടിയ കളിപ്പാട്ടമെന്ന മട്ടിൽ അവർ നിന്നുകൊടുത്തതെന്തുകൊണ്ടാണ്? (പു.22) മലയാളിസമൂഹത്തിനു പ്രിയങ്കരമായ വിവാദത്തിനു പറ്റിയ വിഷയം എന്ന നിലയിൽ മാത്രമാണ് മാധവിക്കുട്ടിയെ മലയാളി സ്വീകരിച്ചതെന്നു ശാരദക്കുട്ടി ആരോപിക്കുന്നു. ലേഖിക എഴുതുന്നു: ഏതു വിഷയത്തെയും അതിന്റെ വിദൂരഫലങ്ങളിലേക്കോ പ്രത്യാഘാതങ്ങളിലേക്കോ നീട്ടിക്കാണാതെ വിവാദങ്ങളുണ്ടാക്കി അതിൽ മുഴുകുകയെന്നതു വർത്തമാനകാലകേരളത്തിന്റെ പൊതുസ്വഭാവമാണ്. ഒന്നു തീരുമ്പോൾ മറ്റൊന്ന് എന്ന മട്ടിൽ വിവാദങ്ങളുടെ അർത്ഥരഹിതമായ ആഘോഷങ്ങളിൽ മുഴുകുന്നതിനാൽ പ്രത്യേകിച്ചൊരു പ്രതികരണശേഷിയുടെയോ പ്രതിരോധശക്തിയുടെയോ ഒന്നും ആവശ്യം ഇവിടെയുണ്ടാകുന്നില്ല. പോയകാലത്തിന്റെ പ്രതാപസ്മരണകളിൽ കെട്ടിയിട്ട് ചിലരെ വാഴ്ത്തി വാഴ്ത്തി വായ വൃത്തികേടാക്കേണ്ടി വരുന്നതും അതുകൊണ്ടാണ്. സാഹിത്യത്തിലും ആൾദൈവങ്ങ

ളുണ്ടായിക്കൂടാ. ഇതാണ് ലേഖികയുടെ കാഴ്ചപ്പാട്. വിവാദങ്ങളുണ്ടാക്കി അവയിൽ അഭിരമിക്കുന്ന മലയാളിയെ ലേഖിക ഇങ്ങനെ ശകാരിക്കുമ്പോൾ ദോഷൈകദൃക്കുകൾക്ക് ഇങ്ങനെ ചോദിക്കാൻ തോന്നിയേക്കും: ഇതേ മലയാളി ദൗർബല്യം തന്നെയല്ലേ ലേഖികയുടെ രചനകൾക്കുവേണ്ടി പല പ്രസിദ്ധീകരണങ്ങളും പ്രയോജനപ്പെടുത്തുന്നത്?

ശാരദക്കുട്ടി ഉന്നയിക്കുന്ന ചോദ്യങ്ങൾ പ്രശസ്തിയുടെയും അംഗീകാരത്തിന്റെയും താരപരിവേഷത്തിൽ തിളങ്ങിനിൽക്കുന്നവരെ അലോസരപ്പെടുത്തുമെങ്കിലും സാധാരണക്കാരായ വായനക്കാരെ വീണ്ടുവിചാരത്തിനു പ്രേരിപ്പിച്ചേക്കാം. അത്രത്തോളം വിമർശനാത്മകചിന്ത നമ്മുടെ സമൂഹത്തിനു വിലപ്പെട്ട ബൗദ്ധികസമ്പത്താണ്. പൊതുവേ വിമർശനബുദ്ധികളായ മലയാളികളുടെ സാമൂഹിക ഇടങ്ങളിൽ വിമർശനം കുറഞ്ഞുവരുന്നു എന്നാണ് എനിക്കു തോന്നുന്നത്. അധികാരസ്ഥരുടെ മുമ്പിൽ — അവർ രാഷ്ട്രീയനേതാക്കളോ സംഘടനാനേതാക്കളോ മാധ്യമഉടമകളോ ആരുമാകാം — സേവ പറഞ്ഞു നിൽക്കാൻ മത്സരിക്കുന്ന മലയാളിയെ എവിടെയും കാണാം. ആരാധ്യൻ എന്ന് ഏത് അധികാരിയെയും വിളിക്കാൻ ഏതു പ്രായത്തിലുള്ള മലയാളിയും തിരക്കിനിൽക്കുകയാണ്. അത്തരം ഒരു സാമൂഹികാവസ്ഥയിൽ പെൺവിനിമയങ്ങളിലെ വിമർശനസ്വരം സാദരം പരിഗണിക്കേണ്ടതാണ്. ഇടതും വലതുമുള്ള രാഷ്ട്രീയപ്രസ്ഥാനങ്ങളെയും മതദൂഷകരായ മതനായകരെയും മതവിരുദ്ധമായ മതചര്യകളെയും നേരിട്ടെതിർക്കുന്ന പെൺസ്വരം കേരളസമൂഹത്തിന്റെ മനക്കരുത്തായി വേണം വിലയിരുത്താൻ. ക്ലാസുമുറിയിലെ സാഹിത്യാധ്യാപിക ജനപ്രിയമതാത്മകതയുടെയും മതതീവ്രവാദത്തിന്റെയും ഇരയാകുന്ന ദുരവസ്ഥ വിവരിക്കുന്ന ഒരു ലേഖനം ഉത്കണ്ഠയുടെ കാലത്തെ ചില അധ്യാപനചിന്തകൾ എന്ന പേരിൽ ഈ സമാഹാരത്തിലുണ്ട്. പ്രണയം, ലൈംഗികത തുടങ്ങിയ കാര്യങ്ങളിൽ മലയാളിക്കുള്ള ഉപരിപ്ലവതയും കാപട്യവും തുറന്നുകാട്ടുന്ന പല സന്ദർഭങ്ങൾ ഈ ലേഖനങ്ങളിൽ കാണാം. ചെമ്മീൻ എന്ന സിനിമയിൽ ഷീല എന്ന നടിയുടെ ശരീരം എങ്ങനെ ആഘോഷിക്കപ്പെട്ടു എന്നു ശാരദക്കുട്ടി വിമർശനബുദ്ധ്യാ പരിശോധിക്കുന്നുണ്ട്. *എന്റെ കഥ*യിലൂടെ മാധവിക്കുട്ടി നടത്തിയ ആൾമാറാട്ടം - ഇതു കഥയോ ജീവിതമോ എന്ന പ്രശ്നലീല വിശദമായി ചർച്ച ചെയ്യപ്പെടുന്നു. പത്മരാജന്റെ കഥകളിലെയും തിരക്കഥകളിലെയും സിനമകളിലെയും സെക്സും പ്രണയവും മറ്റൊരു ചർച്ചാ വിഷയമാണ്. ഇങ്ങനെ മലയാളിയുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിലെ അനേകം ഇരുണ്ടമൂലകളിലേക്കു വെളിച്ചമടിച്ചുകൊണ്ടുള്ള സാഹസികയാത്രയാണ് ശാരദക്കുട്ടിയുടെ *പെൺവിനിമയങ്ങൾ*.

എങ്കിലും കനപ്പെട്ട സാഹിത്യപഠനം എന്നോ സംസ്കാരവിമർശനം എന്നോ ഈ സമാഹാരത്തെ വിശേഷിപ്പിക്കാൻ മനസ്സുവരുന്നില്ല. അതിനു പ്രധാനകാരണം രചനകളിൽ പൊതുവേ കാണുന്ന സൈദ്ധാന്തിക നിഷ്കളങ്കതയാണ്. സിദ്ധാന്തവിരോധിയാണ് ലേഖിക എന്നു തോന്നുന്നു. സ്ത്രീവാദത്തിന്റെയും മറ്റും പിന്നിലുള്ള സിദ്ധാന്തബലം തിരിച്ചറിയാതെ ചില്ലറ താർക്കിക കൗതുകയുക്തികൾകൊണ്ട് സാഹിത്യത്തിനും അറിവിനുമൊന്നും ലിംഗഭേദമില്ല എന്നു വാദിക്കുന്നത് ഇന്നു സാധാരണമാണ്. സിദ്ധാന്തചർച്ച, വിശിഷ്യ സ്ത്രീവാദം ജനപ്രിയമാധ്യമങ്ങളിൽ ഒരു വിനോദപരിപാടിയാണ്. സാഹിത്യം, സിനിമ തുടങ്ങിയ സാംസ്കാരിക ഉല്പന്നങ്ങൾക്കു ചരിത്രവുമായുള്ള ബന്ധം എഴുത്തുകാരി തിരിച്ചറിയുന്നുണ്ട്. അവയുടെ കൊള്ളൽക്കൊടുക്കലുകൾ, പരസ്പരമുള്ള അട്ടിമറിക്കൽ (negotiations and manipulations) എന്നിവ വിശദീകരിക്കാൻ സിദ്ധാന്തപരിചയം കൂടിയേ തീരൂ. സൈദ്ധാന്തികവും അന്തർവൈജ്ഞാനികവുമായ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തിയിരുന്നെങ്കിൽ ചെമ്മീനിനെക്കുറിച്ചുള്ള പഠനം (നോ. പുറം 98-106) ഏറെ കനപ്പെടുമായിരുന്നു. ചെമ്മീനിന്റെ പഠനത്തിൽ മൂന്നു കാലഘട്ടങ്ങൾ പ്രസക്തമാണ്. ചെമ്മീനിലെ ഇതിവൃത്തത്തിന്റെ കാലം/ചെമ്മീനിലെ കഥ നടന്ന കാലം, ചെമ്മീൻ എഴുതിയ അഥവാ സിനിമ നിർമ്മിച്ച കാലം, ഇപ്പോൾ ഭൂതകാലരതിയോടെയും അല്ലാതെയും ചെമ്മീൻ വായിക്കുകയോ കാണുകയോ ചെയ്യുന്നവരുടെ കാലം - ഇവയുടെ ശൃംഖലബന്ധത്തിലാണ് (network) ചെമ്മീനിന്റെ വിനിമയം നടക്കുന്നത്. ഇത്തരത്തിൽ ചെമ്മീൻ വിലയിരുത്താൻ - ചെമ്മീനുണ്ടാക്കുന്ന പ്രതികരണങ്ങൾ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും കേവലം തന്റേടവും സഹൃദയത്വവും മാത്രം പോരാ. ഇവിടെ സിദ്ധാന്തവും അന്തർവൈജ്ഞാനിക സമീപനവും അനുപേക്ഷണീയമായിത്തീരുന്നു. സിദ്ധാന്തികൾക്കും വായനക്കാർക്കും ഇതു സുവർണ്ണാവസരമാണ്. സിദ്ധാന്തവാദികൾക്കു സ്വപക്ഷം സാധാരണക്കാർക്കുകൂടി മനസ്സിലാകുംവിധം വിശദീകരിക്കാൻ ഈ കൃതിയിലെ ഒഴിഞ്ഞ ഇടങ്ങൾ ഉപയോഗിക്കാം. അതാണല്ലോ നല്ല വായനയുടെ സ്വഭാവം. ഒരു കാര്യം ഇവിടെ എടുത്തുപറയേണ്ടതുണ്ട്. സിദ്ധാന്തക്കാരിയല്ലെങ്കിലും ശാരദക്കുട്ടി സാമൂഹികപ്രതിബദ്ധതയുള്ള എഴുത്തുകാരിയാണ്. സാഹിത്യത്തിന്റെയും മറ്റു സാംസ്കാരിക വ്യവഹാരങ്ങളുടെയും സാമൂഹിക സാമ്പത്തിക ബന്ധങ്ങൾ അവർ തിരിച്ചറിയുന്നു. അവരുടെ പ്രതിപാദ്യങ്ങൾ ഉത്തമബോധ്യത്തിൽനിന്നും സാമൂഹികപ്രതിബദ്ധതയിൽനിന്നും ഊർജ്ജം സംഭരിക്കുന്നു. പറയുന്നതു സഫലമാക്കാൻ മൂർച്ചകൂട്ടിപ്പറയുന്നതും സരസമായി അവതരിപ്പിക്കുന്നതും ആഖ്യാനതന്ത്രങ്ങളായി പരിഗണിച്ചാൽ മതി. കേരളത്തിലെ സാംസ്കാരിക വ്യവഹാരങ്ങളിൽ പെണ്മയുടെ അടയാളങ്ങൾ തേടുന്നവർക്കും സഹൃദയരായ സാഹിത്യരസികർക്കും ഇഷ്ടപ്പെടുന്ന ഗ്രന്ഥമായിരിക്കും ശാരദക്കുട്ടിയുടെ പെൺവിനിമയങ്ങൾ.



**നവലിബറലിസത്തെ ഭയക്കുന്നതെന്തിന്**
വി. ശാന്തകുമാർ

ഡി സി ബുക്സ്
(2007) പുറം 99, വില 55 രൂപ.

# ആഗോളീകരണവും കേരളീയജീവിതവും

**സി. ഗണേശ്**

സമകാലികകേരളത്തെ സജീവമായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ഒരു കൂട്ടം കുറിപ്പുകളുടെ സമാഹാരമാണ് വി. ശാന്തകുമാർ എഴുതിയ *നവലിബറലിസത്തെ ഭയക്കുന്നതെന്തിന്* എന്ന പുസ്തകം. ആഗോളീകരണത്തിന്റെ പ്രത്യയശാസ്ത്രമെന്നു വിളിക്കപ്പെടുന്ന നിയോലിബറൽ കാഴ്ചപ്പാടിന്റെ അന്വേഷണപഥത്തിലൂടെ കേരളത്തിന്റെ വികസനം ഏതു രീതിയിൽ മുന്നോട്ടുകൊണ്ടുപോകാമെന്നാണ് ശാന്തകുമാറിന്റെ ചർച്ചയുടെ കേന്ദ്രം. ആഗോളവത്കരണത്തെ അന്ധമായി എതിർക്കുന്ന കേരളീയ പരിസരം പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതുണ്ട് എന്നദ്ദേഹം അടിവരയിടുന്നു. ഒപ്പം മലയാളിയുടെ ജീവിതം മെച്ചപ്പെടുത്താൻ ആഗോളവത്കരണത്തിന്റെ സാദ്ധ്യതകൾ ഉപയോഗിക്കാമെന്നും എന്നാൽ മലയാളി അത് കാണാതെപോവുകയാണെന്നും അദ്ദേഹം വിമർശിക്കുന്നു. ആഗോളവത്കരണത്തിന്റെ സാദ്ധ്യതകൾ മലയാളിക്കു മുന്നിൽ അന്വേഷണവിധേയമാക്കുന്ന പുസ്തകം എന്ന നിലയിൽ ഈ ഗ്രന്ഥത്തിന് പ്രസക്തിയുണ്ട്.

കമ്പോളത്തിന് പ്രാമുഖ്യം നല്കിയും സ്വകാര്യമൂലധനം കൂടുതൽ ഉപയോഗപ്പെടുത്തിയും സാമ്പത്തികവ്യവസ്ഥ ഉദാരമാക്കണമെന്ന് വാദിക്കുന്നവരെ ആക്ഷേപിക്കാനായുള്ള പദമായാണ് 'നിയോലിബറലുകൾ' എന്ന് ഉപയോഗിച്ചുവരുന്നതെന്നും എന്നാൽ നവലിബറലിസത്തിന്റെ ഗുണവശങ്ങളെക്കുറിച്ച് കുറിപ്പോ ലേഖനങ്ങളോ വേണ്ടത്ര ഉണ്ടായിട്ടില്ലെന്നും ഈ കുറവ് പരിമിതമായെങ്കിലും പരിഹരിക്കുകയാണ് പുസ്തകത്തിന്റെ ലക്ഷ്യമെന്നും ആമുഖത്തിൽ





രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ കേരളസമൂഹത്തിന് ഉണ്ടാവേണ്ട വ്യത്യസ്തമായ കാഴ്ചപ്പാടിന് ശാസ്ത്രീയമായ ആമുഖമെഴുതാനാണ് ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാവുന്നു. “സമ്പദ്‌വ്യവസ്ഥയെക്കുറിച്ച് നമ്മുടെ നാട്ടിൽ നടക്കുന്ന ചർച്ചകളിൽ ഒരു മറുവശം കാണിച്ചുതരാനാണ് ശ്രമിക്കുന്നത്. ഈ മറുവശം പൂർണ്ണമായും ശരിയാണ് എന്നോ അല്ലെങ്കിൽ ഈ മറുവശം മാത്രമാണ് ശരിയെന്നോ ലേഖകൻ കരുതുന്നില്ല. മറിച്ച്, കുറേക്കൂടി സാർത്ഥകവും ആഴത്തിലുള്ളതുമായ സാമൂഹികചർച്ചകൾക്ക് മറുവശവുംകൂടി കണക്കിലെടുക്കണമെന്ന ഉദ്ദേശ്യമാണ് ഈ കുറിപ്പുകളെഴുതാൻ പ്രേരിപ്പിച്ചത്. വ്യക്തികളും സമൂഹവും സമൂഹത്തിൽ പ്രചരിക്കപ്പെടുന്ന ആശയങ്ങളിൽനിന്നും തങ്ങൾക്കനുകൂലമായവ സ്വാംശീകരിച്ച് തങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതം കെട്ടിപ്പടുക്കുമെന്ന് കരുതുന്നതിനാൽ ചില ആശയങ്ങൾ പൊതുവായനക്കായി നൽകിയിട്ട് മാറിനിൽക്കാനാണ് എന്റെ ശ്രമം.” ലേഖകൻ ജോലിചെയ്യുന്ന സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിലെ സഹപ്രവർത്തകരുമായുള്ള സംവാദങ്ങൾ പുസ്തകത്തിലെ ആശയചർച്ചകളെ ബലപ്പെടുത്തിയതായി അദ്ദേഹം രേഖപ്പെടുത്തുന്നുമുണ്ട്.

മാറിക്കൊണ്ടിരിക്കുന്ന മലയാളിയുടെ സാമൂഹ്യജീവിതത്തിൽ കമ്പോളവ്യവസ്ഥിതി ചെലുത്തുന്ന നിർണായകസ്വാധീനം തിരിച്ചറിഞ്ഞ് പൊതുവെ ദോഷാരോപണങ്ങളാൽ കുറ്റവാളിയെപ്പോലെ പ്രതിസ്ഥാനത്ത് നിർത്തപ്പെടുന്ന കമ്പോളവ്യവസ്ഥയെ കാലഘട്ടത്തിന് അനുയോജ്യമാംവിധം മാറ്റിപ്പണിയുകയും ഉപയോഗിക്കുകയും ചെയ്യാമെന്ന പുതുക്കാഴ്ചയാണ് *നവലിബറലിസത്തെ ഭയക്കുന്നതെന്തിന്* എന്ന പുസ്തകം അവതരിപ്പിക്കുന്നത്. ഇത് മലയാളത്തിലെ ഒറ്റപ്പെട്ട കൃതിയാവുന്നതും ചിന്താപരമായ ഈ പുതുമയിലാണ്.

ശാസ്ത്രസാഹിത്യപരിഷത്തുപോലുള്ള പ്രവർത്തനങ്ങളുടെ അനുഭവവും അനേകം ഗവേഷണപദ്ധതികളുടെ ഭാഗമാവാൻ കഴിഞ്ഞതുമാണ് നവലിബറൽ എന്നു വിളിക്കാവുന്ന പ്രായോഗികവിചാരം തന്നിൽ വേരിടാൻ കാരണമെന്ന് ശാന്തകുമാർ ഒന്നാമത്തെ ലേഖനത്തിൽ പറയുന്നു. കമ്പോളവ്യവസ്ഥ എന്നത് ഒരുപാട് പഴികൾ കേൾക്കുന്ന ഒന്നാണെങ്കിലും കമ്പോളം ഒട്ടും ആവശ്യമില്ല എന്ന നിലപാട് ഇന്നാർക്കും എടുക്കാൻ സാദ്ധ്യമല്ല. കമ്പോളവ്യവസ്ഥയിൽ എന്ത് എങ്ങനെ ഉൽപാദിപ്പിക്കണമെന്നും ആർക്ക് എന്ത് വിതരണം ചെയ്യണമെന്നും തീരുമാനിക്കപ്പെടുന്നത് തീർത്തും വികേന്ദ്രീകരിക്കപ്പെട്ട നിലയിലാണ് എന്നതാണ് ലേഖകൻ കാണുന്ന അടിസ്ഥാനഗുണം എന്നു മാത്രമല്ല, കമ്പോളവ്യവസ്ഥിതി വ്യക്തിയുടെ സ്വാതന്ത്ര്യത്തേയും ഇഷ്ടാനിഷ്ടങ്ങളേയും പ്രത്യയശാസ്ത്രത്തേയും സർവാത്മനാ അംഗീകരിക്കുകയാണു ചെയ്യുന്നത്. ഏറ്റവും നൂതനമായ സാങ്കേതികവിദ്യ ഉപയോഗിക്കുക, ജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ഉൽപ്പന്നം എത്തിക്കുക എന്നതാണ് കമ്പോളം ചെയ്യുന്നത്.

വിവിധ കമ്പനികളുടെ/ സ്ഥാപനങ്ങളുടെ മത്സരത്തിൽനിന്നാണ് ഉല്പന്നം സമൂഹത്തിലേക്ക് എത്തുന്നത്. പ്രസ്തുത കമ്പനികൾ സമൂഹത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും നടത്തുന്ന പഠനമാണ് അവരുടെ ഉല്പന്നം എന്നും പറയാം. അതിനായി അവർ പുരാതനകാലം മുതൽ ഇന്നു വരെയുള്ള സമൂഹങ്ങളിൽ നിലിവിലിരുന്ന പരസ്യം എന്ന മാർഗം സ്വീകരിക്കുന്നു. ആശയങ്ങളും ഉല്പന്നങ്ങളും പ്രചരിപ്പിക്കാൻ പ്രചാരണം തന്നെയാണ് പറ്റിയ മാർഗം. എന്നാൽ തങ്ങൾക്ക് വേണമെന്നു തോന്നുന്നതുമാത്രം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം നല്കിക്കൊണ്ട് യഥാർത്ഥത്തിൽ കമ്പോളസമ്പദ്‌വ്യവസ്ഥ കൂട്ടായ്മയുടെ പൊതുബോധത്തെ അംഗീകരിക്കുകയാണു ചെയ്യുന്നത്.

മൂന്നാമത്തെ ലേഖനത്തിൽ കമ്പോളംവഴി കേരളത്തിനു കൈവന്നിട്ടുള്ള നേട്ടങ്ങളാണ് ചർച്ച ചെയ്യുന്നത്. അറബിരാജ്യങ്ങൾവഴിയുള്ള കച്ചവടത്തിന്റെ ചരിത്രമാണ് കേരളത്തിന്റെ ആദ്യകാലചരിത്രം. കേരളത്തിനു പുറത്ത് ഇന്ത്യയിലെ പല ദേശങ്ങളുമായും വാണിജ്യബന്ധം നിലനിന്നിരിക്കാം. തുണി, ഉപ്പ് തുടങ്ങിയ നിത്യോപയോഗ വസ്തുക്കൾ ഉല്പാദിപ്പിച്ചിരുന്നത് നമ്മുടെ നാട്ടിലല്ല, കൊളോണിയൽ ഭരണകാലത്ത് നാണ്യവിളകളും കയർ കശുവണ്ടി വ്യവസായങ്ങളും കേരളത്തിൽ പച്ചപിടിച്ചത് ആഗോളവിപണിയുടെ ഫലമായിട്ടാണ്. ഇന്ന് കേരളത്തിലെ വ്യവസായമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ നല്കുന്നത് കയറും കശുവണ്ടിയുമാണ്.

കേരളത്തിൽ ഇന്നലെകളും വിപണിയും തമ്മിൽ ഗാഢമായ ബന്ധത്തിലായിരുന്നുവെന്ന് ഗ്രന്ഥകർത്താവ് കണ്ടെത്തുന്നു. "ഇന്ത്യയിൽ ഏറ്റവും വലിയ മത്സ്യകയറ്റുമതി നടത്തുന്ന സംസ്ഥാനമായ കേരളത്തിലെ മീൻപിടിത്തസമൂഹത്തിന്റെ അടിസ്ഥാനശില വിപണിയാണെന്നതാണ് അതിലൊന്ന്. ചന്ത എന്ന വാക്ക് ഓർക്കുമ്പോൾതന്നെ മീഞ്ചന്തയാണ് ഓർമ വരിക. തേങ്ങ എല്ലാ മലയാളികളുടെയും കറികളിലെ നിത്യസാന്നിദ്ധ്യം മാത്രമല്ല വിൽക്കാനുള്ള ഒന്നാന്തരം ഉല്പന്നം കൂടിയാണ്. ചായ, കാപ്പി, കുരുമുളക് തുടങ്ങി തോട്ടവിളകൾ ചരിത്രകാലത്തിനു പുറമെ അടുത്തകാലത്തും കേരളത്തിലെ ലക്ഷക്കണക്കിനു കുടുംബങ്ങളുടെ മുഖ്യവരുമാനമാർഗമാണ്. ചുരുക്കത്തിൽ നാടനും വൈദേശികവുമായ കമ്പോളത്തിലൂടെയാണ് കേരളത്തിന്റെ വരുമാനത്തിൽ ഭൂരിഭാഗവും ഉണ്ടാവുന്നതെന്ന് അദ്ദേഹം പറഞ്ഞുവെക്കുന്നു.

വിപണിയിൽ വിൽക്കുക മാത്രമല്ല വാങ്ങുകയും ചെയ്യുന്നവരാണ് കേരളീയർ. 1870 മുതൽ കേരളീയർ അവരുടെ മുഖ്യആഹാരമായ അരി പുറത്തുനിന്നും വാങ്ങിത്തുടങ്ങി. പൊതുവിതരണസമ്പ്രദായം ശക്തമാണെങ്കിലും ഇന്നും മലയാളികളിൽ ഏറിയ പങ്കും അരിക്കായി കമ്പോളത്തെ ആശ്രയിക്കുന്നു. ഏതാണ്ടെല്ലാ വിദേശരാജ്യങ്ങളിലും തൊഴിൽ തേടിപ്പോയ മലയാളി സേവനശക്തി കൂടിയാണ് ആഗോളവിപണിയിൽ വിൽക്കുന്നത്. ശ്രീലങ്ക, മലേഷ്യ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെ മലയാളികളുടെ അദ്ധ്വാനശക്തി നാം ആഗോളവിപണിയിൽ ഫലപ്രദമായി വിറ്റുകൊണ്ടിരിക്കുകയാണ്.






1957-ൽ കേരളസർക്കാർ എയ്ഡഡ് വിദ്യാലയങ്ങൾ കൊണ്ടുവരികയും അവിടത്തെ അധ്യാപകർക്ക് സർക്കാർ ശമ്പളം നൽകാൻ തീരുമാനിക്കുകയും ചെയ്തത് വിദ്യാഭ്യാസമേഖലയിൽ കമ്പോളവ്യവസ്ഥയ്ക്ക് തുടക്കം കുറിച്ചു. ധാരാളം വിദ്യാലയങ്ങൾ സ്ഥാപിക്കാനിതു കാരണമായി. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിൽ എയ്ഡഡ് മേഖലയ്ക്കും സുപ്രധാനമായ പങ്ക് അവകാശപ്പെടാം.

ഇങ്ങനെ നോക്കുമ്പോൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ കമ്പോളത്തോടുള്ള ബന്ധം കേരളത്തിന് കൂടുതലാണെന്നു മനസ്സിലാക്കാം.

നാലാമത്തെ ലേഖനത്തിൽ കേരളത്തിലെ സവിശേഷമായ പരിസരത്തിൽ കമ്പോളത്തെ ശക്തിപ്പെടുത്തിയ സർക്കാർ നടപടികൾ, കമ്പോളത്തിന് ഉപയോഗപ്രദമാകാത്ത സർക്കാർ നടപടികൾ, കമ്പോളത്തെ ദുർബലപ്പെടുത്തിയ സർക്കാർ നടപടികൾ തുടങ്ങിയവ ചർച്ചചെയ്യുന്നു. കേരളചരിത്രത്തിൽ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവ സാർവ്വത്രികമാക്കിയ നടപടിയാണ് കമ്പോളവ്യവസ്ഥ സൃഷ്ടിച്ചതെന്ന് അദ്ദേഹം വാദിക്കുന്നു. എന്നാൽ നെല്ലുൽപാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത നേടണമെന്ന ഉദ്ദേശത്തോടെ 1957 മുതൽ സർക്കാർ നടത്തിയ മുതൽമുടക്കുകളും പ്രവർത്തനങ്ങളും പാഴ്‌വേലയായിരുന്നു. അതുപോലെ ഉന്നതവിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നമ്മുടെ സമ്പദ്‌വ്യവസ്ഥക്ക് അനുകൂലമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടോ എന്ന് സംശയമാണെന്ന് ലേഖകൻ കരുതുന്നു. നിയമപ്രകാരം നികുതി പിരിക്കുന്നതിൽ സർക്കാരിനു സംഭവിക്കുന്ന വീഴ്ചകൾ കമ്പോളത്തെ പരോക്ഷമായി സഹായിക്കുന്നു.

കേരളം അനുഭവിക്കുന്ന പ്രധാന സാമൂഹികപ്രശ്നമായ തൊഴിലില്ലായ്മ പരിഹരിക്കാൻ കമ്പോളത്തിനു വലിയ തോതിൽ ഇടപെടാൻ കഴിയും. തൊഴിലുള്ള ആളുകൾ കൂടുതൽ കൂലിക്കുവേണ്ടി നടത്തിയിട്ടുള്ള സമരങ്ങളും അനുബന്ധപ്രശ്നങ്ങളുമാണ് കേരളത്തിനകത്ത് വ്യവസായ മുതൽമുടക്ക് കുറച്ചതും തൊഴിലില്ലായ്മ രൂക്ഷമാക്കിയതും. കേരളത്തിനകത്ത് മുതൽമുടക്കുണ്ടാക്കിയാലേ ഈ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളൂ. ആരായാലും മുതൽമുടക്കുന്നത് ലാഭം പ്രതീക്ഷിച്ചായിരിക്കും, അല്ലാതെ സമൂഹനന്മ മാത്രമാവില്ല ലക്ഷ്യം. ഇവിടെ നമ്മൾ മുതൽമുടക്കാനവസരം നല്കിയില്ലെങ്കിൽ മുതലുള്ളവർക്ക് ഒരു നഷ്ടവും സംഭവിക്കില്ലെന്നും അവർ കേരളത്തിനു പുറത്ത് മറ്റെവിടെയെങ്കിലും മുതൽ മുടക്കിയോ ഓഹരിവിപണിയിൽ പണമിറക്കിയോ ലാഭമുണ്ടാക്കുമെന്നും നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുമായിരുന്ന തൊഴിലവസരങ്ങൾ ഇല്ലാതായി എന്ന നേട്ടം മാത്രമേ ഉണ്ടാകൂ എന്നും മനസ്സിലാക്കേണ്ടതുണ്ട്.

മലയാളിയുടെ ആശയലോകത്ത് കമ്പോളത്തോടും പണമുണ്ടാക്കുന്ന പ്രവർത്തനങ്ങളോടും പുച്ഛമോ പൊരുത്തമില്ലായ്മയോ അടങ്ങിയിട്ടുണ്ടെന്നും അവർ പരസ്യമായി കമ്പോളവിരോധികളും രഹസ്യമായി കമ്പോളത്തെ പുണരുന്നവരുമാകുന്നത് എപ്രകാരമാണെന്നുമാണ് കമ്പോളത്തോടുള്ള സമീപനം; മലയാളിയുടെ ഇരട്ടത്താപ്പ് എന്ന ലേഖനത്തിന്റെ ഉള്ളടക്കം.

കേരളീയജനതയിൽ വളരെ മുമ്പുമുതൽക്കുതന്നെ വിപണിവിരുദ്ധത ഉണ്ടായിരുന്നെന്നും ബ്രാഹ്മണർ തുടങ്ങിയ സവർണസമൂഹമായിരുന്നു ഇക്കാര്യത്തിൽ മുന്നിൽനിന്നതെന്നും ചൂണ്ടിക്കാണിക്കുന്നു. പരമ്പരാഗതമായിത്തന്നെ ക്രിസ്ത്യാനികൾ ലോകവിപണിയുടെ സാദ്ധ്യത കണ്ടറിഞ്ഞ് ഉപയോഗപ്പെടുത്തിയവരായിരുന്നുവെങ്കിൽ മുസ്ലീങ്ങൾക്ക് കച്ചവടംതന്നെയായിരുന്നു മുഖ്യവരുമാനമാർഗം. സംസ്കൃതവൽക്കരണത്തിന്റെ ഭാഗമായി പിന്നോക്കജാതികൾ മുന്നോക്കക്കാരെ അനുകരിക്കാൻ തുടങ്ങിയത് കമ്പോളവിരോധത്തിന്റെ വ്യാപനത്തിന് സഹായിച്ചിരിക്കാൻ ഇടയുള്ളതായി പറയുന്നുണ്ട്. സ്വാതന്ത്ര്യാനന്തര കാലത്തോടെ മിക്കവാറും എല്ലാ ജാതിക്കാർക്കും കിട്ടിയ സർക്കാർ ഉദ്യാഗങ്ങളും താരതമ്യേന ഉയർന്ന വേതനവും കമ്പോളവിരുദ്ധതയാണ് ജനങ്ങളിൽ പടർത്തിയത്. എന്നാൽ വ്യക്തിജീവിതത്തിൽ ഉപഭോഗത്തിനും വരുമാനമുണ്ടാക്കുന്നതിനും നാടൻ, ദേശീയ ആഗോളകമ്പോളങ്ങളെ ആശ്രയിക്കാൻ മടിയില്ലാത്ത വിഭാഗമാണ് കേരളീയർ. ഇത്തരത്തിൽ തനിക്ക് വ്യക്തിപരമായി കടുത്ത നഷ്ടമുണ്ടാകാനിടയില്ലാത്ത പൊതു ജീവിതത്തിൽ കമ്പോളവിരോധം പ്രസംഗിക്കുമ്പോഴും സ്വകാര്യജീവിതത്തിൽ കമ്പോളത്തെയും സാമ്പത്തിക വളർച്ചയേയും കൊളോണിയൽ രാഷ്ട്രങ്ങളിലെ ജീവിതസാഹചര്യങ്ങളെയും പുണരാനുള്ള കാരണവും മലയാളിയുടെ ഇരട്ടത്താപ്പാണെന്നും എന്നാൽ ഈ മനോഭാവം വിശകലനാതീതമല്ലെന്നും ശാന്തകുമാർ എഴുതുന്നു.

'വ്യവസായങ്ങൾ വളർന്നില്ലെങ്കിൽ ആർക്കാണ് നഷ്ടം' എന്ന ലേഖനം കേരളത്തിലെ വ്യവസായത്തിന്റെ ആവശ്യകത മാത്രമല്ല ജനമനസ്സുകളിൽ വ്യവസായത്തോടുള്ള സമീപനത്തെയും ചർച്ച ചെയ്യുന്നു. ഭൂരിഭാഗം ആളുകളും ഇടനിലക്കാരും ഉല്പാദകരും തൊഴിലാളികളുമാണ് എന്നതാണ് കേരളത്തിലെ വ്യവസായാനുകൂലാവസ്ഥയെ മറ്റ് സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്നത് എന്നദ്ദേഹം പറയുന്നു. അധികാരവികേന്ദ്രീകരണം എന്ന നയം ആഗോളവത്കരണത്തിനെതിരെയുള്ള ബദൽ അല്ലെന്നും നമ്മുടെ ഗ്രാമങ്ങളിലെ ജീവിതനിലവാരവും സമ്പദ്‌വ്യവസ്ഥയും നിലനിർത്താനും മെച്ചപ്പെടുത്താനും ആഗോളസമ്പദ്‌വ്യവസ്ഥയിൽ കാര്യക്ഷമതയോടെ പങ്കെടുക്കേണ്ടതുണ്ടെന്നും അക്കമിട്ടു നിരത്തി വാദിക്കുന്നു. നിയോലിബറൽ കാഴ്ചപ്പാടുകാർ നാടിന് വിദേശസഹായം അത്യാവശ്യമാണ് എന്നു കരുതുന്നവരാണ് എന്നൊരു ധാരണയുണ്ടെന്നും ഇത് തെറ്റാണെന്നും പറഞ്ഞുകൊണ്ട് ഒരു സമൂഹം വിദേശസഹായം





സ്വീകരിക്കുന്നതിന്റെ കാര്യകാരണങ്ങൾ വിശകലനം ചെയ്യുന്നു. എന്നാൽ ഒടുവിൽ ഗ്രന്ഥകർത്താവ് എത്തിച്ചേരുന്ന നിഗമനം കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് വിദേശസഹായം ആവശ്യമാണ് എന്നുതന്നെയാണ്.

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരളം വച്ചു പുലർത്തുന്ന പരിസ്ഥിതിബോധം പ്രശംസാർഹമാണ്. എന്നാൽ ഇവിടത്തെ പരിസ്ഥിതിസമരങ്ങളെല്ലാം കറതീർന്ന സമരങ്ങളാണെന്നോ ആയിരുന്നെന്നോ ഗ്രന്ഥകർത്താവ് കരുതുന്നില്ല. പരിസ്ഥിതിവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിന്റെ കാര്യത്തിൽ നാം പിന്നിലാണെന്നുതന്നെയാണ് അദ്ദേഹം പറഞ്ഞുവെക്കുന്നത്.

കമ്പോളവ്യവസ്ഥയെന്നാൽ വിഭവങ്ങൾ പൂർണമായി ഉപയോഗിച്ചു തീർക്കുകയും ഒരു പ്രതിസന്ധിയിൽ മനുഷ്യസമൂഹത്തെ ചാടിക്കുകയും ചെയ്യുന്ന ഒന്നാണെന്ന പൊതുജനധാരണ പുനഃപരിശോധിക്കേണ്ടതുണ്ടെന്നു സൂചിപ്പിച്ചുകൊണ്ട് വിഭവവും സാമ്പത്തികവളർച്ചയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അമേരിക്കയിൽ സാമ്പത്തികവളർച്ചയുണ്ടാക്കിയ പ്രധാനഘടകങ്ങളെപ്പറ്റി നടന്നിട്ടുള്ള പഠനങ്ങളെ മുൻനിർത്തി ഗ്രന്ഥകർത്താവ് പറയുന്ന കാര്യങ്ങൾ ശ്രദ്ധേയമാണ്. ഒരു സമൂഹത്തിൽ സാമ്പത്തികവളർച്ചയുണ്ടാകുന്നതിന് കൂടുതൽ തൊഴിലാളികളെയോ കൂടുതൽ മുതലോ കൂടുതൽ പ്രകൃതിവിഭവങ്ങളോ ഉപയോഗിക്കാം. എന്നാൽ അമേരിക്കയിൽ കഴിഞ്ഞ ശതകത്തിലുണ്ടായ സാമ്പത്തികവളർച്ചയുടെ പകുതിയിൽ കൂടുതലും സംഭാവന ചെയ്തത് ഇവയൊന്നുമല്ലെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഉള്ള വിഭവങ്ങളുപയോഗിച്ച് കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുന്ന സാങ്കേതികവിദ്യകളാണ് ആ രാജ്യത്തിന്റെ കഴിഞ്ഞ നൂറ്റാണ്ടിലെ സാമ്പത്തികവളർച്ചയ്ക്ക് ഏറ്റവും കൂടുതൽ സംഭവാന ചെയ്തിട്ടുള്ളത്.

കൂടുതൽ പണമുണ്ടാവുമ്പോൾ ചില വിഭവങ്ങൾ സംരക്ഷിക്കപ്പെടുമെന്നതിന് ശാന്തകുമാർ നല്കുന്ന ഉദാഹരണം ലോകത്തൊട്ടാകെയുള്ള വന്യജീവിസങ്കേതങ്ങളും കാടുകളും സംരക്ഷിച്ചുനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് വികസിതരാജ്യങ്ങളിലെ പൗരന്മാരുടെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനുള്ള താല്പര്യമാണെന്നാണ്. പ്രകൃതിയും വിപണിയും വിരുദ്ധാത്മകമാണ് എന്ന വാദത്തെ സൈദ്ധാന്തികമായി എതിർത്തുകൊണ്ട് അദ്ദേഹം ഈ ഭാഗം ഇങ്ങനെ ഉപസംഹരിക്കുന്നു: "ഒരാൾ തീരെ ദരിദ്രനായിരിക്കുമ്പോൾ കാട് നശിപ്പിക്കാതെ അതിനകത്തുനിന്നു കിട്ടുന്ന ഭക്ഷണമെടുത്ത് കഴിഞ്ഞേക്കാം. അയാൾ കുറേക്കൂടി സമ്പന്നനാകുമ്പോൾ കാടുവെട്ടി തടിയും മറ്റും ഉപയോഗപ്പെടുത്തിയേക്കാം. അയാൾ കൂടുതൽ സമ്പന്നനാകുമ്പോൾ കാട് നിലനിൽക്കുമ്പോഴുള്ള ഭംഗി ആസ്വദിക്കാൻവേണ്ടി അത് നിലനിർത്താനായി പണം നല്കിയേക്കാം. ചുരുക്കത്തിൽ സമ്പദ്‌വ്യവസ്ഥയും പ്രകൃതിവിഭവങ്ങളും തമ്മിലുള്ള ബന്ധം കുടുതൽ വളർച്ച കുടുതൽ നാശംവരുത്തുന്ന ഉപഭോഗം എന്ന തര

ത്തിലുള്ള നേർരേഖാബന്ധമായിരിക്കണമെന്നില്ല എന്നാണ് കഴിഞ്ഞകാലാനുഭവം ചൂണ്ടിക്കാണിക്കുന്നത്."

സംസ്കാരത്തേയും കമ്പോളത്തേയും വിശകലനം ചെയ്യുന്ന ലേഖനത്തിൽ (സംസ്കാരസംരക്ഷണവും കമ്പോളവും) സാമ്പത്തികവളർച്ച നേടുന്നതോടെ ഏതൊരു സമൂഹവും പരമ്പരാഗതസംസ്കാരവും ജീവിതശൈലിയും മറക്കുമെന്ന സങ്കല്പം തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുന്നു. ഇതിനായി അദ്ദേഹം 'തനതുസംസ്കാരം' എന്ന സങ്കല്പത്തെ വിചാരണ ചെയ്യുന്നു. തനതുസംസ്കാരമെന്നു കരുതുന്ന പലതും നൂറ്റാണ്ടുകളോളം വലിയ മാറ്റമൊന്നും കൂടാതെ നിലനിന്നിട്ടുള്ളവയൊന്നുമല്ല. കേരളത്തിന്റെ കാര്യത്തിൽ നമ്മുടെ ഭാഷയും കഥകളി, കൂടിയാട്ടം തുടങ്ങിയ പ്രാചീനകലാരൂപങ്ങളും ഭക്ഷണവും ദൈവാരാധനാരീതിയും വളരെ പഴക്കമുള്ളവയാണെന്നോ കേരളത്തിനു പുറത്തുള്ള സംസ്കാരരീതികളാൽ സ്വാധീനിക്കപ്പെടാതെ അവയുടെ സ്വത്വം സംരക്ഷിക്കപ്പെട്ടിരുന്നുവെന്നോ ഇക്കാര്യത്തെ ഗൗരവത്തോടെ കാണുന്ന ആരും കരുതുകയില്ല എന്നദ്ദേഹം പറയുന്നു. അതതുകാലത്തെ വിഭവങ്ങൾക്കുള്ളിൽനിന്ന് രൂപപ്പെട്ട ജീവിതമാർഗ്ഗങ്ങളോ സാഹചര്യങ്ങളോ ആയിരുന്നു സംസ്കാരത്തെ നിർണയിച്ചതെന്നു മനസ്സിലാക്കാം. കമ്പോളവളർച്ചയ്ക്ക് ഏതുദേശത്തിന്റേയും സാംസ്കാരികസവിശേഷതകളെ നിലനിർത്താനും പരിപോഷിപ്പിക്കാനും കഴിയുമെന്ന് ലേഖകൻ എഴുതുന്നു. "ലോകമൊട്ടാകെതന്നെ സാംസ്കാരികനിർമിതികളുടെ സംരക്ഷണത്തിനുള്ള ഒരു പ്രധാനവരുമാനമാർഗ്ഗം അവ കാണാൻ ആഗ്രഹിക്കുന്ന ആഗോളയാത്രികർ നല്കുന്ന ഫീസാണ്. ഹൈന്ദവഗുരുക്കന്മാർക്കും ദലൈലാമയെപ്പോലുള്ളവർക്കും നമ്മുടെ അമൃതാനന്ദമയീദേവിക്കുമൊക്കെ അവരുടെ സാംസ്കാരിക പ്രവർത്തനത്തിന് സഹായകമായ ഒരു ആഗോളകമ്പോളം ഉണ്ടെന്നുള്ളത് ഒരു അതിശയോക്തിയല്ല." ആഗോളകമ്പോളത്തിലൂടെ സാംസ്കാരികനിർമിതികൾ പ്രവർത്തനക്ഷമമാകുന്നതിനെക്കുറിച്ചുള്ള ചർച്ചയിൽ ലേഖകൻ എടുത്തു പറയുന്നു.

ഓണം, ഹോളി തുടങ്ങിയ ആഘോഷങ്ങൾ കമ്പോളത്തെയും കമ്പോളം ആഘോഷത്തെയും പരസ്പരം സ്വാംശീകരിക്കുന്ന അവസ്ഥ ശാന്തകുമാർ തിരിച്ചറിയുന്നുണ്ട്. ഏതൊരു ആഘോഷവും അതിന്റെ എല്ലാ ഘടനയിലും കാലാനുസൃതമായ പരിവർത്തനങ്ങൾക്കു വിധേയമാണ്. ആഘോഷാത്മകതയുടെ മാറ്റത്തിൽ ഇടപെടുന്നതിൽ കമ്പോളം ജാഗരൂകമാണ്. എന്നാൽ ഏതൊരു സമൂഹവും മാറ്റത്തെ ഉൾക്കൊള്ളുന്ന സ്വാഭാവികതയിൽ എത്തിയശേഷം വരുന്ന മാറ്റങ്ങളാണ് നിലനിർത്തപ്പെടുക. അതായത് സമൂഹാവബോധം തിരിച്ചറിയാതെ കമ്പോളത്തിന് ആഘോഷത്തിലെന്നല്ല, ഏതൊരു സാമൂഹികശൈലിയിലും ഇടപെടാൻ സാദ്ധ്യമല്ല. വിപണിക്ക് അവധിയെങ്കിൽ ആഘോഷം അസാദ്ധ്യമായ അവസ്ഥയാണ് ഇന്നുള്ളത്.





ഇതോടൊപ്പം സാംസ്കാരികതനിമകൾ എന്നു വിളിക്കപ്പെടുന്ന പലതും അതേപടി തുടരേണ്ടതുണ്ടോ എന്ന ചോദ്യവും അദ്ദേഹം ഉന്നയിക്കുന്നു. എല്ലാം മാറ്റത്തിനു വിധേയമാണ് എന്ന പരികല്പനയിലാണ് ഈ ചോദ്യം പ്രസക്തമാവുന്നത്.

മത്സരത്തിലധിഷ്ഠിതവും സാമർത്ഥ്യമുള്ളവർമാത്രം ജയിക്കുന്നതുമായ കമ്പോളവ്യവസ്ഥയിൽ വ്യക്തികൾക്ക് മാനുഷികമൂല്യങ്ങളും അനുകമ്പ, ദയ, വിനയം തുടങ്ങിയ സ്വഭാവഗുണങ്ങളും നഷ്ടമായിപ്പോകുമെന്ന സമൂഹത്തിന്റെ ഭയം അസ്ഥാനത്താണെന്ന് സവിസ്തരം പ്രതിപാദിക്കുന്ന കമ്പോളവ്യവസ്ഥയിൽ മനുഷ്യത്വം നശിക്കുമോ എന്ന അവസാനലേഖനം ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്: "മറ്റു വ്യവസ്ഥകളെക്കാൾ കമ്പോളവ്യവസ്ഥയിൽ സമ്പന്നരായ കൂടുതൽ വ്യക്തികളുണ്ടാവാനിടയുണ്ട്. ഇവരിൽ ചിലരെങ്കിലും ബുദ്ധിമുട്ടനുഭവിക്കുന്നവരോട് അനുകമ്പയുള്ളവരും മറ്റുള്ളവരെ സഹായിക്കാനുള്ള കഴിവുള്ളവരും ആയിരിക്കും. ഇതുകൊണ്ടാണ് മനുഷ്യസഹായ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികളും ഏജൻസികളും ധാരാളമായി യൂറോപ്പിലും അമേരിക്കയിലും ജപ്പാനിലും മറ്റും ഉണ്ടായിരിക്കുന്നത്. എന്നാൽ സോഷ്യലിസ്റ്റുസമൂഹങ്ങളിൽ ജനങ്ങൾ അനുകമ്പയുള്ളവരായിരുന്നാലും അവർക്ക് മറ്റുള്ളവരെ സഹായിക്കാനുള്ള കഴിവുണ്ടാകില്ല. അതുകൊണ്ട് കഷ്ടപ്പെടുന്നവരോടുള്ളഅനുകമ്പയുടെ പേരിൽ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയെ എതിർക്കുന്നവർ, യഥാർത്ഥത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സമൂഹത്തിന്റെ കഴിവ് വർദ്ധിക്കുന്നതിനെതിരെയാണ് പ്രവർത്തിക്കുന്നത്."

ആഗോളവത്കരണം ചൂടേറിയ ചർച്ചകൾക്കു വഴിമരുന്നിടുന്ന ഇന്നത്തെ കേരളീയ പരിസരത്തിൽ എന്തുകൊണ്ടും വ്യത്യസ്തയാർന്ന ഒരു പിടി വാദങ്ങളാണ് ഈ പുസ്തകത്തിലുള്ളത്. എന്നാൽ അക്കാദമിക് പ്രബന്ധത്തിന്റെ ചിട്ടയിലല്ല എഴുതപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാവണം പലയിടത്തും ഗവേഷണപ്രധാനമായ വിശകലനസ്വഭാവം കാണുവാൻ കഴിയില്ല. ആഗോളീകരണത്തിനുവേണ്ടി ശക്തമായ വാദമുഖം അവതരിപ്പിക്കുന്ന പുസ്തകമെന്ന് പുസ്തകത്തിന്റെ പിൻകവറിൽ കാണുന്ന വാചകം സാർത്ഥകമെന്ന് പറയാനാവില്ല. യഥാർത്ഥത്തിൽ ആഗോളവത്കരണത്തെ സ്വീകരിക്കാനുള്ള നിർദ്ദേശമല്ല, മാറുന്ന കാലത്ത് പ്രായോഗികമായി എങ്ങനെ സമീപിക്കാമെന്നാണ് പുസ്തകം പറഞ്ഞുതരുന്നത്. സമകാലികകേരളത്തിൽ കൂടുതൽ ചർച്ചകൾക്ക് ഈ ഗ്രന്ഥം വഴിതുറന്നേക്കും. പുസ്തകത്തിലെ പല വാദങ്ങളും ഒരുപക്ഷേ നാളെയുടെ കേരളത്തിലാവും സാക്ഷാത്കരിക്കപ്പെടുക എന്നതുകൊണ്ടു മാത്രം പ്രസക്തി കുറയുന്നില്ല. നാളത്തെ കേരളത്തിൽ ജീവിക്കാനുള്ള മാർഗനിർദേശം ആ രൂപത്തിലല്ലെങ്കിലും ഇതിലുണ്ട്.

**തിരുക്കുറൾ**

മലയാള പരിഭാഷ: എസ്. രമേശൻനായർ

ഡി സി ബുക്സ്

(2008) പുറം 715, വില 275 രൂപ.




# തിരുക്കുറൾ

**സ്കറിയാ സക്കറിയ**

തമിഴിലെ ഏറ്റവും പ്രശസ്തമായ കൃതി, തിരുക്കുറൾ പ്രൗഢഗംഭീരമായ പരിഭാഷയിലൂടെ മലയാളത്തിൽ എത്തിയിരിക്കുന്നു. പത്തു വർഷം മുമ്പ് തിരുക്കുറൾ പരിഭാഷ പുസ്തകരൂപത്തിൽ എസ്. രമേശൻനായർ മലയാളിക്കു ലഭ്യമാക്കിയിരുന്നതാണ്.. ഇപ്പോൾ ഡി സി ബുക്സ് അതിമനോഹരമായി പ്രസിദ്ധീകരിച്ചിരിക്കുന്ന പതിപ്പിൽ പരിഭാഷയ്ക്കു പുറമേ തമിഴ്മൂലവും മലയാളലിപിയിൽ നല്കിയിട്ടുണ്ട്. ഒപ്പം രമേശൻനായരുടെ ലഘുവ്യാഖ്യാനവും വായിക്കാം. 1989 മുതൽ കുങ്കുമം വാരികയിലാണ് രമേശൻ നായരുടെ പരിഭാഷ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. മൂലം - പരിഭാഷ - സാരം എന്ന രീതിയിലായിരുന്നു കുങ്കുമത്തിലെ പ്രസിദ്ധീകരണം. ആ ചിട്ടതന്നെ പുതിയ പതിപ്പിലും കാണാം. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള ചൂണ്ടിക്കാണിക്കുന്നതുപോലെ മൂലകൃതിയിലെ സംഗീതാത്മകത, താളം, പ്രാസബന്ധിതമായ ശൈലി, സംക്ഷിപ്തത ഇവയൊന്നും രമേശൻനായരുടെ വിവർത്തനത്തിൽ കൈമോശം വന്നുപോയിട്ടില്ല (തിരുക്കുറൾ 2008:19).

രമേശൻനായരുടേത് മലയാളത്തിലെ ഏക തിരുക്കുറൾ പരിഭാഷയല്ല. തിരുക്കുറളിന്റെ മഹത്ത്വം പ്രാചീന തമിഴകത്തെ നിവാസികൾ എന്ന നിലയിൽ കേരളീയർ തലമുറകളായി അനുഭവിച്ചറിഞ്ഞതാണ്. അതിലെ അറിവുകളും അറിവുരൂപങ്ങളും കേരളീയ ജനജീവിതത്തെ തലമുറകളായി സ്വാധീനിക്കുന്നതുമാണ്. എങ്കിലും തമിഴ്മൊഴിയിൽനിന്നു മലയാളമൊഴി വേർപിരിഞ്ഞപ്പോൾ തിരുക്കുറൾ മൊഴിമാറ്റം ചെയ്യേണ്ടിവന്നു. 1595-ൽ തിരുക്കുറളിനു മലയാള ഗദ്യപരിഭാഷ ഉണ്ടായി. കൊച്ചിയിലെ പാലിയം ഗ്രന്ഥശേഖരത്തിൽനിന്നു കണ്ടെടുത്ത കൈയെഴുത്തുഗ്രന്ഥം പ്രശസ്ത ഭാഷാശാസ്ത്രജ്ഞനായിരുന്ന എൽ. വി. രാമസ്വാമിഅയ്യർ അടിക്കുറിപ്പുകളോടെ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചു. തിരുക്കുറളിന്റെ സമ്പൂർണ്ണ വിവർത്തനമായിരുന്നു ഇത്. പിന്നീട് പലരും *തിരുക്കുറൾ* പരിഭാഷപ്പെടുത്തി. വെണ്ണിക്കുളത്തിന്റെ പരിഭാഷ പ്രശസ്തമാണ്. ഡി സി ബുക്സ് തന്നെ മൂന്നു വ്യത്യസ്ത പരിഭാഷകൾ പ്രസിദ്ധീകരിച്ചു. രമേശൻനായരുടെ പരിഭാഷയ്ക്കു(2003) ശേഷം ഉണ്ടായ ശ്രദ്ധേയമായ വിവർത്തനമാണ് പ്രസിദ്ധ ആയുർവ്വേദവൈദ്യനും സംസ്കൃത പണ്ഡിതനുമായ കെ. രാഘവൻ തിരുമുൽപ്പാടിന്റെ *തിരുക്കുറൾ/ഭാവം.*

ഇതിൽ തമിഴ് മൂലമില്ല, അങ്ങിങ്ങ് ലഘുവിവരണക്കുറിപ്പുകളുണ്ട്; ശ്രദ്ധേയമായ ഒരു മുഖവുരയും. ചുരുക്കത്തിൽ തുടർവിവർത്തനങ്ങളിലൂടെയും പ്രസിദ്ധീകരണങ്ങളിലൂടെയും മലയാളഭാഷയിൽ ഒരു നീരൊഴുക്കായി സഞ്ചരിക്കുന്നു തിരുക്കുറൾ. മലയാളത്തിന്റെ പ്രിയപ്പെട്ട കവിയും അനുഗൃഹീത വിവർത്തകനുമായ രമേശൻനായരുടെ പരിഭാഷ ഡിസിബി പതിപ്പിലൂടെ കൂടുതൽ ബഹുജനശ്രദ്ധ നേടും എന്നത് ഉറപ്പാണ്. പരിഭാഷയുടെ ഭംഗിയും കൃത്യതയും പ്രസാധനത്തിന്റെ സംവിധാനതന്ത്രവും പരിഗണിക്കുമ്പോൾ ഇതു മലയാളത്തിന്റെ ഭാഗ്യം..

ഭാഗ്യം എന്ന് ഔപചാരികമായി പറഞ്ഞതല്ല. നമ്മുടെ കാലഘട്ടത്തിന്റെ വല്ലായ്മകളോടു സമർത്ഥമായി പ്രതികരിക്കാൻ മലയാളിയെ സഹായിക്കാവുന്ന മഹാഗ്രന്ഥമാണ് തിരുക്കുറൾ. സമകാലിക ജീവിതത്തിന്റെ സമ്മർദ്ദതന്ത്രങ്ങളിലും പ്രലോഭനങ്ങളിലും അകപ്പെട്ടു ഭ്രാന്തമായി അലയുന്നവർക്ക് നിർദ്ദേശിക്കാവുന്ന ഒരു ലഘുചികിത്സയുണ്ട് — തിരുക്കുറളിലെ പത്ത് ഈരടികൾ ദിവസവും വായിക്കുക. പത്തോ പതിനഞ്ചോ മിനിട്ടു മതി, ഏറിയാൽ. ഇതു നിങ്ങളുടെ ജീവിതത്തെ മാറ്റിമറിക്കാതിരിക്കില്ല. തിരുക്കുറൾ ഉപദേശിക്കുന്നതാണ് ജീവിതമാർഗ്ഗദർശനം (Life Guidance). നമ്മുടെ മാനേജുമെന്റ് സ്ഥാപനങ്ങളിലും കൗൺസിലിങ്ങ് കേന്ദ്രങ്ങളിലും തിരുക്കുറളിന്റെ പാഠങ്ങൾ പ്രസക്തമാണ്. ഓരോ വീട്ടിലും പഠനമേശയിലോ ഊണുമേശയിലോ പത്രമേശയിലോ വച്ച് അനുദിനം വായിക്കാവുന്ന ഗ്രന്ഥമാണിത്. ഈ ഗ്രന്ഥത്തിന്റെ പ്രയോജനം സാക്ഷ്യപ്പെടുത്തുന്നതു തലമുറകളാണ്. പഴമക്കാർ വാമൊഴിയിലും വരമൊഴിയിലും തിരുക്കുറളിലെ മൊഴിമുത്തുകൾ കലർത്തുന്നു. ഇന്റർനെറ്റിൽ തിരുക്കുറൾ പല ഭാഷകളിലൂടെ ഒഴുകിനടക്കുന്നു. ഇന്റർനെറ്റിലും ബ്ലോഗിലും തിരുക്കുറൾ ചർച്ചകൾ പൊടിപൊടിക്കുന്നു. പങ്കെടുക്കുന്നവർ പല ഭാഷക്കാർ, പല നാട്ടുകാർ, പല പ്രായക്കാർ, പല തൊഴിലുകളിലുള്ളവർ. തിരുക്കുറൾ വെറും ധർമ്മോപദേശം എന്നു കരുതി നെറ്റി ചുളിക്കേണ്ട. നല്ല സാഹിത്യമേന്മയുള്ള ഭംഗിതരംഗിതമായ ഭാഷാശില്പമാണ് *തിരുക്കുറൾ* — മൂലത്തിലും വിവർത്തനത്തിലും ഉള്ളടക്കം മൂന്നായി തിരിച്ചിരിക്കുന്നു. ഗൃഹസ്ഥാശ്രമത്തിന്റെ സന്ന്യാസത്തിന്റെ നാനാതത്ത്വങ്ങൾ ലളിതകോമളമായി ഉപദേശിക്കുന്ന 38 ദശ

കങ്ങൾ. രാജ്യകാര്യങ്ങളും സാമ്പത്തിക കാര്യങ്ങളും വിവരിക്കുന്ന 70 ദശകങ്ങൾ. പിന്നെ കാമവിഷയകമായ 25 ദശകങ്ങൾ. മൊത്തം 1330 ഈരടികൾ. ദിവസം ഓരോ ദശകം എന്ന മട്ടിൽ വായിച്ചാൽ 133 ദിവസംകൊണ്ട് തിരുക്കുറൾ വായിച്ചു തീർക്കാം. ഒരു കാര്യം ഉറപ്പാണ്, വായിച്ചു തുടങ്ങിയാൽ ഏതാനും ആഴ്ചകൾക്കുള്ളിൽ നിങ്ങൾ വായന പൂർത്തിയാക്കും. പിന്നെ ജീവിതത്തിലെ തീക്ഷ്ണമൂഹൂർത്തങ്ങളിലെല്ലാം തിരുക്കുറളിന്റെ സാന്നിധ്യം തേടും. നിങ്ങൾ ഈശ്വരവിശ്വാസിയോ നിരീശ്വരനോ ആരുമാകട്ടെ നിങ്ങൾ സ്വയം സ്നേഹിക്കുന്നുണ്ടെങ്കിൽ, സഹജീവികളെ ഗൗനിക്കുന്നുണ്ടെങ്കിൽ, സുസ്ഥിതി കാംക്ഷിക്കുന്നുണ്ടെങ്കിൽ അതിനുള്ള രാജപാതയാണ് തിരുക്കുറൾ തുറന്നിടുന്നത്. നിങ്ങൾ ഏതു മതത്തിൽ വിശ്വസിക്കുന്നവരായാലും നിങ്ങളുടെ മതത്തിന്റെ കാതലായ മാനവികതയുണ്ടല്ലോ, ആ സ്നേഹപ്രമാണം, നീതിബോധം, സമഭാവന, അതു നിങ്ങളുടെ നിത്യജീവിതത്തന്റെ നാട്ടുവഴികളിലൂടെ എങ്ങനെ കടന്നുവരാം എന്നു തിരുക്കുറൾ ഉപദേശിക്കുന്നു. തിരുക്കുറൾ കടന്നുപോകുന്നതു അനുദിനജീവിതത്തിന്റെ നാനാജ്ഞതുക്കളിലൂടെയാണ്.

> 'പകവീട്ടലിന്റെ സുഖമൊറ്റനാൾ, പൊറുമയുടെ
> പുകഴുലകമുള്ളിടത്തോളം' (രമേശൻനായർ, പുറം 115)

എന്നു കേൾക്കുമ്പോൾ നിങ്ങൾക്ക് അന്തർദ്ദേശീയ രാഷ്ട്രീയമോ ദേശീയ ജീവിതമോ കുടുംബരംഗമോ പണിയിടമോ ഓർമ്മിക്കാം. അവിടെയെല്ലാം കടന്നു ചെന്നു വെളിച്ചം ചൊരിഞ്ഞു വഴികാട്ടാൻ ഈ വാങ്മയനക്ഷത്രത്തിനു കഴിയുന്നു.

> അന്യഭാഗ്യത്തിലസൂയാലുവെ കൈവി-
> ടുന്നു ശ്രീ, ജ്യേഷ്ഠയെക്കാട്ടി (രമേശൻനായർ, പുറം 120)

അസൂയാലുവിനെ ലക്ഷ്മി വിട്ടൊഴിഞ്ഞുപോകും, മൂതേവിയാകും കൂട്ടിന് എന്ന കുറുമൊഴിയിലെത്തിയപ്പോൾ തിരുക്കുറൾ വെളിച്ചമടിക്കുന്നതു മനുഷ്യന്റെ ഉള്ളിലേക്കാണ്. ഇവിടെ കവിത അകംകവിതയാകുന്നു. പേരിലും കാമത്തിലും പരിമിതപ്പെടാത്ത അകംകവിത. സംഘകാലാനന്തര കവിതകൾ എന്ന ഗണത്തിലാണ് തിരുക്കുറൾ ഉൾപ്പെടുന്നത്. സംഘം കവിതയിലെ അകം-പുറം ഭേദത്തെ മറികടന്നു അകത്തും പുറത്തുമായി ചുറ്റിയടിക്കുകയാണ് തിരുക്കുറൾ എന്ന പ്രകാശഗോപുരത്തിന്റെ വെളിച്ചം. *മണിമേഖല*, *ചിലപ്പതികാരം* എന്നിവ ഉൾപ്പെട്ടതാണ് സംഘകാലാനന്തര കവിത. അതാണ് തിരുക്കുറളിന്റെ തന്നിടം (habitus).

തിരുക്കുറൾ ഉപദേശിക്കുന്നതു ജീവിതനിഷേധമല്ല, വിരക്തിയല്ല. സംസർഗ്ഗ - സംയമനങ്ങളുടെ ലീലാവിലാസമാണ് തിരുക്കുറളിൽ. വളർച്ചയാണ് തിരുക്കുറൾ ഉപദേശിക്കുന്നത്, നീതിയിലും സമഭാവനയിലും അധിഷ്ഠിതമായ ആഹ്ലാദകരമായ വളർച്ച. വിശ്വസാഹിത്യത്തിലെ ഏതു ധർമ്മോദ്ബോധകകൃതിയോടും സാഹിത്യകൃതിയോടും കിടപിടിക്കുന്ന തിരുക്കുറളിന്റെ മൂല്യം ലോക





ജനത തിരിച്ചറിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ഭാഷകളിലേക്കു തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ള തമിഴ്കൃതിയാണ് *തിരുക്കുറൾ*. തമിഴരുടെ നിത്യജീവിതത്തിൽ ഏറ്റവും ഉദ്ധരിക്കപ്പെടുന്ന കൃതിയാണിത്. ഗാന്ധിജി തിരുക്കുറൾ തമിഴിൽ വായിക്കാൻ വേണ്ടി ആ ഭാഷ പഠിച്ചു. ഇപ്പോൾ മലയാളിയുടെ മുമ്പിൽ പല പരിഭാഷകളിലൂടെ തിരുക്കുറൾ പലതരം ചേരുവ (texture) കളിൽ കടന്നുവരുന്നു. നിങ്ങൾ സാഹിത്യതല്പരനാണെങ്കിൽ കവിയായ രമേശൻനായരുടെ തർജമ തന്നെ വായിക്കണം. അതു കാവ്യാത്മകമായ തർജമയാണ്. അതല്ല ജ്ഞാനശാസ്ത്രത്തിലോ വൈദ്യത്തിലോ താല്പര്യമുണ്ടെങ്കിൽ തിരുമുല്പാടിന്റെ തർജമയിലൂടെ നീങ്ങാം. ഇങ്ങനെ വിവർത്തനത്തിലും വ്യാഖ്യാനത്തിലും പ്രകടമാകുന്ന കർത്തൃത്വത്തെക്കുറിച്ചുള്ള തിരിച്ചറിവു സമകാലിക തർജമ പഠനത്തിൽ നിർണ്ണായകമാണ്. തർജമയുടെ മൂല്യനിർണ്ണയനത്തിൽ മൂലത്തോടുള്ള വിശ്വസ്തതയെക്കാൾ പ്രധാനം ലക്ഷ്യഭാഷാവ്യവസ്ഥയിലെ ചേരുവയാണ്. എന്തിനു തർജമ ചെയ്യുന്നു എന്ന ചോദ്യം മുൻനിറുത്തി തർജമയുടെ സാഫല്യം കണ്ടെത്തിവേണം മൂല്യനിർണ്ണയനം. അതിൽ ഇടപാടുകാരൻ എന്ന നിലയിൽ തർജമക്കാരന്റെ വാസനാവിശേഷം സുപ്രധാനമാണ്. വായനമുതൽ തുടങ്ങുന്ന വാസനാബലത്തിലുള്ള പൊരുൾ തിരിക്കൽ.

> 'നുണ്ണിയ നൂൽപല കറ്പിനും മറ്റുന്തൻ
> ഉൺമൈ യറിവേ മികും'

എന്ന തിരുക്കുറൾ ഈരടിക്ക് രമേശൻനായരും തിരുമുല്പാടും നല്കുന്ന ഭാഷാന്തരീകരണം താരതമ്യബുദ്ധ്യാ പരിശോധിക്കാം.

> 'ഗ്രന്ഥങ്ങളേറെപ്പഠിക്കിലും വിധിവശാ
> ലുണ്ടാകുമറിവുതാൻ മുഖ്യം'

മഹത്തായ അനവധി ഗ്രന്ഥങ്ങൾ പഠിച്ചിരുന്നാലും തോന്നേണ്ടിടത്തു അവയിൽനിന്നുള്ള ജ്ഞാനം കൃത്യമായി തോന്നിയാലല്ലേ പ്രയോജനമുള്ളൂ? അങ്ങനെ തോന്നിക്കുന്നതും തോന്നിക്കാതിരിക്കുന്നതും വിധിതന്നെയാണ്. ചുരുക്കത്തിൽ വിധിവിഹിതം അനുസരിച്ചുള്ള അറിവുമാത്രമേ ഒരുവന് പ്രയോജനം ചെയ്യൂ എന്നു സാരം. (രമേശൻനായർ, 2008:226/ വിധി എന്ന 38-ാം ദശകം 3-ാം കുറൾ)

ഇതേഭാഗം തിരുമുല്പാടിന്റെ (2003: 68-65) തർജമയിൽ

> 'ഗ്രന്ഥങ്ങളെന്തൊക്കെയുമേ
> പേർത്തുംപേർത്തും പഠിക്കിലും
> വാസ്തവത്തിൽത്തനിയ്ക്കുള്ളോ
> രറിവേ മികവാർന്നിടൂ'

പുസ്തകം വായിച്ചുണ്ടാകുന്ന അറിവ്, ശാസനയെ വളരെയൊന്നും ബാധിക്കുന്നില്ല. അവനവന്റെ വാസനയ്ക്കൊത്ത താല്പര്യത്തെയാണ് ഓരോരു

ത്തരും ഗ്രന്ഥത്തിൽനിന്നു സാമാന്യമായി ഗ്രഹിക്കുക. ആയുർവേദത്തിൽ പാപം രോഗകാരണമായി പറയപ്പെട്ടിരിക്കുന്നു. പാപംകൊണ്ടു വാസനാപരമായി അപ ഥ്യത്തിൽ താല്പര്യമുണ്ടാകുന്നു. അപഥ്യംകൊണ്ട്, ദോഷങ്ങൾ കോപിക്കുന്നു. ദോഷംകൊണ്ടു രോഗവും ഉണ്ടാകുന്നു. രോഗംപോലെ ദാരിദ്ര്യം മുതലായവ യേയും ഈ വിധത്തിൽ ചിന്തിക്കാവുന്നതാണ്. ഒരേ ഈരടിയിൽനിന്നാണ് വ്യത്യസ്ത തർജമകൾ തുടങ്ങുന്നത്. വ്യാഖ്യാനതർജമകളിലൂടെ അവ വിവിധ അറിവുമണ്ഡലങ്ങളിലേക്കു പരന്നൊഴുകുന്നു. അങ്ങനെ തർജമയിലൂടെ കൃതി പുനർജന്മം നേടുന്നു. ഇതു കൃതിയുടെ അതിജീവനം. ഇങ്ങനെയുണ്ടായ ബുദ്ധിവിസ്താരങ്ങൾകൂടി ഉൾപ്പെടുന്നതാണ് ഇനിയങ്ങോട്ടു കൃതിയുടെ പൊരുൾ. ഇതാണ് തർജമയെക്കുറിച്ചുള്ള സമകാലിക ദർശനം.

ഇനി ചെയ്യാനുള്ളത് തിരുക്കുറൾ പരിഭാഷയിൽനിന്നു മാതൃകയ്ക്കു ചില മൊഴിമുത്തുകൾ പരിചയപ്പെടുത്തുക എന്നതാണ്.

തിരുക്കുറളിന്റെ ഒന്നാം ദശകം മംഗളാചരണമാണ്. സ്തുതിക്കുന്നതു ആദിഭഗവാനെ.

> 'അകാരം മുതൽ എഴുത്തെല്ലാം ആദി
> ഭഗവാൻ മുതൽക്കേ ഉലകം'

ഇതിലെ ആദിഭഗവാൻ ഈശ്വരനാണ് എന്നു ചില വ്യാഖ്യാതാക്കൾ. മറ്റു ചിലർ വാദിക്കുന്നു ആദിയും ഭഗവാനും രണ്ടു ജാതിക്കാരായ അമ്മയും അച്ഛനുമാണെന്ന്. വ്യാഖ്യാനങ്ങൾ തിരുക്കുറളിനു നാനാവശത്തേക്കും തുറവി നല്കുന്നു. പാഠത്തിന്റെ പൊരുൾ വ്യാഖ്യാനങ്ങളിലൂടെ കാലോചിതമായി പരിണമിക്കുന്നതിൽ ഉൽക്കണ്ഠപ്പെടേണ്ട. സാഹിത്യകൃതി വളരുകയാണ്, വ്യാഖ്യാനങ്ങളിലൂടെ പരിഭാഷകളിലൂടെ. അതിനെ തടഞ്ഞുനിർത്താൻ അധി കാരസ്ഥർ — ഭാഷാപണ്ഡിതന്മാരും സാഹിത്യവിജ്ഞാനികളും മതനേതാക്ക ളും രാഷ്ട്രീയനായകരും ശ്രമിക്കേണ്ട. വ്യാഖ്യാനവൈവിധ്യത്തിൽ ഉൽക്ക ണ്ഠപ്പെടുകയും വേണ്ട. ഇതു കൃതിയുടെയും വായനക്കാരന്റെയും പ്രജനന ശേഷിയാണ്. ഈ വളർച്ചയുടെ ഗതിഭേദങ്ങൾ തമിഴ് വ്യാഖ്യാനങ്ങളിൽതന്നെ കാണാം. പത്താം നൂറ്റാണ്ടിനു മുമ്പുതന്നെ പത്തോളം വ്യാഖ്യാനങ്ങളുണ്ടായി തിരുക്കുറളിനു തമിഴിൽ. ധർമ്മർ, മണിക്കുടവർ, താമത്തർ, നച്ചർ പരുതി, പരിമേലഴകർ, തിരുമലയർ, മല്ലർ, പരിപ്പെരുമാൾ, കാലിങ്കർ എന്നിവർ പ്രശ സ്തവ്യാഖ്യാതാക്കളാണ്. വ്യാഖ്യാനകല ഭാരതീയപാരമ്പര്യത്തിന്റെ മുഖ്യ ധാരയാണ്. ശങ്കരാചാര്യരടക്കമുള്ളവർ വ്യാഖ്യാനങ്ങളിലൂടെയാണ് സർവജ്ഞ പീഠം കയറിയത്. പരിമേലഴകരുടെ (ഇദ്ദേഹം പതിമൂന്നാം നൂറ്റാണ്ടിലാണെന്നു ആധുനിക ഗവേഷകർ കരുതുന്നു) വ്യാഖ്യാനം ഏറെ ചർച്ച ചെയ്യപ്പെടുന്ന താണ്. അദ്ദേഹത്തിൽ ആര്യപക്ഷപാതം ആരോപിച്ചു തമിഴ്പക്ഷക്കാർ പുതി യ വ്യാഖ്യാനങ്ങളുണ്ടാക്കുന്നു. രണ്ടായിരാമാണ്ടിൽ ദേവനേശപ്പാവാണരുടെ തിരു





ക്കുറൾ മരപുരൈ വ്യാഖ്യാനം ഉണ്ടായി. അർത്ഥശാസ്ത്രമടക്കമുള്ള കൃതികൾ എങ്ങനെ തിരുക്കുറളിനെ ആശ്രയിക്കുന്നു എന്നാണ് ഇക്കൂട്ടർ വ്യാഖ്യാനിച്ചു കാണിക്കുന്നത്. വ്യാഖ്യാനങ്ങളിലൂടെ പാഠം (text) നിരന്തരം നവീകരിക്കപ്പെ ടുന്നു എന്ന ആശയം സമകാലിക വിജ്ഞാനികൾക്ക് അരോചകമാവില്ല. നിർമ്മിതിവാദത്തിന്റെ (constructivism) മർമ്മമാണല്ലോ ഈ സങ്കല്പനം. തിരുക്കുറൾ നിരന്തര വ്യവഹാരങ്ങളിലൂടെ നവീകരിക്കപ്പെട്ടു സമകാലികമാ വുകയാണ്. പരിഭാഷയും ഒരുതരം വ്യാഖ്യാനമാണ്.

വീണ്ടും തിരുക്കുറളിലേക്ക്: രണ്ടാം ശതകം മഴയെക്കുറിച്ചാണ്. വർഷ പ്രശസ്തി എന്ന് രമേശൻനായർ.

> 'ഉണ്ണുന്നോർക്കുണ്ണേണ്ടതുണ്ടാക്കിത്താനുമൊ
> രൂണായിത്തരുന്നു മാരി'

ഉണ്ണുന്നോർക്കു നല്ല നല്ല ഭക്ഷണസാധനങ്ങൾ ഒരുക്കിക്കൊടുക്കുന്നതും തുടർന്ന് അവർക്കു താൻതന്നെ ഒരു ഭക്ഷണം (പാനീയം) ആയിത്തീരുന്നതും ഈ മഴ(വെള്ളം)തന്നെ എന്നും രമേശൻനായർ എഴുതുന്നു (പുറം 45)

രാഘവൻ തിരുമുല്പാടിന്റെ (പുറം 17) പദ്യപരിഭാഷയും ഗദ്യവും നോക്കൂ.

> 'ഊണിനു വേണ്ടതുണ്ടാക്കി
> ത്താനുമൂണായ്ത്തുണപ്പതും
> ചൊരിയും മഴതൻവെള്ളം
> മറ്റില്ല ഗതിയേതുമേ'

> 'ഭക്ഷണത്തിനു വേണ്ടതു കൃഷി ചെയ്തുണ്ടാക്കുന്നതിനു വെള്ളം വേണം. കഴിച്ചാലതുവേണ്ടവിധം ദഹിക്കുന്നതിനു പാകംപോലെ വെള്ളം കുടിക്കണം. ഇങ്ങനെ ജീവിതത്തിനു ഒഴിച്ചുകൂടാത്ത വെള്ളം മഴകൊണ്ടാണു ലഭിക്കുന്നത്.'

> 'ഉഴവർ ഉഴാതെയാം കോരിച്ചൊരിയുന്ന
> മഴയുടെ ദാനം കുറഞ്ഞാൽ'
>
> എന്നും
>
> 'കാർമുകിൽ വർഷകണം പൊഴിക്കായ്കിലോ
> കാണില്ലിളം പുൽത്തലപ്പും'

എന്നും രമേശൻനായരുടെ പരിഭാഷയിൽ വർഷപ്പെരുമ തുടരുന്നു. മഴയെ ക്കുറിച്ചുള്ള ദശകം സമകാലിക പാരിസ്ഥിതിക ദർശനത്തോടു തോളുരുമ്മി നില്ക്കുന്നതാണ്. കാവ്യസൗന്ദര്യംകൊണ്ടും ദർശനബലംകൊണ്ടും സമകാ ലികമാണ് തിരുക്കുറളിന്റെ മിക്ക ഭാഗങ്ങളും. തിരുക്കുറൾ അതുണ്ടായ കാലത്തെ ദർശനത്തിന്റെ വൈകൃതങ്ങൾകൂടി വെളിപ്പെടുത്തുന്ന സന്ദർഭങ്ങളു മുണ്ട്.

'ധർമ്മത്തിലാശങ്കവേണ്ട, പല്ലക്കെടു-
ക്കുന്നോനുമരചനും സാക്ഷി'

'(മുജ്ജന്മത്തിൽ) അനുഷ്ഠിച്ച ധർമ്മങ്ങളുടെ ഫലം പല്ലക്കിൽ പ്രൗഢിയോടെ ഇരിക്കുവാൻ ഒരാളെ തുണയ്ക്കുമ്പോൾ (മുജ്ജന്മത്തിലെതന്നെ) അധർമ്മങ്ങളുടെ ഫലം മറ്റൊരുത്തനെ പല്ലക്കു ചുമക്കുന്നവനായി മാറ്റിയിരിക്കുന്നു!' എന്നു രമേശൻനായരുടെ പരിഭാഷയിൽ (പുറം. 57-58).

വന്ദ്യവയോധികനും പണ്ഡിതനുമായ തിരുമുല്പാടിന്റെ തർജമയിൽ (പുറം 22) ഈ പ്രസ്താവം തെല്ലെന്നു മയപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നു.

'പല്ലക്കതു ചുമക്കുന്നോൻ
പല്ലക്കിലമരുന്നവൻ
തമ്മിലുള്ള ഭേദം താൻ
ധർമ്മത്തെ വെളിവാക്കുമേ'

ചാതുർവർണ്ണ്യസിദ്ധാന്തത്തിന്റെ ആവർത്തനമാണോ തിരുക്കുറളിൽ?

ഗാർഹസ്ഥ്യത്തെക്കുറിച്ചുള്ള പത്ത് ഈരടികളിൽ ഒന്ന് (രമേശൻ നായർ, പുറം 61)

'ധർമ്മഭയത്താൽ പകുത്തുണ്ണോർ മക്കൾക്കു
മണ്ണിലൊരു കുറവും വരില്ല.'

ആർക്കെല്ലാമാണ് പകുത്തു നല്കേണ്ടത്. അതു രണ്ട് ഈരടികളിലായി വായിക്കാം (പുറം 60, 61)

'ത്യക്തർ, ദരിദ്രർ, അനാഥർ, മരിച്ചോർക്കും
ഇ ഗൃഹസ്ഥൻ താൻ തുണയാം'

'പിതൃക്കൾ, ദൈവം, അതിഥി, ബന്ധു, താൻ ഐവർക്കും/
ഹിതമേകും ഗാർഹസ്ഥ്യം ധന്യം'

കുലപത്നിയെക്കുറിച്ച് (പുറം 65)

'കണവന്റെ വരവൊത്തു ചെലവിടും ഗുണമാർന്ന
കുലപത്നി വാഴ്വിന്നു തുണയാം'

ഉപഭോഗസമൂഹത്തിൽ പ്രസക്തമായ സൂക്തം

'ദൈവത്തെയല്ല, തൻ കണവനെത്തൊഴു
തെഴുവോൾ
പെയ്യെന്നാൽപ്പെയ്യുന്നു മാരി' (പുറം 67)

എന്ന ഈരടി ഇന്നത്തെ നിലയിൽ വിമർശനം ക്ഷണിച്ചുവരുത്താം. കാലഘട്ട





ത്തിന്റെ ആശയാവലികൾ എന്ന നിലയിൽ ഇത്തരം പ്രസ്താവങ്ങളെ വ്യാഖ്യാനിക്കാൻ കഴിഞ്ഞേക്കും. എങ്കിലും സംഘകാലത്തിനു ശേഷമാണ് തിരുക്കുറൾ അടക്കമുള്ള പ്രബോധനസാഹിത്യത്തിന്റെ സുവർണ്ണകാലം. പതിനെൺകീഴ്കണക്കിൽ ഉൾപ്പെടുന്ന കൃതികൾ എഡി രണ്ടു മുതൽ ആറുവരെയുള്ള നൂറ്റാണ്ടുകൾക്കിടയിലാവണം ഉണ്ടായത്. സംഘംകൃതികളിൽ പ്രകടമാകുന്ന പെൺമ ഇത്ര പെട്ടെന്നു ശ്രേണീകൃതസമൂഹത്തിൽ അപ്രത്യക്ഷമായോ? തിരുക്കുറളിൽ മൂന്നു പ്രകരണങ്ങളുള്ളതിൽ മൂന്നാമത്തെ പ്രകരണം കാമത്തെക്കുറിച്ചാണ്. ഇമ്പം കാമമാണ്. ഇതിലെ ഇരുനൂറ്റമ്പതു ഈരടികൾ സ്ത്രീപുരുഷബന്ധത്തെക്കുറിച്ച് അവതരിപ്പിക്കുന്ന ദർശനം സംഘപാരമ്പര്യത്തിന്റെ തുടർച്ചയാണ് കാണിക്കുന്നത്.

പരിഭവമാധുര്യത്തെക്കുറിച്ചുള്ള 133-ാം ഖണ്ഡം/സമാപനഖണ്ഡം നോക്കാം (പുറം 711)

'പിഴയൊന്നുമില്ലെന്റെ കാന്തനിൽ, കലഹിപ്പ-
തളവറ്റു സ്നേഹിപ്പതിന്നായ്'

'കലഹത്താലുണ്ടാമിടർച്ചയിൽ, സുഖമൊന്നു
കുറയിലും, പെരുമയാർന്നിടും'

'ജലവുമീമണ്ണും പോലിടകലരുമിണകളുടെ
കലഹസുഖമൊത്ത വിണ്ണുണ്ടോ?'

പുതിയൊരുതരം സുഖം തിരുക്കുറൾ പരിചയപ്പെടുത്തുന്നു - 'കലഹസുഖം'!

'പുൽകിവിടാത്തൊരക്കലഹത്തിലുണ്ടെന്റെ
ഉള്ളം തകർക്കുന്ന ബാണം'

'തെറ്റു ചെയ്യായ്കിലും ഉറ്റോൾതൻ തോൾകളെ
വിട്ടുനി,ന്നൊരുമിക്കൽ മധുരം'

'ഉണ്മതെക്കാൾ നന്നു ദഹനമാം കാമസുഖ
മെന്നതിലുമുപരിയീ കലഹം'

'കലഹത്തിൽത്തോറ്റോർ ജയിക്കുന്നു സംഗമ
ലഹരിയിൽ പ്രകടമാം നേട്ടം!

'കലഹത്തിലൂടെ ഞാൻ നേടുമോ സംഗമം-
കഴിയവേ നെറ്റിവേർപ്പുപ്പ്'

'കലഹിച്ചിടട്ടെയിക്കനകാംഗി, ഞാൻ കേണു
തഴുകവേ, നീളട്ടെ രാവും'

'കലഹമേ കാമത്തിൻ മധുരം, അതിനെക്കാൾ
മധുരമേയൊന്നായ് രമിക്കൽ'

ഇത്രത്തോളം എത്തുമ്പോൾ 133-ാം ഈരടികൾ പൂർത്തിയാകുന്നു. മൂന്നു പ്രകരണങ്ങളുള്ള — അറം (ധർമ്മം), പൊരുൾ (അർത്ഥം), ഇമ്പം (കാമം) എന്നീ ത്രിവർഗ്ഗങ്ങളുള്ള തിരുക്കുറളിന്റെ തമിഴ്സാഹിത്യത്തിലെ അനുസ്യൂതി എടുത്തുകാട്ടാനാണ് മൂന്നാം പ്രകരണത്തിലെ അവസാനത്തെ പത്ത് ഈരടികൾ തുടർച്ചയായി ഉദ്ധരിച്ചത്. അനുദിനജീവിതത്തെ, ശരീരത്തെയും ഭൗതികസാഹചര്യങ്ങളെയും, വികാരവിചാരങ്ങളെയും അംഗീകരിക്കുന്ന പ്രായോഗികവേദാന്തം എന്ന നിലയിൽ ഇന്ന് ഏറെ പ്രസക്തിയുണ്ട് തിരുക്കുറളിന്. വേദാന്തം എന്ന് ഒഴുക്കൻമട്ടിൽ പറഞ്ഞതല്ല. തിരുക്കുറൾ അനുദിന ജീവിതത്തിന്റെ ഭൗതികതലത്തെ — ശരീരപരതയെ അംഗീകരിക്കുന്നു, ഒപ്പം ആദർശതലം നിലനിർത്തുന്നു. സമകാലിക സംസ്കാരം ജീവിതത്തെ വാണിജ്യവൽക്കരിക്കുമ്പോൾ, ജീവിതം കമ്പോളശക്തികളിൽപ്പെട്ടു ഇളകിമറിയുമ്പോൾ നമ്മെ ഉറപ്പിച്ചുനിറുത്താൻ ആദർശതലം വേണം. ഭൗതികതയും ആദർശാത്മകതയും എങ്ങനെ കോർത്തിണക്കി കൊണ്ടുപോകാം എന്നു തിരുവള്ളുവർ കാണിക്കുന്നു. അതിന്റെ സമകാലിക പ്രസക്തി തിരിച്ചറിയാൻ മലയാളിയെ സഹായിക്കുന്നതാണ് *തിരുക്കുറൾ* പരിഭാഷകൾ, വിശേഷിച്ച് എസ്. രമേശൻനായർ വിവർത്തനം ചെയ്തു ഡി സി ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്ന തിരുക്കുറൾ.

### തിരുക്കുറളിന്റെ ആഖ്യാനശില്പത്തെക്കുറിച്ച്:

ജ്ഞാനപ്പാനയിലെ പാനപോലെയോ കൃഷ്ണഗാഥയിലെ ഗാഥപോലെയോ വൃത്തസൂചന നല്കുന്ന വാക്കാണ് കുറൾ. മിതവും സാരവുമായ വാക്കുകൾ സൂത്രരൂപത്തിൽ കൊരുത്തുണ്ടാക്കിയ ലഘുഭാഷാശില്പം. എഴുതിയും പാടിയും കൂർപ്പിച്ചെടുത്ത രചനാശില്പം. തിരുക്കുറൾ മൊത്തത്തിൽ നോക്കുമ്പോൾ ഒറ്റപ്പെട്ട മൊഴിമുത്തുകൾകൊണ്ടു നിർമ്മിച്ചിരിക്കുന്ന ഗംഭീര സാംസ്കാരികശില്പമാണ്. അതിലെ വാങ്മയചിത്രങ്ങളെ ഒറ്റയൊറ്റയിൽ കണ്ടു രസിക്കാം, അല്ലെങ്കിൽ അവയുടെ പരസ്പരബന്ധത്തിൽ നോക്കിക്കാണാം. ഇക്കാര്യത്തിൽ തിരുക്കുറൾ ശില്പത്തെ തമിഴ്നാട്ടിലെ ശില്പചിത്രപ്പണികൾ ചെയ്ത മഹാക്ഷേത്രഗോപുരങ്ങളോടാണ് ഉപമിക്കാവുന്നത്. അതിലെ ശില്പചിത്രങ്ങളുടെ തനിമയും ഒരുമയും ക്ഷേത്രഗോപുരത്തിന്റെ പെരുമയും ഓർമ്മിക്കുക. അതു ഓർമ്മിച്ചിട്ടായിരിക്കുമോ ഡിസിയുടെ തിരുക്കുറളിന്റെ പുറംചട്ടയിൽ ഒരു മഹാക്ഷേത്രഗോപുരം വർണ്ണപ്പൊലിമയോടെ ഇടം നേടിയത്!





**ബാരിസ്റ്റർ ജോർജ്ജ് ജോസഫ്**
**കഥയും കാലവും**
ജോർജ് ഗീവർഗീസ് ജോസഫ്

റെയ്ൻബോ ബുക് പബ്ലിഷേഴ്സ്
(2008) പുറം 297, വില 175 രൂപ.
ഇംഗ്ലീഷിലാണു മൂലകൃതി.

George Joseph, The Life and Times of a Kerala Christian Nationalist എന്ന കൃതി 2003 ൽ Orient Longman പ്രസിദ്ധീകരിച്ചു.
വിവ: വി. രാധാകൃഷ്ണൻ, വി. രാധാമണിക്കുഞ്ഞമ്മ, പി. എൻ. വേണുഗോപാൽ

# ബാരിസ്റ്റർ ജോർജ്ജ് ജോസഫ്

**സ്കറിയാ സക്കറിയ**

ആരാണ് ബാരിസ്റ്റർ ജോർജ് ജോസഫ്? 1938-ൽ അന്തരിച്ച പ്രമുഖ മലയാളി സ്വാതന്ത്ര്യസമരസേനാനി. കേരളത്തിൽനിന്നു ദേശീയ സ്വാതന്ത്ര്യസമരത്തിലേക്കു നേരിട്ടു കടന്നുചെന്ന അപൂർവം ചില വ്യക്തികളിൽ ഒരാൾ. മരിക്കുമ്പോൾ 50 വയസ്സ്. അതിനോടകം ഗാന്ധിജി, നെഹ്രു, ആനി ബസന്റ്, സുബ്രഹ്മണ്യഭാരതി, രാജഗോപാലാചാരി, വല്ലഭായ് പട്ടേൽ, സുബ്രഹ്മണ്യഭാരതി തുടങ്ങിയ പ്രമുഖ സ്വാതന്ത്ര്യസമരപോരാളികളുമായി സഹകരിച്ചു പ്രവർത്തിക്കാനും കലഹിക്കാനും അവസരം ലഭിച്ച മലയാളി. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പലവട്ടം മാസങ്ങളോളം ജയിൽശിക്ഷ അനുഭവിച്ചു. മധുരയിൽ വക്കീലായി പ്രവർത്തിച്ചപ്പോൾ 'കുറ്റവാളി ഗോത്രക്കാരായി' മുദ്രകുത്തപ്പെട്ട കീഴാളർക്കുവേണ്ടി നിയമയുദ്ധം നടത്തി അവരുടെ കൃതജ്ഞതാദരങ്ങൾ നേടിയ മലയാളി. തിരഞ്ഞെടുപ്പുകളിൽ മത്സരിക്കുക, തോല്ക്കുക എന്നതായിരുന്നു ബാരിസ്റ്ററുടെ ചരിത്രനിയോഗം. മധുര മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ തോറ്റു. 1937-ൽ മദ്രാസ് നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ തഞ്ചാവൂരിൽനിന്നു മത്സരിച്ചു തോറ്റു. സ്വന്തം മതം അദ്ദേഹത്തിന്റെ പരാജയത്തിനു മുഖ്യകാരണമായിരുന്നു എന്നു ഗ്രന്ഥകർത്താവ് കരുതുന്നു. വൈക്കം സത്യാ

ഗ്രഹത്തിൽ നേതൃത്വപരമായ പങ്കുവഹിച്ചു. തങ്കശ്ശേരി തിരുവിതാംകൂറിൽ ലയിപ്പിക്കാനുള്ള സർ സി. പി.യുടെ നീക്കങ്ങളെ തന്ത്രപൂർവമായ ഇടപെടലിലൂടെ പരാജയപ്പെടുത്തി. 1937 മധുര-രാംനാട്-തിരുനൽവേലി ഗ്രാമീണനിയോജകമണ്ഡലത്തിൽനിന്നു കേന്ദ്ര നിയമസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട പ്രഗല്ഭ പാർലമെന്റേറിയനായി പ്രവർത്തിച്ചുകൊണ്ടിരിക്കെ 1938-ൽ നിര്യാതനായി. താത്ത്വികവും പ്രായോഗികവുമായ പല കാര്യങ്ങളിലും വിവാദപരമായ നിലപാടുകൾകൊണ്ട് ആദരവും അസൂയയും അവഗണനയും പിടിച്ചുവാങ്ങിയ അപൂർവ വ്യക്തിത്വമായിരുന്നു ബാരിസ്റ്റർ ജോർജ് ജോസഫ്.

മോട്ടിലാലിന്റെ ക്ഷണമനുസരിച്ച് ഇൻഡിപെൻഡന്റിന്റെയും ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ചു സ്വരാജിന്റെയും ചുമതലവഹിച്ച പ്രഗല്ഭനായ പത്രാധിപർ. പക്ഷേ, ഒരിടത്തും തറഞ്ഞു നിൽക്കാൻ കഴിയാത്ത ഊർജ്ജസ്വലതയും നിർഭയത്വവുംകൊണ്ടു ജീവിതത്തെ പൂർണ്ണാർത്ഥത്തിൽ സത്യാന്വേഷണപരീക്ഷയാക്കിയ ചുരുക്കം ചില മലയാളിരാഷ്ട്രീയപ്രവർത്തകരിൽ ഒരാൾ. ദേശീയ സ്വാതന്ത്ര്യസമരചരിത്രത്തിൽ മലയാളിയുടെ പങ്കാളിത്തം അടയാളപ്പെടുത്തുന്ന ഉജ്ജ്വലമുഖമാണ് ബാരിസ്റ്റർ ജോർജ് ജോസഫ്. അദ്ദേഹത്തിന്റെ ജീവചരിത്രം തയ്യാറാക്കിയിരിക്കുന്നത് കഥാപുരുഷന്റെ കൊച്ചുമകനും സ്വന്തം കഴിവുകൾകൊണ്ട് വൈജ്ഞാനികലോകത്തു ഇടംനേടിയിട്ടുള്ള ശാസ്ത്രചിന്തകനുമായ ഡോ. ജോർജ് ഗീവർഗീസ് ജോസഫാണ്. The Crest of the Peacock - Non-European Roots of Mathematics (1993) എന്ന ഒരൊറ്റ ഗ്രന്ഥം മതി ഡോ. ഗീവറുഗീസ് ജോസഫിനെ സമകാലികചരിത്രത്തിലെ താരമാക്കാൻ. ശാസ്ത്രഗതിയിൽ, വിശിഷ്യ ഗണിതവിജ്ഞാനത്തിൽ യൂറോപ്യരല്ലാത്തവരുടെ സംഭാവനയാണ് ഗ്രന്ഥകർത്താവിന്റെ അന്വേഷണവിഷയം. ശാസ്ത്രീയ ഗ്രന്ഥരചനയിലൂടെ ചിട്ടപ്പെട്ട ശീലങ്ങളുമായിട്ടാണ് ഗ്രന്ഥകർത്താവ് മുത്തച്ഛന്റെ ജീവചരിത്രരചനയ്ക്ക് ഒരുമ്പെട്ടത്. ശാസ്ത്രീയസമീപനത്തിന്റെ മേന്മകളുടെ ജീവചരിത്രഗ്രന്ഥമാണിത്. വസ്തുതകൾ ശേഖരിച്ചു വർഗ്ഗീകരിച്ചു തത്ത്വനിഷ്ഠമായി എഴുതുന്ന വഴക്കം മലയാള ജീവചരിത്രസാഹിത്യത്തിനു മുതൽക്കൂട്ടാകുന്നു, ഈ വിവർത്തനത്തിലൂടെ. അതേ, ഒരു വിവർത്തനകൃതിയെ മൂല്യനിർണ്ണയനം ചെയ്യാനുള്ള സമകാലിക മാനദണ്ഡമാണ് ഇവിടെ സൂചിപ്പിച്ചത്. വിവർത്തനം ചെയ്യപ്പെടുന്ന കൃതി ലക്ഷ്യഭാഷയിലെ ചിട്ടകളിലുണ്ടാക്കുന്ന വ്യതിയാനങ്ങളുടെ തോതും തരവുമനുസരിച്ചുവേണം വിവർത്തനത്തെ വിലയിരുത്താൻ. ആ നിലയ്ക്കു മലയാളത്തിലെ ജീവചരിത്ര സാഹിത്യചിട്ടകളിൽ ശാസ്ത്രീയത കൈവരുത്തുന്ന മാതൃകാപരമായ രചനയാണ് ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ജീവചരിത്രം. അതിനു നന്ദി പറയേണ്ടത് ശാസ്ത്രരചനകൾകൊണ്ടു വിശ്വപ്രശസ്തനായ ജോർജ് ഗീവറുഗീസ് ജോസഫിനോടാണ്. ഒപ്പം, മലയാള വിവർത്തകരായ രാധാകൃഷ്ണൻ, രാധാമണിക്കുഞ്ഞമ്മ, വേണുഗോപാൽ എന്നിവരെയും അഭിനന്ദിക്കണം. മൂലഗ്രന്ഥകാരന്റെ ലളിതകോമളവും പ്രസന്നമധുരവും സാന്ദ്രഗംഭീരവുമായ ശൈലിയിൽ കരടില്ലാത്ത മലയാളത്തിലേക്കു കൃത്യതയോടുകൂടി തർജമ ചെയ്യാനാണ് വിവർത്തകർ ശ്രമിച്ചിരിക്കുന്നത്. വിവർത്തനത്തിൽ മൂലത്തോടുള്ള വിശ്വസ്തത കുറച്ചൊക്കെ യാന്ത്രികമായിപ്പോയിട്ടുണ്ടോ എന്നു സംശയിക്കണം. എങ്കിലും ഗ്രന്ഥത്തിന്റെ ശാസ്ത്രീയതയും പ്രതിപാദനശൈലിയുടെ ലാളിത്യസൗന്ദര്യവും വിവർത്തനത്തെ രസകരമായ വായനാവിഭവമാക്കുന്നു.






മുന്നൂറോളം പുറങ്ങളുള്ള പുസ്തകം പന്ത്രണ്ട് അധ്യായമായി തിരിച്ചിരിക്കുന്നു. ഇതിനുപുറമേ, മാക്മസ്റ്റർ സർവകലാശാലയിലെ പ്രഫസർ ഡോക്ടർ ജോൺ അറപ്പുറത്തിന്റെ മുൻവാക്കും ഗ്രന്ഥകാരന്റെ ആമുഖവുമുണ്ട്. ഇവയ്ക്കു പുറമേ പ്രസാധകരായ റെയ്ൻബോയ്ക്കുവേണ്ടി രാജേഷ്കുമാറിന്റെ കുറിപ്പും. ബാരിസ്റ്റർ ജോർജ് ജോസഫിന്റെ പ്രിയപ്പെട്ട അനുജനാണ് ഇന്ത്യൻ പത്രപ്രവർത്തനചരിത്രത്തിലെ ഉജ്ജ്വലതാരമായ പോത്തൻ ജോസഫ് എന്നും അദ്ദേഹത്തിന്റെ ജീവചരിത്രവും റെയ്ൻബോയാണ് പ്രസിദ്ധീകരിച്ചതെന്നും ഹ്രസ്വമായ കുറിപ്പിൽ രാജേഷ്കുമാർ ചൂണ്ടിക്കാട്ടുന്നു. ചെങ്ങന്നൂർക്കാരായ ഈ സഹോദരന്മാരുടെ ജീവചരിത്രങ്ങൾ ചെങ്ങന്നൂരിലുള്ള ഒരു പ്രസിദ്ധീകരണശാലതന്നെ പുറത്തിറക്കിയതു മലയാളികൾക്കു സന്തോഷകരമാണ്, ചെങ്ങന്നൂർക്കാർക്ക് അഭിമാനകരവും.

ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നത് അഞ്ചു സ്ത്രീകൾക്കാണ്. ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ഭാര്യയും ഗ്രന്ഥകർത്താവിന്റെ അമ്മൂമ്മയുമായ സൂസന്നയാണ് ഒന്നാം പേരുകാരി. ഗ്രന്ഥകർത്താവിന്റെ അമ്മ സാറ, ഭാര്യ ഷീല, സഹോദരി ഫിഫി, മകൾ സുനിത എന്നിവരാണ് ശേഷിക്കുന്ന നാല്വർ. സമർപ്പണത്തിൽ മാത്രമല്ല ഉള്ളടക്കത്തിലും സ്ത്രീകൾക്കു നല്കിയിരിക്കുന്ന പ്രാധാന്യംകൊണ്ടു ശ്രദ്ധേയമാണ് ഈ ജീവചരിത്രം. ഈ ജീവിതകഥയിലെ തിളക്കമേറിയ ഒരു കഥാപാത്രം സൂസന്നയാണ്. അവരെ ജീവിതകഥയിൽ പരിചയപ്പെടുത്തുന്ന ഭാഗം:

> 'അധികം താമസിയാതെതന്നെ ജോർജ് ജോസഫിന്റെ വിവാഹം നിശ്ചയിച്ചു. പതിന്നാലുകാരിയായ സൂസന്നയായിരുന്നു വധു. ബ്രിട്ടീഷ് ഭരണകൂടത്തോട് അങ്ങേയറ്റം കൂറു പുലർത്തിയിരുന്ന ഒരു സബ്രജിസ്ട്രാർ ആയിരുന്നു സൂസന്നയുടെ പിതാവ്. പ്രായപൂർത്തിയായപ്പോൾ അമ്മയുടെ നിർബന്ധപ്രകാരം അവൾ സ്കൂളിൽപോക്കു നിർത്തി. പിന്നീട് അച്ഛൻതന്നെ വീട്ടിലിരുത്തി പഠിപ്പിച്ചു. . . സൂസന്നയുടെ പിതാവിനു പഠനത്തെക്കുറിച്ചു അസാധാരണമായ ചില ധാരണകൾ ഉണ്ടായിരുന്നു. ഇംഗ്ലീഷുപരിജ്ഞാനം മെച്ചപ്പെടുത്താനായി സൂസന്നയ്ക്കു ശക്തമായ ധാർമ്മികാശയങ്ങളുള്ള കവിതകളും നിഘണ്ടുവിലെ വാക്കുകളും കാണാതെ പഠിക്കേണ്ടി വന്നു.' (പു.97)

കുട്ടികളെ ഇങ്ങനെയാണു പഠിപ്പിക്കേണ്ടതെന്നു വാദിക്കുന്നവർ ഇന്നും നമ്മുടെ നാട്ടിൽ വിരളമല്ല എന്നാണ് അടുത്തകാലത്തുണ്ടായ ചില തർക്കങ്ങൾ കാണിക്കുന്നത്. ഭർത്താവിന്റെകൂടെ കൂടിയപ്പോൾ അയാളുടെ മാർഗ്ഗനിർദ്ദേശത്തിൽ അവൾ പുതുവഴികളിൽ ആധുനികവിദ്യകൾ കരസ്ഥമാക്കി. ടെന്നീസിലും കുതിരസവാരിയിലും അവൾ ഭർത്താവിനൊപ്പമോ ഭർത്താവിനെക്കാളോ മികവു നേടി. പിൽക്കാലത്തു ദേശീയപ്രസ്ഥാനത്തിനുവേണ്ടി ജോർജ് ജോസഫ് മധുരയിലെ വക്കീൽപ്പണി ഇട്ടെറിഞ്ഞു ഉത്തരേന്ത്യയിലേക്കു പുറപ്പെട്ടപ്പോൾ സൂസന്ന ഇക്കാര്യത്തിൽ ഉറച്ച പിന്തുണ നല്കി. സ്വന്തം വീട്ടിൽ ഗാന്ധിജിയെ അതിഥിയായി സ്വീകരിക്കേണ്ടിവന്നപ്പോൾ തന്റെയും കുടുംബത്തിന്റെയും അസൗകര്യങ്ങൾ ഗൗനിക്കാതെ അടുക്കള കസ്തൂർബഗാന്ധിക്കു വിട്ടുകൊടുത്ത ചരിത്രം ഗ്രന്ഥത്തിലുണ്ട് (പുറം 225). ജോർജ് ജോസഫിന്റെ മരണശേഷം, ഗാന്ധിജിയുടെ മരണശേഷം ഉണ്ടായ ഒരു സംഭവംകൂടി ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിക്കാം:

> 'ഗാന്ധിജിയോട് അപാരമായ ഭക്തി അവർ (സൂസന്ന) പുലർത്തി. അതിന്റെയടിസ്ഥാനത്തിൽ തന്റെ കത്തോലിക്കവിശ്വാസവുമായിപ്പോലും അവർ ഇടഞ്ഞു. ഗാന്ധിജിയുടെ മരണം കഴിഞ്ഞ്, സ്ഥലത്തെ പുരോഹിതനോട് അദ്ദേഹത്തിന്റെ ആത്മാവ് എവിടെപ്പോകുമെന്നു അവർ ചോദിച്ചു. ഗാന്ധിജി കത്തോലിക്കാവിശ്വാസം സ്വീകരിക്കാത്തതുകൊണ്ട് നരകത്തിൽ പോകുമെന്നാണ് അറിവില്ലാത്ത ആ വൈദികൻ പറഞ്ഞത്. അത്തരമൊരു വിശുദ്ധനെ നരകത്തിലേക്കു പറഞ്ഞുവിടുന്ന മതം തനിക്ക് അനുഷ്ഠിക്കാൻ പറ്റുന്ന ഒന്നല്ല എന്നു സൂസന്ന ജോസഫ് തീരുമാനിച്ചു' (നോ. ആമുഖം)

ഇത്തരം എത്രയോ പരാമർശങ്ങളിലൂടെ സൂസന്നയെയും മറ്റതുപോലെയുള്ള സ്ത്രീകഥാപാത്രങ്ങളെയും ഊർജ്ജസ്വലരായി അവതരിപ്പിക്കാൻ ജീവചരിത്രകാരൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇത്തരം പെൺമയുടെ കൊണ്ടാട്ടങ്ങൾ ഈ ജീവചരിത്രകൃതിയുടെ മൗലിക സവിശേഷതയായി ഞാൻ പരിഗണിക്കുന്നു. അതിന്റെ സമകാലികപ്രസക്തി എടുത്തു പറയേണ്ടതില്ലല്ലോ.

ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ജീവചരിത്രം സമകാലിക ഇന്ത്യൻ ജീവിതത്തിന്റെ പ്രശ്നമേഖലകളിലേക്കു നവോന്മേഷത്തോടെ ബൗദ്ധികമായി കടന്നുചെല്ലാനുള്ള ഊർജ്ജം വായനക്കാർക്കു പകർന്നു നല്കുന്നു. ഇക്കാര്യം ബോധപൂർവ്വം കൃതിയിൽ സംയോജിപ്പിക്കുന്നതാണ്. കൃതിയുടെ സംവിധാനത്തെക്കുറിച്ച് ഒന്നാം അധ്യായത്തിൽ എഴുതുന്നു:

> 'ജോർജ് ജോസഫ് എന്ന വ്യക്തിയുടെ വിവിധ മുഖങ്ങൾ കണ്ടറിയാനുള്ള ഒരന്വേഷണമാണ് ഈ ഗ്രന്ഥം. അതോടൊപ്പം മതേതരത്വം, സ്വതന്ത്രേന്ത്യയിൽ മതന്യൂനപക്ഷങ്ങൾക്കുള്ള സ്ഥാനം, ഉത്തര-ദക്ഷിണേന്ത്യകൾ തമ്മിലുള്ള ചേരിതിരിവ്, ഭാരതീയ സമൂഹത്തിലും രാഷ്ട്രത്തിലും വനിതകൾക്കുള്ള പങ്ക്, പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കുവേണ്ടിയുള്ള കർമ്മപദ്ധതികളുടെ വ്യാപ്തിയും സ്വഭാവവും തുടങ്ങിയ സുപ്രധാനവിഷയങ്ങളെ സംബന്ധിച്ച് എന്തെല്ലാം ചർച്ചകളുന്നയിക്കാനും യാദൃച്ഛികമായോ അല്ലാതെയോ ആ മേഖലകളിൽ എന്തെല്ലാം സംഭാവനകൾ നല്കാനും അദ്ദേഹത്തിനു കഴിഞ്ഞു എന്നതിനെക്കുറിച്ചുള്ള അന്വേഷണം കൂടിയാണിത്. ഇനി മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജോർജ് ജോസഫ് അദ്ദേഹത്തിന്റെ ജീവിതകാലത്തു കൈകാര്യം ചെയ്ത അഞ്ചു വിഷയങ്ങളാണിതിൽ: വർഗ്ഗീയത, മതം, ജാതി, പുരുഷാധിപത്യം, മതേതരത്വം. ഇന്നത്തെ ഇന്ത്യയിലെ അഞ്ചു നീറുന്ന പ്രശ്നങ്ങൾ.'

ഗ്രന്ഥകർത്താവിന്റെ ഈ അവകാശവാദം ശരിവയ്ക്കുന്നതാണ് ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ജീവചരിത്രം. അതിലൂടെ ഉത്തമ ജീവചരിത്രരചനയുടെ സാഫല്യം എന്ത് എന്നു മലയാളിക്കു ബോധ്യമാകുന്നു. അതു വ്യക്തിപൂജയല്ല, പഴമ കൊറിക്കലുമല്ല; പുതുമയുടെ ഉണർത്തുപാട്ടാണ്. മലയാളസാഹിത്യത്തിനും കേരളസംസ്കാരത്തിനും നവോന്മേഷം നല്കാൻ കഴിയുന്ന സർഗ്ഗവൈഭവമുള്ള കൃതിയാണ് ബാരിസ്റ്റർ ജോർജ് ജോസഫിന്റെ ജീവിതകഥ. കഥാനായകനെ അമാനുഷനാക്കാതെ ചരിത്രത്തിന്റെ ഭാഗമായി പരിണാമവഴികളിൽ കാണിച്ചുതരാൻ കഴിഞ്ഞതു നേട്ടമായി. മതം, രാഷ്ട്രീയം തുടങ്ങിയവയിലെല്ലാം വിവാദപരമായ നിലപാടുകളെടുത്ത ഒരു കേരളീയന്റെ സാഹസികജീവിതമാണ് ഇവിടെ രേഖപ്പെടുത്തി കിട്ടിയിരിക്കുന്നത്. വൈക്കം സത്യഗ്രഹത്തിന്റെ നടുനായകനായിനിന്ന ബാരിസ്റ്റർ ജോർജ് ജോസഫ് അറസ്റ്റുവരിച്ചു ജയിലിൽ കിടക്കെ, സമരത്തിൽനിന്നു പുറത്താക്കപ്പെട്ടു. സമരം തുടർന്നെങ്കിലും അതിൽ പങ്കെടുക്കുന്നതിൽനിന്നു ബാരിസ്റ്റർക്കു വിലക്കുണ്ടായി. ഗാന്ധിജിയുടെ സ്നേഹഭാജനമായിരുന്ന ബാരിസ്റ്റർ ഗാന്ധിജി നല്കിയ വിലക്ക് ഒരിക്കലും ഹൃദയപരമായി ഉൾക്കൊണ്ടിരുന്നില്ല എന്ന സത്യം ഈ കൃതി വെളിവാക്കുന്നു. പണ്ഡിറ്റ്ജിയുമായുള്ള ഏറ്റുമുട്ടലുകളും തത്ത്വനിഷ്ഠമായ അഭിപ്രായഭേദങ്ങളായി കത്തിടപാടുകളിൽ പ്രത്യക്ഷപ്പെടുന്നു. നെഹ്രുവിന്റെ ഏകാധിപത്യപ്രവണതയോടായിരുന്നു ബാരിസ്റ്ററുടെ എതിർപ്പ് (നോ. പു.244-255). നിരാഹാരസത്യഗ്രഹം ഒരു രാഷ്ട്രീയ സമരമാർഗ്ഗമാക്കരുതെന്നു ഗാന്ധിജിയോടു ബാരിസ്റ്റർ വാദിച്ചിരുന്നു. ഇന്നത്തെ സത്യഗ്രഹങ്ങളുടെ തോതും തരവും കാണുമ്പോൾ ജോർജ്ജ് ജോസഫിന്റെ ക്രാന്തദർശിത്വത്തെ നമസ്കരിക്കാതെ വയ്യാ. ഇങ്ങനെയെല്ലാം വിവരിച്ചു തന്റെ മുത്തച്ഛനെ ഒരു അതിമാനുഷനാക്കാൻ ഗീവറുഗീസ് ജോസഫ് ശ്രമിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പരിമിതികൾ, ഫാസിസ്റ്റു ഭ്രമങ്ങളായിതന്നെ ഈ കൃതിയിൽ രേഖപ്പെടുത്തുന്നു. ചുരുക്കത്തിൽ, കേരളപഠനത്തിലും സാഹിത്യത്തിലും താല്പര്യമുള്ള എല്ലാവരും വായിച്ചിരിക്കേണ്ട കൃതിയാണ് *ബാരിസ്റ്റർ ജോർജ്ജ് ജോസഫ്, കഥയും കാലവും*. ■



**സേവനത്തിന്റെ രാജപാതയിൽ**

ഡോ. എം.വി. പൈലിയുടെ ആത്മകഥ

കറന്റ് ബുക്സ്, കോട്ടയം
(2008) പുറം 308, വില 200 രൂപ.

# സേവനത്തിന്റെ രാജപാതയിൽ

## സ്കറിയാ സക്കറിയ

ഡോ. എം.വി. പൈലിയുടെ ആത്മകഥ പലതുകൊണ്ടും കൗതുകകരമാണ്. സാഹിത്യരചന എന്ന നിലയിൽ അതിന്റെ വിശേഷം അടിയൊഴുക്കായി അനുഭവപ്പെടുന്ന വീണ്ടുവിചാരമാണ്. 'സ്മരണകളി'ൽനിന്നു 'ആത്മകഥ'യെ വേർതിരിക്കുന്ന സാഹിതീയ സവിശേഷതയാണിത്. കഠിനയാതനകളിലൂടെയോ സാഹസിക സാഹചര്യങ്ങളിലൂടെയോ കടന്നുവരുന്നവർക്കു 'സ്മരണകൾ' രചിക്കാൻ കഴിഞ്ഞേക്കും. വീണ്ടുവിചാരത്തിനു ശേഷിയുണ്ടായാലേ നല്ല ആത്മകഥാരചന സാധ്യമാകൂ. കടന്നുപോന്ന വഴികളിലേക്കു കണ്ണും ഹൃദയവും തിരിച്ചുതെല്ലൊരു അകലം പാലിച്ച് എല്ലാം പുനരവലോകനം ചെയ്യാൻ ആത്മകഥ ഉപകരിക്കണം. പല ആത്മകഥകളും 'ഞാൻ' കഥകളാണ്. നല്ല ആത്മകഥകൾ ഞാനും ലോകവും തമ്മിലുള്ള ബന്ധത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതിൽ കൊള്ളൽ കൊടുക്കലുകളും അട്ടിമറികളും സംഘർഷങ്ങളും ഉണ്ടാകും. എന്തായാലും ലോകത്തിലേക്കു തുറക്കുന്നതാണ് ആത്മകഥ. ജീവിതക്കലി ഒടുങ്ങാതെ നല്ല ആത്മകഥ രചിക്കാനാവില്ല. മലയാളത്തിലെ പല ആത്മകഥകളും ജീവിതസ്മരണകളായി പരിമിതപ്പെടുന്നത് അവയിൽ തിരയടിക്കുന്ന ജീവിതക്കടലിന്റെ ഇരമ്പൽകൊണ്ടാണ്. ഡോ. പൈലിയുടെ ആത്മകഥയുടെ താളം മനസ്സിലാക്കാൻ ഒന്നാം അധ്യായത്തിന്റെ സമാപനഭാഗം വായിച്ചാൽ മതി:

'തിരിഞ്ഞുനോക്കുമ്പോൾ ആരെപ്പറ്റിയും ഒരു പരാതിയും തോന്നുന്നില്ല. പരാജയബോധം ഒട്ടുമില്ല. മാർഗ്ഗഭ്രംശം ഭവിച്ചു എന്ന പശ്ചാത്താപത്തിനും പഴുതില്ല. അനന്തമായ ജീവിതത്തിന്റെ മഹാപ്രവാഹത്തിൽ ഓരോ ജലകണത്തിനും അതിന്റേതായ നിലനില്പ് ഉണ്ടല്ലോ. ബിന്ദുവില്ലാതെ സാഗരമില്ല. ആകയാൽ എന്റെ ജീവിതവും അർത്ഥവത്തും അമൂല്യവുമാണെന്നു ഞാൻ കരുതുന്നു. അങ്ങനെ ഈ ആത്മകഥനവും അന്യർക്ക് ഉപകാരപ്രദമാകുമെന്നുതന്നെ വിശ്വസിക്കുകയാണ്.'





എഴുത്തുകാരന്റെ ആത്മദർശനവും ആത്മകഥാസിദ്ധാന്തവും ഇവിടെ ലളിതമായി അവതരിപ്പിച്ചിരിക്കുന്നു. കാര്യങ്ങൾ ലളിതമായും വ്യക്തമായും പറയുന്ന സംവേദനശൈലി ഡോ. പൈലിയുടെ ക്ലാസുകൾക്കും പ്രഭാഷണങ്ങൾക്കും വമ്പിച്ച ജനപ്രിയതയും സ്വീകാര്യതയും നൽകുന്നുണ്ട്: തീരുമാനങ്ങൾ എടുക്കുന്നതിലും നടപ്പാക്കുന്നതിലും ഇതേ സുതാര്യതയും കൃത്യതയും പ്രസാദാത്മകതയും കാണാവുന്നതാണ്. ശൈലിയുടെ ആത്മാർത്ഥത — (ജീവിതത്തിന്റെയും ഭാഷയുടെയും ആത്മാർത്ഥത എന്നു നമുക്കിതിനെ വിളിക്കാം). ആത്മകഥയ്ക്കു അത്യാവശ്യം വേണ്ട ഗുണമാണ് ആത്മാർത്ഥത. ഡോക്ടർ പൈലിയുടെ ആത്മകഥയ്ക്ക് ഉള്ളടക്കത്തിലും ശൈലിയിലുമുണ്ട് ആത്മാർത്ഥത. ചരിത്രപരതയോ? നല്ല ചോദ്യമാണത്. ജീവചരിത്രം - ആത്മകഥ: ഇങ്ങനെയൊരു ദ്വന്ദ്വം നമ്മുടെ ഭാഷയിലുണ്ടല്ലോ. യാദൃച്ഛികമായി നമ്മുടെ ഭാഷയിലുണ്ടായതാവാം പേരുകളിലെ അന്തരം. ചരിത്രം - കഥ എന്ന വ്യത്യാസം ഇന്നത്തെ സൈദ്ധാന്തിക പശ്ചാത്തലത്തിൽ പ്രസക്തമാണ്. ചരിത്രത്തിന്റെ വസ്തുതാപരത ജീവചരിത്രത്തിൽ കൂടുതലുണ്ടാകാം. ഏതായാലും ആത്മകഥയിൽ കഥാത്വത്തിനാണ് ഊന്നൽ. അതുകൊണ്ട് പേരിൽ കാണുന്ന വിവേചനം തികച്ചും പ്രസക്തമാണ്. വിശാലമായ അർത്ഥത്തിൽ ജീവചരിത്രങ്ങളും ആത്മകഥകളും ആഖ്യാനത്തിലൂടെ രൂപംകൊള്ളുന്നവയാണ്. അവയിൽ ചരിത്രം മാത്രമല്ല, ഭാവനയുമുണ്ട്. ചരിത്രശകലങ്ങൾ ഭാവനാപൂർവം അടുക്കിക്കെട്ടി പറയുമ്പോഴാണ് ജീവചരിത്രവും ആത്മകഥയും ഉണ്ടാകുന്നത്. എന്തെല്ലാം പറയണം, തള്ളണം, കൊള്ളണം എന്നെല്ലാം തീരുമാനിക്കുന്നത് ആഖ്യാനകർത്തൃത്വമാണ്. അതാണ് ഓരോ ജീവചരിത്രത്തിന്റെയും ആത്മകഥയുടെയും ചാലകശക്തി. ആഖ്യാനകർത്തൃത്വം ദേശകാലങ്ങളനുസരിച്ചു പരിവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നവതി പിന്നിടുന്ന ഡോക്ടർ പൈലി പറയുന്ന ആത്മകഥ വെളിവാക്കുന്നതു സവിശേഷ കർത്തൃത്വമാണ്. ചങ്ങനാശ്ശേരി എസ്. ബി. കോളജിൽ തുടങ്ങി പാട്ന സർവകലാശാല, ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സ്, ഹാർവാർഡ് സർവകലാശാല തുടങ്ങിയവ പിന്നിട്ട് കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിൽനിന്നു വൈസ് ചാൻസിലറായി വിരമിച്ചെങ്കിലും ഇപ്പോഴും നിരവധി ഉന്നതവിദ്യാഭ്യാസസമിതികളിലും സാമൂഹിക പ്രസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും സജീവപങ്കാളിയായ ഡോക്ടർ പൈലിയുടെ കുതിപ്പും കിതപ്പുമാണ് ആത്മകഥാരൂപത്തിൽ പ്രത്യക്ഷപ്പെടുന്നത്. ജീവിതയാത്രയുടെ നിറപ്പകർച്ച അതിലുണ്ട്. കഴിഞ്ഞതെല്ലാം ഇന്നിന്റെ നിരീക്ഷണനിലയത്തിൽ നിന്നുകൊണ്ടാണ് പുനരവതരിപ്പിക്കുന്നത്. ചരിത്രത്തെക്കുറിച്ചു നടത്തുന്ന എല്ലാ നിരീക്ഷണങ്ങളും പരിണാമത്തിന്റെ നിറഭേദങ്ങൾ ഉൾക്കൊള്ളുന്നു. ഇത്തരം വൈകാരിക പരിണാമം ജീവചരിത്രത്തെക്കാൾ ഉൾക്കൊള്ളു

ന്നത് ആത്മകഥയാണ്. ഡൽഹി സർവകലാശാലയിലെ അനുഭവങ്ങൾ ഗ്രന്ഥകർത്താവു വിവരിക്കുന്നതു നോക്കുക (പു. 159–220). അതിൽ ഏറ്റവും കൂടുതൽ വാക്കുകൾ ചിലവഴിച്ചിരിക്കുന്നതു വിദ്യാർത്ഥി യൂണിയനുകളുടെ പ്രവർത്തനം വിവരിക്കാനാണ്. വിദ്യാർത്ഥി യൂണിയനുകളെ പുറത്താക്കി പടിയടയ്ക്കുന്ന പ്രവണത ശക്തമാകുന്ന ഇക്കാലത്ത് ഉന്നത വിദ്യാഭ്യാസരംഗത്തു സുശിക്ഷിതനായ എഴുത്തുകാരൻ രേഖപ്പെടുത്തുന്ന യൂണിയനനുഭവങ്ങൾക്കു വലിയ പ്രസക്തിയുണ്ട്. യൂണിയനുകൾക്കു ചെയ്യാൻ കഴിയുന്ന നന്മകളും ചെയ്തുകൂട്ടുന്ന വിനകളും ഒരു മുതിർന്ന വിദ്യാഭ്യാസപ്രവർത്തകന്റെ സവിശേഷമനോഭാവത്തോടെ ഡോക്ടർ പൈലി അവതരിപ്പിക്കുന്നു. ഇവിടെയെത്തുമ്പോൾ ആത്മകഥ സാമൂഹിക വിമർശനമായും ജീവിതവ്യാഖ്യാനമായും മാറുന്നു. സ്വന്തം ജീവിതത്തോടും താൻ കണ്ടുമുട്ടിയ വ്യക്തികളോടും പുലർത്തുന്ന ഉദാരത എഴുത്തുകാരനെ ഏറെ പ്രസാദവാനാക്കുന്നു. 'അഭൂതപൂർവമായ പരിവർത്തനങ്ങളുടെയും പുരോഗതിയുടേതുമായ ഈ യുഗസന്ധിയിൽ ജീവിക്കാനിടയാവുക ഒരു ഭാഗ്യം തന്നെയാണ്' (പു. 21) എന്നു തുറന്നെഴുതുന്നുണ്ട് ഗ്രന്ഥകർത്താവ്. ജീവിതപ്പാതയിൽ സഞ്ചാരിയെപ്പോലെ ഉല്ലാസവാനായി എല്ലാം അനുഭവിക്കുന്നു. വീടിന്റെ അനുഭവങ്ങൾ ആവർത്തിക്കാനല്ല സഞ്ചാരം. കോളജ് വിദ്യാഭ്യാസം കഴിഞ്ഞയുടൻ മിലിട്ടറിയിൽ ചേരാനുള്ള തീരുമാനത്തിൽ സഞ്ചാരകൗതുകം കാണാം. വിദേശങ്ങളിൽ വിദ്യാർത്ഥിയായും ഗവേഷകനായ അധ്യാപകനായും പ്രഭാഷകനായും സഞ്ചരിച്ചതിന്റെ ധാരാളം വിവരണങ്ങളും ചിത്രങ്ങളും ഗ്രന്ഥത്തിലുണ്ട്. മലനാട്ടിലെ സ്വന്തം ഗ്രാമത്തിൽനിന്നു കുട്ടനാട്ടിലെ പുളിങ്കുന്നിലേക്കു സ്കൂൾവിദ്യാഭ്യാസകാലത്തു സഞ്ചരിച്ചതു മുതൽ കണ്ടതെല്ലാം സ്വന്തം ആത്മാവിൽ കരുതിവയ്ക്കാൻ ഡോക്ടർ പൈലിക്കു കഴിഞ്ഞു. ഉള്ളിൽ ശേഖരിച്ചുവച്ചതെല്ലാം വേണ്ടുവണ്ണം പാകം ചെയ്തു വിവരശേഖരങ്ങളുമായി കലർത്തി കൃത്യമായും വ്യക്തമായും അവതരിപ്പിക്കാൻ കഴിയുന്നു. പ്രഭാഷകൻ, എഴുത്തുകാരൻ, ഗവേഷകൻ, ഭരണകർത്താവ് എന്നീ നിലകളിലുള്ള നേട്ടങ്ങൾക്കു പിന്നിൽ അനുഭവസമ്പത്തും അനുഭവ വിനിമയശേഷിയുമുണ്ട്.

1964–ൽ കേരളത്തിലേക്ക് മടങ്ങിവരുന്നതുവരെയുള്ള ജീവിതകഥയാണ് ഇപ്പോൾ 308 പുറങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നത്. സംഭവബഹുലമായ അടുത്ത ഘട്ടം ഉടൻ പ്രസിദ്ധീകരിക്കുമെന്നു കരുതാം. അത് ഇംഗ്ലീഷിലാകുമെന്നാണ് സൂചന.

മലയാളത്തിൽ ഇപ്പോൾ ആത്മകഥകളുടെ പ്രളയകാലമാണ്. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ആത്മകഥകൾ സാഹിത്യത്തിന്റെ ആശയാവലികളെത്തന്നെ മാറ്റിമറിക്കുന്നു. വേശ്യകളുടെയും കീഴാളരുടെയും സ്ത്രീകളുടെയും കഥകൾ എങ്ങനെ സാഹിത്യമാകും എന്ന് ചോദിക്കുന്നവർ ഇപ്പോഴുമുണ്ട്. എങ്കിലും സാഹിത്യം അവരെ മറികടന്നുപോകുന്നു. മാധവിക്കുട്ടിയുടെ 'എന്റെ കഥ' മുതൽ ആത്മകഥ കഥയോ ചരിത്രമോ എന്ന ചോദ്യം സജീവമാണ്.





ആധുനികോത്തരത നൽകിയ തിരിച്ചറിവുവച്ചു നോക്കുമ്പോൾ ആത്മകഥയും ജീവചരിത്രവും സാമൂഹികചരിത്രവുമെല്ലാം ആഖ്യാനങ്ങളാണ്. ആഖ്യാതാവിന്റെ ലക്ഷ്യവും ആഖ്യാനമാതൃകയും ഗൗനിച്ചിട്ടുവേണം അവയിലെ ആഖ്യാനസത്യം വേർതിരിക്കാൻ. ഇത് ആത്മകഥ സത്യാത്മകമോ എന്ന ചോദ്യത്തെ അപ്രസക്തമാക്കുന്നു. സ്വന്തം ജീവിതകഥ പറയുന്നതിന്റെ ഉന്നവും തന്ത്രങ്ങളും ശ്രദ്ധാപൂർവം വിവേചിച്ചറിഞ്ഞാണ് നല്ല വായനക്കാരൻ അന്യന്റെ ആത്മകഥ വായിക്കുന്നത്. വായനക്കാരനെ വിശ്വസിപ്പിച്ചു കൂടെ കൊണ്ടുപോകാൻ എഴുത്തുകാരന്റെ ആത്മാർത്ഥതയും കഥനവൈഭവവും ഉപകരിച്ചേക്കും. ഡോക്ടർ പൈലിയുടെ ആത്മകഥ ഏറിയകൂറും അക്കാദമിക ജീവിതമണ്ഡലത്തിലൂടെയാണ് കടന്നുപോകുന്നത്. അവിടെ കഥയും സത്യവും എങ്ങനെ കലാത്മകമായി കലർത്തിപ്പറയുന്നു എന്നു വിവേചിക്കുന്നതിലല്ല സാംസ്കാരിക വിനിമയത്തിൽ അഭിരമിക്കുന്നതിലാണ് വായനക്കാരനു താല്പര്യം. 'കഥയിൽ ചോദ്യമില്ല' എന്ന ചൊല്ലിന് ഇത്രത്തോളം വ്യാപ്തിയുണ്ട്. ആഖ്യാനത്തിലൂടെ തെളിഞ്ഞുവരുന്ന തനിമയാർന്ന വ്യക്തിത്വം, സ്വത്വം അതാണ് ആത്മകഥയുടെ ഉന്നം. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസരംഗത്തുണ്ടായ ദ്രുതചലനങ്ങളിൽ പങ്കാളിയായ ഒരു കേരളീയന്റെ വളർച്ച എം. വി. പൈലിയുടെ ആത്മകഥയിൽ തെളിഞ്ഞുകാണാം. അതിന്റെ സൗന്ദര്യവും രാഷ്ട്രീയവും നല്ല വായനക്കാരൻ അനുഭവിക്കുന്നു. ഇക്കാര്യങ്ങൾ ഡോക്ടർ പൈലി ദീർഘദൃഷ്ടിയോടെ കണ്ടറിയുന്നുണ്ട്. സമഗ്രതയെ നിരാകരിക്കുന്ന ഉൾക്കാഴ്ച ഡോക്ടർ പൈലിയുടെ ആത്മകഥയെ വ്യത്യസ്തമാക്കുന്നു.

> 'ഈ നീണ്ടയാത്രയിൽ പരശ്ശതം അനുഭവങ്ങൾ, എണ്ണമറ്റ മനുഷ്യർ, പ്രശ്നങ്ങൾ, സംഘർഷങ്ങൾ എല്ലാം സമഗ്രമായി വിശകലനം ചെയ്യാൻ ഈ ആത്മകഥാഗ്രന്ഥത്തിൽ സാധ്യമല്ല. നമ്മെ സ്പർശിച്ചു പായുന്ന അനുഭവസഹസ്രങ്ങളിൽ ചിലവ നമ്മുടെ അന്തരാത്മാവിന്റെ അംശമെന്നോണം സ്ഥായിത്വം ആർജ്ജിക്കുന്നു. ഒരു പുനരവലോകനം ചിന്താശീലനായ ഏതൊരാൾക്കും അനിവാര്യമായ ഒരു ആന്തരിക പ്രചോദനമായിത്തീരുന്നു. മനുഷ്യസഹജമായ ഒരു വൃത്തിവിശേഷമാണത്. ആ ജന്മവാസനയുടെ പരിതൃപ്തി മാത്രമാണ് ഈ ആത്മകഥ' (പു. 24).

ആത്മകഥയെ സമഗ്രജീവചരിത്രത്തിൽനിന്നു വേർതിരിച്ചു കർത്തൃനിഷ്ഠമായ വീണ്ടുവിചാരത്തിന്റെ ഭാഗമായി കാണുന്നതു സമകാലികതയുടെ തിളക്കമുള്ള കാഴ്ചയാണ്. ആത്മകഥയെ കഴിഞ്ഞകാലത്തെക്കുറിച്ചുള്ള കർത്തൃനിഷ്ഠമായ അറിവുരൂപീകരണമായി ഈ കൃതി അടയാളപ്പെടുത്തുന്നു. ഭാഷയും ആഖ്യാനപാരമ്പര്യവും സമകാലിക ആശയാവലികളും ചേർന്നു രൂപപ്പെടുത്തുന്നതാണ് തന്റെ 'ആത്മകഥ' എന്ന തിരിച്ചറിവ് ഈ കൃതിക്ക് വർണ്ണപ്പൊ

ലിമ നൽകുന്നു. ആത്മകഥ കഴിഞ്ഞകാലത്തിന്റെ നേർപകർപ്പല്ല. വർത്തമാന കാലത്തിലൂടെ രൂപപ്പെടുന്ന ആഖ്യാനമാണെന്ന തിരിച്ചറിവ് മർമ്മപ്രധാനമാണ്. ആത്മസ്ഥിതിയല്ല ആത്മഗതിയാണ് ആത്മകഥ പ്രകടിപ്പിക്കുന്നത്. മാധവിക്കുട്ടിയുടെ 'എന്റെ കഥ' ആത്മകഥയോ കഥയോ എന്നു വേവലാതിപ്പെടുന്നവർ ആത്മകഥയുടെ കഥാത്വവും ഗത്യാത്മകത(dynamic nature)യും ശ്രദ്ധിക്കേണ്ടതാണ്. ബഷീറിന്റെ നോവലുകൾ ആത്മകഥയോ കഥയോ എന്നു ഉൽക്കണ്ഠപ്പെടുന്നവർക്കും ആത്മകഥയെക്കുറിച്ചുള്ള സമകാലിക തിരിച്ചറിവുകൾ പ്രയോജനപ്പെടും. ആത്മകഥയും നോവലും തമ്മിലുള്ള വ്യത്യാസം യാഥാർത്ഥ്യത്തോടുള്ള അടുപ്പത്തിലും ഉടപ്പത്തിലുമാണ്. തന്റേതെന്നു ആത്മകഥാകാരൻ കരുതുന്ന 'വ്യക്തിത്വത്തിന്റെ ചരിത്ര'മാണ് അയാൾ പറയാൻ ശ്രമിക്കുന്നത്. അതു വസ്തുനിഷ്ഠമായും യഥാതഥമായും സംവേദനം ചെയ്യാൻ നിവൃത്തിയില്ല. ഭാഷയുടെ മാധ്യസ്ഥ്യം ഭാഷാപരമായ ഇടപെടലുകളിലൂടെ 'വസ്തുത'കളെ പുനർനിർമ്മിക്കുന്നു. വായനക്കാരനു സ്വന്തം ആശയാവലികളുടെ വെളിച്ചത്തിൽമാത്രമേ ആത്മകഥാകാരന്റെ ചെയ്വനകളെ മനസ്സിലാക്കാനാവൂ. അതായത് മാധ്യമം, സ്വീകർത്താവ് എന്നിവയെ ആശ്രയിച്ചാണ് ആത്മകഥയുടെ സംവേദനം. എങ്കിലും ആത്മകഥാകാരന്റെ വ്യക്തിത്വം എന്ന യാഥാർത്ഥ്യം അതിന്റെ പിന്നിലുണ്ടെന്നാണ് ഭാവം. കഥയിലും നോവലിലും ഇങ്ങനെ ഒരു 'യാഥാർത്ഥ്യം' പിന്നാമ്പുറത്തു ഒളിഞ്ഞുനില്പില്ല. ആത്മകഥാസംവേദനത്തെ ഉള്ളടക്കത്തിലും വിനിമയത്തിലും വേർതിരിച്ചു കാണാൻ സൈദ്ധാന്തികർ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തിട്ടുണ്ട് (1).

1. സൈദ്ധാന്തിക ചർച്ചയിൽ താല്പര്യമുള്ളവർ നോക്കുക:

Elbaz, Robert 1983 Autobiography, Ideology, and Genre Theory Orbis Literarum 38, 187-204.

താപസത്തിന്റെ പഴയ ലക്കങ്ങൾ (ഒന്നാം വാല്യം ഒന്നാം ലക്കം ഒഴികെ) ലഭ്യമാണ്. ഓരോ ലക്കത്തിനും 100 രൂപ.

കോപ്പികൾക്ക് : Dr. Scaria Zacharia
TAPASAM
Karikkampally, Perunna 686 102
Changanassery, Kerala
Mb. 98471-64632
scariazacharia@gmail.com



താപസം
TAPASAM

## അടുത്ത ലക്കത്തിൽ

History, Representation and Ambivalence
**Dr V. J. Varghese**

Drawing the Absences, Erasing the Stereotypes
Bara Bhaskaran's visual history of Kerala
**K. T. Rammohan**

Visuality of Ethnography: Texts and Contexts
**Sujith Kumar Parayil**

Logic of Extraction and Spatiality of Exclusion:
Constitution of a Game Sanctuary in Colonial Travancore
**Amruth M.**

Making of the Jungle Mappilas:
Colonial Law and the Construction of
Native Criminality in Early British Malabar
**Santhosh Abraham**

Darkness Invisible: Difference and Indifference in
Pottekkat's Travelogues on Africa
**Sabitha T. P.**

Pennezhuthu as Women Reading as Women Re-reading
**Sharmila Sreekumar**

'Globalisation is ruining us': neo-liberal capitalism,
Islamic reform and business in Kozhikode (Calicut),
South India
**Filippo Osella & Caroline Osella**

Shaping the Life:
Kerala Youth in a Changing Socio-economic Order
**Rajesh Komath & Rakkee Thimothy**

## Note on Contributors

MR. K. P. RAJESH. Researcher, KCHR, Thiruvananthapuram.

MR. JESUS RAY KUNNUNKAL. PG Student, Sree Sankaracharya University of Sanskrit, Thuravoor Regional Centre.

MR. G. S. PRATHEESH. Researcher, Department of Malayalam, Sree Sankaracharya University of Sanskrit, Kalady.

DR P. T. ABRAHAM. Former Director, Institute of Tribal Studies, Rajiv Gandhi University, Itanagar.

MS. MARIYA PAUL. Researcher, Department of Malayalam, Sree Sankaracharya University of Sanskrit, Kalady.

MR. JOSY JOSEPH. Lecturer, St. Berchmans College, Changanacherry

DR T. B. VENUGOPALA PANICKER. UGC Emeritus Fellow, Department of Malayalam, University of Calicut.

DR N. GOPINATHAN NAIR. Formerly Professor and Head, Department of Malayalam, University of Calicut. Visiting Professor, Dravidian University, Kuppam.

DR PRMEELA. K. P. Lecturer, Department of Hindi, Sree Sankaracharya University of Sanskrit, Kalady.

MR. C. GANESH. Teacher, AUPS, Chenganiyur, Palakkad.

DR SCARIA ZACHARIA. Formerly Professor & Head, Department of Malayalam Sree Sankaracharya University of Sanskrit, Kalady and currently Visiting Professor, School of Letters, Mahatma Gandhi University, Kottayam, Kerala.